Date of publication : 1 ഏപ്രിൽ 2021
വോള്യം 18/ലക്കം 12
ISSN 2319-9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത




## പൊതുതെരഞ്ഞെടുപ്പ്




# സംഘടിത കൂട്ടായ്മയിൽ
# കണ്ണി ചേരാൻ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകൾക്കെഴുതാനും വായിക്കാനും പ്രസിദ്ധീകരിക്കാനുമുള്ള വേദിയായ
സംഘടിതയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു.
കഥ, കവിത, ലേഖനം, ഓർമ്മക്കുറിപ്പുകൾ, നർമ്മശകലങ്ങൾ, നിരീക്ഷണങ്ങൾ,
അമ്മയനുഭവങ്ങൾ, നവമാധ്യമ അവലോകനങ്ങൾ, പഴയ കുടുംബഫോട്ടോകൾ,
സ്ത്രീകളെ സംബന്ധിക്കുന്ന പഴയ പത്രവാർത്തകൾ – പ്രസിദ്ധീകരിക്കാൻ
തോന്നുന്ന എന്തും – ക്ഷണിക്കുന്നു. താൽപര്യമുള്ളവർ

**sheebakm@gmail.com**

എന്ന വിലാസത്തിലേക്ക് സ്വന്തം ഫോട്ടോയും മേൽവിലാസവും
ഫോൺ നമ്പറും ഉൾപ്പെടുത്തി അയക്കുമല്ലോ.




# സംഘടിത

സംഘടിത/ഏപ്രിൽ 2021/ വോള്യം 18/ലക്കം 12


വനിതാപ്രാതിനിധ്യം
കേരളത്തിലെ നിയമനിർമ്മാണസഭയിൽ 6
റിൻസി മാത്യു

തെരഞ്ഞെടുപ്പ് - രാഷ്ട്രീയം - സ്ത്രീ
ഗീത തങ്കമണി 9

കേരളവികസനത്തിലെ സ്ത്രീ ഇടപെടലുകൾ
ഡോ. അമൃത കെ. പി. 12

ഇനി വൈകിക്കൂടാ...
ആർ. പാർവതി ദേവി 15

കേരള രാഷ്ട്രീയവും ദളിത്സ്ത്രീ പ്രാതിനിധ്യവും
ആരതി എം. ആർ. 18

നിയമസഭയിലെ മുസ്‌ലിംസ്ത്രീകൾ
ഷഹർബാനു സി. പി. 22

പൊതുധാരാ രാഷ്ട്രീയത്തിലേയ്ക്കുള്ള സ്ത്രീവഴി
കെ.എ.ബീന 26

ഭരണാധികാരിയായ സ്ത്രീയും മലയാളസിനിമയുടെ (കേരളത്തിന്റെ) ഭീതിയും
ഡോ. ദിവ്യ കെ. 31

ഇന്ത്യൻ ജനാധിപത്യം ചില പരിമിതികൾ...
പെൺപക്ഷം/അജിത കെ. 37

കേരളത്തിലെ സ്ത്രീ രാഷ്ട്രീയ പങ്കാളിത്തവും അധികാരവും
ഡോ.അനിഷ്യ ജയദേവ് 38

ചിത
കവിത / ശ്രീജ എൽ.എസ്. 42

മനയ്ക്കലെ കുമ്പള്ളങ്ങ
കഥ/എൻ.കെ.ഷീല 43

പ്രണയം - ജീവിതം, ജീവിതം - പ്രണയം
വാസ്തവം/ഡോ.ജാൻസി ജോസ് 46

മകളില്ലായ്മ
കവിത / ശ്യാമ വാരിയർ 47

ആനി മസ്ക്രീൻ: തിരുവതാംകൂറിന്റെ ഝാൻസി റാണി
വിൻഷി പി. കെ. 48

കേരളത്തിലെ തെരഞ്ഞെടുപ്പ് രാഷ്ട്രീയവും മത്സ്യമേഖലയിലെ സവിശേഷ പ്രശ്നങ്ങളും
സിന്ധു മരിയ നെപ്പോളിയൻ 50

'ഐക്യനാട്യ'ക്കാരെ ഇതിലെ ഇതിലെ - ക്വീയർ വിരുദ്ധ ജനാധിപത്യ പ്രക്രിയയ്ക്ക് ഒരാമുഖം
അനസ് എൻ.എസ് , പ്രിജിത്ത് പി. കെ. 54

അഡ്വ. കെ.ഒ. ഐഷാബായി എന്ന എന്റെ അപ്പച്ചിയും കൊട്ടയ്ക്കാട്ടു കുടുംബവും
പ്രൊഫ.ഡോ.എസ്.ഷിഫ 58

ഒരു ഫോട്ടോയിൽ എന്തിരിക്കുന്നു ?
വഴിത്താരകൾ/ജാനകി 63

ആരാവും ചന്ദ്രനിൽ കാലൂന്നുന്ന ആദ്യ വനിത?
ആർടെമിസ് ദൗത്യത്തിലേക്ക് മിഴി നട്ട് ലോകം
ശാസ്ത്രം /സീമ ശ്രീലയം 62


## ഫോട്ടോഫീച്ചർ : വോട്ടവകാശ സമരകാലത്തെ പോസ്റ്ററുകൾ

**എഡിറ്റർ :** ഡോ.ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ :** കെ.അജിത **ഗസ്റ്റ് എഡിറ്റർ :** **അന്ന മിനി**
**പത്രാധിപസമിതി:** രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ. പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ഡോ. സോണിയ ജോർജ്, ഡോ. അമീറ വി.യു., ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ശ്രീജിത **ഉപദേശകസമിതി** : പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാ സാരാഭായ്, ഡോ. ബീനാ പോൾ **ലേഔട്ട് & കവർ** : സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി.

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖവുര



ഷീബ കെ.എം.

കേന്ദ്ര സർക്കാർ ഫെഡറൽ തത്വങ്ങൾ ലംഘിച്ച് അധികാരങ്ങൾ സ്വയം കവർന്നെടുക്കാൻ ശ്രമിക്കുന്ന കാഴ്ചയാണ് കഴിഞ്ഞ മാസം പ്രകടമായത്. ഡൽഹിയുടെ ഭരണത്തിൽ ലഫ്റ്റനന്റ് ഗവർണ്ണർക്ക് കൂടുതൽ അധികാരങ്ങൾ നൽകി കേന്ദ്രസർക്കാറിന് ഇടപെടാൻ വഴിയൊരുക്കുന്ന നിയമനിർമ്മാണത്തിന് പ്രസിഡൻറ് അനുമതി നൽകിയിരിക്കുന്നു. സംസ്ഥാനങ്ങളുടെ അധികാരങ്ങൾ തട്ടിയെടുത്ത് ഏകാധിപത്യ രാജ്യമായി ഇന്ത്യയെ മാറ്റാനുള്ള പ്രവണതകൾ അനുദിനം വർദ്ധിച്ചു വരികയാണെന്നത് തികഞ്ഞ ഗൗരവത്തോടെയും ആശങ്കയോടെയുമാണ് കാണുന്നത്.

കേന്ദ്ര സർക്കാരിന്റെ അധികാര പ്രമത്തതയും സ്ത്രീവിരുദ്ധതയും ഭരണകൂട ഉപകരണങ്ങളിലും വെളിവാക്കപ്പെടുന്നുണ്ട്. പരമോന്നത നീതിപീഠത്തിന്റെ അദ്ധ്യക്ഷനായ ചീഫ് ജസ്റ്റിസ് ശരദ് ബോബ്ഡെ ഒരു ലൈംഗികാതിക്രമകുറ്റത്തിന്റെ വിചാരണവേളയിൽ പ്രതിയോട് ചോദിച്ച ചോദ്യം ഞെട്ടിക്കുന്നതായിരുന്നു. പതിനാറ് വയസ്സ് മാത്രം പ്രായമുള്ള പെൺകുട്ടിയെ നിരന്തരം പിൻതുടരുകയും കെട്ടിയിട്ട് വായ് മൂടിക്കെട്ടി പല തവണ ലൈംഗികപീഡനത്തിനിരയാക്കുകയും പെട്രോൾ ഒഴിച്ച് കത്തിക്കുമെന്നും ആസിഡ് പ്രയോഗിക്കുമെന്നും സഹോദരനെ കൊന്നുകളയുമെന്നും ഭീഷണിപ്പെടുത്തുകയും ചെയ്ത പ്രതിയോട് ഇരയെ വിവാഹം കഴിക്കാൻ തയ്യാറാണോ എന്ന ചോദ്യമാണ് ആ നീതിപാലകൻ ചോദിച്ചത് ! ശിക്ഷിക്കപ്പെട്ടാൽ പ്രതിയ്ക്ക് ജോലി നഷ്ടപ്പെടുമെന്നതായിരുന്നു ചീഫ് ജസ്റ്റിസ് ന്റെ ആധി. ഈ ദേശം സ്ത്രീകളുടേത് കൂടി ആണെന്ന് ഉറക്കെ ഓർമ്മിപ്പിക്കാൻ പ്രേരിപ്പിക്കുന്ന മനുഷ്യാവകാശലംഘനങ്ങളാണ് നീതിപീഠങ്ങളുടെ ഒത്താശയിൽ ഈ രാജ്യത്ത് നടക്കുന്നത്.

ഝാൻസിയിൽ ട്രെയിനിൽ യാത്ര ചെയ്യുകയായിരുന്ന കന്യാസ്ത്രീകൾക്ക് നേരെ ബജ്രംഗ് ദൽ പ്രവർത്തകർ നടത്തിയ അതിക്രമം കേന്ദ്രം ഭരിക്കുന്നവരുടെ മനോഭാവങ്ങളുടെ മറ്റൊരു ആവിഷ്ക്കാരമായിരുന്നു. കൂടെ യാത്ര ചെയ്തിരുന്ന കന്യാസ്ത്രീകളാകാൻ പോകുന്ന സാധാരണ വേഷധാരികളായ രണ്ടു സ്ത്രീകളെ ഇവർ നിർബന്ധിത മതപരിവർത്തനത്തിന് വിധേയമാക്കുന്നു എന്ന ആരോപണമായിരുന്നു അതിക്രമത്തിനടിസ്ഥാനം. സ്വയം സംസ്ക്കാര /മത രക്ഷകരായി ചമഞ്ഞ് ആരെയും അക്രമിക്കാനുള്ള അധികാരം ജനക്കൂട്ടങ്ങൾക്ക് നൽകുന്ന പ്രാകൃതരീതികൾ സാമാന്യ ജീവിതാവസ്ഥകൾ ആയി ഉറപ്പിക്കപ്പെടുകയാണ്. വർദ്ധിത മുതലാളിത്തത്തെ കൂട്ടുപിടിച്ച് ദൈനംദിന ഫാഷിസങ്ങൾ ഇങ്ങനെ നമ്മെ ശ്വാസം മുട്ടിച്ചു കൊണ്ടിരിക്കുകയാണ്. ഏത് വലിയ അധികാരക്കസേരയും ഒരു നാൾ ജനങ്ങളുടെ സംഘടിതശക്തിക്ക് മുന്നിൽ തകരുമെന്ന പ്രതീക്ഷയാണ് ചരിത്രം നൽകുന്ന പാഠം. ചെറുത്തുനിൽപ്പുകൾ തുടരുകതന്നെ വേണം. കരസേനയിലെ വനിത ഉദ്യോഗസ്ഥകൾക്ക് പെർമനന്റ് കമ്മീഷൻ നൽകുന്ന വ്യവസ്ഥകളിലെ സ്ത്രീവിരുദ്ധതയ്ക്കെതിരെ നടത്തിയ വാദത്തിൽ സുപ്രീം കോടതി ഫെബ്രുവരി 2020 ൽ തങ്ങൾക്ക് അനുകൂലമായി വിധി പുറപ്പെടുവിച്ചിട്ടും അത് നടപ്പാക്കാത്തതിൽ കോടതി അലക്ഷ്യത്തിന് വീണ്ടും നീതി പീഠത്തെ സമീപിച്ചിരിക്കയാണ് വനിത ഓഫീസർമാർ. പെർമനന്റ് കമ്മീഷൻ നിലവിൽ വ്യവസ്ഥ ചെയ്യുന്ന കായികക്ഷമത പരീക്ഷിക്കാനുള്ള മാനദണ്ഡങ്ങൾ തന്നെ പുരുഷന് മാത്രം അനുകൂലമാണെന്ന് കോടതി വീണ്ടും നിരീക്ഷിച്ചു. സേനയെ സ്ത്രീപക്ഷമാക്കുക എന്നത് എത്ര ശ്രമകരമാണെന്ന് ബോധ്യപ്പെടുത്തുന്നതായിരുന്നു ഈ നടപടികളെങ്കിലും വിട്ടുവീഴ്ചയില്ലാതെ തുടരുന്ന പോരാട്ടത്തിന്റെ ദൃഷ്ടാന്തം കൂടിയാണിത്.

കേരളം അടക്കം പല സംസ്ഥാനങ്ങളും ഏപ്രിൽ ആദ്യവാരത്തിൽ തെരഞ്ഞെടുപ്പ് നേരിടുകയാണ്. ഓരോ തവണയും നാം സ്ത്രീപ്രാതിനിധ്യത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുന്നുമുണ്ട്. എന്നാൽ പുരുഷപാർട്ടികൾ നയിക്കുന്നവർ ഇത് ചെവികൊള്ളാൻ കൂട്ടാക്കാറില്ല. തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോകൾ പുറത്തിറക്കുന്ന പ്രക്രിയയിലോ അത് പ്രകാശിപ്പിക്കുന്ന വേളകളിലോ സ്ത്രീകളുടെ സാന്നിധ്യം ഉറപ്പിക്കാൻ ഒരു പാർട്ടിക്കും കഴിയുന്നില്ല. ദീർഘനാളത്തെ പ്രവർത്തനപരിചയമുള്ള സ്ത്രീകളെ പോലും സീറ്റ് നൽകാതെ തഴഞ്ഞു.ലതിക സുഭാഷിന്റെ തലമൊട്ടയടിച്ചുള്ള പ്രതിഷേധം കേരള രാഷ്ട്രീയത്തിന്റെ ഇടത് വലത് ഭേദമില്ലാത്ത വമ്പൻ പുരോഗമനവാദങ്ങളുടെ നേർക്കുള്ള വെല്ലുവിളിയാണ്. ധർമ്മടത്ത് മത്സരിക്കുന്ന വാളയാർ അമ്മയും നമ്മുടെ രാഷ്ട്രീയബോധത്തോട് തീക്ഷണമായ ചോദ്യങ്ങളുയർത്തുകയാണ്. രാഷ്ട്രീയത്തെ എല്ലാ അർത്ഥത്തിലും സ്ത്രീപക്ഷമാക്കുക എന്നത് പരമപ്രധാന അജണ്ടയായി മാറേണ്ടതുണ്ട്. സമുന്നത നേതാക്കൾ വരെ സ്ത്രീകളെ ആക്ഷേപിക്കുന്ന തരത്തിൽ പ്രസ്താവനകളിറക്കി തെരഞ്ഞെടുപ്പ് പ്രചാരണങ്ങൾ തുറന്ന സ്ത്രീവിരുദ്ധതയുടെ വേദികളാക്കുന്നതും ആശങ്കാജനകമാണ്. ഇതിൽ അമർഷവും പ്രതിഷേധവും രേഖപ്പെടുത്തുന്നു.

അന്ന മിനി അതിഥിപത്രാധിപയായി പൊതുതെരഞ്ഞെടുപ്പ് ചർച്ച ചെയ്യുന്ന ഏപ്രിൽ മാസം സംഘടിത ഫാഷിസത്തിനെതിരെയും വിശാലമായ ജനാധിപത്യത്തിനു വേണ്ടിയും വോട്ട് ചെയ്യാനുള്ള അഭ്യർത്ഥനയോടെയും ആഹ്വാനത്തോടെയും സമർപ്പിക്കുന്നു.

■

# അതിഥിപത്രാധിപക്കുറിപ്പ്



**അന്ന മിനി**
കേരള സർവ്വകലാശാലയിലെ
പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽ
ഗവേഷക.

അസം, പശ്ചിമബംഗാൾ, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങൾ നിയമ നിർമാണസഭയിലേക്കുള്ള തിരഞ്ഞെടുപ്പിൻറെ ചൂടിലാണ്. ജനാധിപത്യ മൂല്യങ്ങളും ഇന്ത്യൻ ഭരണഘടന ഉറപ്പ് നൽകുന്ന മൗലികാവകാശങ്ങളും അനുദിനം ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലെ പൊതു തിരഞ്ഞെടുപ്പ് എന്ന നിലയിൽ ഓരോ പൗരനും ഈ തിരഞ്ഞെടുപ്പിനെ പതിവിലും ഗൗരവത്തോടെ കാണേണ്ടതുണ്ട്. കേരള നിയമ നിർമാണ സഭയിലേക്കുള്ള പതിനഞ്ചാമത് തിരഞ്ഞെടുപ്പാണ് ഏപ്രിൽ ആറാം തീയതി നടക്കാനിരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ, പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഒരു സ്ത്രീപക്ഷ വായന മുന്നോട്ട് വയ്ക്കാനാണ് ഈ ലക്കം സംഘടിതയിലൂടെ ശ്രമിക്കുന്നത്.

സ്ത്രീ – പുരുഷ സമത്വം എന്ന ആശയവുമായി, പത്തൊൻപതാം നൂറ്റാണ്ടിൽ അമേരിക്കയിലാണ് ലിബറൽ ഫെമിനിസം രൂപംകൊള്ളുന്നത്. ഭരണകൂടത്തിൻറെ മുന്നിൽ തുല്യ അവകാശമുള്ള പൗരന്മാരായി സ്ത്രീകളെ കണക്കാക്കുന്നതോടൊപ്പം സ്ത്രീകളുടെ വോട്ടവകാശത്തിനും വിദ്യാഭാസത്തിനും വേണ്ടി ലിബറൽ ഫെമിനിസം നിലകൊണ്ടു. ഭരണഘടനാപരമായ വിവേചനങ്ങൾ അവസാനിപ്പിക്കുന്നതിലൂടെ സ്ത്രീ – പുരുഷ സമത്വം ഒരു പരിധിവരെ ഉറപ്പാക്കാനാവുമെന്ന കാഴ്ചപ്പാടാണ് ഇവിടെ മുന്നോട്ട് വെച്ചത്. പൊതു – സ്വകാര്യ ഇടവുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾ സജീവമാവുന്നത് ഇക്കാലയളവിലാണ്. സ്ത്രീകളുടെ പ്രവർത്തന മേഖല പൂർണമായും വീട്ടകങ്ങളിൽ ഒതുങ്ങുകയും പൊതുഇടങ്ങൾ, രാഷ്ട്രീയ – അധികാര വിനിമയം നടക്കുന്ന ഇടങ്ങൾ, പുരുഷൻറെ മാത്രം ഇടങ്ങളായി നിർവചിക്കപെടുകയും ചെയ്തിരുന്നു. എന്നാൽ ഈ വേർതിരിവിനെ മറികടക്കാനാണ് ലിബറൽ ഫെമിനിസം ശ്രമിച്ചത്. പൊതു – സ്വകാര്യ വേർതിരിവ് മറികടക്കാൻ ഭരണകൂടം സ്ത്രീകളെ തുല്യ പൗരന്മാരായി കണ്ട് തുല്യ അവകാശങ്ങൾ ഉറപ്പാക്കണം. സ്ത്രീകളുടെ വോട്ടവകാശം സ്ത്രീ – പുരുഷ സമത്വത്തിലേക്കുള്ള ആദ്യ പടിയായിരുന്നു.

അവിടെ നിന്നും നമ്മൾ ഒരുപാട് മുന്നേറി. വോട്ടവകാശത്തിൽ നിന്നും രാഷ്ട്രീയ ഇടപെടലിലേക്കും സ്ഥാനാർത്ഥിത്വത്തിലേക്കും രാഷ്ട്രീയ പങ്കാളിത്തത്തിലേക്കും കുതിച്ചു. ബ്രിട്ടീഷ് ഇന്ത്യയിൽ സ്ത്രീകൾക്ക് വോട്ടവകാശം ലഭിക്കും മുൻപ് തിരുവിതാം കൂറിലും കൊച്ചിയിലും ഇത് ലഭിച്ചിരുന്നു എന്ന് ജെ. ദേവിക ചൂണ്ടികാട്ടുന്നു. ഒരു നിശ്ചിത കരം സർക്കാരിലേക്കടയ്ക്കുന്ന സ്ത്രീ – പുരുഷന്മാർക്ക് വോട്ടവകാശം ലഭിച്ചിരുന്നു . എന്നാലിത് സ്വന്തമായി ഭൂസ്വത്തുള്ള സവർണരിൽ മാത്രം ഒതുങ്ങി നിന്നതായി കാണാം. ഇതോടൊപ്പം തന്നെ തിരു – കൊച്ചി ജനപ്രതിനിധി സഭകളിൽ അംഗമാകാനുള്ള അവകാശം 1922 ൽ സ്ത്രീകൾക്ക് ലഭിച്ചു. എന്നാൽ ഈ കാലയളവിൽ എല്ലാം തന്നെ കേരളത്തിലെ കീഴ്ജാതിക്കാർ വലിയ തോതിലുള്ള പൗരാവകാശ നിഷേധത്തിന് ഇരയാകേണ്ടി വന്നിട്ടുണ്ട്. സ്വതന്ത്ര ഇന്ത്യയിൽ സ്ത്രീകൾക്ക് തുല്യമായ വോട്ടവകാശം ലഭിച്ചെങ്കിലും, ആദ്യമായി സ്ത്രീ സംവരണം നിലവിൽ വരുന്നത് 1992 ൽ ത്രിതല പഞ്ചായത്ത് സംവിധാനത്തിലേക്കുള്ള തിരഞ്ഞെടുപ്പിലൂടെയാണ്. സ്ത്രീകളെ ഭരണ പ്രക്രിയയുടെ ഭാഗമായി കാണാൻ ഇന്ത്യ റിപ്പബ്ലിക്കായതിന് ശേഷം 42 വർഷങ്ങൾ വേണ്ടിവന്നു. കേരളത്തിൽ 2009 ൽ ത്രിതല പഞ്ചായത്ത് സംവിധാനത്തിലേക്കുള്ള സ്ത്രീ സംവരണം അൻപത് ശതമാനമായി ഉയർത്തി. ഇന്ന് നമ്മുടെ പഞ്ചായത്ത് ഭരണ നിർവഹണത്തിൽ അൻപത് ശതമാനത്തിലേറെ സ്ത്രീകളാണ്. വളരെ കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് പഞ്ചായത്ത് – മുനിസിപ്പാലിറ്റി തലത്തിൽ ഈ കാലയളവിൽ പ്രായഭേദമന്യേ സ്ത്രീ ജനപ്രതിനിധികൾ കാഴ്ചവെച്ചിട്ടുള്ളത്. എന്നാൽ അതിന് മുകളിലേക്കുള്ള ഴഹമൈ രലശഹശിഴ തകർത്തെറിയാൻ വളരെ ചെറിയൊരു വിഭാഗത്തിന് മാത്രമാണ് സാധിച്ചിട്ടുള്ളത്. ലോകസഭയിലും സംസ്ഥാന നിയമ നിർമാണ സഭകളിലും 33 ശതമാനം വനിത പ്രാതിനിധ്യം ഉറപ്പാകുന്നതിനായുള്ള വനിതസംവരണ ബില്ല് പൊതുസമ്മതം ലഭിക്കാത്തതിനെ തുടർന്ന് രാജ്യസഭക്ക് പുറത്തേക്ക് വെളിച്ചം കണ്ടിട്ടുമില്ല.

ഇൻറ്റർ പാർലമെൻ്റി യൂണിയനും യു എൻ വുമനും ചേർന്ന് പ്രസിദ്ധീകരിച്ച 'Women in Politics, 2021' എന്ന പഠനത്തിൽ ലോകത്തെ വിവിധ രാജ്യങ്ങളിലെ പാർലമെൻ്റിലെ സ്ത്രീ സാന്നിധ്യത്തെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. 61 ശതമാനത്തിലേറെ സ്ത്രീ പ്രാതിനിധ്യവുമായി റുവാണ്ടയും അൻപത്തി മൂന്ന് ശത

മാനത്തിലേറെ പ്രാതിനിധ്യവുമായി ക്യൂബയും മുന്നിൽ നിൽകുമ്പോൾ പതിനാല് ശതമാനം മാത്രം പ്രാതിനിധ്യവുമായി 148 മത് സ്ഥാനത്താണ് ഇന്ത്യ. മന്ത്രിസഭ പദവി കൈയാളുന്ന സ്ത്രീകളുടെ കണക്കിലാകട്ടെ നൂറ്റി അറുപതാം സ്ഥാനത്താണ് ഇന്ത്യ. നിക്കരാഗ്വേ, ഓസ്ട്രിയ, ബെൽജിയം എന്നീ രാജ്യങ്ങളാണ് ആദ്യ മൂന്ന് സ്ഥാനങ്ങളിൽ. ഇന്ത്യയിലെ പിതൃമേധാവിത്വ സമൂഹവും ഭരണകൂടവും സ്ത്രീകളുടെ അധികാര കേന്ദ്രകളിലേക്കുള്ള കടന്ന് വരവിന് പല രീതിയിൽ തടസ്സങ്ങൾ സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്നു എന്ന് വേണം വിലയിരുത്താൻ .

ചരിത്രപരമായി അധികാര സ്ഥാനങ്ങൾ കയ്യാളിയിരുന്ന പുരുഷനും പിതൃമേധാവിത്വ വ്യവസ്ഥിതിയ്ക്കും അധികാര കൈമാറ്റം അലോസരപ്പെടുത്തുന്നതാണ്. അതിനാൽ തന്നെ അധികാര കേന്ദ്രങ്ങളിലേക്കും ഭരണ നിർവ്വഹണത്തിലേക്കുമുള്ള സ്ത്രീയുടെ കടന്നുവരവ് തീരെ എളുപ്പമല്ല. ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ നിന്നും എത്ര സ്ത്രീകൾ മുഖ്യധാര രാഷ്ട്രീയത്തിലേക്കും അധികാര സ്ഥാനങ്ങളിലേക്കും എത്തുന്നുണ്ടെന്ന് പരിശോധിച്ചാൽ മാത്രം മതി ഇത് വ്യക്തമാവാൻ. കേരളത്തിലെ ജനസംഖ്യയുടെ അൻപത്തി രണ്ട് ശതമാനത്തോളം സ്ത്രീകളാണ്.2016 ലെ നിയമസഭാ തിരഞ്ഞെടുപ്പ് കണക്കുകൾ പരിശോധിച്ചാൽ മനസിലാകും ഇതിൽ എഴുപത്തിയെട്ട് ശതമാനത്തിന് മേൽ സ്ത്രീകൾ തങ്ങളുടെ വോട്ടവകാശം വിനിയോഗിച്ചിട്ടുണ്ടെന്നത്. അതേസമയം 2016 ൽ ആകെ 110 വനിതകൾ മത്സര രംഗത്ത് എത്തുകയും അതിൽ വെറും 8 പേർക്ക് മാത്രം വിജയം കൈവരിക്കാനാവുകയുമാണ് ഉണ്ടായത്. സ്ത്രീകളുടെ രാഷ്ട്രീയ പാർട്ടി അംഗത്വം, പാർട്ടി മീറ്റിങ്ങുകളിലെയും പ്രകടനങ്ങളിലെയും പൊതു പരിപാടികളിലെയും ദൃശ്യതയും നേതൃത്വവും എല്ലാം തന്നെ ഉയർന്നിട്ടുണ്ട്. എന്നാൽ മത്സര രംഗത്തേക്ക് എത്തുന്ന സ്ത്രീകളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവില്ല. ഇതോടൊപ്പം എടുത്ത് പറയേണ്ട മറ്റൊരു കാര്യം വിജയ സാധ്യതയാണ്. വിജയ സാധ്യത ഉള്ള സീറ്റുകൾ വനിത നേതാക്കൾക്ക് കൈമാറ്റം ചെയ്യപെടുന്നതിൽ മിക്ക രാഷ്ട്രീയ പാർട്ടികളും ഒരേ വിമുഖതയാണ് കാണിക്കുന്നത്. കേരളത്തിലെ പൊതു തിരഞ്ഞെടുപ്പ് ചരിത്രം പരിശോധിച്ചാൽ ഇടതുപക്ഷ ജനാധിപധ്യ മുന്നണിയാണ് കൂടുതൽ സ്ത്രീകളെ മത്സര രംഗത്തേക്കും അധികാര സ്ഥാനങ്ങളിലേക്കും പരിഗണിച്ചിട്ടുള്ളത് എന്ന് കാണാനാവും. എന്നാൽ ഒരു പുരോഗമന രാഷ്ട്രീയ പ്രസ്ഥാനത്തിൽ നിന്നും ഇതിൽ കൂടുതൽ തുല്യമായ രാഷ്ട്രീയ - അധികാര പങ്കാളിത്തം പ്രതീക്ഷിക്കേണ്ടതാണ്.

രാഷ്ട്രീയത്തിലെ തുല്യ സ്ത്രീ പ്രാതിനിധ്യം സുപ്രധാനമാണ്. എന്നാൽ 'സ്ത്രീ' ഒരു ഏകതാനമായ വിഭാഗമല്ല. വ്യത്യസ്തമായ സാംസ്കാരിക - സാമൂഹിക - രാഷ്ട്രീയ ബോധ്യവും അഭിപ്രായങ്ങളും ഓരോ വിഭാഗം സ്ത്രീകൾക്കും എന്നല്ല ഓരോ സ്ത്രീക്കുമുണ്ട്. അവയെ മുൻനിർത്തികൊണ്ട് മാത്രമേ രാഷ്ട്രീയത്തിലെ സ്ത്രീ പ്രാതിനിധ്യത്തെ വിശകലനം ചെയ്യാനാവൂ. സ്ത്രീകൾക്ക് മാത്രമായുള്ള ബസ്സ് എന്ന് പറയുന്ന ലാഘവത്തോടെ സ്ത്രീകളുടെ രാഷ്ട്രീയ പാർട്ടി എന്ന് പറയാനാകുമോ എന്നത് സംശയമാണ്. വർഗ്ഗീയ രാഷ്ട്രീയ പാർട്ടികളുടെ മുഖ്യ ആയുധങ്ങളും പ്രതീകങ്ങളും പലപ്പോഴും സ്ത്രീകളാണ് എന്നത് നാം കണ്ടിട്ടുണ്ട്. അവരെയാണ് ആചാര സംരക്ഷണത്തിനും തുടർന്നുള്ള അതിക്രമത്തിനും മുന്നിട്ടിറക്കുന്നത്. കുടുംബത്തിൻറെയും ദേശത്തിൻറെയും മാനവും ആചാരവും കാത്തുസൂക്ഷിക്കാൻ നിയോഗിക്കപെട്ടവളായി രാഷ്ട്രീയ പ്രവേശം നടത്തുന്ന സ്ത്രീക്ക് വേണ്ടിയാവരുത്, പിതൃമേധാവിത്വ വ്യവസ്ഥിതിക്ക് എതിരെ പൊരുതി സ്വന്തം പൗരാവകാശം ഉറപ്പിക്കുന്ന സ്ത്രീ ശക്തിക്കാവണം പ്രാതിനിധ്യം ഉണ്ടാകേണ്ടത്. അതിനാൽ സ്ത്രീവാദവും സ്ത്രീപക്ഷ കാഴ്ചപ്പാടും മുൻനിർത്തി മാത്രമേ രാഷ്ട്രീയത്തിലെ വനിത പ്രാതിനിധ്യം ചർച്ചക്കെടുക്കാൻ സാധിക്കൂ എന്നാണ് എൻറെ വിലയിരുത്തൽ.

ഈ ലക്കം സംഘടിതയിലൂടെ വ്യത്യസ്ത വിഭാഗങ്ങളെ പ്രതിനിധാനം ചെയ്തുകൊണ്ട് കേരളത്തിലെ തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തെ വിശകലനം ചെയ്യുകയാണ്. കേരളത്തിൻറെ ഭരണ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച പ്രഗത്ഭരായ ഏതാനം സ്ത്രീ നേതാക്കളെക്കുറിച്ചുള്ള കുറിപ്പുകൾ, നിയമസഭാ തിരഞ്ഞെടുപ്പിൽ സ്ത്രീകളുടെ പങ്കാളിത്തത്തെക്കുറിച്ചുള്ള അവലോകനം എന്നിവ ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം ദളിത് - മത്സ്യതൊഴിലാളി - ലൈംഗിക ന്യൂനപക്ഷ വിഭാഗങ്ങളുടെ രാഷ്ട്രീയ പ്രാതിനിധ്യവും വെല്ലുവിളികളും ഈ ലക്കം ചർച്ചചെയ്യുന്നു. കുറഞ്ഞ സമയ പരിധിയിൽ നിന്നുകൊണ്ട് കഴിയാവുന്നത്ര വ്യത്യസ്ത വിഭാഗങ്ങളുടെ കാഴ്ചപ്പാടുകൾ ഉൾപെടുത്താൻ ശ്രമിച്ചിട്ടുണ്ടെങ്കിലും പ്രധാനപ്പെട്ട ചിലതെല്ലാം ഉൾപെടുത്താൻ സാധിക്കാതെ പോയതിൽ പ്രയാസമുണ്ട്. തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലെ സ്ത്രീകളുടെ ക്രിയാത്മകമായ ഇടപെടൽ ഇനിയും ഏറെ ചർച്ച ചെയ്യേണ്ട വിഷയമാണ്.



**റിൻസി മാത്യു**
കേരള സർവ്വകലാശാലയിൽ പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽ ഗവേഷക. പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിവിധ പഠനങ്ങളിൽ പങ്കാളിയായിട്ടുണ്ട്

# വനിതാപ്രാതിനിധ്യം കേരളത്തിലെ നിയമനിർമ്മാണസഭയിൽ



റോസമ്മ പുന്നൂസ്

സംസ്ഥാനങ്ങളുടെ പുനസംഘടനയുമായി ബന്ധപ്പെട്ട് 1953 ഫസൽ അലി ചെയർമാനായുംഎച്ച്.എൻ. കുൽസു, കെ.എം .പണിക്കർ എന്നിവർ അംഗങ്ങളായുള്ള ഒരു കമ്മീഷനെ ഇന്ത്യാ ഗവൺമെന്റ് നിയമിച്ചു. കമ്മീഷൻ നൽകിയ റിപ്പോർട്ടിന്റെഅടിസ്ഥാനത്തിൽ ഗവൺമെന്റ് 1956ൽ സംസ്ഥാന പുനസംഘടനാ നിയമം (സ്റ്റേറ്റ് റീഓർഗനൈസേഷൻ ആക്ട് 1956) നടപ്പിലാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ മലബാർ, തിരു-കൊച്ചി പ്രദേശങ്ങളെ സംയോജിപ്പിച്ചുകൊണ്ട് 1956 നവംബർ 1-ന് കേരള സംസ്ഥാനം നിലവിൽ വന്നു. കേരള സംസ്ഥാന രൂപീകരണത്തെ തുടർന്ന് നിയമസഭയിലേക്കുള്ള ആദ്യത്തെ തെരഞ്ഞെടുപ്പ് 1957 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ നടക്കുകയുണ്ടായി. ഈ തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം ലഭിച്ചതിനെ തുടർന്ന് ലോകത്ത് ആദ്യമായി പൊതുതെരഞ്ഞെടുപ്പിലൂടെ ഒരു കമ്മ്യൂണിസ്റ്റ് മന്ത്രിസഭ 1957 ഏപ്രിൽ 15ന് ഇഎംഎസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ നിലവിൽ വന്നു. സംസ്ഥാന രൂപീകരണത്തിനു ശേഷമുള്ള പൊതു തെരഞ്ഞെടുപ്പുകളുടെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ, കേരളത്തിലെ വനിതാ പ്രാതിനിധ്യം വളരെ കുറവാണെന്ന് കാണാൻ കഴിയും. 1957 ലെ ഒന്നാം നിയമസഭയിൽ 127 അംഗങ്ങളിൽ ആറു പേർ വനിതകളായിരുന്നു. അതായത് 4.72% വനിതാപ്രാതിനിധ്യം. കെ ആർ ഗൗരിയമ്മ മന്ത്രി ആയിരുന്ന ഒന്നാം നിയമസഭയിൽ ഭൂരിപരിക്ഷ്കരണം ഉൾപ്പെടെയുള്ള നിർണായക വിഷയ

**സ്ത്രീകൾ ഭരിക്കുന്നത് നല്ലതല്ല എന്ന് ഒരു ജനപ്രതിനിധി പതിനാലാം കേരള നിയമസഭയിൽ പറഞ്ഞത് നാമെല്ലാം കേട്ടതാണ്. ഇത്തരത്തിലുള്ള മനോഭാവങ്ങൾ ആണ് മാറ്റേണ്ടത്. കൊറോണ എന്ന മഹാവ്യാധി പടർന്നപ്പോൾ അതിനെ ഏറ്റവും മികച്ച രീതിയിൽ കൈകാര്യം ചെയ്യാൻ നമ്മളെ പ്രാപ്തരാക്കിയ ആരോഗ്യമന്ത്രി ഒരു വനിതയാണെന്നുള്ള കാര്യം മറക്കരുത്.**

ങ്ങളിൽ കെ. ആർ. ഗൗരിയമ്മ എന്ന റവന്യൂ മന്ത്രിയുടെ പങ്ക് എടുത്തു പറയേണ്ടത് തന്നെ. ഏതാണ്ട് 64 വർഷങ്ങൾക്കിപ്പുറം നമ്മുടെ നിയമസഭയിലെ വനിതാ പ്രതിനിധികളുടെ എണ്ണം വളരെ കുറവാണ് എന്നതാണ് യാഥാർത്ഥ്യം. 140 അംഗങ്ങൾ ഉള്ള പതിനാലാം നിയമസഭയിൽ വെറും 9 വനിതകൾ മാത്രം അതായത് 6.42 ശതമാനം മാത്രം 1957 നിന്നും 2016 എത്തിനിൽക്കുമ്പോൾ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല എന്ന് സാരം. ഓരോ തെരഞ്ഞെടുപ്പ് കഴിയുമ്പോഴും 140 പേർ നിയമസഭകളിലേക്ക് 20 എംപിമാർ ലോക്സഭയിലേക്കും ഒമ്പത് പേർ രാജ്യസഭയിലേക്കും എത്തുന്നുണ്ട് എന്നകാര്യം ഇതിനോട് കൂട്ടിവായിക്കേണ്ടതാണ്. (അന്ന് 13 വനിതകൾ നിയമസഭയിലെത്തി) മാത്രവുമല്ല, കേരള നിയമസഭയുടെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ ഇതുവരെ ഒരു വനിതാ മുഖ്യമന്ത്രിയും ഉണ്ടായിട്ടില്ല എന്നതാണ് വസ്തുത. ഇതോടൊപ്പം തന്നെ മറ്റൊരു കാര്യം ഓർക്കേണ്ടതുണ്ട് 1987 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളം കേട്ട മുദ്രാവാക്യം ഇപ്രകാരമായിരുന്നു 'കേരള നാട്ടിൽ കെ.ആർ ഗൗരിയമ്മ ഭരിക്കും' എന്നാൽ പല കാരണങ്ങളാൽ അത് നടക്കാതെ പോയി . പതിനാറാം ലോക്സഭയിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ വനിതാപ്രാതിനിധ്യം ഏറ്റവും കുറഞ്ഞ രണ്ടാമത്തെ സംസ്ഥാനമാണ് കേരളം (5%). 2016ലെ പതിനാലാമത് നിയമസഭ തെരഞ്ഞെടുപ്പിൽ നൂറ്റിയെട്ട് വനിതകൾ മത്സരിച്ചു. ജയിക്കാനായത് ഒൻപത് പേർക്ക് മാത്രം . എന്തുകൊണ്ടാണ് വനിതാപ്രാതിനിധ്യത്തിൽ ഇത്രയും വലിയ കുറവ് കേരളത്തിൽ ഉണ്ടാകുന്നത്. കേരളത്തിൽ വനിതകളുടെ എണ്ണം കുറവാണോ? ഒരിക്കലുമല്ല. 2011ലെ സെൻസസ് പ്രകാരം സ്ത്രീ-പുരുഷ അനുപാതം കേരളത്തിൽ 1000 പുരുഷന് 1084 സ്ത്രീകളാണ് . അതായത് കേരളത്തിൽ മൊത്തം ജനസംഖ്യയിൽ 52.02 ശതമാനം സ്ത്രീകളാണ്. സ്ത്രീ-പുരുഷ അനുപാതത്തിൽ ഇന്ത്യയിൽ ഒന്നാമത് . എന്നാൽ അതിനനുസരിച്ചുള്ള സ്ത്രീപ്രാതിനിധ്യം നിയമനിർമ്മാണ സഭകളിൽ ഉണ്ടാകുന്നില്ല. വനിതാപ്രാതിനിധ്യം ഇത്രയും കുറയാൻ നിരവധി കാരണങ്ങളുണ്ട്. സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നിരവധി ഘടകങ്ങൾ അവയിൽ പങ്കുവഹിക്കുന്നു . സ്ത്രീകൾക്ക് പൊതു പ്രവർത്തനം നടത്തുന്നതിന് വീടുകളിൽ നിന്നോ സമൂഹത്തിൽനിന്നു പിന്തുണ പലപ്പോഴും ലഭിക്കാറില്ല. ചില രാഷ്ട്രീയ പാർട്ടികൾ സ്ത്രീകളുടെ രാഷ്ട്രീയ പ്രവേശത്തെ പ്രോത്സാഹിപ്പിക്കാറില്ല. ഈ അടുത്ത് നമ്മൾ പത്രങ്ങളിൽ കണ്ടതാണ് ഏതാണ്ട് 25 വർഷത്തിനു ശേഷം ആദ്യമായാണ് മുസ്ലിംലീഗ് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ഒരു വനിതയെ അനുവദിച്ചത്. (1996 ഇൽ മത്സരിച്ച ഖമറുന്നിസ അൻവറാണ് ലീഗിന്റെ ആദ്യ വനിതാ സ്ഥാനാർത്ഥി) മറ്റു ചില രാഷ്ട്രീയ പാർട്ടികൾ വനിതകൾക്ക് സീറ്റ് കൊടുക്കാതിരിക്കുകയോ അഥവാ കൊടുത്താൽ തന്നെ യാതൊരു ജയ സാധ്യതയുമില്ലാത്ത സീറ്റ് നൽകുകയോ ചെയ്യുന്നു. തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ സീറ്റ് നിഷേധിച്ചതിന്റെ പേരിൽ തല മുണ്ഡനം ചെയ്ത് പ്രതിഷേധിച്ച ഒരു സ്ത്രീ ഇപ്പോഴും കേരള മനസ്സാക്ഷിയെ ഞെട്ടിക്കുന്ന ഒന്നാണ്. സ്ത്രീകൾ ഭരിക്കുന്നത് നല്ലതല്ല എന്ന് ഒരു ജനപ്രതിനിധി പതിനാലാം കേരള നിയമസഭയിൽ പറഞ്ഞത് നാമെല്ലാം കേട്ടതാണ്. ഇത്തരത്തിലുള്ള മനോഭാവങ്ങൾ ആണ് മാറ്റേണ്ടത്. കൊറോണ എന്ന മഹാവ്യാധി പടർന്നപ്പോൾ അതിനെ ഏറ്റവും മികച്ച രീതിയിൽ കൈകാര്യം ചെയ്യാൻ നമ്മളെ പ്രാപ്തരാക്കിയ ആരോഗ്യമന്ത്രി ഒരു വനിതയാണെന്നുള്ള കാര്യം മറക്കരുത്. ഇന്ന് ഫിൻലാൻഡും ഗ്രീസും ഉൾപ്പെടെ ഒൻപത് രാജ്യങ്ങളിൽ ഭരണതലപ്പത്ത് ഇരിക്കുന്നത് വനിതകളാണ് . അതുകൊണ്ടു തന്നെ പൊതുരംഗത്തേക്ക് കടന്നു വരുന്ന സ്ത്രീകൾക്ക് ആവശ്യം സമൂഹത്തിന്റെ പിന്തുണയും പരിഗണനയും ആണ്.



ചർച്ചാവിഷയം



കെ.ആർ. ഗൗരിയമ്മ



**ഗീത തങ്കമണി**
സാമൂഹിക പ്രവർത്തക, സോഷ്യോ എക്ക ണോമിക് ഫൌണ്ടേഷൻ, കുടുംബശ്രീ, സഖി തിരുവനന്തപുരം ഇന്നിവിടങ്ങളിൽ ഔദ്യോ ഗിക. ആലപ്പുഴ കേന്ദ്രമായി പ്രവർത്തിച്ചു വരുന്ന 'മോചിത' സ്ത്രീ പഠന കേന്ദ്രത്തിന്റെ സ്ഥാപക മെമ്പർമാരിലൊരാൾ

# തെരഞ്ഞെടുപ്പ് – രാഷ്ട്രീയം – സ്ത്രീ

തെരഞ്ഞെടുപ്പ്- രാഷ്ട്രീയം- സ്ത്രീ ഈ വിഷയങ്ങൾ ചേർത്തുവെച്ച് ചർച്ച ചെയ്യുമ്പോൾ കേരളത്തിൽ കെ.ആർ. ഗൗരിയമ്മയിൽ നിന്ന് മാത്രമേ ഈ ചർച്ച ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. സ്വാതന്ത്ര്യാനന്തര കാലത്തെ കേരള സംസ്ഥാനത്തിന്റെ സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ ചരിത്രഗതിയിൽ നിർണായക സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞ പ്രമുഖ രാഷ്ട്രീയ നേതാക്കളിൽ ഒരാളാണ് കെ ആർ ഗൗരിയമ്മ. ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ഗ്രാമത്തിൽ പാർവതിയുടെയും രാമ്മയും പത്തു മക്കളിൽ ഏഴാമത്തെ മകളായി 1919 ജൂലൈ പതിനാലാം തീയതി ഗൗരി ജനിച്ചു. സ്ത്രീ എന്നാൽ ഇപ്രകാരം ആകണമെന്ന സമൂഹത്തിന്റെ വാർപ്പുമാതൃകകളെ വെല്ലുവിളിച്ചാണ് ഗൗരി ജീവിതമാരംഭിച്ചത്. ആൺകോയ്മ അനുവദിച്ച പെണ്ണിടങ്ങൾക്ക് അപ്പുറത്തേക്ക് എത്തിനോക്കുവാൻ പോലും ധൈര്യം ഇല്ലാതിരുന്ന യാഥാസ്ഥിക കാലത്തെ നിയമങ്ങളെ ആവോളം വെല്ലുവിളിച്ചായിരുന്നു ഗൗരിയമ്മ ജീവിച്ചതും ഇന്നും ജീവിക്കുന്നതും. കടപ്പുറത്ത് പപ്പു സാറിന്റെ ഏകാധ്യാക സ്കൂളിൽ നിന്ന് അക്ഷരാഭ്യാസം നേടിയ ഗൗരി ചേർത്തല തുറവൂർ സ്കൂളിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി . ഗൗരിയുടെ കോളേജ് വിദ്യാഭ്യാസം എറണാകുളത്തെ പ്രസിദ്ധമായ സെന്റ് തെരേസാസ് കോളേജിലും മഹാരാജാസ് കോളേജിലുമായിരുന്നു. തിരുവനന്തപുരം ലോ കോളേജിൽ നിന്ന് നിയമബിരുദം നേടി സമുദായത്തിൽ ആദ്യത്തെ നിയമ ബിരുദധാരിയായി കെ. ആർ. ഗൗരി.

വീട്ടിലെ രാഷ്ട്രീയ പശ്ചാത്തലമാണ് ഗൗരിയമ്മയിൽ രാഷ്ട്രീയ അഭിനിവേശം സൃഷ്ടിച്ചത് . മൂത്ത സഹോദരനും അന്ന് ട്രേഡ് യൂണിയൻ നേതാവുമായിരുന്ന സുകുമാരന്റെ പ്രേരണയാലാണ് ഗൗരിയമ്മ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചത് . സ്ത്രീകൾ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതിനെക്കുറിച്ച് ചിന്തിക്കുക പോലും ചെയ്യാതിരുന്ന കാലത്താണ് ഗൗരിയമ്മ ഈ സാഹസത്തിനു മുതിർന്നത്. പുന്നപ്ര-വയലാർ സമരത്തിനു ശേഷം കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കന്മാർ പലരും ജയിലിലും ഒളിവിലും പോവുകയും അല്ലാത്തവർ സംസ്ഥാനം വിട്ടുപോവുകയും ചെയ്ത സാഹചര്യത്തിൽ അവർ സംഘാടനം നടത്തിയിരുന്ന വി



മം പാസാക്കിയത്. അതുപോലെ പ്രധാനപ്പെട്ട മറ്റൊരു നിയമം അഴിമതി നിരോധന നിയമമായിരുന്നു. നീണ്ടനാൾ 1960 മുതൽ 1984 വരെ ഗൗരിയമ്മ കേരള കർഷകസംഘം പ്രസിഡണ്ടായിരുന്നു. അതുപോലെ കേരള മഹിളാസംഘം കെട്ടിപ്പടുക്കുകയും 1967 മുതൽ 1976 വരെ പ്രസിഡണ്ടായും 1976 മുതൽ 87 വരെ സെക്രട്ടറിയായും പ്രവർത്തിച്ചു. ദീർഘകാലം പ്രവർത്തിച്ചു വന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്ന് ഒരു പ്രത്യേക സാഹചര്യത്തിൽ 1994ൽ ഗൗരിയമ്മയെ പുറത്താക്കി. അതിനുശേഷം ജനാധിപത്യ സംരക്ഷണ സമിതി എന്ന പേരിൽ ഒരു പുതിയ പാർട്ടി ഉണ്ടാക്കുകയും അതിന്റെ ജനറൽ സെക്രട്ടറിയായി തെര

വിധ തൊഴിലാളി യൂണിയനുകളുടെ നടത്തിപ്പ് ഗൗരിയമ്മയുടെ ചുമരിൽ വന്നുചേരുകയും ഗൗരിയമ്മ അത് തന്റേടത്തോടുകൂടി ഏറ്റെടുത്തു നടത്തുകയും ചെയ്തു. അങ്ങനെ ആലപ്പുഴ- ചേർത്തല ഭാഗങ്ങളിലെ വിവിധ തൊഴിലാളികളെ സംഘടിത ശക്തിയാക്കി വളർത്തുവാനും അതിന്റെ നേതൃനിരയിലെത്തുവാനും ഗൗരിയമ്മയ്ക്ക് കഴിഞ്ഞു.  തിരുകൊച്ചി നിയമസഭാ തെരഞ്ഞെടുപ്പുകളിലൂടെയായിരുന്നു ഗൗരിയമ്മയുടെ നിയമസഭാ പ്രവേശം. കേരള സംസ്ഥാന രൂപീകരണത്തിനു ശേഷമുള്ള   പതിനൊന്നു നി





ഞ്ഞെടുക്കപ്പെടുകയും ചെയ്തു.

2001ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഗൗരിയമ്മയുടെ പുതിയ പാർട്ടി യു.ഡി.എഫിന്റെ ഘടകകക്ഷിയായി മത്സരിക്കുകയും യു.ഡി.എഫ് മന്ത്രിസഭയിൽ ഗൗരിയമ്മ കൃഷി മന്ത്രിയാവുകയും ചെയ്തു. 1957 പ്രമുഖ നേതാവും മന്ത്രിയുമായിരുന്ന ടി.വി തോമസിനെ ഗൗരിയമ്മ വിവാഹം കഴിച്ചു. 1964 കമ്മ്യൂണിസ്റ്റ് പാർട്ടിയിലുണ്ടായ പിളർപ്പിനുശേഷം ഗൗരിയമ്മ സി.പി.ഐ.എമ്മിനൊപ്പം നിൽക്കുകയും ടി.വി. തോമസ് സി.പി.ഐ. തുടരുകയും ചെയ്തു. ഇന്നും വി

യമസഭകളിൽ അഞ്ചാം നിയമസഭയിലൊഴികെ എല്ലാ നിയമസഭകളിലും ഗൗരിയമ്മ അംഗമായിരുന്നു. കേരളത്തിന്റെ റവന്യൂ മന്ത്രി ഗൗരിയമ്മയായിരുന്നു. എക്സൈസ്, വിജിലൻസ്, വ്യവസായം, കൃഷി, ഭക്ഷ്യം സാമൂഹ്യക്ഷേമം, ദേവസ്വം, മൃഗസംരക്ഷണ നിയമം എന്നീ വകുപ്പുകളിൽ മന്ത്രിയായി മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുവാൻ ഗൗരിയമ്മയ്ക്ക് കഴിഞ്ഞു .

1957ലെ കുടിയൊഴിപ്പിക്കൽ നിയമത്തിൽ തുടങ്ങിയ വിവിധ കാർഷിക പരിഷ്കരണ നിയമങ്ങൾ കേരളത്തിൽ സാമൂഹ്യമാറ്റത്തിന്റെ കൊടുങ്കാറ്റുയർത്തി. ജനസംഖ്യയിൽ നേർപാതിയിലധികം വരുന്ന സ്ത്രീകൾ അനുഭവിക്കുന്ന ചൂഷണങ്ങളും അപമാനങ്ങളും മറികടക്കുന്നതിനാണ് 1987 വനിതാ കമ്മീഷൻ നിയ





വാഹം കഴിഞ്ഞാൽ ഭർത്താവിന്റെ രാഷ്ട്രീയത്തിലേക്ക് ഇടം മാറുന്ന ഉത്തമകളായ ഭാര്യമാരുടെ നാട്ടിലാണ് വർഷങ്ങൾക്കു മുൻപ് ഭർത്താവിന്റെ വിശ്വാസങ്ങൾക്കൊപ്പം പോവാതെ ഞാൻ എന്റെ വിശ്വാസങ്ങൾക്കൊപ്പം നിൽക്കും എന്ന് പറയാനുള്ള തന്റേടം ഗൗ



രിയമ്മ കാണിച്ചത്. വിദ്യാഭ്യാസം, വിവാഹം, തൊഴിൽ, പൊതുപ്രവർത്തനം , രാഷ്ട്രീയ പ്രവർത്തനം തുടങ്ങി ജീവിതത്തിലെ എല്ലാ ഏടുകളിലും അന്നു നിലനിന്നിരുന്ന വാർപ്പുമാതൃകകളെ പുറത്താക്കി തന്റേതായ മാതൃക സൃഷ്ടിച്ചു. അറിവ്, ധൈര്യം, ആത്മവിശ്വാസം, നിശ്ചയദാർഢ്യം, കാർക്കശ്യം, പ്രതിബദ്ധത തുടങ്ങി സ്ത്രീകളുടേതെന്ന് പറഞ്ഞിട്ടില്ലാത്ത ഗുണങ്ങൾ കൈമുതലാക്കി കേരളത്തിലെ സാമൂഹ്യ മാറ്റത്തിന് ആക്കം കൂട്ടിയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നെടുംതൂണുകളിലൊരാളാകുവാൻ ഗൗരിയമ്മയ്ക്ക് കഴിഞ്ഞു. ഒരു പുരുഷാധിപത്യ സമൂഹത്തിൽ ഒരു സംവരണവും ഇല്ലാതെ പാർട്ടിയിലെ പുരുഷാധിപത്യ മനോഭാവങ്ങളേയും ജാതിയേയും കൂസാതെ ചരിത്രത്തിൽ തന്റേതായ ഇടം നേടിയ തന്റേടിയാണ് ഗൗരിയമ്മ. സാമൂഹ്യ പ്രവർത്തനത്തിലൂടെയും കക്ഷിരാഷ്ട്രീയ പ്രവർത്തനത്തിലൂടേയും കഴിവ് തെളിയിച്ച നിരവധി സ്ത്രീകൾ ഇന്ന് പൊതുരംഗത്തുണ്ട് . അതുപോലെ ത്രിതലപഞ്ചായത്ത് ഭരണത്തിലൂടെ ഭരണ മികവ് തെളിയിച്ച നിരവധി സ്ത്രീകൾ ഭരണരംഗത്തുണ്ട്. എന്നിട്ടും സ്ത്രീകൾക്ക് നിയമസഭയിലേക്ക് രംഗപ്രവേശം നടത്തുന്നതിനുള്ള അവസരം ലഭിക്കാത്തതിനുള്ള കാരണങ്ങൾ ഗൗരിയമ്മയുടെ തീക്ഷ്ണമായ ജീവിതപാഠങ്ങളിലൂടെ കടന്നുപോയാൽ നമുക്ക് മനസ്സിലാക്കിയെടുക്കാം .





**ഡോ. അമൃത കെ. പി.**
റിസർച്ച് അസോസിയേറ്റ്, കില.
സത്രീ-സാമൂഹിക പ്രവർത്തക

# കേരളവികസനത്തിലെ സ്ത്രീ ഇടപെടലുകൾ

പതിനഞ്ചാം നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന സാഹചര്യത്തിലാണ് കേരളത്തിന്റെ വികാസചരിത്രത്തിൽ സ്ത്രീകളുടെ പങ്ക് എത്രത്തോളമുണ്ടെന്ന ഈ അന്വേഷണം നടത്തുന്നത്. കേരളം സ്ത്രീ സൗഹാർദ്ദപരമാക്കുന്നതിനുള്ള കുറെ നടപടികൾ മുഖ്യരാഷ്ട്രീയ കക്ഷികളുടെ പ്രകടന പത്രിക പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ 140 അസംബ്ലി മണ്ഡലങ്ങളുള്ള കേരളത്തിൽ പ്രമുഖ മുന്നണികൾക്കെല്ലാം ചേർന്ന് പത്തുശതമാനത്തിൽ താഴെ സ്ത്രീ സ്ഥാനാർത്ഥികളാണ് മത്സര രംഗത്ത് ഉള്ളത്. പതിനാലാം നിയമസഭയിൽ കേവലം 8 പേരാണ് സ്ത്രീ സാമാജികർ ആയി ഉണ്ടായിരുന്നത് എന്നത് പ്രതിഷേധാർഹമാണ്.

ആഗോള സാമ്പത്തിക വ്യവസ്ഥയ്ക്കകത്ത് നിന്ന് കൊണ്ട് ഒരു വികസിത സമൂഹം എന്ന നിലയിൽ മാറുവാൻ കേരളം ഇന്ന് വലിയ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഭൂരിപക്ഷം പേരും ഇന്ന് ഉപജീവനത്തിനായി ആശ്രയിക്കുന്ന കാർഷികമേഖലയും വ്യവസായ മേഖലയും ആഗോളവത്ക്കരണത്തിന്റെ പിടിയിൽപെട്ട് തകർച്ച നേരിട്ട് കൊണ്ടിരിക്കുകയാണ്. പകരം ആധുനികരീതിയിലുള്ള കൊച്ചു വ്യവസായ സംരംഭങ്ങളിലും ചെറുകിടകൃഷിയിലും ജനങ്ങൾ ഏർപ്പെട്ടിരിക്കുന്നു. പൊതുവിൽ മെച്ചപ്പെട്ട ജീവിതനിലവാരം ഉണ്ടെങ്കിലും ദാരിദ്ര്യ തുരുത്തുകൾ ഇന്നും നമ്മുടെ സംസ്ഥാനത്തുണ്ട്. അതിൽ ഇടപെടുന്നവർ പ്രധാനമായും സ്ത്രീകൾ, ദളിതർ, ആദിവാസികൾ ലിംഗത്വ ന്യൂനപക്ഷങ്ങൾ തുടങ്ങിയവരാണ്. പ്രകൃതിയോട് കാണിക്കുന്ന അനാദരവും ചൂഷണവും ഇക്കാലമത്രയും വീണ്ടുവിചാരമില്ലാതെ തുടർന്നു പോന്നിട്ടുണ്ട്. 2018ലെ പ്രളയം, 2019ൽ ആരംഭിച്ച് 2020ൽ കേര

ളത്തിൽ പടർന്ന് പിടിച്ച കോവിഡ് എന്ന മഹാമാരി എന്നിവ കേരളത്തിന്റെ സാമ്പത്തിക വികസനത്തെ അതിജീവിക്കാൻ ബുദ്ധിമുട്ടുള്ള വിധം ബാധിച്ചിട്ടുണ്ട്. അതോടൊപ്പം സ്വതന്ത്ര കമ്പോള വ്യവസ്ഥയിൽ മത്സരിക്കാൻ പോലും ത്രാണിയില്ലാത്ത വിധത്തിൽ ഇന്ത്യൻ പൊതുമേഖല/സഹകരണ മേഖല സംരംഭങ്ങൾ ആടിയുലയുകയാണ്.

**വികസന ചരിത്രം**

കേരളമെന്ന ചെറിയ സംസ്ഥാനത്തിന്റെ 64 വർഷങ്ങൾക്കിപ്പുറമുള്ള വികസനചരിത്രത്തിൽ പകുതിയിലേറെ വരുന്ന സ്ത്രീകളുടെ ഇടപെടലുകൾ സ്ത്രീകളുടെ ഇന്നുള്ള പദവിയുമായി ബന്ധപ്പെടുത്തി മാത്രമേ വിലയിരുത്താനാവൂ.

കേരളത്തിലെ സാമൂഹ്യ രാഷ്ട്രീയ വികാസത്തിൽ ജാതി വ്യവസ്ഥയ്ക്കെതിരെ ശബ്ദം ഉയർത്തിയ സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനങ്ങൾക്ക് വലിയ പങ്കുണ്ട്. വിദേശാധിപത്യത്തിനെതിരെ രൂപപ്പെട്ട ദേശീയ പ്രസ്ഥാനം കേരളമടക്കമുള്ള ഭാഷാസംസ്ഥാനങ്ങൾ രൂപം കൊള്ളുന്നതിന് കാരണമായി. സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനങ്ങളിലും സ്വാതന്ത്ര്യ സമരപ്രക്ഷോഭങ്ങളിലും എണ്ണമറ്റ സ്ത്രീ പങ്കാളിത്തം ഉണ്ടായിട്ടുണ്ട്. സ്ത്രീ ശരീരം ചർച്ച ചെയ്യപ്പെടുന്ന അവകാശ പോരാട്ടങ്ങൾ അടക്കം നവോത്ഥാന സമരങ്ങളുടെ ഭാഗമായി കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ സമരങ്ങളിലെ പങ്കാളിത്തം രാഷ്ട്രീയനേതൃത്വത്തിലേക്ക് പരിവർത്തനം ചെയ്യുന്ന കാര്യത്തിൽ ഒട്ടും നീതി പുലർത്തിയിട്ടില്ല എന്ന് കാണാം. മാത്രമല്ല ഒരു കുടുംബസ്ഥ എന്നതിലപ്പുറം പൊതുജീവിതം സ്വന്തമാക്കാൻ ഈ സമരങ്ങൾ സ്ത്രീകളെ വലിയ അളവിൽ സഹായിച്ചില്ല.

നിലവിൽ സംസ്ഥാനഭരണകൂടത്തിന്റെ കീഴിൽ പ്രധാനമായും നടപ്പാക്കി വരുന്ന ഒന്നാണ് വികസനം. തദ്ദേശ സർക്കാരുകൾ പ്രാദേശികമായി ചില വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടെങ്കിലും പൊതുവായുള്ള വികസന നയം കേരളത്തിൽ ഇതുവരെയും 5 വർഷം കൂടുമ്പോൾ മാറി വന്നിരുന്ന സംസ്ഥാനസർക്കാരുകളുടേത് തന്നെയാണ്. ഈ വികസന നയമാകട്ടെ ഇവിടുത്തെ മുഖ്യധാരാ രാഷ്ട്രീയ കക്ഷികളുടെ കാഴ്ചപ്പാടുകളുമായി ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്നു.

അക്കാദമിക് ഗ്രൂപ്പുകളിൽ ചർച്ച ചെയ്യപ്പെടുന്ന കേരള മാതൃക നമ്മുടെ പഞ്ചവത്സരപദ്ധതികളുമായി ചേർത്ത് വെച്ചാണ് കാണാറുള്ളത്. അതനുസരിച്ച് കേരള ജനതയുടെ ജീവിതനിലവാരം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടതാണെന്ന കാര്യത്തിൽ തർക്കമില്ല. പ്രധാനപ്പെട്ട വികസന സൂചികകളായ പ്രാഥമികാവശ്യങ്ങൾ ആരോഗ്യം, വിദ്യാഭ്യാസം, പശ്ചാത്തല സൗകര്യങ്ങൾ ഇവയൊക്കെ തന്നെ അതിൽ എടുത്ത് പറയാവുന്നതുമാണ്. കുടുംബം എന്ന യൂണിറ്റിനെ അടിസ്ഥാനപ്പെടുത്തിയ വികസന കാഴ്ചപ്പാടിന്റെ ഭാഗമായി സ്ത്രീകൾക്കും ഇതിന്റെ ഗുണഫലങ്ങൾ അനുഭവിക്കാനായിട്ടുണ്ട്. പ്രധാനമായും ക്ഷേമപദ്ധതികളിലൂന്നിയ സമീപനമായിരുന്നു കേരള വികസനത്തിന്റേത് എന്നതിന് സ്ത്രീകളുടേതടക്കമുള്ള എല്ലാ വിഭാഗങ്ങളുടേയും ക്ഷേമം സംരക്ഷിച്ച് പോരുന്നതിന് ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ വികസനത്തിനും തൊഴിലിനും വരുമാനത്തിനുമായി പ്രവാസികളായി മാറിയവർ വലിയ സം



ഭാവനകൾ നൽകിയിട്ടുണ്ട്. അതിൽ മെഡിക്കൽ/പാരാമെഡിക്കൽ മേഖലയിൽ പ്രവർത്തിക്കുന്ന ഒരുപാട് പ്രവാസി സ്ത്രീകൾ കേരളത്തിലെ സമ്പത്ഘടനയെ കാര്യമായി സ്വാധീനിച്ചിട്ടുമുണ്ട്.

ഏഴ്, എട്ട് പഞ്ചവത്സര പദ്ധതി കാലത്ത് സ്ത്രീകളെ കേന്ദ്രീകരിച്ച് ആരോഗ്യ-വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. 1970കളോടെയാണ് 'സ്ത്രീകളും വികസനവും' എന്ന ആശയം ആഗോളതലത്തിൽ തന്നെ ചർച്ച ചെയ്യപ്പെടുന്നതും 'സ്ത്രീകൾ വികസനത്തിൽ' പങ്കാളികളാകേണ്ടതുണ്ടെന്ന് തിരിച്ചറിയുന്നതും. സ്ത്രീകൾക്കു വേണ്ടിയുള്ള പദ്ധതികൾ ഏറെക്കുറെ പുരുഷപ്രാതിനിധ്യമുള്ള സർക്കാർ നടപ്പാക്കുക എന്ന പതിവ് രീതിയിൽ നിന്ന്, സ്ത്രീകളടങ്ങുന്ന ഒരു കൂട്ടമാണ് തീരുമാനമെടുക്കേണ്ടതെന്ന ശരിയിലേക്ക് ആശയപരമായെങ്കിലും എത്തിച്ചേരുന്നു. ഒമ്പതാം പഞ്ചവത്സരപദ്ധതി കാലത്ത് തദ്ദേശസ്ഥാപനങ്ങളിലെങ്കിലും വികസന കാര്യങ്ങളിൽ ഇടപെടൽ അവസരം ഒരുക്കുന്ന തരത്തിൽ മൂന്നിലൊന്ന് പ്രാതിനിധ്യം സ്ത്രീകൾക്ക് ഭരണത്തിൽ ലഭിക്കുകയുണ്ടായി. (2010ൽ അത് 50% ആയി ഉയർത്തുകയും ചെയ്തു) ദാരിദ്ര്യനിർമ്മാർജ്ജനം കുടുംബത്തിലൂടെ അതും സ്ത്രീകളിലൂടെ എന്ന കാഴ്ചപ്പാടോടെ കുടുംബശ്രീ രൂപം കൊണ്ടു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതത്തിന്റെ 10% എങ്കിലും സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്ന പദ്ധതികൾക്കായി മാറ്റിവെക്കാൻ നിർദ്ദേശിക്കുന്ന വനിതാഘടക പദ്ധതി നടപ്പിലാക്കാൻ ആരംഭിച്ചു.


പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ എത്തിനിൽക്കുന്ന ഈ കാലഘട്ടത്തിൽ നവകേരളത്തിന്റെ നിർമ്മിതിക്കായി ഹരിത കേരള മിഷൻ, ലൈഫ് മിഷൻ, ആർദ്രം മിഷൻ, പൊതു വിദ്യാഭ്യാസ യജ്ഞം എന്നീ മിഷനുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. പശ്ചാത്തല വികസനം ഒരുക്കുന്നതിനായി കിഫ്ബി തുടങ്ങിയ പുതിയ സംരംഭങ്ങളും പ്രവർത്തിച്ചു വരുന്നു. ഇവയെല്ലാം വർധിച്ച ജനപങ്കാളിത്തത്തോടെ അതിൽ തന്നെ സ്ത്രീപ്രാതിനിധ്യത്തോടെ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളാണ്.

വികസനപ്രവർത്തനങ്ങളുടെ നടത്തിപ്പുകാർ ആകുന്നതിൽ സ്ത്രീകൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. എന്നാൽ വികസന പ്രവർത്തനങ്ങൾ എന്തെന്ന് തീരുമാനിക്കുന്ന വേദികളിൽ പങ്കാളിത്തം വളരെ കുറവാണ്. ഇതിന്റെ ഭാഗമായി പലപ്പോഴും പല പദ്ധതികളുടെയും നടത്തിപ്പിൽ ലിംഗപരമായ തൊഴിൽ വിഭജനം അതുപോലെതന്നെ നടപ്പിലാക്കപ്പെടുന്ന അവസ്ഥയും സൃഷ്ടിക്കുന്നു. വികസന പ്രവർത്തനത്തെ ലിംഗപദവി സംവേദനക്ഷമതയുള്ളതാക്കി തീർക്കാൻ സ്ത്രീകളുടെ ഇടപെടലുകൾ അനിവാര്യമാണെന്ന് പല പദ്ധതികളുടേയും നടത്തിപ്പിലൂടെ തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. പലപ്പോഴും സ്ത്രീകൾ ഇവയുടെ ഗുണഭോതാക്കൾ ആയി മാത്രം കാണുന്ന അവസ്ഥയുമുണ്ട് ഇന്ത്യയിൽ കാർഷിക മേഖല പുരുഷ കേന്ദ്രീകൃതമാണ് ഇപ്പോഴും. കാർഷികവൃത്തിയിൽ സ്ത്രീകളുടെ സംഭാവന വളരെ മികച്ചതാണെങ്കിലും ഭൂമിയുടെ ഉടമസ്ഥാവകാശം മിക്കവാറും പുരുഷനിൽ നിക്ഷിപ്തമാണെന്നതിനാൽ നമ്മുടെ സംസ്ഥാനത്തെ സ്ത്രീകളെ കർഷകരായി പോലും അംഗീകരിക്കാൻ തയ്യാറാകാറില്ല.

**വികസന പ്രവർത്തനങ്ങളിലെ സ്ത്രീ കർതൃത്വം**

കൂടുതൽ അവകാശാധിഷ്ഠിതമായും സാമൂഹ്യനീതിയിൽ അടിസ്ഥാനപ്പെടുത്തിയും നമ്മുടെ വികസന പ്രവർത്തനങ്ങൾ മുന്നോട്ടു പോകേണ്ടതുണ്ട് . വ്യത്യസ്ത വർഗ്ഗം/ ലിംഗം/ ജാതി /മതം/ ശാരീരികാവസ്ഥ എന്നിവയൊക്കെയുള്ള സൗഹാർദ്ദപരമായ കാഴ്ചപ്പാടോട് കൂടിയ വികസന സംസ്കാരത്തിലേക്ക് നാം ഉയർന്നുവരേണ്ടതുണ്ട്. വികസന പദ്ധതികളുടെ ഗുണഫലങ്ങൾ ഇവർ അനുഭവിച്ചാൽ മാത്രം പോര ഇവ രൂപപ്പെടുത്തിയെടുക്കുന്ന മുഴുവൻ വേദികളിലും മേൽസൂചിപ്പിച്ച എല്ലാ വിഭാഗം വ്യക്തികൾക്കും പങ്കാളിത്തം ഉണ്ടാകേണ്ടതുണ്ട്. ശ്രേണീബദ്ധമായ അധികാര ബന്ധങ്ങൾ അകത്തും പുറത്തും തകർത്തു കളയുക എന്നതാണ് മുന്നിലുള്ള മാർഗ്ഗം. കേരളത്തിൽ സ്ത്രീ കർതൃത്വം കുറേക്കൂടി മെച്ചപ്പെട്ട ലക്ഷണങ്ങളാണ് കാണുന്നത്. അത്തരം ചിന്താധാരകൾ ചെറുതെങ്കിലും സംഘടിത ശക്തികളായി ഈ കാലത്ത് രൂപംകൊണ്ടു വരുന്നുമുണ്ട്. ഇത് സ്ത്രീകളുടെ ശരീരത്തെ ലൈംഗികവൽക്കരിക്കുന്നതിനെതിരെയും ചരക്കുവൽക്കരിക്കുന്നതിനെതിരെയും ശബ്ദിക്കുന്നുണ്ട്. പുരുഷനോടൊപ്പം എല്ലാതരത്തിലും നിലകൊള്ളാൻ കഴിയുന്ന തരത്തിലുള്ള ഈ ശ്രമങ്ങൾ പലപ്പോഴും ചില പ്രശ്നങ്ങൾ കുടുംബത്തിലും പൊതുസമൂഹത്തിലും ഉണ്ടാക്കിയിട്ടുണ്ട്. പുരുഷാധിപത്യപരമായ ലിംഗബോധത്തെ ചോദ്യം ചെയ്തു സ്വന്തം കർതൃത്വം നേടിയെടുക്കുന്ന സാഹചര്യത്തിലാണ് ഇപ്രകാരം പൊതുപ്രവർത്തകരായ സ്ത്രീകൾക്ക് തലമുണ്ഡനം ചെയ്യേണ്ടി വരുന്നത്. ഇനിയും കണ്ണു തുറക്കാൻ തയ്യാറാകാത്ത പുരുഷ ധാർഷ്ട്യത്തിനെതിരായ താക്കീതാണത് തീർച്ച. 1935ൽ സ്ത്രീ വിദ്യാഭ്യാസത്തെ കുറിച്ച് ആനി മസ്ക്രീൻ പറഞ്ഞത് 'തങ്ങളുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സ്ത്രീകൾ കണക്കു പറഞ്ഞു വാങ്ങുക തന്നെ ചെയ്യും. ജന്മാവകാശങ്ങൾ ആരെല്ലാം കവർന്നെടുത്തിട്ടുണ്ടെന്ന് നോക്കാനും കണക്കു പറഞ്ഞു വാങ്ങാനും സ്ത്രീകൾ ഇനി അമാന്തിക്കുകയില്ല.' ഈ പോരാട്ടങ്ങൾ കേരളത്തിലെ സ്ത്രീകൾക്ക് ഇന്നും നേടിയെടുക്കാനാവാത്ത ചില നിർണായക ആവശ്യങ്ങൾക്കുവേണ്ടി തുടരേണ്ടതായി വരിക തന്നെ ചെയ്യുന്നു.





**ആർ. പാർവതി ദേവി**
സ്ത്രീപക്ഷ നിരീക്ഷക
ഇരുപത് വർഷത്തോളമായി പ്രിന്റ് - വിഷ്വൽ മാധ്യമ രംഗത്ത് സജീവം. ഇപ്പോൾ പി.എസ്.സി മെമ്പറായി പ്രവർത്തിക്കുന്നു.

# ഇനി വൈകിക്കൂടാ...

ആരോഗ്യം വിദ്യാഭ്യാസം എന്നീ മേഖലകളിൽ കേരളസ്ത്രീക്ക് അഭിമാനകരമായ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞെങ്കിലും അധികാരത്തിന്റെ കോട്ട കൊത്തളങ്ങൾ പുരുഷന്റെ കൈവശം തന്നെ ആണ്. പഠനങ്ങൾ തെളിയിക്കുന്നത് അധികാരം തുല്യമായി പങ്കു വെക്കുക എന്നതാണ് ഏറ്റവും കഠിനവും സങ്കീർണവുമായ പ്രക്രിയ എന്നാണ്. സ്ത്രീകൾ മാത്രമല്ല , സംവരണത്തിന്റെ ആനുകൂല്യം മാറ്റി വെച്ചാൽ പട്ടികജാതി, പട്ടിക വർഗ , ട്രാൻസ് തുടങ്ങിയ വിഭാഗങ്ങളും അധികാരത്തിന്റെ സിംഹാസനങ്ങൾക്ക് എത്രയൊ അകലെയാണ്. ഇവിടെ പക്ഷെ ചർച്ച സ്ത്രീകളുടെ അധികാര പങ്കാളിത്തം ആയതു കൊണ്ട് അതെ കുറിച്ച് മാത്രം പ്രതിപാദിക്കുന്നു.

ലജ്ജാകരമായ സ്ഥിതിവിവര കണക്കുകൾ ആദ്യം തന്നെ നൽകാം. കേരള നിയമസഭയിൽ 140 അംഗങ്ങളിൽ 13 സ്ത്രീകളിൽ കൂടുതൽ ഒരിക്കലും ഉണ്ടായിട്ടില്ല.1957 മുതലുള്ള 60 വർഷത്തിനിടയിൽ 2016 ലെ 14 ആം നിയമസഭ മാത്രമാണ് രണ്ടു വനിതകളെ മന്ത്രിമാരായി തെരെഞ്ഞെടുത്തത്. കെ.കെ. ശൈലജയും ജെ. മേഴ്സിക്കുട്ടി അമ്മയും.കേരളത്തിൽ ഇതുവരെ എട്ടു സ്ത്രീകളാണ് മന്ത്രിമാരായിരിക്കുന്നത് .ഇവരിൽ പി കെ ജയലക്ഷ്മി പട്ടികവർഗ്ഗത്തിൽപെടുന്നു. പട്ടികജാതിയിൽ നിന്നും ഒരു സ്ത്രീക്കും കേരളത്തിൽ മന്ത്രി പദവി ലഭിച്ചിട്ടില്ല. എട്ടു പേരിൽ അഞ്ചു പേർ സി പി ഐ എമ്മിന്റെ പ്രതിനിധികൾ ആണ്. മൂന്നു പേർ കോൺഗ്രസിന്റെയും. ഗൗരിഅമ്മ ഇരു മുന്നണികളുടെയും മന്ത്രി സഭയിൽ ഉണ്ടായിട്ടുണ്ട്. മുഖ്യമന്ത്രി ,സ്പീക്കർ എന്നീ പദവികൾ സ്ത്രീകൾക്ക് വിദൂര സ്വപ്നമായിരിക്കുമ്പോൾ ഡെപ്യൂട്ടി സ്പീക്കർ ആകാൻ മൂന്ന് സ്ത്രീകൾക്ക് കഴിഞ്ഞു. ഐഷ ഭായി, നഫീസത്ത് ബീവി, ഭാർഗവി തങ്കപ്പൻ .1957 മുതൽ 2014 വരെ ആകെ 11 സ്ത്രീകൾക്കെ ലോക്സഭ കാണാൻ കഴിഞ്ഞിട്ടുള്ളൂ .1991 ലും 2004 ലും മാത്രം രണ്ടു സ്ത്രീകൾ എം പി മാർ ആയെങ്കിൽ ബാക്കി എല്ലാ വർഷങ്ങളിലും ഒരാൾ മാത്രം . ഒരു സ്ത്രീയും കേരളത്തിൽ നിന്നും ലോക്സഭയിലേക്ക് തെരെഞ്ഞെടുക്കപ്പെടാത്ത വർഷങ്ങൾ ആണ് 1977 ഉം 1996 ഉം. **(കേരള സ്ത്രീ ആറു പതിറ്റാണ്ടിൽ : ആർ പാർവതി ദേവി** )

1994 ൽ 73 ,74 ഭരണഘടനാ ഭേദഗതിയിലൂടെ സ്ത്രീകൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ 33 % സംവരണം ലഭിച്ചതാണ് ആധുനിക ഇന്ത്യയിൽ ഈ മേഖലയിൽ സംഭവിച്ച ഏറ്റവും പ്രധാനപ്പെട്ട മാറ്റം. പിന്നീട് 2010 ൽ കേരളത്തിലത് 50 % ആയി വർധിപ്പിച്ചു. ഇന്ന് കേരളത്തിൽ പ്രാദേശിക സർക്കാരുകളുടെ ഭരണത്തിന്റെ ചുക്കാൻ പിടിക്കുന്നത് 54 %

സ്ത്രീകൾ ആണെന്നത് അഭിമാനാർഹം ആണെന്ന തിനു സംശയമില്ല.

പഞ്ചായത്തുകളുടെ പ്രവർത്തന രീതിയിലും സമീപനത്തിലും പരിഗണനകളിലും ഉൾപ്പടെ വലിയ മാറ്റം കൊണ്ടുവരാൻ ഇത് മൂലം സാധിച്ചു. ഏറ്റവും നല്ല പഞ്ചായത്തുകൾക്കുള്ള പുരസ്കാരങ്ങൾ പലപ്പോഴും സ്ത്രീകൾ പ്രസിഡന്റുമാരായിരിക്കുന്ന പഞ്ചായത്തുകൾക്ക് ലഭിക്കുന്നു എന്നത് അവരുടെ കാര്യപ്രാപ്തിയുടെ തെളിവായി പറയാം. ആദ്യ ഘട്ടങ്ങളിൽ സ്ത്രീകൾക്ക് സംവരണം നൽകിയാൽ അതോടെ വികസന പ്രവർത്തനങ്ങൾ അപ്പാടെ താറുമാറാകുമെന്നായിരുന്നു വ്യാപകമായ ആശങ്ക. എന്നാൽ ഇന്ന് 25 വർഷം കഴിയുമ്പോൾ ഒരു കാര്യം വ്യക്തമായി. ഭരണ നിർവഹണത്തിൽ തുല്യ പങ്കാളിത്തം സ്ത്രീകൾക്ക് ലഭിച്ചതോടെ വികസനത്തിന്റെ നിർവചനത്തിൽ പോലും മാറ്റം വന്നിരിക്കുന്നു. റോഡും പാലവും മാത്രമല്ല വികസനമെന്ന കാഴ്ചപ്പാടിന്റെ പ്രാധാന്യം കൈ വന്നു. സ്ത്രീകൾ മുൻപ് വോട്ടർമാർ മാത്രം ആയിരുന്നെങ്കിൽ ഇന്നവർ മുൻഗണനകൾ തീരുമാനിക്കുകയും പദ്ധതികൾ പ്രായോഗികമായി നടത്തിയെടുക്കുകയും ചെയ്യുന്നു.ചുരുക്കത്തിൽ മാറ്റത്തിന്റെ കർതൃത്വം അവരിലേക്ക് എത്തുന്നു.

ഇത് പറയുമ്പോൾ തീർച്ചയായും സ്ത്രീകൾ ഒരൊറ്റവിഭാഗമല്ല എന്നത് ശരിയാണ്. ഓരോ രാഷ്ട്രീയ പാർട്ടിയുടെയും പ്രതിനിധികളായി തെരഞ്ഞെടുക്കപെടുന്നവർക്ക് അവരുടേതായ രാഷ്ട്രീയ നിലപാടുകൾ ഉണ്ടാകും. നേരത്തെ സൂചിപ്പിച്ചതു പോലെ ഏതു വിഭാഗത്തിൽ നിന്നുള്ള സ്ത്രീകളാണ് തെരഞ്ഞെടുക്കപെടുന്നതും അധികാരകസേരയിൽ എത്തുന്നതെന്നതും പ്രധാനമാണ്. തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ സ്ത്രീകൾക്കും സ്ത്രീപക്ഷ വീക്ഷണം ഉണ്ടാകണമെന്നുമില്ല. അഴിമതിയുടെ കാര്യത്തിൽ സ്ത്രീകൾ പിന്നിലാണെന്നും കരുതാൻ ആവില്ല. ആദ്യ ഘട്ടത്തിൽ സ്ത്രീകൾ ജനപ്രതിനിധികൾ ആയെങ്കിലും ഭരണം പുരുഷന്റെ കയ്യിൽ എന്ന അവസ്ഥ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അതിനു മാറ്റം വന്നിട്ടുണ്ട്. എങ്കിലും പാർട്ടിയുടെ നയങ്ങൾ മുന്നോട്ടു കൊണ്ട് പോകാൻ സ്ത്രീകൾക്ക് ബാധ്യതയുണ്ടാകുമെന്നു മാത്രം. അതൊരു തെറ്റായി കരുതാനും ആവില്ല. ചുരുക്കി പറഞ്ഞാൽ സംവരണം ഒരു ജനാധിപത്യ സംവിധാനത്തിന്റെ പരിമിതികൾക്കകത്തു നിന്നും പരിശോധിച്ചാൽ വിജയം തന്നെ ആണെന്ന് വിലയിരുത്താനാകും.




ഈ സാഹചര്യത്തിൽ നിയമസഭയിലും പാർലമെൻറിലും സ്ത്രീ സംവരണം വരേണ്ടത് അനിവാര്യമാണ് . ഇന്ത്യൻ സ്ത്രീകളുടെ അവസ്ഥ എത്രമാത്രം ദയനീയമാണെന്ന് എല്ലാവർക്കും അറിയാം. ഇപ്പോൾ രാജ്യത്ത് അധികാരം സ്ഥാപിച്ചിരിക്കുന്ന വർഗീയത സ്ത്രീ ജീവിതം കൂടുതൽ ദുരിതപൂർണമാക്കിയിരിക്കുന്നു. ഇന്ത്യൻ ജനാധിപത്യത്തിന്റെ ഏഴു പതിറ്റാണ്ടുകൾ സ്ത്രീയോട് ചെയ്തതു കൊടും വഞ്ചനയായിരുന്നു. ജനാധിപത്യം എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തം ആണെങ്കിൽ സ്ത്രീകൾ 50% നിയമസഭയിലും പാർലമെന്റിലും ഉണ്ടാകണം. സ്ത്രീയുടെ തുല്യ ശബ്ദവും സാന്നിധ്യവും ഇല്ലാതെ ഏഴു പതിറ്റാണ്ടു കാലം ഇന്ത്യൻ പാർലമെന്റ് ജനതയുടെ ഭാഗധേയം നിശ്ചയിച്ചു. സ്ത്രീകൾക്ക് സംവരണം നൽകുന്ന ബില്ല് പാർലമെന്റിൽ വന്നപ്പോൾ അതിനെതിരെ ഉയർന്ന പ്രതിഷേധം അപമാനകരമായിരുന്നു. ഇടതു പക്ഷം മാത്രമാണ് ശക്തമായി സ്ത്രീസംവരണത്തിനു വേണ്ടി നില കൊണ്ടത്. ഇപ്പോഴത്തെ മോദി സർക്കാർ ഈ ബില്ല് പാസാക്കാനുള്ള ശ്രമം പോലും നടത്തുമെന്ന് പ്രതീക്ഷിക്കാൻ വയ്യ. ബില്ല് പാസാക്കുന്നത് വരെ ഇപ്പോഴത്തെ നിലയിൽ പോകാനും ആവില്ല. ഒരു പോംവഴി ഉണ്ടായേ പറ്റൂ.

15 ആം നിയമസഭയിലേക്ക് ഏപ്രിൽ 6 നു തെരെഞ്ഞെടുപ്പ് നടക്കുന്ന വേളയിൽ സ്ത്രീ പ്രാതിനിധ്യം മുൻ വർഷത്തേക്കാൾ ശക്തമായി ചർച്ച ചെയ്യപ്പെടുന്നു . ഇതിനു കാരണം സ്ത്രീകൾ ഉയർത്തിയ പ്രതിഷേധം തന്നെ ആണ്. കോൺഗ്രസിലെ ലതിക സുഭാഷ് ആണ് തല മൊട്ടയടിച്ചു കൊണ്ട് തന്റെ അതിശക്തമായ അമർഷം രേഖപ്പെടുത്തി ചരിത്രം സൃഷ്ടിച്ചത്. സി പി എം നേതാക്കൾ ആയ ശൈലജ ടീച്ചറും ശ്രീമതി ടീച്ചറും സ്ത്രീ പ്രാതിനിധ്യം കുറവാ

ണെന്നു പറഞ്ഞു. ഇടതുപക്ഷം ഉൾപ്പടെ സ്ത്രീകളോട് ചെയ്തത് അനീതിയാണെന്ന് സി പി ഐയുടെ ആനി രാജയും തുറന്നടിച്ചു. സ്ത്രീകൾ സാമൂഹ്യ മാധ്യമങ്ങളിലൂടെ തങ്ങൾക്കു കഴിയും വിധം എല്ലാം പ്രതിഷേധിച്ചു. കേരളത്തിൽ മത്സരിപ്പിക്കാൻ യോഗ്യതയുള്ള 200 ഓളം സ്ത്രീകളുടെ പട്ടിക സ്ത്രീകൂട്ടായ്മ പ്രസിദ്ധപ്പെടുത്തി. ആ പട്ടിക ഇപ്പോൾ വളർന്നു കൊണ്ടിരിക്കുന്നു. വിട്ടു പോയ പേരുകൾ പലരും പൂരിപ്പിക്കുന്നു. എല്ലാ വിഭാഗം സ്ത്രീകളുടെയും പ്രാതിനിധ്യം ഉറപ്പാക്കാൻ ശ്രമം തുടരുന്നു.

ഏതു സ്ത്രീകൾ ഉണ്ട് മത്സരിച്ചാൽ വിജയിക്കുന്നത്? പാർലമെന്ററി ജനാധിപത്യത്തിൽ വിജയ സാധ്യത പ്രധാനമാണ് , പാർട്ടികളിൽ സ്ത്രീകൾ ഇല്ലാതെ വെറുതെ സ്ത്രീകളെ സ്ഥാനാർഥികളാക്കാൻ കഴിയുമോ ? സ്ത്രീകൾ എന്ത് കൊണ്ട് രാഷ്ട്രീയത്തിൽ നിന്നും വിട്ടു നിൽക്കുന്നു ? പണി ഒന്നും ചെയ്യാതെ എം എൽ എ ആകാൻ ചുളുവിൽ പറ്റുമോ? ഇത്തരം ചോദ്യങ്ങൾ ഞങ്ങൾ നിരന്തരം കേൾക്കുന്നു. സമൂഹത്തിന്റെ എല്ലാ മേഖലകളിലും എല്ലാ പാർട്ടികളിലും സ്ത്രീകൾ ഇന്ന് സജീവമാണ്. പ്രാദേശിക സർക്കാരുകളിലെ സംവരണവും കുടുംബശ്രീയും പൊതുവിൽ ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ സ്ത്രീകൾ ഉണ്ടാക്കിയ കുതിച്ചു കയറ്റവും ലിംഗനീതിയെ കുറിച്ച് ശരിയായ ധാരണ സ്ത്രീകളിൽ സൃഷ്ടിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ അധികാര കേന്ദ്രങ്ങളിൽ നിന്നും തങ്ങൾ മാറ്റി നിർത്തപ്പെടുന്നതിൽ അവർ അസ്വസ്ഥരാണ്. ഉറക്കെ ചോദ്യം ചെയ്യാനുള്ള ത്രാണി സ്ത്രീകൾ ആർജ്ജിച്ചു കഴിഞ്ഞു. 25 വർഷങ്ങൾക്കു മുമ്പുള്ളതിൽ നിന്നും വ്യത്യസ്തമായി സ്ത്രീകൾക്ക് പ്രാതിനിധ്യം ഇല്ലാത്തതു രാഷ്ട്രീയമായി പിശകാണെന്നു അംഗീകരിക്കാൻ രാഷ്ട്രീയ പാർട്ടികൾ നിർബന്ധിക്കപ്പെട്ടിരിക്കുന്നു .പക്ഷെ എന്നിട്ടും അർഹമായ പ്രാതിനിധ്യം നൽകുന്നതിൽ പാർട്ടികൾ വിമുഖത കാട്ടിയിരിക്കുന്നു . ഇക്കുറി എന്താണ് സംഭവിച്ചതെന്ന് നോക്കാം.

സി പി ഐ എം - 85 ൽ 12 -14 %

സി പി ഐ 25 ൽ 2 - 8 %

കോൺഗ്രസ് 92 ൽ 10- 9 %

മുസ്ലിം ലീഗ് 27 ൽ 1 -3 .7 %

ബി ജെ പി 115 ൽ 13 -10 .5 %

മുസ്ലിം ലീഗ് 25 വർഷങ്ങൾക്കു ശേഷമാണ് ഒരു വനിതയെ നിർത്തുന്നത്. ഇതിൽ തന്നെ ഇടതു മുന്നണിയുടെ സ്ത്രീ സ്ഥാനാർത്ഥികളിൽ 15 ൽ പത്ത് മുന്നണിയുടെ സിറ്റിംഗ് സീറ്റാണെങ്കിൽ യു ഡി എഫിൽ 12 ൽ രണ്ടെണ്ണം മാത്രമാണ് സിറ്റിംഗ് സീറ്റുകൾ.

ഇടതുപക്ഷം നില അല്പം മെച്ചപ്പെടുത്തുമ്പോഴും ഇനിയും ഏറെ ദൂരം മുന്നോട്ടു പോകാൻ ബാക്കി നിൽക്കുന്നു . പ്രമുഖ പാർട്ടികൾക്കെല്ലാം വനിതാ വിഭാഗങ്ങൾ ഉണ്ട് . ശക്തമായ പ്രവർത്തനങ്ങളും ഇവർ നടത്തുന്നു. ജനാധിപത്യ മഹിളാ അസോസിയേഷൻ ഇന്ത്യയിലെ ഏറ്റവും വലിയ വനിതാ സംഘടനയാണ്. മഹിളാ കോൺഗ്രസ്സും വനിതാ ലീഗും മഹിളസംഘവും സജീവമാണ്. എന്നാൽ ഇവർക്ക് രാഷ്ട്രീയപങ്കാളിത്തത്തിനായി അവകാശങ്ങൾ ചോദിച്ചു വാങ്ങാൻ കഴിയാതെ പോകുന്നു.

പാർട്ടി ഘടനയിലെ സ്ത്രീകളുടെ അസാന്നിധ്യവും ഇതിനൊപ്പം ചർച്ച ചെയ്യേണ്ടതായുണ്ട്. രാഷ്ട്രീയ കക്ഷികളുടെ തീരുമാനം എടുക്കൽ സമിതികളിൽ സ്ത്രീകളുടെ എണ്ണം വിരലിൽ എണ്ണാവുന്നത്രയേ ഉള്ളൂ. പാർട്ടികളുടെ പ്രവർത്തന ശൈലി തന്നെ സ്ത്രീകളെ അകറ്റി നിർത്തുന്ന തരത്തിലാണ്. നിലനിൽക്കുന്ന സാമൂഹ്യ യാഥാർഥ്യം കണക്കിലെടുക്കുമ്പോൾ സ്ത്രീകൾക്ക് മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകരാകുവാൻ കടമ്പകൾ ഏറെ ആണ്. കുടുംബം എന്ന വലിയ ഉത്തരവാദിത്തം ചുമലിൽ താങ്ങുന്ന സ്ത്രീകൾക്ക് രാഷ്ട്രീയത്തിൽ ഇടപെടുവാനുള്ള സമയമോ സാവകാശമോ ലഭിക്കുന്നില്ല. കുടുംബം സ്ത്രീയുടെ മാത്രം ഉത്തരവാദിത്തമാണെന്ന കാഴ്ചപ്പാടിന് വലിയ മാറ്റം സംഭവിച്ചിട്ടില്ല. അടുക്കള സ്ത്രീയുടെ തലയിൽ നിന്നും താഴെ ഇറക്കി വെച്ചാൽ മാത്രമേ അവൾ സ്വതന്ത്രയാകൂ .

ഈ പ്രാരാബ്ധങ്ങൾക്കിടയിലും രാഷ്ട്രീയ സാമൂഹ്യ പ്രശ്നങ്ങളിൽ നിരന്തരം ഇടപെടുന്ന അപൂർവം സ്ത്രീകൾ തീർച്ചയായും ഉണ്ട്. നേതൃനിരയിൽ തിളങ്ങുന്ന നിരവധി സ്ത്രീകളെ ചൂണ്ടിക്കാട്ടാനും ആകും.എന്നാൽ സാമാന്യവത്കരിക്കാൻ ആവില്ല.

സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങളും സ്ത്രീകളെ മുഖ്യധാരയിൽ നിന്നും പിന്നോട്ട് വലിക്കുന്നു. സ്വതന്ത്രമായി സഞ്ചരിക്കുവാനും പ്രവർത്തിക്കുവാനും കഴിയാത്ത വിധം നമ്മുടെ പൊതുഇടം അരക്ഷിതമാണെന്നു കണക്കുകൾ വ്യക്തമാക്കുന്നു. (ഗാർഹിക പീഡനത്തിലും കേരളം മുന്നിലാണ്.) കേരളത്തിന്റെ പൊതുയിടങ്ങളോളം അപകടകരമല്ല ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളും.

ഈ പ്രതിബന്ധങ്ങളും വെല്ലുവിളികളും തരണം ചെയ്ത് മുന്നോട്ടു കുതിക്കാൻ കേരളസ്ത്രീ തയാറാണ്. അതിനുള്ള കരുത്തും അവൾ ആർജ്ജിച്ചു കഴിഞ്ഞു. ഇനി വൈകി കൂടാ. ന്യായീകരണങ്ങളും കാരണങ്ങളും തർക്ക വിതർക്കങ്ങളും ഇനി മാറ്റി വെക്കാം. ജനാധിപത്യത്തെ ചൊല്ലി ആണ ഇടുന്നവർ ആത്മാർത്ഥത കാണിക്കുക. നിയമസഭയിലേക്ക് കുറഞ്ഞത് 70 സ്ത്രീകൾ തെരെഞ്ഞെടുക്കപ്പെടട്ടെ. അവരിൽ എല്ലാ വിഭാഗങ്ങളിലെയും സ്ത്രീകൾ ഉണ്ടാകട്ടെ.സ്ത്രീകളുടെ അവകാശങ്ങൾക്കായി പ്രതിജ്ഞാബദ്ധമായ ഇടതുപക്ഷത്തിലാണ് സ്ത്രീകൾക്ക് പ്രതീക്ഷ. അവരുടെ പ്രതീക്ഷകൾ തകർക്കരുത്.



**ആരതി എം. ആർ.**
സ്വതന്ത്ര ഗവേഷക,
വിസ്കോൺസിൻ മാഡിസൺ,
റിസർച്ച് അസിസ്റ്റന്റ്

# കേരള രാഷ്ട്രീയവും ദലിത്സ്ത്രീ പ്രാതിനിധ്യവും




ജാതി, മതം, ലിംഗം, ഭാഷ എന്നിവ അടിസ്ഥാനമാക്കിയുള്ള എല്ലാ വിവേചനങ്ങൾക്കുമെതിരായി വിഭാവനം ചെയ്തിരിക്കുന്ന ഒന്നാണ് ഇന്ത്യൻ ഭരണഘടനയിലെ ആറ് മൗലിക അവകാശങ്ങളിൽ ഒന്നായ തുല്യതക്കുള്ള അവകാശം. എന്നാൽ ഇന്ത്യൻ ഭരണഘടന നിലവിൽ വന്ന് എഴുപത് വർഷങ്ങൾക്കിപ്പുറവും വിവേചനരഹിതമായ പ്രാതിനിധ്യം രാഷ്ട്രീയ തെരഞ്ഞെടുപ്പുകളിൽ ഉറപ്പാക്കാൻ കഴിയുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. ജനസംഖ്യയിലും വോട്ടർമാരിലും സ്ത്രീകൾക്ക് വ്യക്തമായ ഭൂരിപക്ഷമുള്ള (1084: 1000) കേരളത്തിന്റെ അവസ്ഥയും ഇതിൽ നിന്ന് വ്യത്യസ്ഥമല്ല. രാഷ്ട്രീയ സംഹിതകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ ഇവിടുത്തെ മുഖ്യധാര രാഷ്ട്രീയ പാർട്ടികൾക്കോ മറ്റ് പ്രസ്ഥാനങ്ങൾക്കോ ഇതുവരെയും കഴിഞ്ഞിട്ടില്ല എന്ന് തന്നെയാണ് ഏപ്രിൽ 6ന് നടക്കാനിരിക്കുന്ന 2021 കേരള നിയ

മസഭാ തെരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥി പട്ടികകൾ തെളിയിക്കുന്നത്. വനിതാ മതിൽ, രാത്രി നടത്തം, ശബരിമല സ്ത്രീ പ്രവേശനം തുടങ്ങിയ സ്ത്രീപക്ഷ നടപടികൾ കൈകൊണ്ടുകൊണ്ട് സ്ത്രീ സുരക്ഷ, സ്ത്രീ സ്വാതന്ത്ര്യം എന്നിവ ഉറപ്പാക്കുമെന്ന് അവകാശപ്പെട്ട എൽഡിഎഫിന് പോലും 14ൽ കൂടുതൽ സ്ത്രീകളെ സ്ഥാനാർത്ഥികളാക്കാനുള്ള ലിംഗസമത്വമൊന്നും കൈവരിച്ചിട്ടില്ലെന്ന് സ്ഥാനാർത്ഥി പട്ടിക പുറത്തുവിട്ടത് മുതൽ തന്നെ ഉയർന്നു കേൾക്കുന്ന വിമർശനമാണ്. എന്നാൽ, എൽഡിഎഫ് സ്വീകരിച്ച



ദാക്ഷായണിയും വേലായുധനും തമ്മിലുള്ള വിവാഹം ഗാന്ധിജിയുടെ കാർമ്മികത്വത്തിൽ വാർദ്ധയിൽ നടക്കുന്നു.

അതേ നിലപാട് തന്നെയാണ് മറ്റ് പ്രധാന മുന്നണികളായ യുഡിഎഫും ബിജെപിയും സ്വീകരിച്ചത്. സംസ്ഥാന മഹിളാ കോൺഗ്രസ് പ്രസിഡന്റ് ലതികാ സുഭാഷ് സ്ഥാനാർത്ഥി പട്ടികയിൽ തന്റെ സ്ഥാനാർത്ഥിത്വം നിഷേധിച്ചതിനെ തുടർന്ന് തലമുണ്ഡനം ചെയ്യുന്നതോടെയാണ് നടക്കാൻ പോകുന്ന 15ാമത് കേരള നിയമസഭയിലെ സ്ത്രീ
പ്രാതിനിധ്യങ്ങളെ കുറിച്ചുള്ള ചൂടേറിയ ചർച്ചകൾക്ക് ഇത്തവണ തുടക്കം കുറിക്കുന്നത്. പിറകെ അതുവരെ ബിജെപിയുടെ സ്ഥാനാർത്ഥി പട്ടികയിൽ ഇടം ലഭിക്കാതിരുന്ന ബിജെപിയുടെ ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായ ശോഭ സുരേന്ദ്രൻ കഴക്കൂട്ടത്ത് നിന്നുള്ള സ്ഥാനാർത്ഥിയായതും.

1931 മുതൽ തന്നെ നിയമനിർമാണ സഭയിലെ സ്ത്രീ മെമ്പർമാരും സ്ത്രീകളുടെ പ്രതിനിധികളും സ്ത്രീക്ക് പൊതുസ്ഥാപനങ്ങളിലും സേവനങ്ങളിലും മാന്യമായ പ്രാതിനിധ്യം നിരന്തരമായി ആവശ്യപ്പെട്ടിരുന്ന ചരിത്രമാണ് കേരളത്തിനുള്ളത്. എന്നാൽ കേരള സംസ്ഥാന രൂപീകരണത്തിന് ശേഷം, 1957 മുതൽ 2004 വരെ കെ. ആർ ഗൗരിയമ്മ മാത്രമായിരുന്നു കേരള മന്ത്രിസഭയിലെ സ്ത്രീ പ്രതിനിധിയായി ഉണ്ടായിരുന്നത്. നാളിത് വരെയാകട്ടെ 8 സ്ത്രീകൾ മാത്രമാണ് മന്ത്രി കസേരയിലെത്തിയിട്ടുള്ളത്. 13 മറ്റ് സംസ്ഥാനങ്ങളിൽ വനിതാ മുഖ്യമന്ത്രി ഉണ്ടായിട്ടും നാളിത് വരെ ഒരു വനിതാ മുഖ്യമന്ത്രി പോലും കേരളത്തിൽ ഉണ്ടായിട്ടില്ല എന്നതും ഇവിടെ രാഷ്ട്രീയത്തിൽ ശക്തമായി തുടരുന്ന പുരുഷാധിപത്യത്തെ വ്യക്തമാക്കുന്നതാണ്. നിലവിലെ കണക്കുകൾ പരിശോധി



ദാക്ഷായണി വേലായുധൻ

ച്ചാൽ, ഈ ലോക്സഭയിൽ കേരളത്തെ പ്രതിനിധീകരിക്കാൻ ഒരേയൊരു സ്ത്രീ മാത്രമേ (5%) ഉണ്ടായിട്ടുള്ളൂ (രമ്യ ഹരിദാസ്- ആലത്തൂർ). രാജ്യസഭയിൽ കേരളത്തിൽ നിന്ന് സ്ത്രീ മെമ്പർമാരില്ല. നാളിത് വരെ കേരളത്തെ പ്രതിനിധീകരിച്ച് രാജ്യസഭയിൽ എത്തിയിട്ടുള്ളത് മൂന്ന് സ്ത്രീകളാണ്.(ദേവകി ഗോപദാസ്, ലീല ദാമോദര മേനോൻ, ടി.എൻ സീമ) നിയമസഭയിൽ ഇപ്പോഴുള്ളതാകെട്ട ഒമ്പത് സ്ത്രീകളും.(6.48%). അധികാര രാഷ്ട്രീയത്തിലേക്ക് സ്ത്രീകൾ

ക്ക് വേണ്ട പ്രാതിനിധ്യം നൽകാനായി വ്യക്തമായ നിയമങ്ങളും സംവരണവും ആവശ്യമാണ്. എന്നാൽ സ്ത്രീകളിൽ തന്നെ പിന്നോക്കം നിൽക്കുന്ന ദളിത്-ആദിവാസി-മുക്കുവ സ്ത്രീകളുടെയും ലിംഗത്വ ലൈംഗിക ന്യൂനപക്ഷങ്ങളുടെയും പ്രാതിനിധ്യത്തെക്കുറിച്ചുള്ള വ്യക്തമായ സൂചനകളും ലഭ്യമാക്കേണ്ടതുണ്ട്. കാരണം, രാഷ്ട്രീയ പാരമ്പര്യമുള്ള, സവർണ, സമ്പന്ന ചുറ്റുപാടിൽ നിന്നുമുള്ള സ്ത്രീകൾക്ക് കേരളത്തിൽ അധികാര രാഷ്ട്രീയത്തിൽ എത്താൻ മറ്റ് ജാതിയിലും സാമ്പത്തിക പരിസരത്തും നിന്നുമുള്ള സ്ത്രീകളെക്കാൾ സാധ്യത കൂടുതലാണെന്ന് തന്നെയാണ് ഇതുവരെയുള്ള രാഷ്ട്രീയത്തിലെ സ്ത്രീ സാന്നിധ്യങ്ങൾ വ്യക്തമാക്കുന്നത്. സാമൂഹ്യ നവോത്ഥാന കാലഘട്ടങ്ങൾ മുതൽ തന്നെ ദളിത്-ആദിവാസി-മുക്കുവ സ്ത്രീകളുടെ സാന്നിധ്യം കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ നിലനിന്നിരുന്നു. സാമൂഹ്യഘടനയും അധികാരശ്രേണിയും കീഴാള സ്ത്രീകളെ അടിച്ചോതുക്കാൻ ശ്രമിച്ചപ്പോഴൊക്കെയും ശക്തമായ രാഷ്ട്രീയ നിലപാടുകൾ കൈകൊണ്ട് മനുഷ്യാവകാശ സമരങ്ങളിൽ പങ്കെടുത്ത ഒട്ടനവധി ദളിത് സ്ത്രീകളെ ചരിത്രത്തിൽ കാണാനാകും. മാറ് മറയ്ക്കൽ സമരം, കല്ലുമാല സമരം തുടങ്ങി കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ നടത്തിയ ജന്മി വിരുദ്ധ സമരങ്ങളിൽ വരെ ശക്തമായ ദളിത് ആദിവാസി മുക്കുവ സ്ത്രീകളുടെ പ്രാതിനിധ്യം ഉണ്ടായിരുന്നു. എന്നാൽ ഈ സ്ത്രീകൾക്ക് വേണ്ട വിധത്തിലുള്ള അധികാര സ്ഥാനമാനങ്ങളോ അംഗീകാരങ്ങളോ ലഭ്യമാക്കിയിട്ടില്ല. ഇന്ത്യയുടെ ഭരണഘടന നിർമാണ സമിതിയിലെ ഏക ദളിത് വനിതയായ ദാക്ഷായണി വേലായുധന് കേരളം നൽകിയ സ്ഥാനം എന്തായിരുന്നുവെന്നത് തന്നെയാണ് കേരളം ഇവിടുത്തെ ദളിത് സ്ത്രീകളോട് എന്തുചെയ്തുവെന്ന് മനസിലാകാൻ. ദാക്ഷായണി വേലായുധനെ പോലൊരു ശക്തയായ സ്ത്രീയുടെ ബുദ്ധിയോ, പ്രവർത്തി പരിചയമോ ഉപയോഗപ്പെടുത്താൻ പോലും കേരളം തയാറായിരുന്നില്ല. ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കിയാലും അനുഭവ സമ്പത്ത് നേടിയാലും ഇത് പോലുള്ള ഒഴിവാക്കലുകൾ ദളിത് സ്ത്രീകൾക്ക് നേരിടേണ്ടി വരുമെന്നതിന്റെ ഉത്തമ ഉദാഹരണമാണിത്. അതായത് ദളിത് സ്ത്രീകൾ അവരുടെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്ക അവസ്ഥകളെ അതിജീവിച്ച് വിജയം കൈവരിച്ചാലും ബ്രാഹ്മണിക്കൽ പാട്രിയാർക്കൽ സിസ്റ്റത്തിലെ പുരുഷന്മാരും അതിലേക്ക് കണ്ടീഷൻഡ് ആയ സ്ത്രീകളും ദളിത് സ്ത്രീയുടെ കഴിവുകളെ അംഗീകരിക്കാൻ മടി കാണിക്കുന്നവരാണ്. കേരളം രൂപികൃതമായതിന് ശേഷമുള്ള രാഷ്ട്രീയ അധികാര വിഭവത്തിന്റെ ഗുണഭോക്താക്കളാകാൻ എത്ര ദളിത് ആദിവാസി മുക്കുവ സ്ത്രീകൾക്ക് കഴിഞ്ഞുവെന്ന് പരിശോധിച്ചാൽ മാത്രം മതിയാകും കേരള രാഷ്ട്രീയത്തിൽ നിന്നും പുറന്തള്ളപ്പെട്ട സ്ത്രീ വിഭാഗങ്ങളേതെന്ന് മനസിലാക്കാൻ.

നിലവിലെ സ്ത്രീ പ്രാതിനിധ്യത്തിന്റെ കണക്കുകൾ എടുത്താൽ, രാജ്യസഭയിൽ ഉള്ള ഒമ്പത് സ്ത്രീകളിൽ രണ്ട് പേർ മാത്രമാണ് പട്ടിക ജാതി/പട്ടിക വകുപ്പിൽ നിന്നുള്ളവർ ( സികെ. ആശ, ഗീത ഗോപി). എസ്.സി എസ്ടി റിസർവേഷൻ സീറ്റിൽ നിന്നാണ്






ഇവർ രാജ്യസഭയിലേക്ക് എത്തിയത്. 1971ൽ ഭാർഗവി തങ്കപ്പന് ശേഷം പാർലമെന്റ് അംഗമാകുന്ന രണ്ടാമത്തെ ദളിത് സ്ത്രീയാണ് രമ്യ ഹരിദാസ്. കേരളത്തിൽ പട്ടിക വർഗ വിഭാഗത്തിൽ നിന്നുള്ള ഏക മന്ത്രി പി.കെ ജയലക്ഷ്മി ആയിരുന്നു. 2021 ൽ നടക്കാനിരിക്കുന്ന അസംബ്ലി ഇലക്ഷനിലെ സ്ഥാനാർത്ഥി പട്ടിക നമുക്ക് പരിശോധിക്കാം. എസ്.സി എസ്ടി സംവരണ സീറ്റുകളിൽ മൂന്ന് പ്രധാന രാഷ്ട്രീയമുന്നണികളിൽ നിന്നുമായി ആകെ പതിമൂന്ന് സ്ത്രീ സ്ഥാനാർത്ഥികളാണ് ഉള്ളത്. രാഷ്ട്രീയവത്കരിക്കപ്പെട്ട ദളിത് സ്ത്രീകൾക്ക് സംവരണ സീറ്റുകളിൽ പോലും അർഹമായ സ്ഥാനം ലഭ്യമാക്കാൻ ഇവിടുത്തെ പ്രബല രാഷ്ട്രീയ പാർട്ടികൾക്ക് കഴിയുന്നില്ല. അതുകൊണ്ട് തന്നെ രാഷ്ട്രീയ വ്യവഹാരങ്ങളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ദളിത് സ്ത്രീകൾ ജനറൽ സീറ്റിൽ നിന്ന് മൽസരിക്കുന്ന കാലം സമീപകാലത്തൊന്നും സ്വപ്നങ്ങളിൽ പോലും നടക്കുന്ന ഒന്നല്ല. ഒരുപക്ഷേ നിലവിൽ ജനറൽ സീറ്റിൽ നിന്ന് മത്സരിക്കുന്ന ഒരേയൊരു ദളിത്സ്ത്രീ ഭാഗ്യവതി മാത്രമായിരിക്കും. കേരളത്തിലെ ഒരു ദളിത് അമ്മക്ക് നീതി കിട്ടാനായി എന്തൊക്കെ ചെയ്യേണ്ടി വരുമെന്നതിന്റെ നേർക്കാഴ്ചയായി വേണം ഭാഗ്യവതിയുടെ സമരങ്ങൾ നോക്കിക്കാണാൻ. ഒരുപക്ഷേ ഈ അടുത്ത കാലത്ത് കണ്ട ഏറ്റവും ധീരമായ രാഷ്ട്രീയമാണ് ഭാഗ്യവതിയുടെ സ്ഥാനാർത്ഥിത്വം.


കേരളത്തിൽ ആദിവാസി ഭൂമി അവകാശങ്ങൾക്ക് വേണ്ടി നിരവധി സമരങ്ങൾക്ക് നേതൃത്വം കൊടുത്തുകൊണ്ട് സജീവരാഷ്ട്രീയത്തിലേക്ക് നടന്നു കയറിയ സികെ ജാനു ഇത്തവണ എൻഡിഎ സ്ഥാനാർത്ഥിയായി മൽസരിക്കുന്നുണ്ട്. ഇത് ചെറുതല്ലാത്ത വിമർശനങ്ങൾക്കും വഴിവെച്ചിട്ടുണ്ട്. പക്ഷേ ഇവിടുത്തെ ഇടത് വലതുപക്ഷ രാഷ്ട്രീയ കക്ഷികൾ ഇന്നുവരെ സി കെ ജാനു എന്ന ആദിവാസി സ്ത്രീയോടും അവരുൾപ്പെടുന്ന ആദിവാസി സമൂഹത്തോടും കാണിച്ച അനീതികൾക്ക് ഉത്തരമുണ്ടായോ എന്ന ചോദ്യം നിലനിർത്തികൊണ്ട് വിമർശനം ഉയർത്തുന്നതിൽ ശരികേടുണ്ട്. സി.കെ ജാനു മാത്രമല്ല, നീതിക്കും അവകാശങ്ങൾക്കും പരിസ്ഥിതി സംരക്ഷണത്തിനുമൊക്കെയായി കേരളത്തിൽ നിരന്തരം സമരത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ഗോമതിയക്ക, ഗീത, ബിന്ദു തങ്കം കല്യാണി, വിജയരാജ മല്ലിക തുടങ്ങി ഒരു വലിയ നിര സ്ത്രീകളുടെ സമരങ്ങൾ, അവർ ഇടപെടുന്ന വിഷയങ്ങളുടെ രാഷ്ട്രീയം ഉൾക്കൊള്ളാൻ ഇവിടുത്തെ രാഷ്ട്രീയതലതൊട്ടപ്പന്മാർ വളരേണ്ടിയിരിക്കുന്നു. അത്തരത്തിലുള്ള രാഷ്ട്രീയപരമായ വളർച്ചയോടൊപ്പം നിയമനിർമാണം, സംവരണം പോലുള്ള ബോധപൂർവവും നിർബന്ധിതവുമായ ശ്രമങ്ങളിലൂടെ വേണം പുരുഷാധിപത്യത്തിന്റെ നേരിട്ടുള്ള ഇരകളായ ദളിത്-ആദിവാസി-മുക്കുവ സ്ത്രീകളുടെയും ലിംഗത്വ ലൈംഗിക ന്യൂനപക്ഷങ്ങളുടെയും മാന്യമായ പ്രാതിനിധ്യവും പങ്കാളിത്തവും നടപ്പിലാക്കാൻ.



ആയിഷ ഭായി



നഫീസത്ത് ബീവി



**ഷഹർബാനു സി. പി.**
സ്വതന്ത്ര ഗവേഷക, കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഇംഗ്ലീഷിൽ എം. ഫിൽ ബിരുദം

# നിയമസഭയിലെ മുസ്‌ലിംസ്ത്രീകൾ

ജനാധിപത്യ രാഷ്ട്രീയത്തിലെ സ്ത്രീ പ്രാതിനിധ്യം  വലിയൊരു ചോദ്യചിഹ്നമാണ്. പുരുഷനേക്കാൾ കൂടുതൽ സ്ത്രീകൾ വോട്ടുകൾ രേഖപ്പെടുത്തുന്ന കേരളത്തിൽ, വരാനിരിക്കുന്ന നിയമസഭ തിരഞ്ഞെടുപ്പിനെ മുൻനിർത്തി, കേരളീയ രാഷ്ട്രീയത്തിലെ സ്ത്രീ സാന്നിദ്ധ്യത്തെകുറിച്ചുള്ള പഠനങ്ങൾ വിലയിരുത്തേണ്ടത് ഒരു അനിവാര്യതയാണ്. ഇന്ത്യയിൽ, നിയമസഭയിൽ ഏറ്റവും കുറഞ്ഞ സ്ത്രീ പ്രാതിനിത്യമുള്ള സംസ്ഥാനങ്ങളിൽ ഒന്ന് കേരളമാണ്. വിദ്യാഭ്യാസ മേഖലകളിൽ, ആരോഗ്യ രംഗങ്ങളിൽ, കലാസാംസ്കാരിക മേഖലകളിലെല്ലാം മലയാളി വനിതകൾ മുന്നേറുമ്പോൾ കേരള രാഷ്ട്രീയത്തിൽ മുഖ്യധാരയിൽ സ്ത്രീകൾക്ക് തുല്യമായ പങ്കാളിത്തമില്ല എന്നത് വ്യക്തമാണ്. വളരെ ചെറിയൊരു ശതമാനം മാത്രം വരുന്ന  സ്ത്രീ നിയമസഭ അംഗങ്ങളിൽ  മുസ്ലിം സ്ത്രീ പ്രാതിനിത്യത്തെ പരിശോധിക്കുകയാണ് ഈ ലേഖനം.

ന്യൂനപക്ഷ സമുദായത്തിൽ നിന്നും വരുന്ന സ്ത്രീകൾക്ക് പുരുഷകേന്ദ്രീകൃത ഇടങ്ങളിലെല്ലാം 'ഇരട്ട പാർഷവത്കരണം' നേരിടേണ്ടി വരുന്നുവെന്ന് ഫെമിനിസ്റ്റ് പഠനങ്ങളിൽ അടയാളപ്പെടുത്തുന്നുണ്ട്. കേരള സംസ്ഥാനത്തിന്റെ രൂപീകരണ ശേഷം ആറ് പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ,  നിയമനിർമാണ സഭയിൽ സ്ത്രീസാന്നിദ്ധ്യം ഏറ്റവും കുറഞ്ഞ അക്കങ്ങളായി തന്നെ തുടരുമ്പോൾ , വിരലിലെണ്ണാവുന്ന മുസ്ലിംസ്ത്രീകളാണ് നിയമസഭ അംഗങ്ങളായിട്ടുള്ളത്. പുരുഷാധിപത്യവും മേൽകോയ്മകളും രൂക്ഷമായിരുന്ന കാലഘട്ടത്തെ അതിജീവിച്ച് ആധുനിക കേരളീയ രാഷ്ട്രീയത്തിൽ നിറഞ്ഞിരുന്ന ആയിഷ ഭായിയേയും നഫീസത്ത് ബീവിയേയും മുഖ്യധാര ചരിത്രം അടയാളപ്പെടുത്തിയതായി കാണുന്നില്ല. ആധുനിക കേരളത്തിന്റെ പല സാംസ്കാരിക മേഖലകളിലും നിറഞ്ഞു നിന്ന മുസ്‌ലിംസ്ത്രീകളെ ചരിത്രം വിസ്മരിച്ചത് പോലെ അവരേയും ചരിത്രത്തിന്റെ രേഖകളിൽ അടയാളപ്പെടുത്താൻ മറന്നു പോയിരിക്കുന്നു.

ആധുനിക കേരളത്തിലെ ആദ്യത്തെ ഡെപ്യൂട്ടി സ്പീക്കർമാറായിരുന്നിട്ടും ചരിത്രം അർഹിക്കുന്ന പരിഗണന നൽകാതെപോയ രണ്ടുപേരാണ് കെ.ഒ. ആയിഷ ഭായിയും നഫീസത്ത് ബീവിയും. രണ്ട് പേരും നിയമ ബിരുദധാരികൾ, അഭിഭാഷകർ, മുഖ്യധാര രാഷ്ട്രീയമേഖലയിൽ ജനസമ്മതി നേടിയ ആദ്യത്തെ മാപ്പിള സ്ത്രീകൾ. പഠനകാലം തൊട്ടേ രാഷ്ട്രീയ ജീവിതത്തിൽ അവർ നിറഞ്ഞുനിന്നു. 1957 ൽ, ആധുനിക കേരളത്തിലെ ആദ്യത്തെ നിയമസഭയിലെ ഡെപ്യൂട്ടി സ്പീക്കറായിരുന്നു ആയിഷ ഭായി. അതോടൊപ്പം ഭായി കേരളനിയമസഭ ചരിത്രത്തിലെ ആദ്യത്തെ സ്ത്രീ പ്രതിനിധികളിൽ ഒരാൾക്കൂടെയായിരുന്നത് ഓർമിക്കേണ്ടതുണ്ട്. 1953ലാണ് ഭായി കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയിൽ അംഗത്വമെടുക്കുന്നത്. 1957 ൽ കായംകുളം മണ്ഡലത്തിൽ നിന്ന് നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അവർ അക്കാലം മുതൽ 1959 വരെ നീണ്ടുനിന്ന ഒന്നാം ഇ.എം.എസ് മന്ത്രിസഭയിൽ ഡെപ്യൂട്ടി സ്പീക്കറായി തുടർന്നു. അതിന് ശേഷം 1960ൽ രണ്ടാം നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഭായി മൂന്ന് വർഷം ഗവൺമെന്റ് അഷ്വറൻസ് കമ്മിറ്റിയുടെ ചെയ്യർപേഴ്സണായി സേവനമനുഷ്ടിച്ചു. മഹിള സമാജങ്ങളുടെ രൂപീകരണത്തിന്റെ അഗ്രഗാമിയായിരുന്നു ഭായി. പിന്നീടവർ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരള മഹിള സംഘത്തിന്റെ സംസ്ഥാന വൈസ് പ്രസിഡന്റായി. ദേശീയതലത്തിലും സസ്ഥാനത്തലത്തിലും സാമൂഹ്യ ക്ഷേമ ഭരണാസമിതിയിലെ അംഗമായി അവർ രാഷ്ട്രീയ സേവനം തുടർന്നു.

ആയിഷ ഭായിക്ക് ശേഷം, രണ്ടാം നിയമസഭയിലെ ഡെപ്യൂട്ടി സ്പീക്കറായി 1960 ൽ ചുമതലയേറ്റത് നഫീസത്ത് ബീവിയാണ്. 1954 മുതൽക്കേ ഇന്ത്യൻ നാഷണൽ കോൺഗ്രസിലൂടെ മുന്നോട്ട് വന്ന ബീവിയുടെ രാഷ്ട്രീയ ജീവിതം വളരെ പ്രകടമാണ്. ആറ് പതിറ്റാണ്ടുകളോളം നഫീസത്ത് ബീവി എന്ന അഭിഭാഷക കോൺഗ്രസ്സിന്റെ രാഷ്ട്രീയത്തിൽ സജീവമായി.ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭക്കെതിരെ നയിച്ച വിമോചന സമരത്തിൽ നഫീസത്ത് ബീവി കർമ്മോദ്യുക്തയായിരുന്നു. സമരത്തിലൂടെ പ്രക്ഷോഭമുണ്ടാക്കാൻ ശ്രമിച്ചു എന്നപേരിൽ ജയിൽവാസം അനുഭവിക്കേണ്ടി വന്നവരിൽ ബീവിയുമുണ്ടായിരുന്നു. കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയിലും, കോൺഗ്രസിന്റെ ദേശീയ കമ്മിറ്റിയിലും നഫീസത്ത് ബീവി പ്രബലയായ ഒരു രാഷ്ട്രീയ നേതാവായിരുന്നു. 1960 ൽ ആലപ്പുഴ നിയോജക മണ്ഡലത്തിൽ നിന്നാണ് ബീവി കേരളത്തിന്റെ രണ്ടാം നിയമസഭയിലെത്തുന്നത്. കേരള സംസ്ഥാന വനിത കമ്മീഷനിലും ബീവി ഒരു അംഗമായിരുന്നു. ലോകസഭയിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ അനേകം തവണ മത്സരിച്ചിട്ടുണ്ടെങ്കിലും, ബീവി പരാജയപ്പെട്ടു എന്നത് അവരുടെ സ്ത്രീ സ്വത്വത്തേയും മുസ്‌ലിം എന്ന സ്വത്വത്തേയും കൂടി ചേർത്ത് വേണം വിശകലനം ചെയ്യാൻ. ആയിഷ ഭായിയുടെയും നഫീസത്ത് ബീവിയുടേയും രാഷ്ട്രീയവും സാംസ്കാരികവുമായ ജീവിതത്തിൽ ശ്രദ്ധേയമായ ഒരു കാര്യം എന്തെന്നാൽ, അവർ രണ്ട് പേരും തിരുവിതാംകൂർ രാജഭരണത്തിന്റെ ഭാഗമായിരുന്ന സ്ഥലങ്ങളിലാണ് ജീവിച്ചതെന്നും, കൊളോണിയൽ ഭരണത്തോട് രാജാഭരണത്തിലൂടെ മാത്രം പൊരുതേണ്ടി വന്ന കേരളത്തിലെ ആധുനികതയുടെ കാതലുള്ള ഇടങ്ങളിൽ നിന്നാണ് അവർ വന്നത് എന്നുമുള്ളതാണ്.

നിയമസഭ തിരഞ്ഞെടുപ്പിൽ കേരളത്തിലെ സ്ത്രീകൾക്ക് പൊതുവേ ഒരു രാഷ്ട്രീയ പാർട്ടിയിലും തുല്യമായതോ അർഹിക്കുന്നതോ ആയ പാർട്ടി സീറ്റുകളിൽ മത്സരിക്കാനുള്ള അവസരങ്ങൾ ലഭിക്കാതിരിക്കുമ്പോൾ, തദ്ദേശ തിരഞ്ഞെടുപ്പുകളിൽ സ്ത്രീകൾക്ക് ലഭിക്കുന്ന പാർട്ടി സീറ്റുകൾ സംവരണ ഭേദഗതിയുമായി ബന്ധപ്പെട്ട് മാത്രമാണോ എന്ന് കൂടെ വിശകലനം ചെയ്യേണ്ടതുണ്ട്. നിയമസഭയിലും മന്ത്രിസഭയിലുമുള്ള സ്ത്രീകളുടെ, മുസ്‌ലിം സ്ത്രീകളുടെ അഭാവമെന്നാൽ, സംസ്ഥാനത്തിന്റെ നയരൂപീകരണത്തിൽ അവർക്ക് യാതൊരു ഇടപെടലുകളും സാധ്യമല്ല എന്ന് തന്നെയാണ്.മൂന്നാം നിയമസഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുമ്പോൾ മൊത്തം സ്ത്രീകളുടെ പ്രതിനിധ്യം തന്നെ കുറഞ്ഞതായി കാണാം. തുടർന്നുള്ള തിരഞ്ഞെടുപ്പുകളിൽ കുറേ കാലം മുസ്ലിം സ്ത്രീയുടെ അഭാവം വ്യക്തമാണ്. 1982 ൽ ഏഴാം നിയമസഭയിലേക്ക് മത്സരിച്ച മുസ്ലിം സ്ത്രീ നഫീസത്ത് ബീവി തന്നെയായിരുന്നു. പക്ഷേ തിരഞ്ഞെടുപ്പിൽ അവർ പരാജയപ്പെട്ടു. 1987 ലാണ് സി.പി.ഐ.എം സ്വതന്ത്ര സ്ഥാനാർഥിയായി കഴക്കൂട്ടത്ത് നിന്ന് മത്സരിച്ച് പ്രൊഫ. എ.നബീസ ഉമ്മാൾ നിയമസഭയിലെത്തുന്നത് . കോളേജ് അധ്യാപികയായിരുന്ന ഉമ്മാൾ തന്റെ അധ്യാപന ജീവിതത്തോടൊപ്പം രാഷ്ട്രീയ ജീവിതവും നയിച്ചു. പന്ത്രണ്ട് വർഷക്കാലം അവർ തിരുവനന്തപുരം വനിത കോളേജിൽ ലെക്ച്ചറായിരുന്നു. പിന്നീട് യൂണിവേഴ്സിറ്റി കോളേജിൽ പ്രൊഫസറായി സേവനമനുഷ്ഠിച്ചു. ഇ. എം.എസ്സാണ് അവരെ രാഷ്ട്രീയ തിരഞ്ഞെടുപ്പിലേക്ക് ക്ഷണിച്ചതെന്ന് അവർ ചില അഭിമുഖങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. തന്റെ രാഷ്ട്രീയ ജീവിതത്തിന്റെ അരങ്ങേറ്റത്തിൽ നല്ലൊരു ഭൂരിപക്ഷത്തോടെ ജയിച്ച ഉമ്മാൾ 1991 ലെ തിരഞ്ഞെടുപ്പിൽ പരാജയപ്പെടുന്നത് കേവലം അറുന്നൂറിൽപരം വോട്ടുകൾക്കാണ്. എങ്കിലും 1995ൽ പഞ്ചായത്തീ രാജ് നിയമപ്രകാരം നടന്ന തദ്ദേശ തെരഞ്ഞെടുപ്പിൽ നബീസ ഉമ്മാൾ നെടുമങ്ങാട് നഗരസഭ ചെയ്യർപേഴ്സണായി തിരഞ്ഞെടുക്കപ്പെട്ടു. സാമൂഹിക ജീവിതത്തിലെ ഉമ്മാളിന്റെ ഇടപെടലുകൾ അടയാളപ്പെടുത്തുന്നത് കൂടെയാണ് 2000ത്തിൽ സ്ത്രീ ശാക്തീകരണത്തിന് അവർക്കു ലഭിച്ച കേന്ദ്ര സർക്കാർ പുരസ്കാരം. 1991 ലെ നിയമസഭയിലേക്ക് മത്സരിച്ചവരിൽ, കരുനാഗപ്പ

ള്ളിയിൽ നിന്നും അഭിഭാഷകയായ ജമീല ഇബ്രാഹീം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥിയായി മത്സരിച്ചിരുന്നുവെങ്കിലും അവർ ജയം കണ്ടില്ല.

കേരള നിയമ സഭയിലെ മുസ്ലിം സ്ത്രീകളെ വായിച്ചെടുക്കാൻ ശ്രമിക്കുമ്പോൾ സുപ്രധാനമായും കണക്കിലെടുക്കേണ്ട ചില ഘടകങ്ങളുണ്ട്. അതിലൊന്ന്, മുസ്ലിം സ്ത്രീ പ്രാതിനിധ്യത്തോടൊപ്പം നിയമസഭയിലും ലോകസഭയിലുമുള്ള കേരളത്തിലെ മുസ്ലിം സമുദായത്തിന്റെ മൊത്തം പ്രാതിനിധ്യം എത്ര എന്ന് പരിശോധിക്കുക്കേണ്ടതുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് പൊതുതിരഞ്ഞെടുപ്പിൽ മത്സരിക്കാൻ എത്ര സീറ്റുകൾ ലഭിക്കുന്നു. മറ്റൊന്ന്, പതിനഞ്ചാമത്തെ നിയമസഭ തിരഞ്ഞെടുപ്പിന് വേണ്ടി കേരളം സന്നദ്ധമാവുമ്പോഴും, ഇന്നേവരെ കേരളത്തിൽ നിന്ന് എന്ത് കൊണ്ടാണ് ഒരു മുസ്ലിം സ്ത്രീയും മന്ത്രിയാവാത്തത്. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നോളം എട്ട് സ്ത്രീകൾക്ക് മാത്രമാണ് മന്ത്രിപദവികൾ കൈകാര്യം ചെയ്യാനുള്ള അവസരം ലഭിച്ചത്. നിയമസഭ തിരഞ്ഞെടുപ്പിൽ സ്ത്രീ സാന്നിദ്ധ്യം കുറവാണ് എന്നതിനോടൊപ്പം തന്നെ ചേർത്തു വായിക്കേണ്ട ഒന്നാണ്, പലയിടങ്ങളിലായി മത്സരിക്കുന്ന സ്ത്രീകൾക്ക് മിക്കപ്പോഴും പല രാഷ്ട്രീയ പാർട്ടികളും നൽകുന്ന സീറ്റുകൾ വിജയസാധ്യത കുറഞ്ഞ പ്രദേശങ്ങളിലെ സീറ്റുകളാണ് എന്നുള്ളത്.


നൂർബീന റഷീദ്

1996ൽ നടന്ന പത്താം നിയമസഭ തിരഞ്ഞെടുപ്പിൽ ഏറ്റവും ശ്രദ്ധേയമായതായിരുന്നു മുസ്ലിം ചരിത്രത്തിലാദ്യമായി ഒരു മുസ്ലിം വനിതയെ നിയമസഭയിലേക്ക് മത്സരിപ്പിച്ചു എന്നുള്ളത്. പാർട്ടിയുടെ തുടക്കം മുതലേ കേരള രാഷ്ട്രീയത്തിൽ ശക്തമായ സ്വാധീനവും ഇടപെടലും വളർച്ചയുമുണ്ടായിരുന്നിട്ടും പാർട്ടിയിൽ നിന്ന് ഒരു സ്ത്രീ പോലും, തദ്ദേശ തെരഞ്ഞെടുപ്പുകളൊഴിച്ച്, നിയമസഭ തിരഞ്ഞെടുപ്പിൽ പ്രത്യക്ഷപെട്ടില്ല. 1993ൽ എഴുപത്തി മൂന്നാം ഭാരണഘടന ഭേദഗതി നിലവിൽ വന്നത്തോടെ തദ്ദേശതെരഞ്ഞെടുപ്പിലെ മൂന്നിൽ ഒരുഭാഗം സീറ്റുകൾ സ്ത്രീ സംവരണമായിരിക്കണം എന്ന നിയമത്തെ കണക്കിലെടുത്ത്, മുസ്ലിം ലീഗ് എടുത്ത പുരോഗമനപരമായ ഒരു മാറ്റമാണ് 1996ൽ കോഴിക്കോട് II ൽ (ഇപ്പോൾ കോഴിക്കോട് സൗത്ത് ) ഖമറുന്നീസ അൻവറിനെ മത്സരിപ്പിച്ചതെന്ന് ചില രാഷ്ട്രീയ നിരൂപകർ അഭിപ്രായപ്പെടുന്നു. ഇന്ത്യൻ യൂണിയൻ മുസ്ലിം വനിത ലീഗിന്റെ സംസ്ഥാനതലത്തിലെ സർവ്വപ്രധാനിയായിരുന്നു ഖമറുന്നീസ അൻവർ. 1996 ൽ എളമരം കരീമിനോട് പരാജയപ്പെട്ട ഖമറുന്നീസ അൻവറിനേയോ മറ്റു സ്ത്രീകളെയോ പിന്നീട്ട് പാർട്ടി മത്സരിപ്പിച്ചില്ല എന്നത് പാർട്ടിക്ക് മുൻപിൽ ഇക്കാലമത്രയും വലിയ ചോദ്യമായി നിലനിന്നു. ഈ അടുത്ത കാലത്ത് പാർട്ടി ഖമറുന്നീസക്ക് സംസ്ഥാന സാമൂഹിക ജനക്ഷേമ സമിതിയുടെ ചുമതല നൽകി. മുസ്ലിം സമുദായത്തെ പ്രതിനിധീകരിച്ചു അനേകം മുസ്ലിം പ്രതിനിധികൾ ഇന്ത്യൻ നാഷണൽ മുസ്ലിം ലീഗിലൂടെ നിയമസഭയിലും രാജ്യസഭയിലുമെത്തി എന്ന വാസ്തവം നിലനിൽക്കെ തന്നെ, വിജയസാധ്യത ഉള്ള സ്ഥലങ്ങളിൽ പോലും പാർട്ടി പിന്നീട് ഒരു തിരഞ്ഞെടുപ്പിലും പാർട്ടിയിലെ സ്ത്രീകളെ മത്സരിപ്പിച്ചില്ല എന്നു കൂടെ വിലയിരുത്തപ്പെടുന്നുണ്ട് . 1996 ലെ ഇലക്ഷനിലെ മുസ്ലിം ലീഗിന്റെ ആദ്യ വനിത സാരഥിക്ക് ശേഷം ഇരുപത്തിയഞ്ച് വർഷങ്ങൾക്ക് ശേഷമാണ് പാർട്ടി ഈ വരുന്ന തിരഞ്ഞെടുപ്പിൽ, കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ നിന്ന് അഭിഭാഷകയായ നൂർബീന റഷീദിനെ മത്സരിപ്പിക്കുന്നത്. 1996 ൽ നഗരസഭ കൗൺസിലറായി തിരഞ്ഞെടുക്കപ്പെട്ട കാലം തൊട്ടേ നൂർബീനയുടെ രാഷ്ട്രീയ ജീവിതം സജീവമാണ്. ആ കാലഘട്ടത്തിലാണ് അവർ IUML ന്റെ വനിത വിഭാഗത്തെ രൂപപ്പെടുത്തുന്നത് , അങ്ങനെയവർ പാർട്ടിയുടെ വനിത വിഭാഗത്തിന്റെ സ്ഥാപക സെക്രട്ടറിയായി. ഇന്നവർ, വനിതാലീഗിന്റെ ദേശീയ ജനറൽ സെക്രട്ടറി പദവികൂടെ വഹിക്കുന്നുണ്ട്.

വനിത വികസന കോർപറേഷൻ അധ്യക്ഷയായ കെ. എസ് സലീഖ, 2006 ലും 2011 ലും ശ്രീകൃഷ്ണപുരം അസംബ്ളി നിയോജക മണ്ഡലത്തിൽ നി


കെ. എസ് സലീഖ

ന്നും ഷൊർണ്ണൂർ അസംബ്ളി നിയോജക മണ്ഡലത്തിൽ നിന്നും കേരള നിയമസഭയിലേക്ക് മത്സരിച്ച് വിജയിച്ചു.1991 -ൽ സി.പി.ഐ(എം) അംഗമായിട്ടാണ് അവർ രാഷ്ട്രീയത്തിൽ അരങ്ങേറുന്നത്. സ്ത്രീ ശാക്തീകരണ മേഖലയിൽ അവരുടെ രാഷ്ട്രീയ ജീ

**നിയസഭ മുതലുള്ള തിരഞ്ഞെടുപ്പിലേക്ക് വിജയ സാധ്യതയെ മുൻനിർത്തി പാർട്ടികൾ പലയിടത്തും പുരുഷ നേതാക്കന്മാരെ തിരഞ്ഞെടുക്കുന്നുവെന്നുള്ളതാണ്.. വിദ്യാർത്ഥി രാഷ്ട്രീയ പാർട്ടികളുടെ ഭാരവാഹിത്വത്തിൽ പോലും ഇത്തരം പുരുഷ മേൽക്കോയ്മ പ്രകടമാണ്. അത്തരം ചരിത്രങ്ങളിൽ മാറ്റമായിട്ടാണ് വെൽഫെയർ പാർട്ടിയുടെ വിദ്യാർത്ഥി ഘടകമായ ഫ്രട്ടേണിറ്റിയുടെ സംസ്ഥാന പ്രസിഡന്റായി ആദ്യമായി ഒരു മുസ്‌ലിം പെൺകുട്ടി, നജ്ദ റൈഹാൻ ചുമതല ഏൽക്കുന്നത്. കേരളത്തിൽ അനേകം മുസ്‌ലിം സംഘടനകൾ ഉണ്ടെങ്കിലും, ഒരുപക്ഷേ ആദ്യമായിട്ടാവും ഒരു രാഷ്ട്രീയ സംഘടനയുടെ പരമോന്നത സ്ഥാനം ഒരു മുസല്ിം സ്ത്രീ നയിക്കാൻ പോവുന്നത്.**

വിതം കൊണ്ടവർ ഇടപ്പെട്ടുകൊണ്ടിരുന്നു. ഇപ്പോൾ സി. പി. ഐ(എം) പാലക്കാട് ജില്ലാ കമ്മറ്റി അംഗവും അഖിലേന്ത്യ ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന ജോയിന്റ് സെക്രട്ടറിയുമാണ് സലീഖ. 2006 ലെ നിയമസഭ തിരഞ്ഞെടുപ്പിൽ പെരുമ്പാവൂരിൽ നിന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സ്ഥാനാർഥിയായി മത്സരിച്ചത് ഷാനിമോൾ ഉസ്മാനാണ്. AICC യുടെ (ആൾ ഇന്ത്യ കോൺഗ്രസ് കമ്മിറ്റി ) കേരളത്തിലെ ആദ്യത്തെ വനിത നേതാവാണ് ഷാനിമോൾ. തുടർന്ന് 2016 ലെ തിരഞ്ഞെടുപ്പിലും ഷാനിമോൾ ഉസ്മാൻ ഒറ്റപ്പാലം മണ്ഡലത്തിൽ നിന്ന് മത്സരിച്ചു പരാജയപ്പെട്ടു. 2019ലെ അരൂരിലെ നിയമസഭ ഉപതിരഞ്ഞെടുപ്പിലാണ് ഷാനിമോൾ വിജയിക്കുന്നത്.

സംസ്ഥാന വനിത കമ്മീഷൻ അംഗം ഷാഹിദ കമാൽ 2011 ൽ കോൺഗ്രസ്സിന്റെ സ്ഥാനാർഥിയായി ചടയമംഗലം നിയോജക മണ്ഡലത്തിൽ നിന്നും വിജയിച്ചാണ് നിയമസഭയിലെത്തുന്നത്. 2009 ലെ തിരഞ്ഞെടുപ്പിൽ കാസർക്കോട് ലോകസഭ മണ്ഡലത്തിലേക്ക് മത്സരിച്ചെങ്കിലും അത് വിജയംകണ്ടില്ല.മഹിളാ കോൺഗ്രസ് ദേശീയ ജനറൽ സെക്രട്ടറിയും, സംസ്ഥാന ക്ഷേമ സമിതി അംഗവും, യൂത്ത് കോൺഗ്രസ്സ് സംസ്ഥാന ജനറൽ സെക്രട്ടറി സ്ഥാനവുമൊക്കെ അലങ്കരിച്ചിരുന്ന ഷാഹിദ കമാൽ 2016 ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നു.

2021 ലെ നിയമസഭ തെരഞ്ഞെടുപ്പിൽ മുൻപൊരിക്കലും ഉണ്ടായിട്ടില്ലാത്ത തരത്തിൽ തന്നെ സ്ത്രീ പ്രാതിനിധ്യത്തെക്കുറിച്ച് ചോദ്യങ്ങളുയരുന്നുണ്ട്. ലിംഗസമത്വം എന്നത് തിരഞ്ഞെടുപ്പ് വിഷയങ്ങളിൽ നയം മാത്രമായി മാറുന്നുണ്ടോ എന്ന പഠനങ്ങൾ ഉയർന്നു വരുന്നുണ്ട്. ഇത്തവണ മുൻപുണ്ടായിരുന്നതിനേക്കാൾ, എന്നാൽ നേരിയ തോതിൽ, മുസ്‌ലിം സ്ത്രീ മത്സരാർത്ഥികളുടെ എണ്ണം കൂടിയതായി കാണാം. കരുത്തുറ്റ, ആർജ്ജവമുള്ള മുസ്‌ലിം സ്ത്രീകളുടെ അഭാവമല്ല തിരഞ്ഞെടുപ്പിൽ മുസ്‌ലിം സ്ത്രീയുടെ വിടവ് വെളിപ്പെടുത്തുന്നത് എന്ന കാര്യം വ്യക്തമാണ്. രാഷ്ട്രീയ ജീവിതം തിരഞ്ഞെടുക്കുന്ന സ്ത്രീകൾക്ക് പലർക്കും നഗരസഭ, ജില്ലാപഞ്ചായത്ത് വരെയുള്ള രാഷ്ട്രീയ ജീവിതത്തിനുള്ള അവസരം മാത്രം ലഭിക്കുന്നു. നിയസഭ മുതലുള്ള തിരഞ്ഞെടുപ്പിലേക്ക് വിജയ സാധ്യതയെ മുൻനിർത്തി പാർട്ടികൾ പലയിടത്തും പുരുഷ നേതാക്കന്മാരെ തിരഞ്ഞെടുക്കുന്നു. വിദ്യാർത്ഥി രാഷ്ട്രീയ പാർട്ടികളുടെ ഭാരവാഹിത്വത്തിൽ പോലും ഇത്തരം പുരുഷ മേൽക്കോയ്മ പ്രകടമാണ്. മാറ്റമായിട്ടാണ് വെൽഫെയർ പാർട്ടിയുടെ വിദ്യാർത്ഥി ഘടകമായ ഫ്രട്ടേണിറ്റിയുടെ സംസ്ഥാന പ്രസിഡന്റായി ആദ്യമായി ഒരു മുസ്‌ലിം പെൺകുട്ടി, നജ്ദ റൈഹാൻ ചുമതല ഏൽക്കുന്നത്. കേരളത്തിൽ അനേകം മുസ്‌ലിം സംഘടനകൾ ഉണ്ടെങ്കിലും, ഒരുപക്ഷേ ആദ്യമായിട്ടാവും ഒരു രാഷ്ട്രീയ സംഘടനയുടെ പരമോന്നത സ്ഥാനം ഒരു മുസ്‌ലിം സ്ത്രീ നയിക്കാൻ പോവുന്നത്. IUML ന്റെ വിദ്യാർത്ഥി ഘടകത്തിന്റെ ദേശീയ തലത്തിൽ ആദ്യമായി ഒരു മുസ്‌ലിം പെൺകുട്ടി, അഡ്വ. ഫാത്തിമ തഹലിയ, വൈസ് പ്രസിഡന്റാവുന്നതും ചരിത്രത്തിലെ ഒരു തിരുത്തി എഴുത്താണ്.

കൃത്യമായ ഇടപെടലുകളോടെ രാഷ്ട്രീയ ജീവിതം നയിക്കുന്ന പല മുസ്‌ലിം സ്ത്രീകളുടെ പേര് പോലും നിയമസഭ തെരഞ്ഞെടുപ്പ് കാലത്ത് മുഖ്യധാരയിൽ നാമനിർദ്ദേശം ചെയ്യപ്പെട്ടു കാണാറില്ല. രാഷ്ട്രീയത്തിൽ പാലിക്കാനാവാത്ത ലിംഗ സമത്വം ജനാധിപത്യത്തെ പോലും ചോദ്യം ചെയ്യുന്നുണ്ട്. വിജയ സാധ്യതയുടെ കണക്ക് കൂട്ടലുകൾ, പുരുഷാധിപത്യം എന്നിവ ഇതിന്റെ പ്രധാന ഹേതുവായി കണക്ക് കൂട്ടുന്നു. എന്നാൽ, കേരളീയ രാഷ്ട്രീയത്തിലെ മുസ്‌ലിം സ്ത്രീ പ്രാതിനിധ്യത്തോടൊപ്പം തന്നെ പരമപ്രധാനമായി വിലയിരുത്തേണ്ട ഒന്നാണ്, കേരളീയ രാഷ്ട്രീയത്തിൽ ന്യൂനപക്ഷങ്ങളുടെ പ്രാതിനിധ്യവും, നിയമസഭയിലെ സാന്നിധ്യവും.



**കെ.എ.ബീന**
എഴുത്തുകാരി,
പത്രപ്രവർത്തക

# പൊതുധാരാ രാഷ്ട്രീയത്തിലേയ്ക്കുള്ള സ്ത്രീവഴി

പഞ്ചായത്തുകളിൽ സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തി കൊണ്ടുള്ള എഴുപത്തിമൂന്നാം ഭരണഘടനാ ഭേദഗതി നിലവിൽ വന്നിട്ട് മുപ്പതാണ്ടാകുന്നു. ത്രിതല പഞ്ചായത്തുകളിൽ സ്ത്രീകൾ അധികാരത്തിലെത്തിയിട്ട് കാൽനൂറ്റാണ്ട് കഴിഞ്ഞുവെങ്കിലും രാഷ്ട്രീയത്തിന്റെ പൊതുധാരയിൽ സ്ത്രീയുടെ സാന്നിദ്ധ്യം ഒട്ടും തന്നെ മെച്ചപ്പെടുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ലോകസഭയിലും നിയമസഭയിലും സ്ത്രീകൾക്ക് സീറ്റ് സംവരണം ഇനിയും എങ്ങും എത്തിയിട്ടില്ല. പഞ്ചായത്തുകളിൽ എത്തിയ സ്ത്രീകൾ അവിടെ തന്നെ നിന്നു പോകുന്നു അല്ലെങ്കിൽ വീട്ടിലേക്ക് മടങ്ങുന്നു. സ്ത്രീകൾക്ക് ലഭിക്കുന്ന സീറ്റുകളുടെ എണ്ണം പുരോഗമനകേരളത്തിൽ പോലും നിരാശാജനകം തന്നെ.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പഞ്ചായത്ത് തലത്തിലെ സംവരണം ഉണ്ടാക്കിയ മാറ്റങ്ങളെ കുറിച്ച് നടത്തിയ അന്വേഷണം ആശാവഹമായ മാറ്റങ്ങൾ ഏറെയൊന്നും കാട്ടിത്തന്നില്ല. സ്ത്രീ സംവരണ സീറ്റുകളിൽ പുരുഷന്മാരുടെ ഡമ്മികളായി പ്രവർത്തിക്കുന്ന സ്ത്രീകളെ കണ്ട് മനസ്സ് മടുത്താണ് ബീഹാറിൽ എത്തിയത്. പ്രതീക്ഷകൾ തീരെയില്ലായിരുന്നു പുരുഷാധിപത്യത്തിന്റെ രാഷ്ട്രീയ ഉദാഹരണമെന്ന് തെളിയിച്ചത് മറ്റൊരിടവും അല്ലല്ലോ.

പക്ഷെ, ബീഹാറിലെ ഒരു പരീക്ഷണം രാഷ്ട്രീയ രംഗത്തേക്ക് സ്ത്രീയെ കൊണ്ടുവരാൻ സംവരണത്തിനൊപ്പം മറ്റ് ചിലതു കൂടി വേണമെന്ന് പറഞ്ഞുതന്നു. സ്ത്രീകൾക്ക് രാഷ്ട്രീയ രംഗത്തെത്താൻ ഒരു കൈ സഹായം കൂടി വേണമെന്ന്, ശരിയായ രീതിയിലുള്ള പരിശീലനം നൽകുക വഴി സ്ത്രീകളിൽ രാഷ്ട്രീയബോധമുണർത്താമെന്നും അവർക്ക് മുഖ്യധാരാ രാഷ്ട്രീയത്തിലെത്താൻ കരുത്തു നൽകാമെന്നും മുസഫർവൂർ, സീതാമഠി, ഔറംഗബാദ് ജില്ലകളിലെ സ്ത്രീപഞ്ചായത്ത് അംഗങ്ങൾക്ക് പഹൽ എന്ന ഡൽഹി കേന്ദ്രീകൃത സംഘടന നൽകിയ പരിശീലനപ

രിപാടികൾ കാരണമായിരിക്കുന്നു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. സംവരണത്തിനൊപ്പം പരിശീലനവും കൂടിയാവുമ്പോൾ നിരക്ഷരരായ സ്ത്രീകൾ പോലും രാഷ്ട്രീയ പ്രക്രിയയിലേക്ക് ആത്മവിശ്വാസത്തോടെ പങ്കെടുക്കുന്നത് ഇവിടെ കണ്ടു.

ഭർത്താക്കന്മാരോ സഹോദരന്മാരോ അച്ഛന്മാരോ തങ്ങൾക്ക് വേണ്ടി പഞ്ചായത്ത് ഭരണം നടത്തിയിരുന്ന മുൻകാലത്തെ അംഗീകരിച്ചുകൊണ്ട് തന്നെ അവർ പറയുന്നു.

'രാഷ്ട്രീയം ഞങ്ങൾക്ക് ജീവശ്വാസമാണ്' തങ്ങൾക്ക് ലഭിച്ച പരിശീലനമാണ് ഈ ആത്മവിശ്വാസത്തിന്റെ കാരണമെന്നും അവർ ഉറപ്പോടെ പറയുന്നു.

ഞങ്ങൾ പണ്ട് ബഹുമാരും ബേഠി മാരും മാത്രമായിരുന്നു . ഇപ്പോൾ അങ്ങനെയല്ല. ഞാൻ പണ്ട് വിനോദ് സാഹ്ഹിയുടെ ഭാര്യായിരുന്നു. ഇപ്പോൾ മഞ്ജുദേവിയായി. ഇപ്പോൾ ഞാൻ ഒപ്പിട്ടാൽ ഒരുപാട് കാര്യങ്ങൾ മറ്റുള്ളവർക്കുവേണ്ടി നടക്കും. ഇതൊന്നും സ്വപ്നത്തിൽ കൂടി നടക്കും എന്ന് കരുതിയതല്ല. സീതാമഠി ജില്ലയിലെ മധുവൻ പഞ്ചായത്തിലെ പതിനാലാം വാർഡിലെ മെമ്പർ ആയ (വാർഡ് മെമ്പർ സദസ്യ എന്ന് ബീഹാറിൽ അറിയപ്പെടുന്നു) മഞ്ജു ദേവി പറഞ്ഞത് തന്നെയാണ് മറ്റ് നിരവധി പഞ്ചായത്തുകളിൽ കണ്ടുമുട്ടിയവർക്കും പറയാനുണ്ടായിരുന്നത്. അവരുടെ കണ്ണുകളിൽ ആത്മവിശ്വാസത്തിന്റെ തിളക്കമുണ്ടായിരുന്നു. സ്വരത്തിൽ വിജയാരവം മുഴങ്ങി. ഗ്രാമത്തിൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ അവർ ഇപ്പോൾ പോലീസിന്റെ അടുത്തേക്കല്ല പോകാറ്. എന്റടുത്തേക്കാണ്. എല്ലാ കാര്യങ്ങളിലും ഞാൻ ഇടപെടാറുണ്ട്. ധാരാളം ദാരിദ്ര്യം ഇപ്പോഴും ഈ പഞ്ചായത്തിലുണ്ട്. കൈക്കൂലി കണ്ടാൽ അതിനെതിരെ പ്രവർത്തിക്കും. പലവട്ടം സി ഡി ഒ ക്ക് പരാതി നൽകിയിട്ടുണ്ട്. കൈക്കൂലിക്കാരായ ഉദ്യോഗസ്ഥരെ വഴക്ക് പറഞ്ഞ് അതിൽ നിന്നും പിന്തിരിപ്പിക്കാൻ ശ്രമിക്കാറുണ്ട്. അടുത്ത തെരഞ്ഞെടുപ്പിൽ മുഖ്യ പഞ്ചായത്ത് പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിക്കണമെന്നാണ് മഞ്ജു ദേവി തീരുമാനിച്ചിരിക്കുന്നത്. അവിടെനിന്ന് എംഎൽഎ ആയി വളരണമെന്ന സ്വപ്നവും അവർ മറച്ചുവെച്ചില്ല . 'ജനതയാണ് എന്നെ വളർത്തുന്നത് എവിടെ വരെ വളർത്തുമെന്ന് അവർക്കേ അറിയൂ.' രാഷ്ട്രീയ ഭാവിയെ മഞ്ജു ദേവി വിലയിരുത്തുന്നത് അങ്ങനെയാണ്. ഇതിനൊക്കെ ഭർത്താവ് അനുവദിക്കുമോ തടസ്സം നിന്നാൽ എന്ത് ചെയ്യും? ഗവൺമെന്റിൽ നിന്ന് ജനങ്ങൾക്ക് എന്തൊക്കെ വാങ്ങി കൊടുക്കാൻ പറ്റുമോ അതൊക്കെ വാങ്ങി കൊടുക്കാൻ ശ്രമിക്കാറുണ്ട്. ചോദ്യങ്ങൾക്ക് മഞ്ജു ദേവി അമ്പരപ്പിക്കുന്ന മറുപടിയാണ് നൽകിയത് . എന്നെ തിരഞ്ഞെടുത്തത് ജനങ്ങളാണ്. ഞാൻ അവരുടെ കാര്യം നോക്കാതെ വീട്ടുകാരെ നോക്കിയിരുന്നാൽ ജനങ്ങൾ എന്നെ അടിക്കി



ല്ലേ. അടി കൊള്ളേണ്ടത് ഞാനല്ലേ. ഭർത്താവിനെ ജനങ്ങൾ അടിക്കില്ലല്ലോ . മഞ്ജു ദേവിയെ പോലെ നിരവധി നിരവധി സ്ത്രീകളെ ബീഹാറിൽ കണ്ടു .സ്വയം അറിയാത്തവർ നിയോഗങ്ങളെ ഉൾക്കൊള്ളുന്നവർ. സീതാമഠി ജില്ലയിലെ തന്നെ റസൽപൂർ പഞ്ചായത്തിലെ ആറാം വാർഡിലെ മെമ്പർ മീനാ ദേവി അത്തരത്തിൽ ഒരു ശക്തി ദുർഗ ആയിരുന്നു. ഒപ്പിടാൻ മാത്രമറിയുന്ന സാക്ഷരത അവരെ പിന്നോട്ട് വലിക്കുന്നതേയില്ല. സ്ഹം നേതാ നഹീ' (ഞാൻ നേതാവല്ല സുഹൃത്താണ്) എന്നതാണ് മീനാ ദേവിയുടെ പക്ഷം. മീന സ്വന്തം കഥ പറഞ്ഞു . 'മെമ്പർ ആയിരുന്ന ആദ്യകാലത്ത് ഏതാണ് എന്താണ് എന്ന തിരിച്ചറിവ് ഇല്ലായിരുന്നു. പേടിയായിരുന്നു മുഖ്യമായും. ഒന്നിനെക്കുറിച്ചും ഉള്ളിൽ ബോധമില്ലാത്ത അവസ്ഥ. അപ്പോഴാണ് പഹൽ വന്നത്. ആദ്യത്തെ പത്ത് ദിവസത്തെ പരിശീലനം കൊണ്ട് തന്നെ ഉള്ള് തെളിയാൻ തുടങ്ങി. സ്വയാധികാരം എടുക്കാനുള്ള ശേഷി കി

ട്ടി. മുഖ്യനോടും സിഡിഓയോടുമൊക്കെ സംസാരിക്കാൻ ധൈര്യം ഉണ്ടായി. എന്താണ് ഇന്ദിര ആവാസ് യോജന, എന്താണ് അംഗൻവാടിയിലും സ്കൂളിലും ഉണ്ടായിരിക്കേണ്ടത്, എന്തൊക്കെയാണ് പ്രൈമറി ഹെൽത്ത് സെന്ററിൽ ഉണ്ടായിരിക്കേണ്ടത് എന്നൊക്കെ പഠിപ്പിച്ചു തന്നു. അവർ തന്ന ചെക്ക് ലിസ്റ്റ് അനുസരിച്ച് ഓരോ ഇടങ്ങളിലും പോയി. കാര്യങ്ങൾ നടക്കാൻ തുടങ്ങി . കാര്യപ്രാപ്തി ഉണ്ടായപ്പോൾ ഞാൻ പറഞ്ഞാൽ കാര്യങ്ങൾ നടക്കും എന്നായി. പണ്ട് ജാതി അനുസരിച്ച് ആയിരുന്നു വികസനം. ഇപ്പോൾ അങ്ങനെയല്ല ഉയർന്ന ജാതിക്കാർക്കും താഴ്ന്ന ജാതിക്കാർക്കും ഇവിടെ വേണ്ടതൊക്കെ ചെയ്യും. പൈപ്പ് വയ്ക്കുന്നത് ഇന്നയിടത്ത് ആകണം എന്ന് പറഞ്ഞാൽ അവിടെ തന്നെ നടക്കും. ഇവിടെ കുറുമികളാണ് ധാരാളം ഉള്ളത് . ഇവിടെ ഇപ്പോൾ അഞ്ചു പൈപ്പുകൾ വച്ചിട്ടുണ്ട്. 10 വർഷമായി പഞ്ചായത്ത് മെമ്പറായ തന്റെ മാറ്റത്തെ വിലയിരുത്തുന്നു. പണ്ടായിരുന്നെങ്കിൽ ഞാൻ തലമൂടി മിണ്ടാതെ നിങ്ങളുടെ മുന്നിൽ ഇരുന്നേനെ. ഇപ്പോൾ ആണിനോടും പെണ്ണിനോടും മിണ്ടാൻ ഭയമില്ല . ആണും പെണ്ണും തമ്മിൽ അന്തരമില്ല എന്ന് എനിക്കറിയാം. റസൽപൂർ പഞ്ചായത്തിലെ അഞ്ചാം വാർഡ് അംഗമായ സംഗീത ദേവിക്കും ഒപ്പു മാത്രം ഇടാൻ അറിയുന്ന സാക്ഷരതയെ ഉള്ളു. പക്ഷെ അവർ ചെയ്യുന്ന കാര്യങ്ങൾ പറയുന്ന വാക്കുകൾ ഉയർന്ന വിദ്യാഭ്യാസവും ഉന്നതമായ ചിന്താശേഷിയും ഉള്ള കോടിക്കണക്കിന് സ്ത്രീകൾക്ക് സ്വപ്നം പോലും കാണാൻ കഴിയാത്തതാണ് . 2013 ൽ റസൽപൂരിലെ ബുനിയാദെ സ്കൂളിൽ കുട്ടികൾക്കു കൊടുക്കുന്ന ഉച്ചഭക്ഷണം വളരെ മോശമാണെന്ന് കണ്ടപ്പോൾ അതിനെതിരെ സ്ത്രീകളെ  സംഘടിപ്പിച്ച് സിഡി ഒയെ ഘരാവോ ചെയ്തു. അതോടെ സ്കൂളിലെ ഭക്ഷണം ശരിയായി. എല്ലാദിവസവും ഉച്ചഭക്ഷണസമയത്ത് സംഗീത ദേവി സ്കൂളിൽ ചെല്ലും. കുട്ടികൾക്ക് ഭക്ഷണം വിളമ്പി കൊടുത്ത് അവരെ ഊട്ടി മടങ്ങും. ഏതുകാര്യത്തിനും കളക്ടറുടെ അടുത്ത് വരെ പോകാൻ സംഗീതാദേവിക്കു മടിയില്ല. കൈക്കൂലി തന്റെ വാർഡിൽ വെച്ചു പൊറുപ്പിക്കില്ലെന്ന് സംഗീത ദേവി പറയുന്നു .ബി പി എൽ കാർഡുകൾ നൽകാത്തതിനെതിരെ നിരവധി ധർണകൾ ഇവർ ഇതിനോടകം സംഘടിപ്പിച്ചു കഴിഞ്ഞു. ഇതിനൊക്കെ ഇടയിൽ വീട്ടുകാര്യങ്ങൾ എങ്ങനെ നടക്കുന്നു എന്ന ചോദ്യത്തിന് സംഗീത ദേവി നൽകിയ മറുപടി ഇന്ത്യയിലെ പല സംസ്ഥാനങ്ങളിൽ നിന്ന് കേട്ട മറുപടി തന്നെയായിരുന്നു. രാവിലെ 3 മണിക്ക് എഴുന്നേറ്റ് വീട്ടുകാര്യങ്ങൾ മുഴുവൻ ചെയ്തു വെച്ചിട്ടാണ് നാട്ടുകാര്യങ്ങൾക്ക് ഇറങ്ങുന്നത്. മറ്റൊന്നുകൂടി സംഗീത ദേവി കൂട്ടിച്ചേർത്തു ‘അത്യാവശ്യം പഞ്ചായത്ത് ചെലവുകൾക്ക് സ്വന്തം ചിലവിനുള്ള കാശിൽ നിന്ന് എടുക്കും. വേണ്ടിവന്നാൽ വീട്ടു ചെലവിന് ഭർത്താവ് തരുന്ന കാശിൽ നിന്ന് മോ



ഷ്ടിച്ചെടുക്കുകയും ചെയ്യും. 'പണ്ട് ഇവിടെ സ്ത്രീകൾ എത്രമാത്രം പിന്നിലായിരുന്നുവെന്ന് പറയാൻ പറ്റില്ല. വീട്ടിൽ നിന്ന് പുറത്തേക്കിറങ്ങുവാനേ പാടില്ല. പെൺകുട്ടികൾ പിറന്നാൽ സങ്കടമായിരുന്നു. ഇന്ന് ഞങ്ങളൊക്കെ പുരുഷന്മാരെ പോലെ പുറത്തിറങ്ങി നടക്കുന്നു. നാട്ടുകാര്യങ്ങൾ ചെയ്യുന്നു പഞ്ചായത്തിലുള്ള മറ്റു സ്ത്രീകളെയും വീട്ടിലിരിക്കാൻ സമ്മതിക്കുന്നില്ല. അവരും ഗ്രാമസഭകൾക്ക് വരുന്നു. പെൺകുട്ടികൾ ആടുമേയ്ക്കാനല്ല സ്കൂളിലേക്ക് പോകുന്നത് . സംവരണം ഇല്ലായിരുന്നുവെങ്കിൽ ഇന്നും ഞങ്ങൾ മുഖം സാരി കൊണ്ട് മറച്ച് വീട്ടിൽ ഇരുന്നേനെ. ധുമ്റാ ബ്ലോക്കിലെ ലഗ്മാ പഞ്ചായത്തിലെ പത്താം വാർഡിലെ മെമ്പർ പ്രഭാദേവി സംഭരണം പഞ്ചായത്ത് അംഗങ്ങളാകുന്ന സ്ത്രീകളെ മാത്രമല്ല സ്ത്രീകൾക്കാകമാനമാണ് ശാക്തീകരണം നൽകുന്നതെന്ന് ചൂണ്ടിക്കാട്ടുന്നു. ഞങ്ങൾ പുറത്തി റങ്ങിയപ്പോൾ മറ്റ് സ്ത്രീകൾക്കും പ്രചോദനമായി. പ്രൈമറി ഹെൽത്ത് സെന്ററിൽ നഴ്സ് എന്തൊക്കെ ചെയ്യണം, ഏതൊക്കെ മരുന്നും സംവിധാനങ്ങളും അവിടെ ഉണ്ടാകണം എന്നൊക്കെ നോക്കാൻ പരിശീലനം കിട്ടിയത് ഞങ്ങൾ മറ്റ് സ്ത്രീകളുമായി പങ്കുവെച്ചു. ഗ്രാമസഭകളിൽ സ്ത്രീകൾ പങ്കെടുക്കുകയും നാട്ടുകാര്യങ്ങളിൽ ഇടപെടുകയും ചെയ്യുന്നു. ഒരു വാർഡിൽ എന്തെങ്കിലും പരിപാടി നടക്കുമ്പോൾ ഞങ്ങൾ എല്ലാവരും ചെന്ന് അതിൽ പങ്കുചേരുന്നു.

പ്രശ്നങ്ങൾക്ക് കൂട്ടായ പരിഹാരമുണ്ടാകുന്നു. വീടുകളിലെ പ്രശ്നങ്ങൾ സംസാരിച്ച് തീർക്കുകയാണ് പതിവ്. പെൺകുട്ടികളെല്ലാവരും ഇന്ന് സ്കൂളിൽ പോകുന്നുണ്ട്. 'പഹൽ' ട്രെയിനിംഗ് തന്നെയാണ് ഈ മാറ്റത്തിന് കാരണം. ഇനി 'പഹൽ' ഇല്ലെങ്കിലും ഞങ്ങൾക്ക് മുന്നോട്ടു പോകാനാവും. ഉള്ളിൽ അത്രക്ക് കരുത്തു നേടിക്കഴിഞ്ഞു. സ്വന്തം കാലിൽ നിൽക്കാമെന്ന ആത്മവിശ്വാസം പ്രകടിപ്പിച്ച പ്രഭാദേവി തങ്ങളാരും കൈക്കൂലി പിന്തുണക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യില്ലെന്ന് കട്ടായം പറയുന്നു.

'അങ്ങനെ ചെയ്താൽ അടുത്ത പ്രാവശ്യം ജയിക്കാനാവില്ല എന്നുറപ്പാണ്. ഇത് ബീഹാറിലെ സ്ത്രീകൾക്ക് കിട്ടിയ ഭാഗ്യാവസരമാണ്. ഇവിടുത്തെ സ്ത്രീകൾ എത്ര പിന്നിലായിരുന്നുവെന്ന് നിങ്ങൾക്ക് ഊഹിക്കാൻ പറ്റില്ല. .............ആശുപത്രിയിൽ കൂടുതൽ നേരം സ്ത്രീരോഗികളെ പരിശോധിക്കുന്ന ഡോക്ടറെ സ്ഥലം മാറ്റുന്ന ഇടത്തേക്ക് വരെ ഞങ്ങൾക്ക് ശക്തി നേടാനായി.'

പഹൽ പരിശീലനം വളരെയേറെ ലളിതവും സുതാര്യവുമാണ്. നിരക്ഷരരായ സ്ത്രീകൾക്കിടയിൽ അവർ ചെക്ക് ലിസ്റ്റുകൾ ഉണ്ടാക്കിക്കൊടുത്തത് ചിത്രങ്ങളുടെ സഹായത്തോടെയാണ്. ആശുപത്രിയിൽ എന്തൊക്കെ സൗകര്യങ്ങൾ വേണം, സ്കൂൾ എങ്ങെനെയായിരിക്കണം അംഗനവാടികൾ എങ്ങനെ പ്രവർത്തിക്കണം എന്നൊക്കെ അവർ സചിത്ര ചെക്ക് ലിസ്റ്റുകൾ ഉണ്ടാക്കി സ്ത്രീകൾക്ക് വിതരണം ചെയ്തു. സ്ത്രീകൾ അതുമായി ഓരോ സ്ഥാപനത്തിലും ചെന്നു. ആദ്യമൊക്കെ അദ്ധ്യാപകരും ആരോഗ്യപ്രവർത്തകരും അമ്പരന്നു. പഞ്ചായത്ത് മെമ്പർമാരെ ധിക്കരിക്കാനാവില്ലെന്ന് മനസ്സിലായതോടെ കാര്യങ്ങൾ നേരെ ചൊവ്വെ നടത്താൻ അവരും തയ്യാറായി. പുതിയ സ്ലേറ്റിൽ എഴുതുന്നത് പോലെയാണ് ഈ സ്ത്രീകൾ കാര്യങ്ങൾ ഉൾക്കൊള്ളുന്നത്. പഹൽ ട്രെയിനിംഗ് സ്



ത്രീകൾക്ക് മാത്രമാണ് നൽകുന്നത് പുരുഷന്മാർക്ക് ട്രെയിനിംഗില്ല. ഇപ്പോൾ ഞങ്ങൾ പുരുഷന്മാർക്ക് കാര്യങ്ങൾ പറഞ്ഞു കൊടുക്കാറുണ്ട് ട്രെയിനിങ്ങിലൂടെ അവരെക്കാൾ പ്രാപ്തി ഞങ്ങൾക്ക് കൈവന്നിട്ടുണ്ട് എന്ന് മുസഫർപൂറിലെ ഫാഥാക്കൽ പഞ്ചായത്തിലെ കൈലാസ ദേവി പറയുന്നു. ദർഭംഗയിലെ രൂഹാദേവി പറയുന്നത് ഒരിക്കൽ തലയിലെ തട്ടം മാറ്റിയാൽ പിന്നീട് സ്ത്രീക്ക് മുന്നിൽ തടസ്സങ്ങളേയില്ല എന്നാണ്. സ്കൂളിൽ ഏതു സമയത്താണ് അധ്യാപകർ വരേണ്ടത്, എന്തൊക്കെയാണ് ചെയ്യേണ്ടത്, അംഗനവാടിയിൽ എന്തൊക്കെ ഭക്ഷണം കുഞ്ഞുങ്ങൾക്ക് കൊടുക്കണം എന്നൊക്കെ അറിഞ്ഞതോടെ ഞങ്ങൾക്ക് കുടുംബത്തിലും സമൂഹത്തിലും രാഷ്ട്രീയത്തിലും സ്വന്തമായി നിലപാടുകൾ എടുക്കാൻ കഴിയുമെന്നായി. ഫഗാക്കൽ പഞ്ചായത്തിലെ പത്താം വാർഡ് അംഗം അനുപ്യദേവി പറഞ്ഞു. വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ സ്വന്തം മനസ്സാക്ഷി പറയുന്നവർക്ക് വോട്ടുചെയ്യുമെന്ന് ബീഹാറിലെ വിവിധ പഞ്ചായത്തുകളിൽ കണ്ടുമുട്ടിയ നൂറിലേറെ സ്ത്രീകൾ ഉറപ്പിച്ചു കഴിഞ്ഞു.

കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് കാലത്ത് ഉത്തർപ്രദേശിലെ വിവിധ നിയോജകമണ്ഡലങ്ങളിൽ കൂടെ സ്ത്രീകളോട് ആർക്ക് വോട്ട് ചെയ്യും എന്ന് ചോദിച്ചപ്പോൾ കിട്ടിയ വീട്ടിലുള്ളവർ പറയുന്നവർക്ക് എന്ന ഉത്തരത്തിന് തികച്ചും വിരുദ്ധമായിരുന്നു ഇത്. അതുപോലെ തന്നെയാണ് രാഷ്ട്രീയത്തിൽ അവർക്കുള്ള താല്പര്യവും. പഞ്ചായത്ത് മെമ്പറിൽ നിന്ന് മുഖ്യ ആയി എം.എൽ.എ ആയി എം.പി ആകാനുള്ള സ്വപ്നങ്ങൾ ധാരാളം പേർ പങ്കുവെച്ചു.



ലൂമാ പഞ്ചായത്തിലെ 12ാം വാർഡ് അംഗമായ മീരാദേവി മറ്റൊന്നുകൂടി പറഞ്ഞു.

'ഇനിയത്തെ തവണ പന്ത്രണ്ടാം വാർഡിൽ മത്സരിക്കില്ല. മറ്റെവിടെങ്കിലും

പോയി മത്സരിക്കും. കുറച്ചുകൂടി ആളുകളെ കാണുവാനും പോപ്പുലർ ആകുവാനും ഇതിലൂടെ കഴിയും എന്നാണ് മീരാ ദേവി വിശ്വസിക്കുന്നത് . ജയ് ഗ്രാമത്തിലെ ലുമ പഞ്ചായത്തിലെ അക്ബറി ദിവസം മൂന്നു പ്രാവശ്യം ഗ്രാമം ചുറ്റിയാണ് സ്വന്തം ജോലി നിർവഹിക്കുന്നത് . കുട്ടികൾ സ്കൂളിൽ പോയോ ഗർഭിണികൾ നന്നായി ഭക്ഷണം കഴിക്കുന്നുണ്ടോ എന്നൊക്കെ നോക്കാൻ പോകും. ഞങ്ങളുടെ ഗ്രാമത്തിൽ 60% പേർ സ്ത്രീകളാണ്. സ്ത്രീകൾക്കിവിടെ 60% സംവരണം വേണം. ലൂമ പഞ്ചായത്തിലെ മറ്റൊരംഗം അക്ബറിബീഗം ആവശ്യപ്പെടുന്നു.

ബോധഗയ നഗരസഭയിലെ രാജ്പൂർ ധാരിയയിലെ മഹാ ദളിത് കോളനിയിൽ സുനിതാ ദേവി, റീന ദേവി, വസന്തി ദേവി, രവിദാസ് തുടങ്ങിയവർ ഏറ്റവും പിന്നോക്ക ജാതിയിൽ പെട്ട വാർഡ് മെമ്പർ മാരാണ് . നിരക്ഷരരായ ഇവർ ഗ്രാമത്തിലെ ഓരോ വീട്ടിലും ശൗചാലയങ്ങൾ ഉണ്ടാക്കാനും വിദ്യാഭ്യാസം എത്തിക്കാനും ഒക്കെ ഓടിനടക്കുന്നു. മൈക്രോ ഫിനാൻസിംഗ് വഴി മറ്റു സ്ത്രീകൾക്ക് അത്യാവശ്യം ഉള്ളപ്പോൾ സാമ്പത്തിക സഹായം നൽകാനും കഴിയുന്ന ഇവർ പറയുന്നത് സ്ത്രീയും പുരുഷനും ഒരുമിച്ച് മുന്നോട്ടു പോകണം എന്നതാണ്. പുരുഷന്മാർക്ക് മാത്രമല്ല സ്ത്രീകൾക്കും ജീവിതം വേണം. എന്നാൽ സ്ത്രീക്ക് മാത്രമായി ഒരു ജീവിതം പോരതാനും. സ്ത്രീകളും ദളിതരുമായ ഞങ്ങൾ പറയുമ്പോൾ ആദ്യം കേൾക്കേണ്ടവർ കേൾക്കില്ല. രണ്ടാമതും മൂന്നാമതും പറയും അപ്പോൾ കേട്ടേ തീരൂ എന്നാവും.

സ്ത്രീയുടെ ചിന്തയുടെ ചക്രവാളങ്ങളാണ് സംവരണം തുറന്നിട്ടത്. വെളിച്ചം കടന്നെത്തി കഴിഞ്ഞു ഇനി ഇരുട്ടിലേക്ക് മടക്കമില്ല. ബിഹാറിലെ ഉൾനാടൻ ദളിത് കോളനിയിൽ സന്ധ്യചാഞ്ഞിറങ്ങുമ്പോൾ സുനിതാ ദേവി പറഞ്ഞ വാക്കുകൾ തന്നെയാണ് ശരി.

ചർച്ചാവിഷയം





**ഡോ. ദിവ്യ കെ.,**
അസിസ്റ്റന്റ് പ്രൊഫസർ,
ഡിപ്പാർട്ട്മെന്റ് ഓഫ് റഷ്യൻ ആൻഡ് കംപാരറ്റീവ്
ലിറ്ററേച്ചർ, കോഴിക്കോട് സർവ്വകലാശാല

# ഭരണാധികാരിയായ സ്ത്രീയും മലയാള സിനിമയുടെ (കേരളത്തിന്റെ) ഭീതിയും

**വൈ**റസ് സിനിമയോട് എനിക്ക് ചില വിമർശനങ്ങൾ ഉണ്ടായിരുന്നു. കാരണം മീറ്റിംങ്ങുകളിലൊക്കെ അനങ്ങാതിരുന്ന മിണ്ടാതിരുന്ന ആളല്ല ഞാൻ ഇക്കാര്യം ആഷിക്കിനോട് പറയുകയും ചെയ്തു. അങ്ങനെയൊരു മീറ്റിംഗിൽ ഇനിയെന്താ ചെയ്യേണ്ടത് എന്ന് പറഞ്ഞ് നിസംഗയായി ഇരുന്ന ആളല്ല ഞാൻ. - വൈറസ് എന്ന സിനിമയെക്കുറിച്ച്, കെ.കെ. ഷൈലജ ടീച്ചർ, മന്ത്രി.

2018 ൽ കേരളത്തെ വല്ലാതെ ഭയപ്പെടുത്തിയ നിപ്പയെന്ന് പേരുള്ള മാരകരോഗത്തിന്റെ പടർന്നുപിടിക്കലും അതിനെ കേരളത്തിന്റെ ആരോഗ്യവകുപ്പ് നേരിട്ട രീതിയേയും ആസ്പദമാക്കി ആഷിക് അബു സംവിധാനം ചെയ്ത സിനിമയാണ് വൈറസ്. സിനിമയിൽ ആരോഗ്യമന്ത്രിയുടേതിന് സമാനമായ കഥാപാത്രമാ

ണ് രേവതി അഭിനയിച്ചത്. ഈ സിനിമയിൽ മന്ത്രിയുടെ കഥാപാത്രത്തെ ചിത്രീകരിച്ച രീതിയെ കുറിച്ച് ടീച്ചർ നടത്തിയ അഭിപ്രായമാണ് മുകളിൽ നൽകിയത്. ടീച്ചർ പറയുന്നതുപോലെ,യാഥാർത്ഥ്യത്തിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് മാരകരോഗത്തിന് മുന്നിൽ അതെങ്ങനെ നേരിടാനാകും എന്നറിയാതെ നിസ്സഹായയും നിസംഗയുമായാണ് പ്രസ്തുത കഥാപാത്രം അവതരിപ്പിക്കപ്പെട്ടത്.  കേരളമന്ത്രിസഭയിൽ ഭരണമികവുകൊണ്ടും വീക്ഷണംകൊണ്ടും ജനഹൃദയങ്ങളിൽ വലിയ സ്ഥാനം നേടിയ മന്ത്രിയാണ് കെ.കെ. ശൈലജ ടീച്ചർ. അധികാരത്തിലേറി ഏറെ നാൾ കഴിയുന്നതിന് മുമ്പുതന്നെ ആരോഗ്യമേഖലയിൽ ടീച്ചർ നടത്തിയ ഇടപെടലുകൾ അവരുടെ ഭരണമികവ് വിളിച്ചോതുന്നതായിരുന്നു. ടീച്ചറുടെ നേതൃത്വത്തിൽ നിപ്പയെ കീഴടക്കിയത് അവരുടെ ഭരണമികവ് വ്യക്തമാക്കുന്ന മികച്ച ഉദാഹരണമാണ്. നിപ്പ കേരളത്തെയാകെ ഭീതിയിലാഴ്ത്തിയപ്പോൾ, മുൻപരിചയങ്ങളൊന്നും ഇല്ലാതിരുന്നിട്ടും കൂടുതൽ മനുഷ്യജീവനുകൾ അടർന്നുപോകാതിരിക്കാൻ ഒട്ടുമേ പതറാതെ  ടീച്ചർ പ്രവർത്തിച്ചു. തങ്ങൾക്കും അസുഖം പകർന്നേക്കാമെങ്കിലും അതിനെപ്പോലും വകവെക്കാതെ ജോലിചെയ്ത ആരോഗ്യമേഖലയിലെ സകലജീവനക്കാർക്കും ധൈര്യവും ആത്മവിശ്വാസവും പകരുന്നതായിരുന്നു ടീച്ചറുടെ ഇടപെടലുകൾ എന്ന് അതിൽ ഭാഗമായവരുടെ അനുഭവസാക്ഷ്യങ്ങൾ തെളിയിക്കുന്നു. കേരളം നിപ്പയെന്ന മഹാമാരിയെ പിടിച്ചുകെട്ടിയ രീതി ലോകപ്രശംസ പിടിച്ചു പറ്റി. ആഗോളമാധ്യമങ്ങളിൽ ഇത് പ്രധാനപ്പെട്ട വാർത്തയും ചർച്ചയുമായി. അമേരിക്കയിലെ ബൾട്ടിമോറിൽ സ്ഥിതി ചെയ്യുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ വൈറോളജി കേരളം നിപ്പയെ അതിജീവിച്ച രീതി കണക്കിലെടുത്ത് ശൈലജ ടീച്ചറിനെയും മുഖ്യമന്ത്രി പിണറായി വിജയനെയും ആദരിക്കുകയുണ്ടായി. എന്നാൽ, ഇത്തരത്തിൽ ഭരണമികവ് തെളിയിച്ച ഒരു ഭരണാധികാരിയായല്ല സിനിമ അവരെ അടയാളപ്പെടുത്തിയത്. പ്രതിസന്ധിഘട്ടങ്ങളിൽ അതിനെ നേരിടാനുള്ള ഷൈലജ ടീച്ചറിന്റെ നേതൃത്വപാടവത്തെയും ഇടപെടലുകളെയും സമ്പൂർണ്ണമായി തമസ്കരിക്കുകയാണ് വൈറസ് സിനിമ ചെയ്തത് എന്നും ഒരു യഥാർത്ഥ സംഭവത്തെ ആധാരമാക്കി നിർമ്മിച്ച സിനിമയായതുകൊണ്ടുതന്നെ വരുംതലമുറയിൽ ആരോഗ്യമന്ത്രിയെക്കുറിച്ചും വകുപ്പിനെക്കുറിച്ചും വളരെ തെറ്റിദ്ധാരണ ഉണ്ടാക്കുന്നതരം ചിത്രീകരണമാണ് നടത്തിയത് എന്നുമുള്ള രൂക്ഷവിമർശനങ്ങൾ സിനിമയെക്കുറിച്ച് ഉയർന്നിരുന്നു. ഇത് വൈറസ് എന്ന സിനിമയ്ക്കെതിരെ മാത്രം ഉയർത്താവുന്ന ഒരു വിമർശനമല്ല. രാഷ്ട്രീയാധികാരപദവികൾ കയ്യാളുന്ന സ്ത്രീകഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന സന്ദർഭങ്ങളിലെല്ലാം ഇതുപോലെ നിഷ്ക്രിയയായും നിസ്സഹായയായും അഴിമതിക്കാരിയായും അഹങ്കാരിയായും കുടുംബത്തിനും ഭർത്താവിനും കാമുകനും പിതാവിനുമെല്ലാം കീഴടങ്ങി നിൽക്കാത്തവളായും ചിത്രീകരിക്കുക എന്നതാണ് മലയാളസിനിമയുടെ പൊതുവെയുള്ള രീതി.

രാഷ്ട്രീയപ്രവർത്തനവും അധികാരവും സ്ത്രീകളുടെ മേഖലയായി മലയാളസിനിമ ആദ്യകാലം മുതലേ പരിഗണിക്കുന്നില്ല. 1966 ൽ പുറത്തിറങ്ങിയ സ്ഥാനാർത്ഥി സാറാമ്മ എന്ന സിനിമ പഞ്ചായത്ത് തെരെഞ്ഞെടുപ്പിൽ മത്സരിക്കുന്ന സാറാമ്മ എന്ന സ്ത്രീയുടെ കഥയാണ്. സ്ഥാനാർത്ഥിയാവുക എന്നത് സാറാമ്മയുടെ തീരുമാനമല്ല. അച്ഛന്റെ നിർബന്ധത്തിന് വഴങ്ങിയാണ് കാമുകനായ  ജോണിക്കെതിരെ മത്സരിക്കുന്നത്. അച്ഛനാകട്ടെ  ജോണിയും സാറാമ്മയും പ്രണയത്തിലാണെന്നറിഞ്ഞ് കല്യാണാലോചനയുമായി ചെല്ലുമ്പോൾ ജാതീയമായി അധിക്ഷേപിക്കപ്പെട്ടതിന്റെ പ്രതികാരമായാണ് ജോണിക്കെതിരെ സാറാമ്മയെ മത്സരിപ്പിക്കുന്നത്. സാറാമ്മയുടെ കുടുംബം



വേലൻ സമുദായത്തിൽനിന്ന് ക്രിസ്തുമതത്തിലേക്ക് മതംമാറിയവരും ജോണിയുടേത് തോമാസ്ലീഹ പാരമ്പര്യമുള്ള കുടുംബവും. കുടുംബത്തിന്റെയും ജാതിയുടേയും മാനം സംരക്ഷിക്കാൻ പുറപ്പെട്ട സാറാമ്മയുടെ അച്ഛന് അവരെ തെരെഞ്ഞെടുപ്പിൽ നിൽക്കാൻ സഹായിച്ച തോന്നിയാടൻ മുതലാളിയെ സാറാമ്മയെ ലൈംഗികമായി ആക്രമിക്കാൻ ശ്രമിച്ചതിന് കൊല്ലേണ്ടിവരുന്നു. സാറാമ്മ മത്സരിക്കുന്നതറിഞ്ഞ ജോണിയുടെ പ്രതികരണവും ഒട്ടുമേ അനുഭാവപൂർവ്വമായിരുന്നില്ല. അവളോട് തനിക്കെതിരെ മത്സരിക്കരുതെന്ന് ആവശ്യപ്പെടുകയും അയാളെ അവൾ അപമാനിക്കാൻ ശ്രമിക്കുന്നതായി ആരോപിക്കുകയും ചെയ്യുന്നുണ്ട്. മത്സരരംഗത്തുനിന്ന് പിൻമാറിയില്ലെങ്കിൽ പ്രണയബന്ധം തുടരാനാവില്ലെന്ന് വ്യക്തമാക്കുകയും പ്രണയസമ്മാനമായി നൽകിയ മോതിരം വരെ അയാൾ തിരികെ ആവശ്യപ്പെടുകയും ചെയ്യുന്നു. ഒരു സ്ത്രീയുടെ തെരെഞ്ഞെടുപ്പിലെ സ്ഥാനാർത്ഥിത്വമാണ് സിനിമയുടെ മുഖ്യപ്രമേയം. അത് അവർ താൽപര്യപൂർവം തിരഞ്ഞെടുത്തതല്ലെങ്കിലും പൊതുമണ്ഡലത്തിലേക്ക് കടന്നുവരാനുള്ള തീരുമാനം കടുത്ത ദുരിതങ്ങളിലേക്കാണ് അവളെ തള്ളിവിടുന്നത്. കാമുകൻ ഉപേക്ഷിക്കുന്നു, ലൈംഗികമായി ആക്രമിക്കപ്പെടുന്നു. അച്ഛൻ ജയിലിലാകുന്നു അങ്ങനെ. ഇതിൽ ഏറ്റവും അപകടം പിടിച്ച കാര്യം സ്ത്രീയുടെ രാഷ്ട്രീയ(പൊതുമണ്ഡല) പ്രവേശം ലൈംഗിക അതിക്രമങ്ങളിലേക്ക് നയിച്ചേക്കാം അല്ലെങ്കിൽ അവളെ തിരെഞ്ഞെടുപ്പിൽ മത്സരിപ്പിക്കുന്നത് ഇത്തരം ചില താൽപര്യങ്ങളോടെയാണ് എന്ന കാഴ്ചപ്പാടിൽ അവതരിപ്പിക്കുന്നതാണ്. ജയിച്ച് പഞ്ചായത്ത് മെമ്പർ ആകുന്നതിനേക്കാൾ ഭാര്യയാകുന്നതും കാമുകിയാകുന്നതും തന്നെയായിരുന്നു സാറാമ്മയുടെ താൽപര്യം. അതിൽതന്നെയാണ് സിനിമ അവസാനിപ്പിക്കുന്നതും. ഇലക്ഷനിൽ ജയിച്ചതാണ് സാറാമ്മ. അതിനെക്കുറിച്ച് പക്ഷെ, സിനിമയൊന്നും മിണ്ടുന്നില്ല.

നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്ന നാടകം കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരധ്യായമാണ്. അതുകൊണ്ടുതന്നെ അതിന്റെ സിനിമാവിഷ്കാരവും വളരെ ജനശ്രദ്ധയാകർഷിച്ച ഒന്നാണ്. ജന്മിത്തത്തിനും ജാതീയതക്കുമെതിരെ കമ്മ്യൂണിസമാണ് ബദൽ എന്ന ആശയമാണ് നാടകവും സിനിമയും മുന്നോട്ട് വെക്കുന്നത്. കോളേജ് വിദ്യാർത്ഥിയായ സുമവല്ലിയും ദളിത് വിഭാഗത്തിൽപ്പെട്ട കർഷക തൊഴിലാളിയായ മാലയുമാണ് ഇതിലെ പ്രധാന സ്ത്രീകഥാപാത്രങ്ങൾ. രണ്ടുപേരും ഉറച്ച രാഷ്ട്രീയ നിലപാടുകളിലേക്ക് എത്തിച്ചേരുന്നുണ്ട്. പക്ഷേ, കമ്മ്യൂണിസ്റ്റ് ആശയങ്ങളിലുള്ള താൽപര്യത്തേക്കാൾ ഗോപാലൻ എന്ന പാർട്ടി നേതാവിനോട് അവർക്ക് രണ്ടുപേർക്കും തോന്നുന്ന പ്രണയമാണ് അവരെ രാഷ്ട്രീയപ്രവർത്തനത്തിലേക്ക് നയിക്കുന്നത് എന്നതാണ് പ്രശ്നം. സാമൂഹ്യരാഷ്ട്രീയ സാഹചര്യങ്ങളെ സ്വന്തമായി വിലയിരുത്തി നിലപാടെടുക്കാനുള്ള, രാഷ്ട്രീയബോധ്യങ്ങളെ രൂപപ്പെടുത്താൻ ശേഷിയുള്ളവരായല്ല സിനിമ സ്ത്രീകളെ അവതരിപ്പിക്കുന്നത്.



1990ലാണ് ലാൽസലാം പുറത്തിറങ്ങുന്നത്. അപ്പോഴേക്കും രാഷ്ട്രീയക്കാരും രാഷ്ട്രീയവും അഴിമതിക്കാരും കൊള്ളരുതാത്തവരുമാണ് എന്നും എല്ലാ രാഷട്രീയക്കാരും ഒരുപോലെയാണ് എന്നുമുള്ള ആഖ്യാനങ്ങൾ ഇന്ത്യൻ സിനിമയിലൊന്നാകെ പടർന്നുപിടി

ച്ചിരുന്നു. രാഷ്ട്രീയക്കാരൊക്കെ വില്ലൻമാരായി മാറി. ഇവർക്കെതിരെ നിയമം കയ്യിലെടുക്കുന്ന ക്ഷുഭിതയൗവനങ്ങളായിരുന്നു അക്കാലത്തെ സ്ഥിരം നായകവേഷങ്ങൾ. കൂടാതെ ഉദാരവൽക്കരണ സാമ്പത്തികനയങ്ങളും ഹിന്ദുത്വആശയങ്ങളുടെ അധീശത്വും ഇന്ത്യൻ രാഷ്ട്രീയസാഹചര്യങ്ങളെ അടിമുടി മാറ്റിപ്പണിതകാലം കൂടിയാണ്. പഴയ കാലത്തെ നല്ല പാർട്ടി / പുതിയ കാലത്തെ മോശം പാർട്ടി എന്ന വിപരീതദ്വന്ദ്വത്തിലാക്കി കമ്മ്യൂണിസ്റ്റ്പാർട്ടിയെ കുറിച്ച് സിനിമയ്ക്കുള്ളിലും പുറത്തും നടക്കുന്ന വ്യവഹാരങ്ങളുടെ പശ്ചാത്തലം കൂടി ലാൽസലാമിനുണ്ട്. ഈ ചർച്ചകളുടെ ചുവടുപിടിച്ചുതന്നെയാണ് സിനിമയുടെ പ്രമേയം രൂപപ്പെടുത്തിയിരിക്കുന്നത്. പാർട്ടിയുടെ രൂപപ്പെടൽ ചരിത്രമെന്ന വ്യാജേനയുള്ള ആഖ്യാനങ്ങളും അധികാരം കിട്ടിയതിന് ശേഷമുള്ള മൂല്യച്യുതിയുമാണ് സിനിമ അവതരിപ്പിക്കുന്നത്. സ്റ്റീഫൻ നെട്ടൂരാനും ഡി.കെ. ആന്റണിക്കുമൊപ്പം പാർട്ടി കെട്ടിപ്പടുക്കാൻ നിർണായക പങ്കുവഹിച്ച വ്യക്തിയാണ് സേതുലക്ഷ്മി. ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിൽ അവർ ആഭ്യന്തരമന്ത്രിയാകുന്നുണ്ട്. മന്ത്രിയായതിനുശേഷം അഹങ്കാരിയും തന്നിഷ്ടക്കാരിയും ഉപജാപകസംഘങ്ങളെ കൊണ്ടുനടക്കുകയും അവരുടെ വാക്കുകൾക്കനുസരിച്ച് തുള്ളുകയും ചെയ്യുന്ന ഒരാളായി സേതുലക്ഷ്മി മാറിത്തീരുന്നു. ഇതിനേക്കാളെല്ലാം ഉപരിയായി തന്നേക്കാൾ താഴ്ന്ന ക്യാബിനറ്റ് പദവിയുള്ള മന്ത്രിയായ ഭർത്താവിനെ അനുസരിക്കാത്ത ഭർത്താവിനോടുള്ള ഉത്തരവാദിത്തങ്ങൾ നിറവേറ്റാത്തവൾ എന്നതാണ് വലിയ പ്രശ്നമായിത്തീരുന്നത്.പാർട്ടി വളർത്തുന്നതിനായി നിരവധി പോരാട്ടങ്ങളും പോലീസ് – ജന്മിമാരുടെ ഭാഗത്തുനിന്നുള്ള അതിക്രൂരമായ അക്രമങ്ങളെയും നേരിട്ടവരിൽ പുരുഷൻമാർ മാത്രമായിരുന്നില്ല സ്ത്രീകളുമുണ്ടായിരുന്നു. കൂത്താട്ടുകുളം മേരിയുടേയും കെ.ദേവയാനിയുടെയും കെ.ആർ ഗൗരിയമ്മയുടേയുമെല്ലാം ജീവചരിത്രം പരിശോധിച്ചാൽ അത് വ്യക്തമാകും. പോലീസ് ലാത്തിക്ക് ഗർഭിണിയാക്കാനുള്ള ശേഷിയുണ്ടായിരുന്നുവെങ്കിൽ ഞാൻ ലാത്തിക്കുഞ്ഞുങ്ങളെ പ്രസവിച്ചേനെ എന്ന് ഗൗരിയമ്മ പറയുന്നുണ്ട്. യോനിയിലേക്ക് ലാത്തി കയറ്റിക്കൊണ്ടുള്ള ക്രൂരമർദ്ദനങ്ങൾക്കും സ്ത്രീകൾ ഇരയായിട്ടുണ്ട് എന്നാണ് ഗൗരിയമ്മയുടെ വാക്കുകൾ വ്യക്തമാക്കുന്നത്. എന്നാൽ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വളർച്ചയെ അടയാളപ്പെടുത്താൻ ശ്രമിച്ച സിനിമയെന്ന് തോന്നിപ്പിക്കുമ്പോഴും സ്ത്രീകളുടെ ഇത്തരം അനുഭങ്ങളെ സിനിമ അവതരിപ്പിക്കുന്നില്ല. നെട്ടൂരാനെ പോലീസ് മർദ്ദിക്കുന്നത് മാത്രമാണ് കാണിക്കുന്നത്. സിനിമയുടെ ആഖ്യാനത്തിൽനിന്ന് സ്ത്രീയുടെ പോരാട്ടങ്ങളും അതിന്റെ പേരിൽ അനുഭവിച്ച എണ്ണമറ്റ മർദ്ദനങ്ങളും പുറത്താക്കപ്പെടുന്നു. അധികാരം കിട്ടിയ സ്ത്രീകൾ അഹങ്കാരികളായിത്തീരുമെന്നും കുടുംബബന്ധങ്ങളെ ദുർബലപ്പെടുത്തുമെന്നും പറഞ്ഞുവെക്കുകയും ചെയ്യുന്നു. അധികാരത്തിമിരം ബാധിച്ചിരിക്കുന്നു സേതുലക്ഷ്മിക്ക് എന്ന് നെട്ടൂരാനും ഒരു സ്ത്രീയാണെന്നും എന്റെ ഭാര്യയാണെന്നുമുള്ള ബോധം ഇല്ലാതായിരിക്കുന്നു എന്ന് ഡി.കെ. ആന്റണിയും പരിതപിക്കുന്നുണ്ട്. അവസാനം ചെയ്ത തെറ്റുകൾക്കെല്ലാം മാപ്പുപറഞ്ഞ് ഭർത്താവിന്റെ കാലുപിടിച്ചുകരയുന്ന സ്ത്രീയായി സേതുലക്ഷ്മി മാറുന്നു.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യകാല നേതാവായ കെ.ആർ. ഗൗരിയമ്മയുടെ ജീവിതത്തെ അനുസ്മരിപ്പിക്കുന്ന സിനിമയാണ് ചീഫ് മിനിസ്റ്റർ കെ. ആർ.ഗൗതമി (1994). ഇവിടെയും കെ.ആർ.ഗൗതമിയുടെ പാർട്ടി പ്രവർത്തനങ്ങളെയും പോരാട്ടങ്ങളെയും അനുഭവിച്ച മർദ്ദനങ്ങളെയും അവതരിപ്പിക്കാനല്ല സിനിമ ശ്രമിക്കുന്നത് എന്നത് ശ്രദ്ധേയമാണ്.

വിദ്യാർത്ഥി രാഷ്ട്രീയവും ക്യാംപസ്സും സിനിമയുടെ ഇഷ്ടവിഷയങ്ങളാണ്. ക്യാംപസ്സുകളെ രാഷ്ട്രീയവൽക്കരിക്കുകയും സർഗാത്മകമാക്കുകയും ചെയ്യുന്നതിൽ വിദ്യാർത്ഥി രാഷ്ട്രീയം വലിയ പങ്കാണ് വഹിക്കുന്നത്. അതിന് നെടുനായകത്വം വഹിക്കുന്നതിൽ വിദ്യാർത്ഥികളെപ്പോലെത്തന്നെ വിദ്യാർത്ഥിനികളും എല്ലാ കാലത്തും ഉണ്ടായിട്ടുണ്ട്. ഇന്നത്തെ ഒട്ടുമിക്ക രാഷ്ട്രീയപാർട്ടികളിലെയും സ്ത്രീനേതാക്കൾ വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ കടന്നുവന്നവരാണ്. എന്നാൽ, ക്യാംപസ് രാഷ്ട്രീയം ചർച്ച ചെയ്യുന്ന സിനിമകളിലൊന്നും തന്നെ ഈ വിദ്യാർത്ഥിനി നേതാക്കളെ കാണാൻ സാധിക്കില്ല. പലപ്പോഴും ക്യാംപസ്സിലെ ഹീറോകളായ പുരുഷനേതാക്കളെ അകമ്പടി സേവിക്കുകയും അവരുടെ വളരെ തരംതാണ പടലപ്പിണക്കങ്ങൾക്ക് പകരം വീട്ടാൻ ഉപയോഗിക്കുന്ന കരുക്കളായും അതിന് കൂട്ടുനിൽക്കുന്നവരുമായാണ് വിദ്യാർത്ഥിനി നേതാക്കൾ ചിത്രീകരിക്കപ്പെടുന്നത്.

പോസ്റ്ററൊട്ടിക്കുകയും പ്രകടനം നടത്തുകയും ചെയ്യുന്ന രംഗങ്ങളിൽ മാത്രമാണ് പെൺകുട്ടികളുടെ സാന്നിധ്യം കാണുന്നത്. 2006 പുറത്തിറങ്ങിയ ക്ലാസ്മേറ്റ്സ് എന്ന സിനിമ ഇതിന് ഉദാഹരണമാണ്. നായകനായ സുകുമാരന് നായികയായ താരയോട് പകരം വീട്ടാൻ ലേഡീസ് ഹോസ്റ്റലിന്റെ വാതിൽ തുറന്നുകൊടുക്കുന്നത് വിദ്യാർത്ഥിനി നേതാവായി കാണിക്കുന്ന കഥാപാത്രമാണ്. കൃത്യമായ രാഷ്ട്രീയ പ്രത്യയശാസ്ത്രബോധ്യങ്ങളിൽ നിന്നുകൊണ്ടുള്ള സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക മേഖലകളെയും പ്രശ്നങ്ങളെയും സംബന്ധിക്കുന്ന എല്ലാ ലിംഗവിഭാഗങ്ങളിലുമുള്ളവരും കൂട്ടമായി നടത്തുന്ന സംവാദങ്ങളിലൂടെയും വിയോജിപ്പുകളിലൂടെയും ഇടപെടലുകളിലൂടെയുമാണ് ക്യാംപസ് രാഷ്ട്രീയം നിലനിൽക്കുന്നത്. ഇതിനെ പാടെ അവഗണിച്ചുകൊണ്ട് വ്യക്തി താൽപര്യങ്ങളും ഹീറോയിസവും രാഷ്ട്രീയമായിക്കാണുകയും പെൺകുട്ടികളുടെ ദീർഘകാലത്തെ രാഷ്ട്രീയ ജീവിതത്തെ തിരസ്ക്കരിക്കുകയുമാണ് സിനിമ ചെയ്യുന്നത്. സമീപകാലത്ത് ക്യാംപസ്സുകളെ ഇളക്കിമറി

ച്ച ഒരു മെക്സിക്കൻ അപാരത(2017), സഖാവ്(2017) തുടങ്ങിയ സിനിമകളിലും ഇത്തരത്തിൽ പെൺകുട്ടികളുടെ രാഷ്ട്രീയജീവിതം അന്യവൽക്കരിക്കപ്പെടുന്നത് കാണാം.

ഭരണാധികാരി എന്ന നിലയിൽ മികവ് പുലർത്തുന്ന സ്ത്രീകളെ നിങ്ങൾ അമ്മയാണ്, ഭാര്യയാണ്, അനുജത്തിയാണ്എന്നിങ്ങനെ നിരന്തരം ഓർമ്മിപ്പിക്കുന്ന, അധികാരം കയ്യാളുന്ന സ്ത്രീകളോടുള്ള പുരുഷന്റെ, പുരുഷാധിപത്യസമൂഹത്തിന്റെ അസഹിഷ്ണുതയും ഭയവും കേരളത്തിന്റെ ചരിത്രത്തിലുടനീളം കാണാം. മാർത്താണ്ഡവർമ്മ ആറ്റിങ്ങൽ റാണിമാരിൽ നിന്നും രാജ്യം കൈക്കലാക്കി അവരെ അമ്മറാണിമാരാക്കി കൊട്ടാരമൂലയ്ക്കലിരുത്തിയ ചരിത്രം ജെ. ദേവിക കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടാകുന്നതെങ്ങനെ? എന്ന പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. കേരളം കണ്ടതിൽ വെച്ച് ഏറ്റവും ശക്തയും കാര്യശേഷിയും കർമശേഷിയുമുള്ളമന്ത്രിയായിരുന്ന ശ്രീമതി കെ. ആർ. ഗൗരി ഒരു സ്ത്രീയെന്ന നിലയിൽ നിയമസഭയിൽ നിരന്തരം അപമാനിക്കപ്പെടുന്നുണ്ട് എന്ന് നിയമസഭാരേഖകളെ ഉദ്ധരിച്ച് ഷിബി. കെ അഭിപ്രായപ്പെടുന്നു. 1967 ലെ റവന്യൂറിക്കവറി നിയമവുമായി ബന്ധപ്പെട്ട് നിയമസഭയിൽ നടന്ന ചർച്ചയിലാണ് കെ. എം.മാണി, ഗൗരിയെ അപമാനിക്കുന്ന തരത്തിലുള്ള പ്രയോഗങ്ങൾ നടത്തുന്നത്. ഷിബിയുടെ വാക്കുകളിൽ: മന്ത്രിസഭയിൽ വേറെ സ്ത്രീകളില്ല എന്നതുകൊണ്ടാണോ, അതല്ല നീയൊരു പെണ്ണാണ് എന്ന് ഓർമ്മപ്പെടുത്തുന്നതിനായിട്ടാണോ, എങ്ങനെയാണെങ്കിലും ഇടക്കിടെ കെ.ആർ. ഗൗരിയെ ബില്ലവതരണവേളയിൽ സഭാംഗങ്ങൾ മന്ത്രിണിയെന്ന് വിളിച്ച് പരിഹസിക്കുന്നത് കാണാം. ഒരുവേള കെ.എം. മാണി മന്ത്രിണി യെന്ന് പറഞ്ഞ് ആക്ഷേപിച്ചപ്പോൾ മന്ത്രിയെന്നത് കോമൺ ജെൻഡറാണെന്നും സ്ത്രീകളെ മന്ത്രിണിയെന്ന് പറയേണ്ട കാര്യമില്ലയെന്നും സഭയിൽ നിന്നും അഭിപ്രായമുണ്ടായി. ഈ അവസരം മുതലെടുത്തുകൊണ്ട് കെ.എം.മാണി അടുത്ത നിമിഷംതന്നെ ബഹുമാനപ്പെട്ട റവന്യൂവകുപ്പ് മന്ത്രി ശ്രീമതി ഗൗരി തോമസ് എന്നാണ് വിശേഷിപ്പിച്ചത്. മന്ത്രിണിയെന്ന് പരിഹസിച്ചിരുന്ന അംഗം റവന്യുവകുപ്പ് മന്ത്രിയെന്നോ കെ.ആർ.ഗൗരിയെന്നോ പറയാതെ പെട്ടെന്ന് ശ്രീമതി ഗൗരി തോമസ് എന്ന് വിളിച്ചത് നീ ആരായാലും ടി.വി.തോമസിന്റെ ഭാര്യയാണ് എന്ന വ്യംഗ്യാർത്ഥത്തോടെയാണ്. മൂലയ്ക്കിരുത്താനാണെങ്കിലും പരിഹസിക്കാനാണെങ്കിലും ഇനി സ്നേഹപൂർവ്വമാണെങ്കിലും ഭരണാധികാരികളായ സ്ത്രീകളെ ഈ ഭാര്യയാണെന്ന ഓർമ്മപ്പെടുത്തലും അമ്മ വിളിയും പെങ്ങളൂട്ടിയും അനുജത്തിക്കുട്ടിയാക്കലുമൊക്കെ അവരെ കുടുംബത്തിന്റെ നാലതിരുകൾക്കുള്ളിൽ തളച്ചിടാൻ ലക്ഷ്യം വെച്ചുള്ളതാണ്. സ്ത്രീയുടെ ഭരണമികവ് അവർ വർഷങ്ങൾ നീണ്ടുനിൽക്കുന്ന രാഷ്ട്രീയ-സംഘടനാപ്രവർത്തനത്തിലൂടെ രൂപപ്പെടുത്തിയെടുത്തതല്ലെന്നും മറിച്ച് അവർ അമ്മമാരായതുകൊണ്ടാണ് ഇതെല്ലാം സാധിക്കുന്നത് എന്ന് വരുത്തിത്തീർക്കാനാണ് ഇത്തരം പ്രയോഗങ്ങൾ ഉപകരിക്കുക. കേരളത്തിൽ ഇന്ന് ജീവിച്ചിരിക്കുന്ന എല്ലാ പുരുഷൻമാരായ രാഷ്ട്രീയനേതാക്കളേക്കാളും (വി.എസ്. അച്യുതാനന്ദനെയും പിണറായി വിജയനെയും ഒഴിച്ച്) തീക്ഷണമായ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോയ സ്ത്രീയാണ് കെ. ആർ.ഗൗരി എന്ന് നിസ്സംശയം പറയാവുന്നതാണ്. കേരളത്തിലെ (ഇന്ത്യയിലെതന്നെ) കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വളർത്തിയെടുക്കുന്നതിന് ചോരയും നീരും നൽകി നെടുംതൂണായി നിന്ന സ്ത്രീയാണ്. ആധുനിക കേരളത്തെ വാർത്തെടുക്കുന്നതിൽ നിർണായകപങ്കുവഹിച്ച സ്ത്രീയാണ്. ഇവരെയാണ് നീ വല്യ മന്ത്രിയാണേലും ടി.വി. തോമസിന്റെ ഭാര്യയല്ലേ എന്ന് ദ്യോതിപ്പിക്കുന്ന അഭിസംബോധന നടത്തി അപമാനിക്കുന്നത്.



നിപ്പയ്ക്കുശേഷം പുറത്തിറങ്ങിയ മാതൃഭൂമി പത്രത്തിന്റെ വാരാന്ത്യപ്പതിപ്പിൽ ടീച്ചറമ്മ നമ്പർ വൺ എന്നാണ് ശൈലജ ടീച്ചറുമായുള്ള അഭിമുഖത്തിന്റെ തലക്കെട്ട്. നിപ്പയെ നേരിട്ട മെഡിക്കൽ ടീമിൽ അംഗമായിരുന്ന ഡോ. അനൂപ്കു

മാർ എ. മുതൽ ധാരാളം പേർ ടീച്ചറമ്മ എന്ന പ്രയോഗം ഏറ്റുപിടിക്കുന്നത് കാണാം. അമ്മ, മകനോടുള്ള വാത്സല്യം, മകനോടെന്ന പോലെ പെരുമാറി, അമ്മയെപ്പോലെ ആശ്വസിപ്പിച്ചു, പെങ്ങളൂട്ടി എന്നിങ്ങനെയാണ് അധികാരസ്ഥാനങ്ങളിലിരിക്കുന്ന സ്ത്രീകളെക്കുറിച്ച് പറയുമ്പോൾ പൊതുവെ ഉപയോഗിക്കുന്നത്.

ഏറെ പുരോഗമനപരവും രാഷ്ട്രീയബോധവുമുള്ള ഒരു സമൂഹമായി മനസ്സിലാക്കപ്പെടുമ്പോഴും അധികാരം കയ്യാളുന്ന സ്ത്രീകളോട് എന്തുകൊണ്ടാണ് ഇപ്പോഴും ഇത്തരത്തിലുള്ള മനോഭാവം കേരളത്തിൽ നിലനിൽക്കുന്നത്? നമ്മുടെ സിനിമകൾ എന്തുകൊണ്ടാണ് ഭരണാധികാരം കയ്യാളുകയും രാഷ്ട്രീയപ്രവർത്തനം നടത്തുകയും ചെയ്യുന്ന സ്ത്രീകളെ അഹങ്കാരികളായും കുടുംബം തകർക്കുന്നവളായും ചിത്രീകരിക്കുപ്പെടുന്നത്? വർത്തമാനത്തിലല്ല, ഭൂതകാലത്തിലാണ് ഇതിന് ഉത്തരം തേടേണ്ടത്-ആധുനികകേരള നിർമിതിയോടൊപ്പം ആധുനികസ്ത്രീയും നിർമിക്കപ്പെട്ട ഭൂതകാലം. സ്ത്രീക്കും പുരുഷനും തുല്യാവകാശം വിഭാവനം ചെയ്യുമ്പോഴും രാഷ്ട്രത്തിന്റെ വിഭവസമ്പത്തിലും രാഷ്ട്രീയാധികാരനിർണയാവകാശത്തിലും സ്ത്രീകൾക്ക് രാഷ്ട്രത്തിനകത്ത് തുല്യാവകാശം ലഭിക്കുന്നില്ലെന്ന് ഫെമിനിസ്റ്റ് പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. സ്ത്രീയെ മാതാവ്, ഭാര്യ, മകൾ, സഹോദരി തുടങ്ങിയ കുടുംബപരമായ റോളുകളുമായി ബന്ധപ്പെടുത്തിയാണ് ദേശീയതാ വ്യവഹാരങ്ങളിൽ മുഴുവനും കാണാനാവുക. സ്വാതന്ത്ര്യസമരത്തിലും സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം ആവശ്യപ്പെടുമ്പോഴും അവരുടെ രാഷ്ട്രീയപ്രവേശവും അധികാരപദവികയ്യാളലും വല്ലാത്ത ഭീതിയോടെയാണ് നവോത്ഥാന- ദേശീയ പ്രസ്ഥാന നേതാക്കൾ കണ്ടിരുന്നത് എന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. കുടുംബത്തിന്റെ ഉത്തരവാദിത്തം നിറവേറ്റിയതിന് ശേഷം മാത്രമാവണം രാഷ്ട്രീയപ്രവർത്തനമെന്ന് ഗാന്ധിജി നിർദ്ദേശിക്കുന്നുണ്ട്. കേരളത്തിലും സമാനമായ ചർച്ചകൾതന്നെയാണ് നടക്കുന്നത്.

ആധുനികകേരളത്തെ രൂപപ്പെടുത്തുന്നത് നവോത്ഥാനപ്രസ്ഥാനങ്ങളാണ്. ആധുനികകേരളം എപ്രകാരമാകണമെന്നതുപോലെ തന്നെ, ആധുനിക മലയാളിസ്ത്രീ, പുരുഷൻ, കുടുംബം, ലൈംഗികത, ദായക്രമം എന്നിവയെല്ലാം എപ്രകാരമാകണമെന്ന ചർച്ചകൾ അക്കാലത്ത് നടക്കുന്നുണ്ട്. ആധുനികസ്ത്രീയെ വീട്ടമ്മയായാണ് നവോത്ഥാനം വിഭാവനം ചെയ്തത്. രാഷ്ട്രീയപ്രവർത്തനവും ഭരണാധികാരിയാകലും പോയിട്ട് സ്ത്രീകൾ ജോലിക്കുപോകുന്നതുപോലും അനുവദിക്കേണ്ടതാണെന്ന് കരുതാത്തവരാണ് കേരളീയ നവോത്ഥാനത്തെ നയിച്ചത്. സ്ത്രീവിമോചനാശയങ്ങളുടെ വക്താക്കളായിരിക്കുമ്പോഴും സ്ത്രീയുടെ സ്വാതന്ത്ര്യത്തേയും പൊതുമണ്ഡലത്തിലേക്കുള്ള അവളുടെ കടന്നുവരവിനെയും സംശയത്തോടെയും ഭയത്തോടെയും കൂടിയാണ് അവർ നോക്കിക്കണ്ടത് എന്ന് ജെ.ദേവിക നിരീക്ഷിക്കുന്നു: അടുക്കളയിൽനിന്ന് അരങ്ങത്തേക്കിറങ്ങാൻ സ്ത്രീകളെ സഹായിച്ച കേരളത്തിലെ സാമുദായിക പ്രസ്ഥാനങ്ങളെപ്പറ്റി നാം വളരെ കേൾക്കാറുണ്ട്. പക്ഷേ സാമുദായപരിഷ്കർത്താക്കളിൽ നല്ലൊരു വിഭാഗം സ്ത്രീകളെ കുടുംബത്തിന്റെ വിളക്കുകൾ മാത്രമായി കാണാൻ ആഗ്രഹിക്കുന്നവരായിരുന്നു. അധികാരത്തോടടുക്കുന്ന സ്ത്രീകളെ അവർ സംശയത്തോടെ കണ്ടു. അമ്മത്തമ്പുരാട്ടികളും ത്യാഗോപമൂർത്തികളുമായ സ്ത്രീകളെ മാത്രമേ അവർ അധികാരത്തിന്റെ ഉന്നതങ്ങളിൽ കണ്ടിരുന്നുള്ളു. പുരുഷൻമാരെപ്പോലെ അധികാരം കയ്യാളുന്ന സ്ത്രീ ദുഷ്ടയും പൗരുഷക്കാരിയുമായിരിക്കും എന്ന മുൻവിധി, നാമിന്ന് ആരാധിക്കുന്ന പല സമുദായ പരിഷ്കർത്താക്കളായ മഹാൻമാരും വച്ചുപുലർത്തിയിരുന്നു (2010, 61). ഇത്തരത്തിൽ, സ്വാഭാവം, സൗന്ദര്യം തുടങ്ങി ആദർശസ്ത്രീയെ രൂപപ്പെടുത്താൻ വേണ്ടുന്ന കാര്യങ്ങളെക്കുറിച്ചുള്ള ചർച്ചകളാണ്, ശ്രമങ്ങളാണ് നവോത്ഥാനം കൂടുതലും നടത്തിയത്. വീട്ടമ്മ, മാതാവ്, പെങ്ങൾ, ഭാര്യ തുടങ്ങിയ റോളുകൾക്ക് പുറത്ത് സ്ത്രീകൾ ചെയ്യുന്ന എന്തിനെയും ധാർഷ്ട്യവും അഹങ്കാരവുമായി കാണുന്ന പൊതുബോധത്തെ സൃഷ്ടിക്കുകയാണ് നവോത്ഥാനം ചെയ്തത്. ഈ പൊതുബോധമാണ് ഇപ്പോഴും കേരളത്തിൽ നിലനിൽക്കുന്നത്. ഇനി, അധികാരസ്ഥാനങ്ങളിൽ വന്നാലോ അപ്പോഴും കുടുംബത്തിന്റെ ഉത്തരവാദിത്തങ്ങൾ മുഴുവൻ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. നല്ല ഭാര്യയാണ്, നല്ല അമ്മയാണ് എന്ന് സമൂഹത്തെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. പുരുഷനായ ഭരണാധികാരികളെ ഇപ്രകാരം കുടുംബത്തിന്റെ ഉത്തരവാദിത്തങ്ങളും പദാവലികളുമായി സാധാരണ കൂട്ടിച്ചേർക്കാറില്ല. നല്ല പ്രധാനമന്ത്രിയാകാൻ, നല്ല മുഖ്യമന്ത്രിയാകാൻ നല്ല അച്ഛനോ ഭർത്താവോ ആകേണ്ട കാര്യമില്ല. എന്നാൽ, സ്ത്രീകൾ നല്ല ഭരണാധികാരികളാകണമെങ്കിൽ നല്ല അമ്മമാരും ഭാര്യമാരുമൊക്കെ ആയേ പറ്റൂ. അങ്ങനെ ആണെങ്കിൽ മാത്രമേ അവർക്ക് ഭരണരംഗത്ത് മികവുള്ളവരാകാൻ സാധിക്കൂ. ശൈലജ ടീച്ചർ നല്ല മന്ത്രിയായത് അവർ നല്ല അമ്മയായതുകൊണ്ടാണ് എന്ന ബോധത്തിൽ നിന്നാണ് ടീച്ചറമ്മ എന്ന വിശേഷണങ്ങളുണ്ടാകുന്നത്.സ്ത്രീഭരണാധികാരികൾ നിസ്സഹായരായും അഹങ്കാരികളായും കുടുംബം തകർക്കുന്നവരായും സിനിമകളിൽ അവതരിപ്പിക്കപ്പെടുന്നത് ഈ പൊതുബോധം ഇപ്പോഴും രൂഢമൂലമായി നിൽക്കുന്നതുകൊണ്ടാണ്. ഇത്തരം പ്രയോഗങ്ങളും ചിത്രീകരണവും കുടുംബത്തിന് പുറത്ത് സ്ത്രീകൾക്ക് അസ്തിത്വമില്ല എന്ന് ഉറപ്പിക്കലാണ്. അവരെ കുടുംബത്തിൽ തളച്ചിടലാണ്. ദീർഘകാലത്തെ ഊർജസ്വലവും തീക്ഷണവുമായ ഇടപെടുലുകളെ റദ്ദുചെയ്യുന്നതാണ്.

പെൺപക്ഷം

അജിത കെ.



# ഇന്ത്യൻ ജനാധിപത്യം ചില പരിമിതികൾ...

**'നിങ്ങൾ ചായയുണ്ടാക്കിക്കോളൂ, ഞങ്ങൾ തീരുമാനമെടുക്കാം' എന്ന പുരുഷാധിപത്യത്തിന്റെ ഈ ജോലി വിഭജനം അംഗീകരിക്കാൻ സ്ത്രീകളെ നിർബന്ധിതരാക്കുന്നു.**

സ്വാതന്ത്ര്യം ലഭിച്ച ശേഷം ഇന്ത്യയിൽ നിലവിൽ വന്ന ജനാധിപത്യ വ്യവസ്ഥിതി പ്രവർത്തിക്കുന്നത് ഡോക്ടർ അംബേദ്കർ രൂപംകൊടുത്ത ഭരണഘടനയിലെ മൗലിക അവകാശങ്ങളുടെ അടിസ്ഥാനത്തിലാണ്. സ്ത്രീ-പുരുഷ തുല്യത ഉയർത്തിപ്പിടിക്കുന്ന ഭരണഘടന പക്ഷെ, ജനാധിപത്യത്തിന്റെ നെടുംതൂണുകളായ പാർലമെന്റിലും നിയമസഭകളിലും ഈ തത്വം നടപ്പിലാക്കണമെന്ന് നിഷ്കർഷിക്കുന്നില്ല. 75 വർഷങ്ങൾ കഴിഞ്ഞിട്ടും ഇന്നും ഈ തത്വം നടപ്പിലാക്കാൻ ഇവിടെ ഭരിച്ച ഭരണകർത്താക്കളാരും തയ്യാറായില്ല. ജനസംഖ്യാനുപാതികമായി സ്ത്രീകൾക്കും ദളിതർക്കും ആദിവാസികൾക്കും മറ്റു മത- ലൈംഗിക ന്യൂനപക്ഷങ്ങൾക്കും ഈ സഭകളിൽ പ്രാതിനിധ്യം വേണമെന്ന പ്രാഥമിക ജനാധിപത്യ സമീപനം തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളാരും തന്നെ വെറുതെ പോലും ഉരിയാടുന്നില്ല. സ്ത്രീകൾക്ക് 33% പങ്കാളിത്തം പാർലമെൻറിലും നിയമസഭകളിലും നല്കണമെന്നാവശ്യപ്പെടുന്ന ഒരു ബിൽ ദശകങ്ങളായി ഇന്ത്യൻ പാർലമെൻറിൽ മോക്ഷം തേടി കഴിയുന്നു. കഴിഞ്ഞ യു.പി.എ സർക്കാരിന്റെ കാലത്ത് രാജ്യസഭ ആ ബിൽ പാസാക്കിയെങ്കിലും ലോക്സഭയിൽ അത് വെളിച്ചം കണ്ടില്ല .നരേന്ദ്രമോഡിയുടെ ആദ്യത്തെ സർക്കാരും ഇപ്പോഴത്തെ സർക്കാരും അങ്ങനെ ഒരു ബിൽ ഉള്ളതായേ ഭാവിക്കുന്നില്ല. തങ്ങളുടെ തികച്ചും സ്വേച്ഛാധിപത്യപരമായ താല്പര്യങ്ങൾക്കനുസരിച്ചുള്ള നിയമങ്ങൾ ആരുടെ സമ്മതമില്ലെങ്കിലും ചുടപ്പംപോലെ പാസാക്കിയെടുക്കുന്ന ഈ കേന്ദ്ര ഭരണകൂടം ഇങ്ങനെയൊരു ബിൽ കണ്ടതായേ ഭാവിക്കുന്നില്ല.




നിയമനിർമ്മാണത്തിനുള്ള രാജ്യത്തിന്റെ നയതീരുമാനങ്ങളെടുക്കുന്ന ഈ സഭകളിൽ (പാർലമെന്റും സംസ്ഥാന നിയമസഭകളും) ഈ കാര്യം പരിഗണിക്കുന്നില്ലെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 50 ശതമാനത്തിലധികം സ്ത്രീപങ്കാളിത്തം നൽകുന്നുണ്ടെന്ന് സംസ്ഥാന സർക്കാറുകൾ അവകാശമുന്നയിക്കുന്നു. തീരുമാനമെടുക്കുന്ന നിർണായകമായ പ്രക്രിയകളിൽ നിന്ന് സ്ത്രീകളെ മാറ്റിനിർത്തിക്കൊണ്ട് സർക്കാറിന്റെ പദ്ധതികൾ നടപ്പിലാക്കാൻ മാത്രം അവകാശമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തുല്യപങ്കാളിത്തം നൽകി യഥാർത്ഥത്തിൽ സ്ത്രീകളെ കബളിപ്പിക്കുകയാണ്. 'നിങ്ങൾ ചായയുണ്ടാക്കിക്കോളൂ, ഞങ്ങൾ തീരുമാനമെടുക്കാം' എന്ന പുരുഷാധിപത്യത്തിന്റെ ഈ ജോലി വിഭജനം അംഗീകരിക്കാൻ സ്ത്രീകളെ നിർബന്ധിതരാക്കുന്നു. ഇക്കാര്യത്തിൽ നിലവിലുള്ള മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളാരും തന്നെ ഏറെയൊന്നും വ്യത്യസ്തരല്ല.

എന്തുകൊണ്ട് കേരളത്തിൽ മുഖ്യമന്ത്രി സ്ഥാനം ഒരു സ്ത്രീക്ക് നൽകപ്പെടുന്നില്ല? കഴിവുള്ള സ്ത്രീകൾ ഇല്ലാഞ്ഞിട്ടാണോ? അതോ പുരുഷന് അധികാരം വിട്ടുകൊടുക്കാനുള്ള വൈമനസ്യമോ? സ്ത്രീപ്രാതിനിധ്യം ഏതു പാർട്ടിയുടെ തീരുമാനങ്ങളെടുക്കുന്ന ഉയർന്നതലങ്ങളിലാണ് അഞ്ച് ശതമാനത്തിൽ കൂടുതലുള്ളത്. ജനാധിപത്യം എന്നത് വെറും വോട്ട് ചെയ്യാൻ മാത്രമായി ചുരുങ്ങിയിരിക്കുകയാണ്. സ്ഥാനാർഥി നിർണയത്തിലോ അധികാര സ്ഥാനങ്ങൾ പങ്കിടുന്നതിലോ ജനാഭിപ്രായം പരിഗണിക്കപ്പെടുന്നേയില്ല. ഈ ഭരണഘടനയുടെയും പാർലമെന്ററി സമ്പ്രദായത്തിന്റെയും അടിത്തറ തന്നെ തകർത്തുകൊണ്ട് സവർണ്ണ ഹിന്ദുത്വ ഫാസിസം അതിവേഗം അടിച്ചേൽപ്പിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ ജനാധിപത്യത്തിന്റെ മേൽചൂണ്ടിക്കാണിച്ച പരിമിതികൾ ബോധപൂർവ്വം മാറ്റേണ്ടതാണ്, മറികടക്കേണ്ടതാണ്. അല്ലെങ്കിൽ ഒരു വലിയ വിഭാഗം ജനങ്ങൾ ഇത്തരം പ്രക്രിയകൾക്കൊക്കെ അപ്പുറത്താവാൻ ഏറെ താമസമില്ല. ഇന്ത്യയിലെ ഓരോ പൗരനും പൗരയ്ക്കും ഇതെന്റെ , നമ്മുടെ ജനാധിപത്യമാണ്, അതിനെ എന്തുവിലകൊടുത്തും സംരക്ഷിക്കണം എന്ന് ആത്മാർത്ഥമായി തോന്നണമെങ്കിൽ അടിസ്ഥാനപരമായ ഇത്തരം മാറ്റങ്ങൾ അനിവാര്യമാണ്.




**ഡോ.അനിഷ്യ ജയദേവ്**
സംസ്ഥാന സർക്കാരിന്റെ ഭരണകർതൃ പരിശീലന സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിൽ അസി. പ്രഫസറും ജൻഡർ നോഡൽ ഓഫീസറും. വിവർത്തക

# കേരളത്തിലെ സ്ത്രീ രാഷ്ട്രീയ പങ്കാളിത്തവും അധികാരവും

രാജ്യത്തു ഏറ്റവുമധികം വിദ്യാഭ്യാസവും സാമൂഹ്യരാഷ്ട്രീയാവബോധവും സിദ്ധിച്ച ഒരു വിഭാഗം സ്ത്രീകളുള്ള കേരളം പ്രായോഗിക രാഷ്ട്രീയ ദിശാസൂചികയായ നിയമസഭാ തെരഞ്ഞെടുപ്പ് നേരിടുകയാണ്. സ്ഥാനാർഥിത്വത്തിൽ സ്ത്രീപക്ഷ പ്രാതിനിധ്യം തുലോം കുറവായിത്തന്നെ നിലനിർത്തിക്കൊണ്ട്. ഇടതുപക്ഷമൊഴികെ മറ്റു രണ്ടു പക്ഷങ്ങളും ഇതുവരെ തീരുമാനമെടുത്തിട്ടില്ലെന്നത് മാത്രമല്ല , കോൺഗ്രസ് ബി ജെ പി പാർട്ടികളിൽ നേതൃസ്ഥാനത്തെത്തിയ സ്ത്രീകൾ അവർ നേരിടുന്ന മാറ്റിനിറുത്തൽ തുറന്നു പറഞ്ഞു പ്രതിഷേധിക്കുന്നു എന്നതും സമൂഹം കാണുന്നുണ്ട്, തികച്ചും വ്യക്തിഗതമായ പ്രതിഷേധമാണെങ്കിലും.

ഇന്ത്യയിൽ പൊതുവെ സ്ഥിതി ഒട്ടും വ്യത്യസ്തമല്ല. എന്നാൽ വിരലിലെണ്ണാവുന്നതാണെങ്കിലും പ്രധാനമന്ത്രി, പ്രസിഡന്റ് , സംസ്ഥാന മുഖ്യമന്ത്രി എന്നീ സ്ഥാനങ്ങൾ കയ്യാളിയിരുന്ന സ്ത്രീ / സ്ത്രീകൾ ഉണ്ടെന്നത് ചരിത്ര സത്യം . കേരളത്തിലെ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിലുണ്ടായിരുന്നല്ലോ ഒരു വനിതാ മന്ത്രി അവിടെനിന്നിങ്ങോട്ടു പുരോഗമനമാണോ അധഃപതനമാണോ വനിതാ പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ സംഭവിച്ചികൊണ്ടിരിക്കുന്നതെന്ന അനുമാനത്തിൽ എത്തണമെങ്കിൽ കണക്കുകളുടെ ഒരു അവലോകനം അനിവാര്യമാണ്. 1957 മുതൽ കേരളത്തിൽ ഇന്നോളമുണ്ടായിട്ടുള്ള ജനാധിപത്യ രാഷ്ട്രീയാധികാരത്തിലെ സ്ത്രീ പ്രാതിനിധ്യം നോക്കുക. കോൺഗ്രസ് മുന്നണിയും ഇടതുപക്ഷ മുന്നണിയും മാറി മാറി ഭരിച്ച സംസ്ഥാനത്ത് മുഖ്യമന്ത്രി - 0, സ്പീക്കർ - 0, ഡെപ്യൂട്ടി സ്പീക്കർ - 3, മന്ത്രിമാർ - 8 (4.6%), രാജ്യസഭയിൽ എം.പിമാർ -4, ലോകസഭയിൽ എം പിമാർ 9. ഇരുപതു വർഷത്തെ കാലയളവിൽ 140 ജനപ്രതിനിധി സ്ഥാനങ്ങൾക്ക് എതിരായി 1996 ൽ 52, 2001ൽ 55 , 2006ൽ 70 , 2011 ൽ 83

വനിതാ സ്ഥാനാർഥികൾ വിവിധ പാർട്ടികളെ പ്രതിനിധീകരിച്ചു. ഇതിൽ 2006 ൽ 7, 2011 ൽ 8 എന്നീ നിലകളിൽ പ്രാതിനിധ്യവും ലഭിച്ചു .വോട്ടവകാശമുള്ള എഴുപത്തിയെട്ടോളം ശതമാനം (ചെറിയ വ്യതിയാനങ്ങൾ ഉണ്ടാകാം ) സ്ത്രീകളും അവകാശം അ

ടയാളപ്പെടുത്തിയപ്പോൾ 2011 ൽ വെറും 8 സ്ത്രീ പ്രതിനിധികളാണ് നിയമസഭയിൽ എത്തിയത് എന്നതിന് സ്ത്രീ പങ്കാളിത്തം , ആനുപാതിക പ്രാതിനിധ്യമായി സ്ത്രീകൾ പോലും കരുതുന്നില്ല എന്നും അവർക്കു സ്ത്രീപക്ഷത്തേക്കാൾ അവരവരുടെ രാഷ്ട്രീയം ആണ് പ്രധാനം എന്നും അവർ ഒരു സമജാതീയ വിഭാഗമല്ലെന്നും നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു . അതുകൊണ്ടു തന്നെ പാർട്ടി അതീത സ്ത്രീ രാഷ്ട്രീയം എന്ന ഒന്ന് , അധികാരത്തിനു വേണ്ടി പോലും കേരള വനിതകൾക്ക് താത്പര്യമുണ്ടെന്ന് തോന്നുന്നില്ല . മാത്രവുമല്ല സ്ത്രീകൾ തന്നെ തങ്ങളെ പ്രതിനിധീകരിക്കണമെന്നോ , സ്ത്രീകൾക്ക് തങ്ങളുടെ ആവശ്യങ്ങൾ മികച്ച രീതിയിൽ കൈകാര്യം ചെയ്യാനാവുമെന്നോ അവർ വിശ്വസിക്കുന്നുമില്ല .

ഒരു സമൂഹത്തിൽ സ്ത്രീയ്ക്ക് പ്രതികൂലമായി നിൽക്കുന്ന ഏറ്റവും സാധാരണ വിവേചനം ലിംഗ വിവേചനമാണ്, അതിനുള്ളിൽ തന്നെ സാമൂഹിക സാമ്പത്തിക സാംസ്കാരിക വിവേചനം അന്തർലീനമാണ്, അത് സമൂഹത്തിന്റെ പുരോഗതി തടസ്സപ്പെടുത്തുകയും ചെയ്യും. സമൂഹ നിർമ്മിതിക്കുള്ളിൽ , കുടുംബ ബന്ധങ്ങളിലും സമൂഹ ബന്ധങ്ങളിലും ഉൾപ്പടെ നിലകൊള്ളുന്ന ഇത്തരം വിവേചനത്തെ തരണം ചെയ്യാൻ വ്യക്തമായ നയരൂപീകരണവും രൂപീകരിക്കപ്പെടുന്ന നയങ്ങളുടെ കൃത്യമായ നടത്തിപ്പും ഉണ്ടാകണം .

തികച്ചും പിതൃദായകത്വ സ്വഭാവമുള്ള ഒരു സമൂഹത്തിൽ ആരോഗ്യം , ജീവിതനിലവാരം, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത എന്നിവ എത്രകണ്ട് മെച്ചപ്പെട്ടതായി കാണപ്പെട്ടാലും സ്ത്രീപുരുഷ തുല്യതയിലേക്കു അവ നയിക്കും എന്ന് കരുതാൻ ഒരു ഉദാഹരണവും കേരളം കാഴ്ചവച്ചിട്ടില്ല. എന്താണ് രാഷ്ട്രീയത്തിലെ സ്ത്രീ പങ്കാളിത്തം എന്ന പദം നമ്മോടു സംവദിക്കുക?

പല വായനകളിലൂടെയും പഠനങ്ങളിലൂടെയും കടന്നു പോകുമ്പോൾ മനസിലാക്കാൻ സാധിക്കുന്നത് , സ്ത്രീയുടെ രാഷ്ട്രീയ പങ്കാളിത്തം അഥവാ ശാക്തീകരണം അവരുടെ വിഭവങ്ങൾ സ്വന്തമായി ഉപയോഗിക്കാനുള്ള സാധ്യത വർധിപ്പിക്കും എന്നും കർമ്മശേഷി മെച്ചപ്പെടുത്തും എന്നും ആണ്. ലിംഗസമത്വമുറപ്പാക്കുന്ന നയങ്ങൾ വിഭാവനം ചെയ്തു നടപ്പിലാക്കാൻ സാധിക്കുമെന്നും തീരുമാനമെടുക്കാൻ പ്രക്രിയയിൽ പങ്കുവഹിക്കാനാവും എന്നും അതുറപ്പാക്കുന്നു. എന്നാൽ, പുരുഷനിർമ്മിത പരമ്പരാഗത പെരുമാറ്റച്ചട്ടങ്ങൾ അവളെ അതിൽനിന്നു വിലക്കുന്നു എന്നത് കേരളചരിത്രത്തിൽ എഴുതപ്പെടാതെ പോയ ഹെർ സ്റ്റോറികൾ വ്യക്തമാക്കുന്നുണ്ട്. ചരിത്രം പരിശോധിച്ചാലറിയാം ഭൂസ്വത്തു അവകാശമാക്കാനും ക്രയവിക്രയം ചെയ്യാനും ഉള്ള സ്ത്രീയുടെ അവകാശത്തിനുമേലും സ്വന്തം സമ്പാദ്യം വിനിയോഗിക്കുന്നതിനുള്ള അധികാരത്തിനു മേലും വളരെ വ്യക്തമായ ആൺ സൂക്ഷ്മ പരിശോധന നടന്നിരുന്നു . അതായത് സ്ത്രീയ്ക്ക് തുല്യാവകാശമുണ്ടായിരുന്നില്ല, പുരുഷന് എല്ലാറ്റിനും മേലെ ആധിപത്യവും സമൂഹത്തിന്റെ പെരുമാറ്റച്ചട്ട നിയന്ത്രണവും ഉണ്ടായിരുന്നു.

ഏതൊരു നാട്ടിലായാലും രാഷ്ട്രീയത്തിലെ സ്ത്രീ ശാക്തീകരണത്തിന് വേണ്ട അനുസാരികൾ ഏകദേശം സാർവ്വജനീനമാണ്. സ്ത്രീ പങ്കാളിത്തം, സഹായകരമായ രാഷ്ട്രീയ ചട്ടക്കൂടുകൾ, വോട്ടിംഗ് സംവിധാനം , പൗരസംബന്ധിയായ പ്രവർത്തങ്ങളിൽ ഇടപെടൽ, നിയമനിർമാണപ്രക്രിയകളിൽ ഇടപെടലുകൾ , പ്രാദേശിക, സംസ്ഥാന, ദേശീയ തലങ്ങളിൽ പ്രാതിനിധ്യവും പാർലമെന്റിൽ സ്ത്രീകളുടെ അവകാശത്തിനായി സ്വാധീനം ചെലുത്തലും. എന്നാൽ സ്ത്രീകളുടെ സാമൂഹിക, സാംസ്കാരിക സാമ്പത്തിക ശാക്തീകരണത്തിന് ലഭിക്കുന്നതിൽ തുലോം കുറവ് പ്രാധാന്യമാണ് രാഷ്ട്രീയ ശാക്തീകരണത്തിനും



തദ്വാരാ പങ്കാളിത്തത്തിനും ലഭിക്കുന്നത്.

സ്ത്രീശാക്തീകരണത്തിനായി തയ്യാറാക്കി നടപ്പിലാക്കിയ ഓരോ ക്ഷേമ വികസനപരിപാടികളും തികച്ചും ആണധികാര ഘടനകൾ ഊട്ടിയുറപ്പിക്കുന്നവയായിരുന്നു . പ്രായോഗിക തലത്തിൽ സ്ത്രീ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ മാത്രമാണ് അത് ശ്രമിച്ചത്. സാമ്പത്തിക സാംസ്കാരിക സാമൂഹിക ശാക്തീകരണം സ്ത്രീയുടെ രാഷ്ട്രീയ പങ്കാളിത്തത്തിലേക്കു അരിച്ചിറങ്ങുമെന്നാണ് വിശ്വസിക്കപ്പെട്ടിരുന്നത് . എന്നാൽ മലയാളിസ്ത്രീയുടെ ഒരു തരത്തിലുള്ള കീഴാള നിലയ്ക്കും അത്തരം ശ്രമങ്ങൾ ഒരു മാറ്റവും വരുത്തിയില്ല .സർക്കാർ വിഭാവനം ചെയ്ത പരിപാടികളും സാമ്പത്തിക ഉന്നതി ലക്ഷ്യമാക്കിയുള്ളതായിരുന്നു. സാമ്പത്തികമായി സുസ്ഥിരയായ സ്ത്രീയ്ക്ക് രാഷ്ട്രീയ ഇടപെടൽ സാധ്യമാകും എന്ന കാലാകാലങ്ങളായി പ്രചരിക്കുന്ന വിശ്വാസപ്രമാണത്തിനു ഇളക്കം സംഭവിച്ച കാഴ്ചയാണ് കേരളത്തിൽ നമ്മൾ കാണുന്നത്.

സാമൂഹിക സാമ്പത്തിക രാഷ്ട്രീയ മേഖലകളിൽ സ്വയംപര്യാപ്തരായ സ്ത്രീകളില്ലാത്ത ഒരു നാട് പുരോഗമനോന്മുഖമല്ല എന്ന കാഴ്ചപ്പാട് സ്വീകരിക്കുകയാണെങ്കിൽ കേരളത്തിന്റെ വികസനം ഒരു മരീചികയാണെന്നു സമ്മതിക്കേണ്ടിവരും. സൂക്ഷനിക്ഷേപത്തെ കുറിച്ചുള്ള (മൈക്രോക്രെഡിറ്റ്)തന്റെ പഠനത്തിൽ ജോൺസൺ ചൂണ്ടിക്കാണിച്ചപോലെ , സ്ത്രീ ശാക്തീകരണം ഒരു വെറും അനന്തരഫലമല്ല , മറിച്ചു, ഒരു പ്രക്രിയയാണ് (Women's empowerment is not just outcome, but a process ). അതായത് ഒരു ഒറ്റത്തവണ പദ്ധതിയില്ല സ്ത്രീശാക്തീകരണം എന്നാൽ, ഒരു നൈരന്തര്യമാണ് .

അത്തരത്തിൽ ഒരു ശാക്തീകരണം സംഭവ്യമാണോ എന്നത് ചിന്ത്യം . എത്ര ഉന്നത വിദ്യാഭ്യാസവും സാമ്പത്തിക സുരക്ഷിതത്വവും ഉണ്ടെങ്കിലും ആണധികാരത്തിനു കീഴ്പെട്ടിരിക്കത്തക്ക മാനസികാവസ്ഥയിൽ തന്നെയാണ് ഒരു സ്ത്രീ സാമൂഹികവത്കരിക്കപ്പെടുന്നത്. അതുകൊണ്ടാണ് ശബരിമല ക്ഷേത്രപ്രവേശനപശ്ചാത്തലത്തിൽ പുരോഗമനപ്രസ്ഥാനത്തോട് ചേർന്നുനടന്നിരുന്ന സ്ത്രീകൾ പോലും 'കാത്തിരിക്കാൻ തയ്യാറാണ്' എന്നും ഞങ്ങൾ അശുദ്ധരാണ് എന്നും പറഞ്ഞും പറയാതെയും പ്രസ്ഥാനങ്ങളോട് വിഘടിച്ചു നിന്നത്.

ബെയ്ജിങ് ഉച്ചകോടിക്ക് ശേഷമാണ് അന്താരാഷ്ട്ര തലത്തിൽ സ്ത്രീ പുരുഷ തുല്യത എന്ന സങ്കൽപം അംഗീകരിക്കപ്പെട്ടതും അതിനുവേണ്ടി ശ്രമങ്ങൾ തുടങ്ങിയതും . വോട്ടവകാശ പ്രക്ഷോഭം, തുല്യവേതന പ്രക്ഷോഭം , ഫെമിനിസ്റ്റ് മുന്നേറ്റങ്ങൾ ഒക്കെ അത്ര എളുപ്പമായിരുന്നില്ല സ്ത്രീകൾക്കും അവരോടൊപ്പം അണിചേർന്നു പോരാടിയ അസംഖ്യം പുരുഷന്മാർക്കും.

വോട്ടവകാശം സാർവ്വദേശീയമെങ്കിലും സ്ഥാനം കയ്യാളാനും ഇലക്ഷന് നിൽക്കാനും ഒക്കെ റിസർവേഷനല്ലാതെ സ്ത്രീയ്ക്ക് മറ്റൊരു മാർഗമില്ല.

സ്ത്രീയുടെ രാഷ്ട്രീയ പങ്കാളിത്തം വളരെ പ്രധാനമാണ്, എന്നാൽ നേരത്തെ പറഞ്ഞതുപോലെ അവർ ഏകജാതീയ സ്വഭാവമുള്ളവരല്ല. അവരുടെ പ്രായം , നാഗരികരോ ഗ്രാമീണരോ എന്നത് , വിദ്യാഭ്യാസയാസമുള്ളവരോ ഇല്ലാത്തവരോ എന്നത് അവരുടെ ജീവിതാനുഭവങ്ങൾ എന്നിവ അവർക്ക് രാഷ്ട്രീയത്തിൽ പല വിധ മുൻഗണനകളും ആവശ്യങ്ങളുമുള്ളവരായിത്തീർക്കുന്നു. മാത്രവുമല്ല, തിരഞ്ഞെടുക്കപ്പെട്ട എല്ലാ സ്ത്രീകളും സ്ത്രീകളുടെ ആവശ്യങ്ങളോ അവകാശങ്ങളോ നേടിയെടുക്കാൻ യത്നിക്കും എന്ന് ഒരു ഉറപ്പുമില്ല. അതുകൊണ്ടു തന്നെ വികസനത്തിനോ ജനാധിപത്യം ഉറപ്പു വരുത്താനുള്ള ഒരു ഒറ്റമൂലിയല്ല സ്ത്രീ പ്രാതിനിധ്യം, മറിച്ച് എല്ലാവരെയും ഉൾക്കൊള്ളുന്ന പ്രതികരണപരതയുള്ള സുതാര്യമായ ജനാധിപത്യത്തിന് സ്ത്രീപങ്കാളിത്തം അനിവാര്യമാണ്.

കേരളം ഭരിക്കുന്ന മന്ത്രിമാരിൽ രണ്ടു സ്ത്രീകളുണ്ട്. രണ്ടുപേരും അവരവരുടെ അധികാരമേഖലയിലും കർത്തവ്യങ്ങളിലും ഏറ്റവും മികച്ചവർ . ആദ്യ കേരള മന്ത്രിസഭയിൽ പതിനൊന്നു മന്ത്രിമാരിൽ ഒരാൾ വനിതയായിരുന്നു . ഇപ്പോൾ രണ്ടും . മുന്നോട്ടാണ് പോക്കെങ്കിലും മെല്ലെപ്പോക്കാണ്. കേരളത്തിൽ നിന്ന് 70 വർഷത്തെ കാലയളവിൽ ആകെ 12 പാർലമെന്റ് അംഗങ്ങളെ ഉണ്ടായുള്ളൂ, സ്ത്രീകൾ. നിയമസഭയിലാകട്ടെ 8 വനിതാ മന്ത്രിമാരും .ഈ കാലഘട്ടത്തിൽ 200 ഓളം പുരുഷ മന്ത്രിമാരുണ്ടായി. ഇതിനൊപ്പം കാണേണ്ട രാഷ്ട്രീയ പിതൃദായകത്വ സ്വഭാവം ശ്രദ്ധിക്കൂ, ഏറ്റവും പ്രഗത്ഭമതികളായ സ്ത്രീകൾ മന്ത്രിമാരായിരുന്നിട്ടും ഒരു വനിതാ മുഖ്യമന്ത്രി കേരളത്തിനുണ്ടായിട്ടില്ല. സ്ത്രീകളോട് ഒരുതരത്തിലും നീതിയുക്തമായ പെരുമാറ്റമില്ലാത്ത ഉത്തരേന്ത്യയിൽ വനിതാ മുഖ്യമന്ത്രിമാരുണ്ടായി .ഇവിടെ, ഇങ്ങു കേരളത്തിൽ, സാധാരണ സ്ത്രീയോടുള്ള മനോഭാവം തന്നെയാണ് വനിതാ മത്സരാർഥികളോടുള്ളതും. അധികാരസ്ഥാനത്തിരിക്കുന്ന സ്ത്രീകൾക്ക് സാധാരണ ഒരു സ്ത്രീയ്ക്ക് കിട്ടാത്ത ഒരു പരിഗണയും കിട്ടാറും ഇല്ല. കേരളത്തിന്റെ ആരോഗ്യമന്ത്രി നേരിട്ടിട്ടുള്ള വാചികകയ്യേറ്റങ്ങൾ ഓർമ്മിക്കാവുന്നതാണ്. കക്ഷിഭേദമില്ലാതെ സ്ഥാനാർഥികളോടുള്ള പൊതുമനോഭാവം ശ്രദ്ധിക്കുക , സമൂഹത്തിനുള്ളിൽ രൂഢമൂലമായ വാർപ്പ് മാതൃകകളെ ഉദാഹരിച്ചു എതിർകക്ഷികൾ അവരെ അപഹസിക്കയും അവരുടെ കഴിവിനെ ചോദ്യം ചെയ്യുകയും ചെയ്യും. എന്നാൽ ഏറ്റവും കഴിവുറ്റ പുരുഷന്മാരെ അല്ല ഒരു രാഷ്ട്രീയ കക്ഷികളും മത്സരത്തിനിറക്കുന്നത്. അവിടെ മറ്റു പരിഗണനകളാണ് ഉണ്ടാവുക. ആ അനുകൂലാവസ്ഥ രാഷ്ടീയപിതൃദായകത്വ സമൂഹം സ്ത്രീയ്ക്ക് കൊടുക്കുന്നതു കണ്ടിട്ടില്ല.

ഈ 2020 കളിൽസ്ത്രീകൾ നേരിടുന്ന പാർശ്വവത്കരണത്തെകുറിച്ച് സമൂഹത്തിന്, വിശിഷ്യാ സ്ത്രീകൾക്ക് നല്ല ബോധ്യമുണ്ട്. മുന്നിൽ ഒഴിഞ്ഞിരിക്കുന്ന അധികാരക്കസേരകൾ വരെ എത്തിച്ചേരാനുള്ള ബുദ്ധിമുട്ടും തടസ്സവും അവർക്കു വ്യക്തമാണ്.കൂടുതൽ സ്ത്രീകൾ മത്സരിക്കാൻ തയ്യാറാകുന്നു , എന്നാൽ തെരെഞ്ഞെടുക്കപ്പെടുന്നവർ ചുരുക്കമാണ് .

ലിംഗ നീതി തേടിയുള്ള പോരാട്ടങ്ങളിൽ ഒന്ന് മുതിർന്ന കോൺഗ്രസ് വനിതാനേതാവിന്റേതാണ്. എന്നാൽ അത് ആദ്യം കോൺഗ്രസ് സ്ത്രീകൾക്ക് പ്രാതിനിധ്യം കൊടുത്തില്ല എന്നതിനെതിരെ ആയിരുന്നില്ല , അവർക്കു സ്ഥാന ലഭിച്ചില്ല എന്നതിനെതിരെ ആയിരുന്നു. അവർ കാലങ്ങളോളം പല അധികാര സ്ഥാനങ്ങളും വഹിച്ചിരുന്നവരാണ്. അപ്പോൾ അത് ഒരു വ്യക്തിഗത പ്രതിഷേധമാണ് എന്ന് മാത്രമേ പറയാൻ ആവൂ. ദുർഗ്രഹമായതു പലപ്പോഴുമെന്നപോലെ ഇപ്പോഴും സ്ത്രീയ്ക്ക് ഒന്നുകിൽ സ്വയം പീഡനം അല്ലെങ്കിൽ അവരുടെ ശരീരാത്മാവുകളുടെ ഭാഗമായ മക്കളോടുള്ള അതിക്രമം ഒക്കെയാണ്. വേറിട്ടൊരു പ്രതിഷേധം കാണാറില്ല. ഇവിടെ വനിതാ നേതാവ്ചെയ്തതും സ്വയം പീഡ തന്നെയാണ് .

പണ്ടേക്കു പണ്ടേ ആണധികാരപ്രമത്തർ പെണ്ണുങ്ങൾ തെറ്റ് ചെയ്തു എന്ന് അവർക്കു തോന്നിയാൽ ചെയ്യുന്നത് മുടി മുറിക്കലും പുള്ളി കുത്തലും ആയിരുന്നു / ആണ് എന്നതോർക്കുമല്ലോ. ഒപ്പം കുട്ടികളോട് കാണിക്കുന്ന ക്രൂരതകളും.

രാഷ്ട്രീയത്തിലും പൊതുഇടങ്ങളിലും ഇടപെടുന്ന സ്ത്രീകൾ അനുഭവിക്കുന്ന ചില പൊതു മനക്ലേശങ്ങൾ തങ്ങളുടെ വീട്ടിലെ പാത്രധർമം എങ്ങനെ മുടക്കം കൂടാതെ നിർവഹിക്കും എന്നതാണ്. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് പോകുമ്പോൾ ഒരു കാരണവശാലും കൈമാറ്റം ചെയ്യാനാവാത്ത വിശേഷ ധർമ്മമാണല്ലോ പാചകവും വൃത്തിയാക്കലും. അവർ ധൃതിപിടിച്ചു നേരത്തെ ഭക്ഷണമുണ്ടാക്കും. എന്നാൽ മുതിർന്ന മകളെ ഒറ്റയ്ക്ക് വീട്ടിലാക്കി പോകേണ്ടിവരുമ്പോൾ അത്രമേൽ സ്വാസ്ഥ്യത്തോടെയാവില്ല പുറത്തുള്ള വ്യവഹാരങ്ങൾ .

വ്യക്തമാക്കുന്നത് വീട്ടിന് പുറത്തു സ്വന്തം രാഷ്ട്രീയവും സാമൂഹിക ഉത്തരവാദിത്വവും സാംസ്കാരിക ഇടപെടലുകളും നടത്തുന്ന സ്ത്രീ വീട് എന്ന ഭാരം പേറിയാണ് നടക്കുന്നത് എന്ന് തന്നെയാണ്. ഒരു പക്ഷെ പൊതു ചടങ്ങുകൾ വീക്ഷിക്കാനും പങ്കെടുക്കാനും ആഗ്രഹിക്കുന്ന പെണ്ണുങ്ങളുടെ കഥ വേറെയില്ല .

സൂക്ഷിച്ചു നോക്കിയാൽ നിങ്ങൾക്ക് കാണാം ഞങ്ങളുടെ ചുമലിൽ ഒരു കൂറ്റൻ ആമത്തോട് , തികച്ചും ട്രാൻസ്പരെന്റ് ആണ് അത്. ഞങ്ങൾ ഇറങ്ങിപ്പോയി എന്ന് നിങ്ങൾ പറയുന്ന പെണ്ണിടമാകെ അതിനുള്ളിൽ അടുക്കി വച്ചിട്ടുണ്ടാകും . അലക്കിയുണക്കി മടക്കാത്ത വസ്ത്രങ്ങൾ, കഴുകിത്തീർക്കാത്ത മുഷിഞ്ഞ വസ്ത്രം, എച്ചിൽപാത്രങ്ങൾ , കുട്ടികളുടെ തീരാത്ത ഹോം വർക്കുകൾ, അച്ഛന്റെയോ അമ്മയുടേയോ മരുന്നിന്റെ കുറിപ്പടികൾ, ഭർത്താവിന്റെ ലോണുബാക്കികൾ , സ്വന്തം ആർത്തവ/വിളർച്ച പ്രശ്നങ്ങൾ ഇങ്ങനെ എണ്ണിയാൽ തീരാത്ത പെൺധർമങ്ങൾ .

കേരളത്തിന് പുറത്തേക്കു ഒന്ന് നോക്കിയപ്പോൾ യു കെ യിലെ പുരുഷമുന്നേറ്റ പ്രസ്ഥാനം പറയുന്നത് കമ്മ്യൂണിസവും നാസിസവും പോലെ സമൂഹത്തിൽ വന്നുഭവിച്ച ഒരു അപഭ്രംശമാണ് സ്ത്രീയുടെ സമൂഹപ്രവേശവും ഫെമിനിസവും സ്ത്രീ രാഷ്ട്രീയവും എന്നാണ്. അപ്പൊ വികസിതമോ വികസ്വരമോ ആവട്ടെ രാജ്യം, ആൺ സ്വരം അത്രമേൽ പ്രതിലോമകരമത്രെ. എന്നാൽ ഈ ഇന്ത്യയിൽ തന്നെ 1990 കളുടെ മധ്യ പാദത്തിൽ നടന്ന വാഹിനി ഭൂപരിഷ്കരണ മുന്നേറ്റം സ്ത്രീപങ്കാളിത്തത്തിൽ മികച്ചു നിന്നു. അതിൽ നിന്നു കിട്ടിയ മൂല്യബോധം അവരെ ഭർത്താക്കന്മാരോട് അടുക്കളയിൽ പാത്രം കഴുകൽ ദൗത്യം ഏറ്റെടുപ്പിക്കാൻ തക്ക ശാക്തീകരണം അവർക്കു നൽകി. മുന്തിയ ശമ്പളവും സമൂഹത്തിലെ സ്ഥാനവും ഒന്നും തന്നെ നമ്മെ, പ്രബുദ്ധ കേരളത്തിലെ അത്തരം ഒരു ജോലികൈമാറ്റത്തിന് ശക്തരാക്കുന്നതെ ഇല്ല എന്നത് ആശങ്കാജനകമല്ലേ ?

അതുകൊണ്ടു തന്നെ നമുക്ക് ഊഹിക്കാൻ കഴിയണം യാതൊരുതരത്തിലെ ചിട്ടവട്ടങ്ങളും പ്രോട്ടോക്കോളുകളും ഇല്ലാത്ത രാഷ്ട്രീയ രംഗത്തിലെ സ്ത്രീയെ പറ്റി. മാതൃകയായിരുന്ന പല വിദ്യാർത്ഥി നേതാക്കളും കുടുംബ പ്രാരാബ്ദങ്ങളിലേക്കു ഒതുങ്ങിപ്പോയി . മറ്റു പലരും ഒരു പുരുഷ നേതാവെത്തുന്നത്ര വളർന്നിട്ടും ഇല്ല . സഹ പുരുഷ നേതാക്കളോടൊപ്പം എത്താൻ അധികപ്രയത്നം വീട്ടിലും പാർട്ടിക്കുള്ളിലും എടുത്തിട്ട് പോലും !

കോൺടക്സ്റ്റിലേക്ക് വന്നാൽഎല്ലാ രാഷ്ട്രീയ പാർട്ടികളുടെയും മത്സരാർഥികളിലെ വനിതാ പ്രാതിനിധ്യം നമ്മുടെ മുന്നിൽ ഉണ്ട് . നല്ല ഉറപ്പുള്ള പാർട്ടി സീറ്റുകളിൽ പന്ത്രണ്ടെണ്ണത്തിൽ വനിതകളെ നിറുത്തി സി പി ഐ എം മുന്നിലുണ്ട്. അവർക്കു കൂടുതൽ ചെയ്യാൻ സാധിക്കുമായിരുന്നു , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അമ്പതു ശതമാനത്തിൽ അധികവും സ്ത്രീകളെ സ്ഥാനാർഥികളാക്കിയ ഇടതു പക്ഷത്തെ സ്ത്രീകൾ പ്രതീക്ഷയോടെയാണ് ഉറ്റുനോക്കിയിരുന്നത് , ആണധികാരത്തിനു ഉള്ള വേരോട്ടം വളരെ പതിയെ മാത്രമേ അവിടെയും മാറുകയുള്ളൂ . പക്ഷെ മറ്റു പാർട്ടികളെ നോക്കുമ്പോൾ ഇതൊരു വലിയ സംഖ്യയാണ് .

പ്രാതിനിധ്യം കിട്ടേണ്ടിയിരുന്ന പ്രമുഖ കോൺഗ്രസ് നേതാവ് മുടി മുറിച്ചു സ്വയം ശിക്ഷിച്ച കാഴ്ചയും സമൂഹം കണ്ടു . പ്രതിഷേധങ്ങൾ അനിവാര്യമാണ്. അതിനും സമത്വത്തിന്റേതായ ഒരു രീതിശാസ്ത്രം ഉണ്ടാക്കിയെടുക്കേണ്ടിയിരിക്കുന്നു .

രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ ഉയർന്നുവരുന്ന യൗവനങ്ങളുണ്ട് . അവർക്കുവേണ്ടിക്കൂടിയാണ് അത്തരം പ്രതിഷേധങ്ങൾ ഉണ്ടാകേണ്ടത്. ഓരോ രാഷ്ട്രീയ പ്പാർട്ടികളുടെയും പുരുഷാധിപത്യ നിലപാടുകൾ മുന്നില്ലാത്ത വിധം വിമർശന വിധേയമാക്കുന്നുണ്ട്. ജനാധിപത്യ പാർട്ടിയിൽനിന്നും കേഡർ പാർട്ടിയിൽ നിന്നും മതാന്ധത മൂടിയ പാർട്ടിയിൽ നിന്നും എതിർ സ്വരങ്ങൾ ഉയരുന്നുണ്ട്. ഒരു ഓൾ വിമെൻ മൂവ്മെന്റ് കേരളത്തിൽ പ്രായോഗികമല്ല, അതിനാൽ engender ചെയ്യപ്പെടേണ്ടത് ഓരോ രാഷ്ട്രീയ പാർട്ടികളുമാണ് . അതിനു മുൻകൈയ്യെടുക്കേണ്ടത് പാർട്ടിക്കുളിലെ സ്ത്രീകളും . അങ്ങനെ മാത്രമേ അധികാരത്തിലേക്കും അതുവഴി തീരുമാനമെടുക്കൽ പ്രക്രിയയിലേക്കും സ്ത്രീകൾക്ക് എത്തിച്ചേരാൻ സാധിക്കയുള്ളു, കേരള സമൂഹം പരിഷ്കൃത സമൂഹമായി മാറുകയുള്ളൂ.



**കവിത**

# ചിത

**ശ്രീജ എൽ.എസ്.**
അദ്ധ്യാപിക, വടകര

ചിതകളിൽ കത്തിയമരുന്നുണ്ട്
അപ്രിയ സത്യത്തിൻ വികൃത രൂപങ്ങൾ
അറുത്തു മാറ്റപ്പെട്ട ജിഹ്വകളിൽ
പറയപ്പെടാത്ത മുറിവിൻ നേരുകൾ
വേരുണങ്ങാത്ത ചെടികളായ്
അടുക്കളത്തോട്ടങ്ങളിൽ
നനച്ചു തളിർപ്പിക്കുന്നുണ്ട്.
പെരുത്ത നുണകൾ മായ്ച്ചവ
അശരീരികളായ് ഉയരും നാളിൽ
തീക്കാറ്റുകളായ് പെണ്ണുടലുകൾ
കണ്ണകിമാരായ് ഒന്നിക്കുമ്പോൾ
കരിയില പോൽ വെന്തമരാനേയുള്ളൂ
ആൺ കോയ്മ തടവറകൾ.

കഥ



**എൻ.കെ.ഷീല**
ഹയർ സെക്കണ്ടറി ടീച്ചർ
ജി.എച്ച്.എസ്.എസ്. മുപ്ലിയം

# മനയ്ക്കലെ കുമ്പ്ലങ്ങ

ചൊവ്വാഴ്ചയാണ് .സന്ധ്യയായപ്പോഴേക്കും ലളിതാസഹസ്രനാമമെടുത്ത് തുളസിത്തറയ്ക്കു നേരെ ഇറയത്ത് ചടഞ്ഞങ്ങനെ ഇരിപ്പായി സുമിത്ര . ചിരിച്ചും കരഞ്ഞും ഞാറ്റുവേലയുടെ വികൃതിയിൽ പകൽ കഴിഞ്ഞിട്ടും ആകാശം അല്പം മൂടിക്കെട്ടി തന്നെ നിൽപാണ്. മിഥുനമാസരാത്രികളുടെ ചില അസ്വാസ്ഥ്യങ്ങൾ ഉള്ളിലും പുകയുന്നുണ്ട്.അതുകൊണ്ടു തന്നെ 'ലളിത 'മുടക്കരുതെന്ന് തീരുമാനിച്ചുള്ള ഇരിപ്പാണ്. വാതിലായ വാതിലൊക്കെ തുറന്നിട്ടു. അകത്തു കറങ്ങണ ഏട്ടാവതിയൊക്കെ പുറത്തു പോട്ടെ. വീടിനകത്തിപ്പോൾ കുറേ ആയിട്ട് തൊട്ടേനും പിടിച്ചേനും കേറിപ്പിടിച്ച് പറഞ്ഞ് കയറി ഭൂകമ്പമാകുന്നത് ഏട്ടാവതിയുടെ കളിവിളയാട്ടമായിട്ടാണ് സുമിത്ര മനസ്സിലാക്കുന്നത്. എത്ര വേണ്ടന്നു വെച്ചാലും പറഞ്ഞു പോകുന്നു. എന്തെങ്കിലും ഗുണമുണ്ടോ?എവ്ടെന്ന്.! ടപ്പോം !അപ്പോഴേക്കും വേണ്വേട്ടൻ വന്നു വാതിലടച്ചു. ' 'കഴിയുമ്പോൾ പറഞ്ഞാ മതി. തുറന്നിട്ടാൽ കൊതുായ കൊതുൊക്കെ അകത്തു കയറി മേയും .എന്നിട്ടു വേണം ഡെങ്കി, ചിക്കൻ ഗുനിയേം തുടങ്ങി ലോകത്തിലുള്ള എല്ലാ മാരണങ്ങളും വന്നു പെടാൻ '. ഉടൻ അവിടെ നിന്നെഴുന്നേറ്റ് വാതിൽ തുറന്നിടാൻ തോന്നിയതാണ്.. ഈ സന്ധ്യാനേരത്ത് വാതിലടച്ചാ എഴുന്നള്ളി വരുന്ന – ശ്രീ , അകത്തു കയറാതെ തിരിച്ചു പോകില്ലേ ? വലിയ ശാസ്ത്രകാരന്മാരല്ലേ 'ഇവർക്കൊക്കെ ചുറ്റും വൈറസും ബാക്ടീരിയയും മാത്രമേ ഉള്ളു. ഈ ലോകത്തിന് തെളിച്ചവും വെളിച്ചവും തരുന്ന എത്രയോ അദൃശ്യ സാന്നിധ്യങ്ങളുണ്ടെന്ന് ഇവർക്ക് അറിയില്ല. സുമിത്ര എഴുന്നേറ്റ് വാതിലിൽ മുട്ടാൻ തുനിഞ്ഞു.. : അയ്യോ വേണ്ടാ' എന്ന് കൈയും വായും വിലക്കി. പകൽ ഒരങ്കം കഴിഞ്ഞിട്ടേ ഉള്ളൂ. ഒടുവിൽ താൻ നടത്തിയ പൂഴികടകന്റെ ധൂളികൾ ഇപ്പോഴും അന്തരീക്ഷത്തിൽ പാറി നടപ്പാണ്. അല്ലെങ്കിൽ എങ്ങന്യാ ക്ഷമിക്കാൻ പറ്റാ. ലോകത്തിലുള്ള എല്ലാവർക്കും കടം കൊടുത്ത് സഹായിക്കണ ആള്! എന്റെ ചെറിയ സമ്പാദ്യം കൈയിട്ട് വാര്ണ്. ഇപ്പോഴും ഓർക്കുമ്പോൾ എങ്ങും ഇല്ലാത്ത കലി വരാ. കാര്യം ആള്ടെ പൈസ തന്നെ. ജോലീം കൂലീം ഇല്ലാത്ത തനിക്കെവിടുന്ന കാശ്. അതുകൊണ്ട് തന്റെ മണി പേഴ്സിന് മോളിട്ട പേര് 'മനയ്ക്കലെ കുമ്പ്ലങ്ങ്യാന്നാ., അച്ഛന്റെ പേഴ്സീന്ന് കാശ് മാറ്റി വെച്ച് അച്ഛന് തന്നെ കടം കൊടുക്കുന്ന അമ്മയുടെ വീരവാദത്തിന് അവളിട്ട ഓമനപ്പേരാണത്. അമ്മൂമ്മയിൽ നിന്ന് കിട്ടിയതാ., മനയ്ക്കലെ കുമ്പ്ലങ്ങ പൊട്ടിച്ച് മനയ്ക്കല് തന്നെ കാഴ്ചവെയ്ക്കാ, എന്ന് അമ്മ എപ്പഴും പറയും. അതിൽ നിന്ന് മോള് മെനഞ്ഞെടുത്തതാണ് ഈ വിളിപ്പേര്. അതിൽ സുമിത്രയ്ക്ക് മോശക്കേടൊന്നും തോന്ന്ണില്ല. ആള് ടെ പെഴ്സീന്ന് കുറേശ്ശെ പൈസ നീക്കിവയ്ക്കും. ആൾക്കറിയാം ഞാൻ എടുക്കുന്നുണ്ടെന്ന് അല്ലാതെ ജോലിയും കൂലിയും ഇല്ലാത്ത തനിക്കെവിടുന്നാ സമ്പാദ്യം. രാപ്പകൽ അടുക്കളയിൽ കിടന്ന് തീയും പുകയും കൊള്ളുന്നതല്ലേ അവൾക്കും ഒരു ശമ്പളമായ്ക്കോട്ടെ . ഏതെങ്കിലും തരത്തിൽ ആത്മവിശ്വാസം അതുകൊണ്ട് കിട്ടുന്നുവെങ്കിൽ ആയ്ക്കോട്ടെ എന്ന് കരുതുന്നുണ്ടാവും മൂപ്പര്. എങ്കിലും ആരോടെന്നില്ലാതെ ഇടയ്ക്കെ പറയും. 'വിനിമയം ചെയ്യുന്നിടത്താണ് പൈസയുടെ മൂല്യം എടുത്ത് വെച്ചിട്ട് എന്തിനാ '.പക്കാ ബിസിനസ്സുകാരന്റെ ശബ്ദം. സുമിത്രയ്ക്കെപ്പോഴും അമ്മയുടെ പിടിയരി കുംഭത്തിന്റെ ശീലാ. അരി അടുപ്പത്തിടാൻ അളന്നെടുക്കുമ്പോൾ ഒരു പിടി അരി കുംഭത്തിൽ ഇട്ടു വെയ്ക്കും. വറുതികാലത്തേയ്ക്ക്. പൈസയുടെ കാര്യത്തിൽ സുമിത്രയുടെ പോളിസി അതാ. ബിസിനസ്സല്ലേ എപ്പോഴും ഒരുപോലെ വരവു കാണ്വോ അതോണ്ടാണ് ഈ നീക്കിവെ

പ്പെന്ന് ഉള്ളിൽ ഉറപ്പിക്കും. ആളുടെ കമന്റ് ആരോ ടാണാവോ? എന്ന മട്ടിൽ തഴഞ്ഞു കളയും സുമിത്ര . പണത്തിന് തിക്കു മുട്ടു വരുമ്പോൾ വിളിക്കും. എ ന്തൊരു വിളിയാണെന്നോ ചോട്ടിൽ പാത്രം വെച്ചാൽ തേൻ കിട്ടും അത്ര ഒലിപ്പിക്കലാ . പണത്തിന്റെ തൈ റ്റനുസരിച്ച് മധുരം കൂടും വിളിക്ക്. അന്നേരം സുമി ത്രക്ക് പണ്ട് വായിച്ച ജി.യുടെ കവിത ഓർമ വരും. ', നേരു പറയണമങ്ങു വിളിക്കെയെൻ പേരു മധുരമായ് തീരുന്നതെങ്ങിനെ '' , എന്ന്. അത്രക്ക് ഉള്ളിൽ തട്ടു ന്ന വിളി. അപ്പോൾ വലിയ നാട്യത്തിൽ എത്ര വേ ണം! എന്നു തരും! എന്നൊക്കെ ഗൗരവത്തിൽ ചോ ദിച്ച് പൈസ കൊടുക്കും മോളു കാണാതിരിക്കാൻ ഒരു ശ്രമം നടത്താറുണ്ട്. കണ്ടാൽ അവൾ എല്ലാ മാ ഹാത്മ്യവും കളഞ്ഞ് മനയ്ക്കലെ കുബ്ലങ്ങ്യാ എന്ന് കളിയാക്കും. അന്നേരം വേണ്വേട്ടൻ അവളെ നോക്കി കണ്ണിറുക്കും. ഇനി ഞാൻ പണം എടുത്തു വയ്ക്കു ന്നത് എവിടെയാണെന്നൊക്കെ അറിയാമെങ്കിലും ഒ ദ്യകാലത്തൊക്കെ നോട്ടം : അതു കൊണ്ടാണ്. പി ന്നെ അതൊക്കെ മാറി. ഇപ്പോൾ അത് കേട്ടാൽ തല യിൽ തലോടി പറയും, മനസ്സു നന്നായാൽ മതി വെ ളുത്തോളും അത് പറഞ്ഞ് മൂപ്പർ ചിരിക്കും. 'അയ്യോ! ഇനിയും താൻ വെളുക്കാത്തത് തന്റെ മനസ്സ് നന്നാ വാത്തത് കൊണ്ടാണെന്ന് ഓർത്തായിരിക്കും ആ ചി രിയെന്ന് കരുതി സുമിത്ര പരിഭവിക്കും. നീ കറുത്താ ലും സുന്ദരിയാണെന്ന് പറഞ്ഞാ പോരേ, എല്ലാം അ തോടെ തീർന്നില്ലേ, പക്ഷേ നമ്മൾ വിചാരിക്കുന്നതൊ ന്നും ഇവർ പറയില്ല.

ഇന്നിപ്പോൾ ഉണ്ടായതും അങ്ങനെ തന്നെ. അടു ത്ത വീട്ടിലെ സീത ടൗണിൽ ജൗളിക്കടയിൽ സെ യിൽസിലാണ്. ഓഫർ വരുമ്പോൾ അവൾ വിളിച്ചു പറയും. ഡ്രസ്സ് വാങ്ങൽ മാത്രമാണ് തന്റെയൊരു ആർ ഭാടം. റിഡക്ഷൻ എന്ന പേരേ ഉള്ളു. പലപ്പോഴും ക ടയിൽ പോയാൽ ഒന്നോ രണ്ടോ മറിച്ചു 'നോക്കും. ഇതൊക്കെ മോശം ചരക്കാണെന്നു പറഞ്ഞ് അടു



രിക്കലും ചോദിക്കാതെ എടുക്കാറില്ല. എത്ര എടു ത്തു വെച്ചാലും കരുതൽ പോലെ താൻ പിൻതുടരു ന്ന പിശുക്ക് അദ്ദേഹത്തിന് നല്ല ബോധ്യമുണ്ട് കട യിൽ പോയാൽ വാങ്ങാനുള്ളതൊക്കെ ബിഗ് ഷോ പ്പറിലാക്കി ബസ്സിറങ്ങി സെന്ററിൽ നിന്ന് വീട്ടിലേക്ക് ഏന്തിവലിച്ച് നടക്കും .വന്നു കയറുമ്പോൾ വേണ്വേ ട്ടൻ ചോദിക്കും , ' എന്റെ സുമീ നിനക്ക് ഒരു ഓട്ടോ പിടിച്ചു വന്നൂടെ . ഈ വെയ്‌ലത്തിങ്ങനെ കരിയണ് ' ഇതു കേൾക്കുമ്പോൾ അല്പം പോരായിട്ടും തമാ ശയായിട്ടും പറയും 'ഞാനിനി എവിടേക്ക് കറുക്കാ നാ .ഈസ്റ്റ്മാൻ കളറല്ലെ . കെട്ടി ചെന്ന നാളുക ളിൽ തന്റെ എണ്ണ കറുപ്പിനെ കുറിച്ച് ചേട്ടന്റെ അമ്മ യടക്കം ഒരു ഗൂഢസംഘം നടത്തിയ വിവാദങ്ങളെ ഓർത്തെടുക്കുന്ന ഒരു മറുപടി. അന്ന് അദ്ദേഹത്തി നും അതിലൊരു സംശയമൊക്കെ ഉണ്ടായിരുന്നു. സ് നേഹിച്ചു തുടങ്ങിയിട്ടില്ലല്ലോ പുറംമോടിയിലല്ലേ ആ ത്ത കടയിൽ കയറി ഒന്നാന്തരം സാരികൾ വാങ്ങി തിരിച്ചു പോരും. കഴിഞ്ഞ ദിവസം സീത വിളിച്ചു ' ചേച്ചീ സെയിൽസ് തുടങ്ങീട്ട' ഇതു കേട്ടതും മോ ളു പറഞ്ഞു. 'ഇനി അമ്മയ്ക്ക് ഇരിക്കപ്പൊറുതി കിട്ടി ല്ല' .ഇതു കേൾക്കുമ്പോഴേ സുമി തുടങ്ങും.' ഞാൻ പണ്ടേ ...... തുടങ്ങുമ്പോഴേക്കും മകൾ ഇടയിൽ ക യറും 'വേണ്ടമ്മേ അമ്മ കുപ്പായം ഇടാതെ നടന്ന ക ഥ പാടല്ലേ എനിക്ക് നാണാവും. അമ്മ എന്താച്ചാ വാ ങ്ങിച്ചോ. ' അതോടെ ആ പ്രശ്നം തീരും. ഉടനെ സുമിത്ര ഓടി വന്ന് പെഴ്സിലെ കാശ് എണ്ണും. ഇ ന്നും അതിനായി പെഴ്സ് എടുത്തതാണ്. വെറും ആ യിരം രൂപ. ബാക്കി പൈസ എവിടെ? വെപ്രാളമായി. സാരികൾ മുഴുവൻ വലിച്ചിട്ട് നോക്കി. ഇതുവരെ ഇ ങ്ങനെ ഉണ്ടായിട്ടില്ല. തിക്കും തിരക്കും കണ്ട് മോള് വന്നു. സംശയിച്ചു സംശയിച്ചു നിന്നു .പിന്നെ പറ ഞ്ഞു അമ്മേ, അച്ഛൻ എടുത്തൂന്ന് തോന്ന്ണ്. പിന്നെ

അച്ഛൻ വരുവോളം വെരുകിനെ പോലെ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. ഇടയിൽ ചെന്ന് മോളെ തട്ടിക്ക യറി. എടീ അച്ഛൻ എന്തിനാ കാശെടുത്തേ , അത മ്മേ ആ സുധി ചേട്ടൻ വന്നിരുന്നു. ആൾക്ക് കൊടു ക്കാനാന്നാ തോന്ന്ണ്. പെട്ടെന്ന് കലി മൂത്തു. നാണ മില്ലാത്ത ചെക്കൻ. എന്നുംവരും പൈസക്ക് ഓരോ കള്ള കഥകളുമായി. അവൻ വന്നാൽ വേണ്വേട്ടന്റെ ഒരു മണിക്കൂറ് പോക്കാ .ഉമ്മറത്ത് ഇരുന്ന് അവന്റെ തള്ള് സഹിക്കണം., സാറെ എനിക്ക് അടുത്തു ത ന്നെ കുറേ പൈസ കിട്ടും. ഒരു വെള്ളിമൂങ്ങ കൈ യിൽ വന്ന് പെട്ടിട്ടുണ്ട്. അടുത്ത ദിവസം ഇരുതല മൂ രിയായിരിക്കും ചർച്ചാ വിഷയം. പഞ്ചലോഹ നാണ യം കാണിച്ച് പൈസ വാങ്ങാൻ പോകുന്നതായും പ റയും. അടുത്തയിടെ പഴയ റേഡിയോ വാൽവ് അ ന്വേഷിച്ച് നടക്കുന്നതായും പറഞ്ഞു. മെയ്യനങ്ങാതെ എളുപ്പം പണമുണ്ടാക്കുന്ന ചില സെറ്റപ്പുകൾ അവ ന്റെ മനസ്സിലുണ്ട്. ചിലപ്പോൾ എല്ലാം പുളുവാകും. ഇതെല്ലാം കേട്ട് മൂപ്പര് പറയും നിനക്ക് അറിയാവുന്ന വർക്ക്ഷോപ്പ് പണി ചെയ്താ പോരേ. ഇതിന്റെയൊ ക്കെ പിന്നാലെ പോകാതെ.എന്നിട്ടും പോകാതെ ക ഥ നീട്ടി പിടിക്കുന്ന അവനോട് അടുത്ത ചോദ്യം ' എന്താ അത്യാവശ്യം? കഥ പറഞ്ഞ ശബ്ദം താഴ്ത്തി അവൻ ആവശ്യം പറയും. പിന്നെ വേണ്വേട്ടൻ അക ത്തു കയറി മേശവലിപ്പ് തുറക്കും. പുറത്തു പോകും. വീണ്ടും പത്ത് മിനിട്ട് ഉപദേശം. പട്ടിയുടെ വാല് നീർ ത്തൽ തന്നെ. അവന്റെ ഓരോ വരവിന്റെയും ക്ലൈ മാക്സിൽ സുമിയും വേണുവും തമ്മിൽ ബഹളം ന ടക്കും. അവൻ അത്യാവശ്യക്കാരൻ എന്നു പറഞ്ഞ് മൂപ്പര് നിർത്തും. സുമി തുള്ളിച്ചാടി അകത്തു പോ കും. :

അന്ന് വേണു കയറി വരുമ്പോൾ നല്ല ടെമ്പറിലാ ണ് സുമി പൈസയുടെ കാര്യം ചോദ്യംവും ബഹള വും കരച്ചിലുമായി. '.ഞാൻ പഴയ നോട്ടെടുത്തത ല്ലേ നീ അറിയും മുൻപേ പുതിയത് നോട്ട് വയ്ക്കാ മെന്ന് വെച്ചു.. റിഡക്ഷൻ സെയിൽ നാളെ വരുമെന്ന് ഞാൻ അറിഞ്ഞില്ലല്ലോ ' , അസ്ഥാനത്തുള്ള കോമ ഡി അവൾക്ക് തീരെ പിടിച്ചില്ല. പണമില്ലാതെ നരകി ച്ച നാളുകളെ എണ്ണി പെറുക്കി ഓർമിപ്പിച്ച് അവൾ ക രഞ്ഞു. വിൽക്കാൻ കൊണ്ടുപോയ കല്ലുവെച്ച മോ തിരം കടക്കാരൻ അടിച്ച് കല്ലു തെറിപ്പിച്ചപ്പോൾ പൊ ട്ടിപോയ ഹൃദയം അവൾ വീണ്ടും പുറത്തെടുത്തു. ഉറഞ്ഞുതുള്ളി. 'അന്ന് ആരും ഉണ്ടായില്ല സഹായി ക്കാൻ. ...... ' 'ആരും സഹായിക്കാൻ ഇല്ലാത്തവ ന്റെ ദുഃഖം എനിക്കറിയാം ..ഞാൻ : അതുകൊണ്ട് ' എന്ന് വേണു പറഞ്ഞു നിർത്തി.

'നിങ്ങൾ ദൈവമൊന്നുമല്ലല്ലോ ' എന്നായി സു മി.ഒടുവിൽ തകർന്നാടി ദേഷ്യം ശമിച്ചപ്പോൾ അവൾ നിർത്തി.

എല്ലാം ഒന്നു ശാന്തമാകാനാണ് ഇന്നത്തെ 'ലളി ത , ,വായന. വായിച്ചു തുടങ്ങിയപ്പോൾ മനസ്സു പതി യെ വാക്കുകളിലേക്ക് പടർന്നു ഭക്തിയിൽ ലയിച്ചു ,ശാന്തമായി. ഇടയിലതാ ഗേറ്റ് തുറക്കുന്ന ശബ്ദം .അ ങ്ങോട്ടു നോക്കി. ഇതാ! സുധി വന്നു നിൽക്കുന്നു. തന്നെ ഭയമാണ്. കടം വാങ്ങാൻ വരുന്നത് തനിക്കി ഷ്ടമല്ലെന്ന് അവനറിയാം. വായനക്കിടയിൽ പാളി നോ ക്കി. മിണ്ടാതെ നില്പാണ്. കാഴ്ചയിൽ അല്പം കു റവുള്ളതു കൊണ്ട് തല വിലങ്ങനെ ആട്ടിയാട്ടിയാ ണ് മൊബൈലിൽ നോക്കുക. ഓ! വേണ്വേട്ടനെ ഫോൺ ചെയ്യുകയാകും. വായനയിൽ ശ്രദ്ധ കുറ യാൻ പാടില്ല. സുമിത്ര അതിലേക്കെത്തി. കുറേ കഴി ഞ്ഞു. വീണ്ടും പാളി നോക്കി. ഫോൺ ചെയ്തിട്ടും ആരും പുറത്തുവരാത്തതു കൊണ്ട് നിൽപ്പാണ്. പോ കുന്നുമില്ല. അകത്ത് നിന്ന് ആള് വരുന്നുമില്ല. ഇന്ന് കഴിഞ്ഞ അങ്കം അനുസരിച്ച് അകത്തേ ആൾ പുറ ത്തു വരാൻ വഴിയില്ല. വീണ്ടും വായിക്കാനാഞ്ഞു. വീ ണ്ടും പാളിനോക്കി. : .,ലളിത, 'സ്ലായിക്കുന്നതിനിട യിൽ എഴുന്നേൽക്കാൻ പാടില്ല. ആ ആവശ്യക്കാര ന്റെ നിർത്തി കണ്ടപ്പോൾ എന്തോ! എഴുന്നേറ്റു . വാ തിലിൽ തട്ടി. മോളാണ് വാതിൽ തുറന്നത്. അകത്തു കയറി.

'നിങ്ങളറിഞ്ഞില്ലേ. ആ സുധി അവിടെ വന്ന് നിൽ ക്കുന്നു.

അവൻ പൊയ്ക്കൊള്ളും.

പോയില്ലല്ലോ.

അവന്റെ ആവശ്യം ക്ഷമയേക്കാൾ വലുതാവും.

എന്തിനാ വന്നേ ?

സ്കൂൾ തുറന്ന സമയമല്ലേ കുട്ടികളുടെ ആവശ്യ ത്തിനാകും സുമിത്ര ഒന്നും പറഞ്ഞില്ല. ചെന്ന് പെഴ് സിലെ ബാക്കിയുള്ള ആയിരം രൂപയെടുത്തു. വേ ണ്വേട്ടന് കൊടുത്തു. അയാൾ ഒന്നു മടിച്ചു .കൊടു ക്ക് സ്കൂൾ ആവശ്യമല്ലേ പുസ്തകം വാങ്ങാനാവും. വേണു പുറത്തുപോയി. പൈസ സുധിക്ക് കൊടുത്തു. സംസാരിക്കാനൊന്നും നിന്നില്ല. സുധി കാശ് കയ്യിൽ കിട്ടിയതും സുമിത്രയുടെ കണ്ണുവെട്ടിക്കാനെന്നോ ണം ഗേയ്റ്റ് അടച്ച് വേഗം പോയി. താനറിഞ്ഞാലു ള്ള പുകില് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടാവാം. പൈ സ കൊടുത്ത് വേണു തിരിച്ചു വന്നു. സുമിയുടെ ത ലയിൽ തലോടി പറഞ്ഞു

'എന്റെ പെണ്ണ് വെളുക്കുന്നുണ്ട് '






ഡോ.ജാൻസി ജോസ്

പ്രണയത്തിനും പ്രണയിക്കുന്നവർക്കും എതിർ നിൽക്കുക എന്നതാണല്ലോ നമ്മുടെ ഒരു രീതി. ഈ രീതി ശാസ്ത്രത്തിന്റെ അടിസ്ഥാനമെന്തായിരിക്കാം? മതം പറയും പിന്നീട് ജാതിപറയും അതും കഴിഞ്ഞ് സാമ്പത്തിക സ്ഥിതി, കുടുംബമാഹാത്മ്യം, അങ്ങനെ അങ്ങനെ പോവുന്നു നിരത്താനുള്ള കാരണങ്ങൾ. എനിക്കറിയാവുന്ന ഒരു പെൺകുട്ടി പ്രണയിച്ചിട്ട് അവളുടെ അച്ഛൻ വിലങ്ങുതടിയായി നിന്നത് ഇപ്പറഞ്ഞ കാരണങ്ങളാലൊന്നുമായിരുന്നില്ല. മകൾ സ്വന്തം കണ്ടു പിടിച്ച പയ്യനാണെന്ന കുറ്റക്കാരണത്താൽ മാത്രമായിരുന്നു.പ്രണയം ഗാഢമായിരുന്നതിനാൽ അച്ഛന് അഞ്ചാറു വർഷങ്ങൾക്കു ശേഷം അതു നടത്തിക്കൊടുക്കേണ്ടി വന്നു. രണ്ടു പേരും എഞ്ചിനീയർമാരായിരുന്നു എന്നതും ഓർമ്മിക്കണേ.

ഇതു വർഷങ്ങൾക്കു മുൻപുള്ള കഥയാണ്. ഇന്ന് പ്രണയത്തിന്റെ രീതി മാറി. എന്നിട്ടും മാതാപിതാക്കളുടെ മനോഭാവം മാറിയില്ല. പ്രണയം ഇപ്പോഴും തൊട്ടാൽ പൊള്ളുന്ന ഒന്നാണ് അവർക്ക്. മക്കളാണെങ്കിൽ പ്രണയത്തെ മാത്രം സ്വപ്നം കണ്ടു കഴിയുന്നവരും. എല്ലാം നല്ലതാണ്, പക്ഷേ ആലോചനയില്ലാതെ ഇറങ്ങിച്ചെല്ലേണ്ട ഒരിടമല്ല പ്രണയ ലോകം. പ്രണയം തോന്നുന്നത് സ്വാഭാവികമാണെങ്കിലും അതു തുറന്നു പറയുവാനും മുന്നോട്ടു കൊണ്ടുപോകാനും, എന്തിനേറെ പറയുന്നു;വിവാഹം കഴിക്കാൻ പോലും നൂറു തവണ ആലോചിക്കേണ്ടിയിരിക്കുന്നു. ആലോചിച്ചു പ്രണയിക്കുക എന്നത് അസാധ്യമായ ഒന്നാണെന്ന് ആർക്കാണറിയാത്തത്? അതു കൊണ്ട് നമുക്ക് പ്രണയിക്കാം. പക്ഷേ മൂന്നു ദിവസമോ മൂന്നു മാസമോ പരിചയമുള്ള ആളെ പ്രണയിച്ച് എടുത്തു ചാടുന്നവർ സൂക്ഷിച്ചേ പറ്റൂ. ആളറിയാതെ പ്രണയിക്കരുത് എന്നാണ് എന്റെ വിലയിരുത്തൽ. നമുക്ക് പ്രണയിച്ച് ജീവിക്കാം;ജീവിക്കണം



കവിത



**ശ്യാമ വാരിയർ**
നെതർലാൻഡ്സിൽ നൃത്താധ്യാപികയും നടനം നൃത്തവിദ്യാലയത്തിന്റെ ഉടമയുമാണ്. ഇംഗ്ലീഷ് സാഹിത്യത്തിലും ഭരതനാട്യത്തിലും ബിരുദാനന്തര ബിരുദധാരിയായ ശ്യാമ കഴിഞ്ഞ 16 വർഷങ്ങളായി പ്രവാസജീവിതം നയിച്ചു വരുന്നു.

# മകളില്ലായ്മ



അരവട്ടിനും അരിപ്പാത്രത്തിനും
ഇടയിൽ കളഞ്ഞു പോയ
കമ്മൽ പിരിക്ക്
നഷ്ടമായ ടോർച്ചു വെട്ടം പോലെ
കണക്കെടുക്കുമ്പോൾ കാണാത്തത്
വേറെയും പലതുണ്ട്..
അരച്ചാൺ മുടിയുടെ
മുറിക്കുന്നേരത്തെ പിടിവാശി..
കണങ്കാലുരഞ്ഞു പൊട്ടിച്ച
കൊലുസിന്റെ പൊട്ടിച്ചിരി...
പൊടിമൂലകളിൽ
ഉരുണ്ടു കൂടിയ തലനാരറപ്പ്..
കുളിമുറിച്ചുവരിലെ
ശിങ്കാർ പശവട്ടങ്ങൾ..
സന്ധ്യക്കും മുൻപേ പരക്കുന്ന
കരിമഷിച്ചേല്..
പാവാടച്ചന്തം, പാവക്കുട്ടിത്തം..
മകളില്ലായ്മയിൽ
ചിലതൊക്കെയുണ്ട്..
എത്ര കിണഞ്ഞാലും
അസ്ഥാനത്ത് തന്നെ ഒട്ടുന്ന
പൊട്ടിനെന്ന പോലെ,
ഒരു കണ്ണാടി വിടവ് ..
അരമോടിക്കുറവ്..
അങ്ങനെ എന്തൊക്കെയോ ചിലത്.







**വിൻഷി പി. കെ.**
കേരള സർവകലാശാലയിലെ
പൊളിറ്റിക്കൽ സയൻസ് വകുപ്പിൽ
പ്രോജക്ട് ഫെലോ

# ആനി മസ്ക്രീൻ: തിരുവതാംകൂറിന്റെ ഝാൻസി റാണി

കേരള രാഷ്ട്രീയ ചരിത്രത്തിലെ പുരുഷാധിപത്യ വിവരണങ്ങൾക്കിടയിൽ സുവർണ്ണ ലിപിക്കൊണ്ട് എഴുതപ്പെട്ട വനിതാ രത്നമാണ് തിരുവതാംകൂറിന്റെ ഝാൻസി റാണി എന്ന വിശേഷണത്തിന് ഉടമയായ ആനി മസ്ക്രീൻ. സ്വാതന്ത്ര്യസമര സേനാനി, തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് സ്ഥാപക നേതാക്കളിൽ പ്രമുഖ, സ്റ്റേറ്റ് കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗമാകുന്ന ആദ്യത്തെ വനിത, തിരു-കൊച്ചി ലെജിസ്ളേറ്റീവ് അസംബ്ലി അംഗം, കേരളത്തിന്റെ തലസ്ഥാന നഗരിയിൽ നിന്ന് സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ച് ആദ്യ ലോകസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വനിത, കേരളത്തിലെ ആദ്യ വനിതാ മന്ത്രി, മന്ത്രിസഭയിൽ നിന്ന് രാജിവെച്ച ആദ്യ വനിത, ഭരണഘടനയുടെ കരട് രേഖയിൽ ഒപ്പുവെച്ച വനിത തുടങ്ങിയ എണ്ണമറ്റ വിശേഷണത്തിന് ഉടമയാണ് ഈ സ്ത്രീരത്നം. ദേശീയ വിമോചനത്തിനായി അടങ്ങാത്ത പോരാട്ട വീര്യത്തോടെ നിർഭയം പടപൊരുതിയ ആനി മസ്ക്രീനിനെ ഝാൻസി റാണിയോടാണ് പലരും വിശേഷിപ്പിച്ചിട്ടുള്ളത്. അനവധി തവണ പാർലമെന്ററി രാഷ്ട്രീയ അധികാരത്തിന്റെ ഭാഗമായിരുന്നെങ്കിലും അഴിമതിയുടെ ഒരു കറപോലും പുരളാത്ത വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അവർ.

തിരുവിതാംകൂർ ദിവാന്റെ ദാഫെദാർ ആയിരുന്ന ഗബ്രിയേലിന്റെയും, ഭാര്യ മറിയത്തിന്റെയും മകളായി 1902 ൽ തിരുവനന്തപുരത്തെ ഒരു ലത്തീൻ കത്തോലിക്കാ കുടുംബത്തിലാണ് ആനി മസ്ക്രീൻ ജനിച്ചത്. ഹോളി ഏഞ്ചൽസ് ഹൈസ്കൂൾ, ഗവൺമെൻറ് വിമൻസ് കോളേജ്, മഹാരാജാസ് കോളേജ് (ഇന്നത്തെ യൂണിവേഴ്സിറ്റി കോളേജ്), ഗവണ്മെന്റ് ആർട്സ് കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. ചരിത്രത്തിലും, സാമ്പത്തിക ശാസ്ത്രത്തിലും ബിരുദാനന്തര ബിരുദം നേടിയതിന് ശേഷം ശ്രീലങ്കയിലെ കൊളമ്പോ സംഘമിത്ര കോളേജിൽ അധ്യാപികയായി അല്പകാലം പ്രവർത്തിച്ചു. നാട്ടിൽ മടങ്ങിവന്ന ആനി മസ്ക്രീൻ ബി എൽ ബിരുദം കരസ്ഥമാക്കി വഞ്ചിയൂർ കോടതിയിൽ മികച്ച അഭിഭാഷകയായി പ്രാക്ടീസ് ചെയ്യുന്നതിനിടയിലാണ് സ്വാതന്ത്ര്യ ദാഹത്താൽ തിരുവതാംകൂർ സ്റ്റേറ്റ് കോൺഗ്രസിൽ സജീവമായത്. പട്ടം താണുപിള്ള അധ്യക്ഷനായി 1938 ൽ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപീകരിച്ചപ്പോൾ വർക്കിംഗ് കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആദ്യ വനിതയായിരുന്നു അവർ.

ദേശീയ പ്രസ്ഥാനത്തിന്റെ തീക്ഷ്ണ പോരാട്ടത്തിന്റെ ഫലമായി സ്വതന്ത്ര രാഷ്ട്രമായി തീർന്ന ഇന്ത്യ

യിൽ തിരുവിതാംകൂറിന്റെ സ്ഥാനം സമന്വയിപ്പിക്കുന്നതിനും, ഉറപ്പിക്കുന്നതിനുമുള്ള പോരാട്ടത്തിന് നേതൃത്വം നൽകിയ പോരാളിയാണ് ആനി മസ്ക്രീൻ. നിസ്സഹകരണ പ്രസ്ഥാനത്തിന്റെ നേതാവും, സജീവ പ്രവർത്തകയുമായിരുന്ന കേരളത്തിന്റെ ഝാൻസി റാണി പല കാരണങ്ങളാൽ വിവിധ ഘട്ടങ്ങളിലായി അറസ്റ്റ് വരിക്കുകയും, ജയിൽ വാസം അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. ചിറയൻകീഴിലും കാട്ടാകടയിലും പ്രകോപനപരമായ പ്രസംഗം നടത്തിയെന്നാരോപിച്ചും, ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിൽ നേതൃപരമായ പങ്ക് വഹിച്ചതിനാലും, പുന്നപ്ര-വയലാർ സമരത്തെ സർക്കാർ നിണമൊഴുക്കി അടിച്ചമർത്താൻ ശ്രമിച്ചതിനെതിരെ തീപ്പൊരി പ്രസംഗം നടത്തിയതിന്റെ പേരിലുമൊക്കെയാണ് ഭരണകൂടം ആനി മസ്ക്രീനെതിരെ പ്രതികാര നടപടികൾ സ്വീകരിച്ചത്.

ലിംഗപരമായ വിവേചനം അതിശക്തമായ രാഷ്ട്രീയ പ്രവർത്തന രംഗത്ത്, തന്റെ ആശയങ്ങളെ ജനങ്ങളിലെത്തിക്കാൻ ആവേശകരമായ പ്രസംഗങ്ങളെ ശക്തമായ ആയുധങ്ങളായി ആനി മസ്ക്രീൻ ഉപയോഗിച്ചിരുന്നു. തന്റെ ജീവിതത്തിലുടനീളം സ്ത്രീകളുടെ രാഷ്ട്രീയ-സാമൂഹിക പങ്കാളിത്തവും,സമത്വവും ഉറപ്പുവരുത്തുന്നതിനായി അവർ തീക്ഷ്ണമായി പരിശ്രമിച്ചിരുന്നു. ആയിരങ്ങളെ ആകർഷിക്കാൻ ശേഷിയുള്ള മൂർച്ചയേറിയ പ്രഭാഷണ പാടവത്താൽ ഇന്ത്യയുടെ സ്വാതന്ത്ര്യ സമര നേതാക്കളിലെ പ്രധാനിയാകുവാൻ അവർക്ക് കഴിഞ്ഞിരുന്നു.


1948-49 ൽ തിരുവനന്തപുരത്ത് നിന്ന് നിയമസഭാ സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആദ്യ വനിതയായിരുന്നു ആനിമസ്ക്രീൻ. ടി. കെ നാരായണപിള്ളയുടെ മന്ത്രിസഭയിൽ ആരോഗ്യ,ഊർജ്ജ വകുപ്പ് മന്ത്രിയായി സ്ഥാനമേറ്റ ആനിമസ്ക്രീൻ ഭരണപക്ഷത്തിന്റെ ജനവിരുദ്ധ നയങ്ങളിൽ പ്രതിഷേധിച്ചു കൊണ്ട് മന്ത്രിസ്ഥാനം രാജിവെച്ച് ജനങ്ങളോടുള്ള തന്റെ പ്രതിബദ്ധത തെളിയിച്ചു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ തന്നെ സ്വാതന്ത്ര്യ സമരത്തിനൊപ്പം വിവിധ മേഖലകളിൽ സ്ത്രീ പ്രാതിനിധ്യം വേണമെന്ന ആവശ്യത്തിന് നേതൃത്വം നൽകിയ ആനി മസ്ക്രീൻ അന്നത്തെ പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ ലിംഗപരമായ വിവേചനങ്ങളെ തകർത്തു കൊണ്ട് തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തെ പ്രതിനിധീകരിച്ച് ആദ്യമായി മത്സരിച്ചു വിജയിച്ച സ്വതന്ത്ര സ്ഥാനാർത്ഥി ആയിരുന്നു. ആനി മസ്ക്രീന്റെ ലോകസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് വിജയത്തിന് ഒട്ടേറെ പ്രത്യേകതകൾ ഉണ്ട്. സ്വതന്ത്ര സ്ഥാനാർത്ഥിയായി ഒരു സ്ത്രീ മത്സരിച്ച് ജയിച്ചത് കേരള ചരിത്രത്തിൽ തന്നെ ആദ്യമായിരുന്നു. അതിനുശേഷം ഒരു സ്ത്രീയും കേരളത്തിൽ നിന്ന് സ്വതന്ത്ര സ്ഥാനാർത്ഥിയായി ലോകസഭയിലേക്ക് മത്സരിച്ച് ജയിച്ചിട്ടില്ല. അന്നവർ തോൽപ്പിച്ചത് തിരു-കൊച്ചിയുടെ മുഖ്യമന്ത്രിയായിരുന്ന പരവൂർ ടി കെ നാരായണ പിള്ളയെ ആയിരുന്നു. 68,117 വോട്ടിനായിരുന്നു സ്വതന്ത്രയായി പോ



രാടിയ ആനി മസ്ക്രീന്റെ ചരിത്ര വിജയം. തിരുവിതാംകൂർ രാഷ്ട്രീയത്തിലെ അതികായകനായ പരവൂർ ടി കെ ക്ക് 48,500 വോട്ടും ആനി മസ്ക്രീനിന് 1,16,617 വോട്ടുമാണ് ലഭിച്ചത് എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. പോരാടാനും, സ്ഥാനമുറപ്പിക്കാനും, പ്രതികരിക്കാനും കഴിയുന്ന ശക്തരായ സ്ത്രീകൾ നമ്മുടെ സമൂഹനിർമ്മിതിക്ക് അമൂല്യ സംഭാവനകൾ നൽകിയിട്ടുണ്ട് എന്നതിന്റെ തെളിവാണ് ഈ ധീര വനിതയുടെ ചരിത്രം. സ്ത്രീകളുടെ അവകാശ പോരാട്ടങ്ങൾക്കും, രാഷ്ട്രീയ ഇടപെടലുകൾക്കും കേരളത്തിൽ വ്യക്തമായ ഇടമുണ്ട് എന്ന് സ്വജീവിതം കൊണ്ട് തെളിയിക്കാൻ ആനി മസ്ക്രീന് സാധിച്ചു.അതാണ് കേരളത്തിലെ ഝാൻസി റാണി എന്ന വിശേഷണത്തിന് ഈ ധീര വനിതയെ അർഹയാക്കിയതും.



**സിസ്ധു മരിയ നെപ്പോളിയൻ**
ഇംഗ്ലണ്ടിലെ യൂണിവേഴ്സിറ്റി ഓഫ് സസക്സ്സിൽ റിസർച്ച് അസിസ്റ്റന്റ്, സ്വതന്ത്ര മാധ്യമപ്രവർത്തക കൂടിയാണ്. കേന്ദ്ര സർവ്വകലാശാലയിൽ നിന്ന് മാധ്യമ പഠനത്തിൽ ബിരുദാനന്തര ബിരുദം, ഏഷ്യാനെറ്റ് ന്യൂസിൽ റിപ്പോർട്ടറായും പ്രവർത്തിച്ചിട്ടുണ്ട്.

# കേരളത്തിലെ തെരഞ്ഞെടുപ്പ് രാഷ്ട്രീയവും മത്സ്യ മേഖലയിലെ സവിശേഷ പ്രശ്നങ്ങളും

കേരളവും തമിഴ്നാടും ഉൾപ്പെടെ അഞ്ച് സംസ്ഥാനങ്ങളിലേക്കുള്ള നിയമസഭ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ വളരെ സജീവമായ രാഷ്ട്രീയ ചർച്ചകളാണ് ചുറ്റും നടന്നുകൊണ്ടിരിക്കുന്നത്. ഇതിന് മുൻപുണ്ടായിരുന്ന മറ്റേതൊരു തെരഞ്ഞെടുപ്പ് പശ്ചാത്തലങ്ങളിൽ നിന്നും വ്യത്യസ്തമായ സ്ഥിതിവിശേഷമാണ് കേരളത്തിൽ നിലവിലുള്ളത്. എല്ലാ നിയമസഭ തെരഞ്ഞെടുപ്പുകളിലും ഇടത്-വലത് മുന്നണികളെ മാറി മാറി പരീക്ഷിക്കുന്ന പതിവ് രീതി വെടിഞ്ഞ്, പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ സർക്കാരിന് തന്നെ തുടർഭരണം ഉണ്ടായേക്കുമെന്നുള്ള നിരീക്ഷണം പല കോണുകളിൽ നിന്നും ശക്തമായി ഉയരുകയാണ്. മലയാളത്തിലെ മുഖ്യധാര മാധ്യമങ്ങൾ കഴിഞ്ഞ ദിവസങ്ങളിൽ പുറത്തുവിട്ട പ്രീ പോൾ സർവ്വേകളിൽ ഒട്ടുമിക്കവയും എൽഡിഎഫ് നേതൃത്വത്തിലുള്ള സർക്കാർ തന്നെ വീണ്ടും അധികാരത്തിൽ എത്തിയേക്കുമെന്ന് പ്രവചിച്ചു കഴിഞ്ഞു. ഈ സർവ്വേകളുടെ ആധികാരികതയെപ്പറ്റി ഉയരുന്ന ചോദ്യങ്ങളെ അവഗണിക്കാനാവില്ലെങ്കിലും കേവലം രണ്ട് മാസം മുൻപ് നടന്ന തദ്ദേശ തെരഞ്ഞെടുപ്പും അതിൽ എൽഡിഎഫ് നേടിയ മിന്നും വിജയവും നിയമസഭ തെരഞ്ഞെടുപ്പിലും ആവർത്തിക്കുമെന്ന നിലയിലേക്ക് തന്നെയാണ് കാര്യങ്ങളുടെ പോക്കെന്ന് പറയേണ്ടി വരും.

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള ചർച്ചകളിൽ പലപ്പോഴും ഉയർന്ന് കേൾക്കാറുള്ളൊരു പ്രയോഗമാണ് തീരദേശത്തെ വോട്ട്ബാങ്ക്. കേവലമൊരു പ്രയോഗത്തിനപ്പുറം ആഴത്തിലുള്ള രാഷ്ട്രീയ മാനങ്ങ

ളാണ് ഈ വിളിക്കുള്ളത്. തെരഞ്ഞെടുപ്പ് സംബന്ധിയായ വോട്ട് ചർച്ചകളിലും എഴുത്തുകുത്തുകളിലും സ്ഥിരമായി കേൾക്കാറുള്ള വോട്ട്ബാങ്ക് എന്ന ഈ വിളിയിലാണ് കേരളത്തിലെ 590 കിലോമീറ്റർ നീണ്ടുകിടക്കുന്ന തീരദേശ മേഖലയിലെ അഥവാ കടപ്പുറത്തെ മുനഷ്യരെ നമ്മുടെ മുഖ്യധാര പലപ്പോഴും അടയാളപ്പെടുത്താറുള്ളത്. മീൻപിടിത്തത്തിനായി കടലിനെ ആശ്രയിക്കുന്നവരും ഉൾനാടൻ മത്സ്യബന്ധനോപാധികളിൽ ഏർപ്പെട്ടിരിക്കുന്നവരുമായ ആയിരക്കണക്കിന് മനുഷ്യരുടെ ജീവിതങ്ങൾക്ക് ഈ തെരഞ്ഞെടുപ്പ് കാലത്തും വോട്ട്ബാങ്ക് എന്നതിൽക്കവിഞ്ഞ് പറയത്തക്ക പ്രസക്തിയൊന്നും ഇല്ലായെന്ന യാഥാർത്ഥ്യത്തിൽ നിന്നുകൊണ്ടാണ് ഒരു മത്സ്യത്തൊഴിലാളി കുടുംബത്തിലെ അംഗമെന്ന നിലയിൽ ഞാൻ ഇത്തവണത്തെ കേരള നിയമസഭ തെരഞ്ഞെടുപ്പിനെ നോക്കിക്കാണുന്നത്.

തെരഞ്ഞെടുപ്പ് കാലത്ത് അതുവരെ ഇല്ലാതിരുന്ന പൊന്നിൻ വിലയാണ് തീരദേശ മണ്ണിന് ലഭിക്കുന്നത്. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ പ്രത്യേകിച്ച് തെക്കൻ മേഖലയിൽ കാണപ്പെടാറുള്ള വർധിച്ച ജനസാന്ദ്രത മൂലം ചെറുതായൊന്ന് ഉത്സാഹിച്ചാൽ വോട്ടിൻറെ ചാകര വാരാൻ കെല്പുള്ള ഇടങ്ങളാണ് മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന കടപ്പുറങ്ങളെന്ന് ഇവിടത്തെ മുഖ്യധാര പാർട്ടികൾ മനസിലാക്കിയിട്ടുണ്ട്. ഭരിക്കുന്ന പാർട്ടിയുടെ കെടുകാര്യസ്ഥത ചൂണ്ടിക്കാട്ടി പത്ത് വോട്ട് പിടിക്കാനുള്ള വകുപ്പ് തീരദേശ ഗ്രാമങ്ങളിലൂടെ വെറുതേയൊന്ന് കണ്ണോടിച്ചാൽ കിട്ടുമെന്നതുകൊണ്ടുതന്നെ എല്ലാക്കാലത്തും തീരദേശത്തെ തെരഞ്ഞെടുപ്പ് കോലാഹലങ്ങളിൽ മറ്റൊരിടത്തും കാണാത്ത വാദപ്രതിവാദങ്ങളും ആരോപണ പ്രത്യാരോപണങ്ങളും കണ്ടുവരാറുണ്ട്. എന്നാൽ ഏതെങ്കിലുമൊരു പാർട്ടിയെയോ പ്രസ്ഥാനത്തെയോ മാത്രമായി പ്രതിസ്ഥാനത്ത് നിർത്തിക്കൊണ്ട് പറഞ്ഞവസാനിപ്പിക്കാനാവുന്ന പ്രശ്നങ്ങളും വെല്ലുവിളികളും അല്ല തീരദേശ മേഖലയിലുള്ളത്. ചരിത്രപരമായ അവഗണനകളുടെയും മാറ്റിനിർത്തപ്പെടലിന്റെയും ഫലമാണ് ഇന്നും ഈ മേഖല നേരിടുന്ന പിന്നോക്കാവസ്ഥ എന്നു പറയുമ്പോൾ തന്നെ മാറി മാറി വരുന്ന എൽഡിഎഫ് – യുഡിഎഫ് പാർട്ടികൾക്കും കടപ്പുറങ്ങളിലേക്ക് ഇടം കിട്ടാൻ നോക്കി നടക്കുന്ന ബിജെപിക്കും അതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് മാറി നിൽക്കാനാവില്ല എന്നതാണ് യാഥാർത്ഥ്യം.

ഇക്കഴിഞ്ഞ മാസം കൊല്ലം വാടി കടപ്പുറത്തെത്തിയ കോൺഗ്രസ് നേതാവും വയനാട് എംപിയുമായ രാഹുൽ ഗാന്ധിയുടെ ഇടപെടലുകൾ ദേശീയ തലത്തിലുൾപ്പെടെ വലിയ മാധ്യമ ശ്രദ്ധ നേടിയിരുന്നു. മത്സ്യത്തൊഴിലാളികളുമായി ആശയവിനിമയം നടത്താനും അവർക്കൊപ്പം കടലിൽ പോയി വലയെറിയാനും അവരുടെ തൊഴിൽപരവും അല്ലാത്തതുമായ പ്രശ്നങ്ങളൊക്കെ ചോദിച്ചറിയാനും ശ്രമിച്ച രാഹുലിൻറെ ശ്രമങ്ങൾ വലിയ തോതിൽ പ്രശംസിക്കപ്പെട്ടു. പൊതുസമൂഹത്തിന് മുൻപിലെ ദൃശ്യത എന്ന നിലയിൽ രാഹുലിന്റെ വാടി കടപ്പുറത്തെ പ്രവൃത്തികൾ തീർച്ചയായും പ്രാധാന്യമർഹിക്കുന്നവയാണ്. ഓഖിയും സുനാമിയും പോലുള്ള ദുരന്ത സമയങ്ങളിലും വീടില്ലായ്മയുടെയും കടൽ കയറ്റത്തിന്റെയും നിസ്സഹായ ദൃശ്യങ്ങളിലും കൊവിഡ് കാലത്തെ പൂന്തുറയിൽ നിന്നുള്ള പ്രതിഷേധ പ്രകടനങ്ങളിലും പുതുവൈപ്പിനും ആലപ്പാടും പോലുള്ള സമര മുഖങ്ങളിലും മാത്രം കണ്ടു പരിചയിച്ച ഗൗരവക്കാരോ നിസ്സഹായരോ രോഷാകുലരോ മാത്രമായ കടൽപ്പണിക്കാരിൽ നിന്നും തീർത്തും സാധാരണമായ ചുറ്റുപാടിൽ നിന്ന് തങ്ങളുടെ നിത്യവൃത്തിക്ക് വക കണ്ടെത്താൻ പണിയെടുക്കുന്ന, വല വലിക്കുന്ന മനുഷ്യരു





ടെ വളരെ സാധാരണമായ മുഖങ്ങൾ ക്യാമറ കണ്ണു
കൾക്ക് മുൻപിലെത്തിക്കാൻ ഇടയാക്കി എന്നതാണ്
രാഹുലിൻറെ കടപ്പുറ സന്ദർശനത്തിലെ പ്രധാനപ്പെ
ട്ടൊരു സംഗതിയായി കണക്കാക്കാനാവുന്നത്.

രാഹുലിന്റെ സന്ദർശനത്തിന് തൊട്ടുപിന്നാലെ പ്ര
തിപക്ഷനേതാവ് രമേശ് ചെന്നിത്തല പുറത്തുവിട്ട ആ
ഴക്കടൽ മത്സ്യബന്ധന വിവാദത്തെ തീരദേശമൊട്ടാ
കെ ചർച്ചയാക്കുക എന്ന ഉദ്ദേശ്യത്തോടെ ഷിബു
ബേബി ജോണിന്റെ നേതൃത്വത്തിൽ തെക്കൻ തീര
മേഖലയിലേക്കും ടി.എൻ.പ്രതാപന്റെ നേതൃത്വത്തിൽ
വടക്കൻ മേഖലയിലേക്കും യുഡിഎഫ് സംഘടിപ്പി
ച്ച തീരദേശ ജാഥകളും പിന്നാലെ രാഷ്ട്രീയ കേരളം
കണ്ടിരുന്നു. ഇതിന് മറുപടിയെന്നോണം മത്സ്യഫെ
ഡ് ചെയർമാൻ പി.പി. ചിത്തരഞ്ജന്റെ നേതൃത്വ
ത്തിൽ മറ്റൊരു ജാഥ നടത്താൻ എൽഡിഎഫും മു
ന്നിട്ടിറങ്ങിയിരുന്നു. ഈ തെരഞ്ഞെടുപ്പ് പ്രകടനങ്ങ
ളുടെയെല്ലാം ആത്യന്തികമായ ഉദ്ദേശ്യം കടൽപ്പണി
ക്കാരും മത്സ്യക്കച്ചവടക്കാരി സ്ത്രീകളും അനുബന്ധ
തൊഴിലാളികളും ഉൾപ്പെടുന്ന ഈ സമൂഹത്തിന്റെ
പുരോഗതിയോ ഇവർക്ക് നീതി ഉറപ്പാക്കലോ ഒന്നുമ
ല്ലെന്നും ആസന്നമായ തെരഞ്ഞെടുപ്പ് ഫലത്തിൽ നിർ
ണായകമാവാൻ ഇടയുള്ള തീരദേശ വോട്ടുകളെ സ്വ
ന്തം പോക്കറ്റിലാക്കാനുള്ള തത്രപ്പാടാണ് ഇരുപക്ഷ
ത്ത് നിന്നും ഉണ്ടാവുന്നതെന്നും വ്യക്തമാണ്. കേരള
ത്തിന്റെ തെരഞ്ഞെടുപ്പ് ഗോദയിൽ മത്സ്യബന്ധന മേ
ഖല എല്ലാക്കാലത്തും ഇത്തരം കെട്ടിയിറക്കലുകൾ
ക്കും പ്രകടനപരകൾക്കും സാക്ഷ്യം വഹിച്ചിട്ടുണ്ട്.
ഇതിനൊക്കെ അപ്പുറം ഈ സമൂഹം നേരിടുന്ന അ
ടിസ്ഥാന പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെടാൻ
നമ്മുടെ രാഷ്ട്രീയ നേതൃത്വങ്ങൾ എന്ന് തയ്യാറാവു
മെന്നാണ് ഈ മേഖലയിൽ നിന്നുള്ള വോട്ടർ എന്ന
നിലയിൽ ഞാൻ ഉറ്റുനോക്കുന്നത്.

ഓരോ വർഷവും മാറ്റമില്ലാതെ തുടരുന്ന കാലാ
വസ്ഥ വ്യതിയാനവും കടലിലെയും തീരത്തെയും അ
ശാസ്ത്രീയമായ നിർമ്മാണങ്ങളും നിമിത്തം നൂറു ക
ണക്കിന് വീടുകളാണ് കേരളത്തിന്റെ തീരദേശ ഗ്രാമ
ങ്ങളിൽ വർഷാവർഷം തകർന്നു വീണുകൊണ്ടിരിക്കു
ന്നത്. കടലിന്റെ സ്വാഭാവിക ചലനത്തെ തടയിട്ടു കൊ
ണ്ട് വിവിധ തീരദേശ ഗ്രാമങ്ങളിൽ നിർമ്മിക്കുന്ന മീ
റ്ററുകൾ നീളമുള്ളവ മുതൽ കോടികൾ മുടക്കി വിഴി
ഞ്ഞം തുറമുഖ പദ്ധതി പോലുള്ള വെള്ളാനകൾക്കാ
യി പണിതുകൊണ്ടിരിക്കുന്ന കിലോമീറ്ററുകൾ നീള
മുള്ള പുലിമുട്ടുകൾ വരെ തീരശോഷണത്തിനും മ
ത്സ്യത്തൊഴിലാളികളുടെ വീടുകൾ കടലെടുത്ത് പോ
വുന്നതിനും കാരണമാവുന്നുണ്ട്. ഇത്തരത്തിൽ വീടു
കൾ നഷ്ടമാവുന്നവരെ സർക്കാർ ചെലവിൽ പുനർ
ഗേഹം പദ്ധതിയിൽ നിർമ്മിച്ച ഫ്ളാറ്റുകളിലേക്ക് മാ
റ്റുന്നതാണ് പതിവ്. ലൈഫ് പദ്ധതിയിലെ ഫ്ളാറ്റു
കൾക്ക് സമാനമായി ഉടമസ്ഥാവകാശമോ കൈമാറ്റം
ചെയ്യാനുള്ള അവകാശമോ നൽകാതെയാണ് ഈ
ഫ്ളാറ്റുകളിലേക്ക് ഇവരെ മാറ്റുന്നത്. ഫിഷറീസ് വ
കുപ്പിൽ നിന്ന് മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ
നിർമ്മിക്കാൻ നൽകി വന്നിരുന്ന 4 ലക്ഷം രൂപ ധന
സഹായം എൽഡിഎഫ് സർക്കാരിന്റെ കാലത്ത് സം
സ്ഥാന സർക്കാരിന്റെ പാർപ്പിട പദ്ധതിയായ ലൈ
ഫിൽ ലയിപ്പിച്ചതോടെ സ്വന്തമായി വീട് എന്ന സ്വപ്
നം ഈ കമ്മ്യൂണിറ്റിയിലെ മനുഷ്യർക്ക് വീണ്ടും അ
പ്രാപ്യമായി. സ്ഥല പരിമിതി മൂലം ഒരു വീട്ടിൽ ഒന്നി

ലധികം കുടുംബങ്ങൾ താമസിക്കുന്ന രീതിയാണ് തീരദേശ ഗ്രാമങ്ങളിലേത്. ഒരു വീട്ടിൽ താമസിക്കുന്ന എല്ലാവർക്കും കൂടി ഒരൊറ്റ റേഷൻ കാർഡ് മാത്രമായിരുന്നെങ്കിലും ഫിഷറീസിൽ നിന്ന് മുൻപ് ഓരോ കുടുംബങ്ങൾക്കും പ്രത്യേകം ധനസഹായം നൽകിയിരുന്നു. എന്നാൽ ലൈഫ് മിഷനിൽ ഇത്തരമൊരു ആനുകൂല്യം ഇല്ലാത്തതിനെ തുടർന്ന് മൂന്ന് കുടുംബങ്ങൾ ഒരൊറ്റ കുടുസ്സ് വീട്ടിൽ താമസിക്കുന്ന സാഹചര്യങ്ങളിൽ പോലും മൂന്ന് കുടുംബങ്ങൾക്കുമായി ഒരു വീട് മാത്രമെന്ന നിലയിൽ ധനസഹായം ലഭിക്കുകയുണ്ടായി. മാത്രവുമല്ല സ്വന്തമായി ഭൂമിയുണ്ടായിട്ടും വീടില്ലാത്തവർക്കാണ് ലൈഫ് പദ്ധതിയുടെ പ്രഥമ ഘട്ടങ്ങളിൽ വീട് നിർമ്മിച്ച് നൽകുന്നത്. തീരദേശവാസികളിൽ ഏറിയ പങ്കിനും സ്വന്തമായി ഭൂമി ഇല്ല എന്നതിനാൽത്തന്നെ സ്വാഭാവികമായും ലൈഫ് പദ്ധതിയുടെ നിർവ്വചനങ്ങളിൽ നിന്ന് അവർ പുറത്തായി. തുടർഭരണത്തിനായി ഒരുങ്ങുന്ന എൽഡിഎഫ് സർക്കാർ, ഈ ഭരണ കാലയളവിലെ തങ്ങളുടെ ഏറ്റവും പ്രധാന നേട്ടങ്ങളിലൊന്നായി ഉയർത്തിക്കാട്ടുന്ന വീടില്ലാത്തവർക്ക് സ്വന്തമായൊരു വീട് എന്ന അവകാശവാദത്തിനുള്ളിൽ ഇവിടുത്തെ മത്സ്യത്തൊഴിലാളികൾ ഉൾപ്പെട്ടിട്ടില്ല എന്ന് ഇനിയെങ്കിലും മനസിലാക്കണം.

വീടില്ലായ്മയുടെയും സ്ഥല പരിമിതികളുടെയും ഏറ്റവും വലിയ ഇരകളാവാൻ പോവുന്നത് അതാത് സമൂഹങ്ങളിലെ സ്ത്രീകളും കുട്ടികളുമാണ് എന്ന വസ്തുതയും ഇവിടെ കാണാതെ പോവരുത്. മത്സ്യത്തൊഴിലാളികൾ എന്ന ബഹുമുഖ സ്വഭാവമുള്ള കൂട്ടത്തിനുള്ളിൽ പലപ്പോഴും വിസ്മരിക്കപ്പെട്ടു പോവുന്ന മത്സ്യക്കച്ചവടക്കാരി സ്ത്രീകളും ഈ തെരഞ്ഞെടുപ്പിനെ നോക്കിക്കാണുന്നത് എങ്ങനെയെന്ന ചോദ്യം പ്രാധാന്യം അർഹിക്കുന്നു. കൊവിഡ് മഹാമാരി മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് ഗൾഫിലെ അസംഘടിത മേഖലയിൽ ജോലി ചെയ്തിരുന്ന തീരദേശവാസികളിൽ പലരും തിരികെ നാട്ടിലെത്തിയതോടെ മെച്ചപ്പെട്ട വിദ്യാഭ്യാസം നേടിയ യുവതികളുൾപ്പെടെ കുടുംബം പോറ്റാനായി മത്സ്യക്കച്ചവടത്തിന് ഇറങ്ങിയിരുന്നു. വളരെ മോശപ്പെട്ട ചുറ്റുപാടുകളിലിരുന്ന് മീൻ കച്ചവടം നടത്തുന്ന ഈ സ്ത്രീകൾ ഏത് മാനദണ്ഡം വെച്ചാണ് വോട്ട് ചെയ്യേണ്ടത്? മീൻ ചന്തകളിലെ മൂത്രപ്പുര സമരങ്ങൾക്ക് പതിറ്റാണ്ടുകളുടെ പഴക്കമുണ്ടെങ്കിലും, ഇന്നും മീൻ വില്ക്കാനിറങ്ങുന്ന പെണ്ണുങ്ങളിൽ പലരും അതിരാവിലെ മുതൽ വൈകുന്നേരം വരെ മൂത്രശങ്ക പിടിച്ചു വയ്ക്കുകയോ കിലോമീറ്ററുകൾക്ക് അപ്പുറത്തുള്ള പൊതു ശൗചാലയങ്ങൾ തേടിപ്പോവുകയോ ചെയ്യേണ്ട ഗതികേടാണ്. തിരുവനന്തപുരം നഗരത്തോട് ചേർന്നുള്ള കേശവദാസപുരത്ത് വർഷങ്ങളായി മീൻ കച്ചവടം നടത്തുന്ന മറിയം സിൽവസ്റ്റർ എന്ന 50 വയസിലേറെ പ്രായമുള്ള സ്ത്രീയുമായി നടത്തിയ അഭിമുഖം ട്രൂകോപ്പി തിങ്ക് എന്ന ഓൺലൈൻ മാധ്യമത്തിൽ വന്നത് ഇക്കഴിഞ്ഞ വർഷമാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ഫോർമാലിൻ കലർന്ന മീനിന്റെ പഴി കേൾക്കേണ്ടി വരുന്നതിനെപ്പറ്റിയും ന്യായമായ വില പോലും ലഭിക്കാതെ പലപ്പോഴും നഷ്ടത്തിൽ മീൻ കച്ചവടം നടത്തേണ്ടി വരുന്നതിനെപ്പറ്റിയും ചന്തകളിലെ ആൺ കച്ചവടക്കാരിൽ നിന്ന് ഏൽക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകളെപ്പറ്റിയും മീൻ കച്ചവടത്തിന് ഇറങ്ങുന്നത് മുതൽ പൊതു സമൂഹത്തിൽ നിന്ന് നേരിടേണ്ടി വരുന്ന വംശീയ വിവേചനങ്ങളെപ്പറ്റിയും തന്റെ തൊഴിൽ ജീവിതത്തെ മുൻനിർത്തി ആ മത്സ്യക്കച്ചവടക്കാരി സ്ത്രീ പറഞ്ഞു വയ്ക്കുന്നുണ്ട്. തൊഴിലിന് പുറത്ത്, തീരത്തിനകത്തെ സാമൂഹിക ജീവിതത്തിലെ വെല്ലുവിളികൾ ഇതിന് പുറമെയുള്ളവയാണ്.

തദ്ദേശീയർ അഥവാ ഇൻറിജീനിയസ് സമൂഹങ്ങൾ എന്ന് വിളിക്കപ്പെടാനാവുന്ന കേരളത്തിലെ മത്സ്യബന്ധന സമൂഹങ്ങളുടെ പ്രശ്നങ്ങൾ സമാന സ്വഭാവമുള്ള ഇവിടുത്തെ ആദിവാസി സമൂഹങ്ങളിലേതിൽ നിന്നും വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെ പെസ (പഞ്ചായത്ത് എക്സ്റ്റൻഷൻ റ്റു ദി ഷെഡ്യൂൾഡ് ഏരിയ) പോലുള്ള നിയമങ്ങൾ ആദിവാസി സമൂഹങ്ങളെ സംബന്ധിച്ചുള്ള ക്ഷേമ ചർച്ചകളിൽ ഒരു പരിധി വരെയെങ്കിലും സ്വാധീനം ചെലുത്തുന്നത് പോലെ തീരദേശ മേഖലകളിൽ സംഭവിക്കണമെന്നില്ല. കത്തോലിക്ക സഭ പോലുള്ള മതസ്ഥാപനങ്ങളുടെ മധ്യസ്ഥതയിലും ഇടപെടലുകളിലുമാണ് കേരളത്തിലെ മത്സ്യബന്ധന സമൂഹങ്ങളുടെ ദൈനം ദിന പ്രശ്നങ്ങൾ പൊതുസമൂഹത്തിന് മുൻപിലെത്താറുള്ളത്. തെരഞ്ഞെടുക്കപ്പെടുന്ന സർക്കാരുകൾ മത്സ്യത്തൊഴിലാളികൾക്കായി യാഥാർത്ഥ്യ ബോധമില്ലാത്ത പദ്ധതി പ്രഖ്യാപനങ്ങളിലും ഫണ്ട് ചെലവഴിക്കലുകളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് പകരം തീരദേശത്തുള്ളവരെ കൂടി വിശ്വാസത്തിൽ എടുത്തുക്കൊണ്ടുള്ള പ്രവർത്തനങ്ങളിലേക്കാണ് തിരിയേണ്ടത്. കടൽപ്പണിയുമായോ തീരദേശത്തെ ജീവിതങ്ങളുമായോ നേരിട്ട് കാര്യമായി ബന്ധമില്ലാത്തവരാണ് മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പിനെ സ്വാധീനിക്കുന്ന നിർണായക തീരുമാനങ്ങളെടുക്കുന്നത് എന്നത് വലിയ വിരോധാഭാസമാണ്. അതോടൊപ്പം കമ്മ്യൂണിറ്റിക്കകത്ത് നിന്ന് തന്നെയുള്ള മേഴ്സിക്കുട്ടിയമ്മ എന്ന ഫിഷറീസ് മന്ത്രി ഓഖി പോലുള്ള ദുരന്ത സമയങ്ങളിൽ ഉൾപ്പെടെ തികച്ചും ഇൻസെൻസിറ്റീവായ പ്രസ്താവനകൾ നടത്തിയത് അത്രവേഗം മറക്കാനാവുകയുമില്ല. അധികാരം താഴെത്തട്ടിലേക്ക് എന്ന് നിരന്തരം ആവർത്തിച്ചു കൊണ്ടിരിക്കുന്നവർ പോലും അധികാരത്തിൽ ഏറിയാലുടനീളം മുകളിൽ നിന്ന് താഴേക്ക് എന്ന വിധത്തിൽ അധികാര വികേന്ദ്രീകരണം നടത്തുന്നതിലൂടെ ഏറ്റവുമധികം ദുരിതത്തിലാവുന്നത് മത്സ്യത്തൊഴിലാളികളും ആദിവാസികളും ദളിതരും മറ്റ് പിന്നോക്ക വിഭാഗങ്ങളുമൊക്കെയാണ്. ഓരോ വിഭാഗത്തിൽ പെടുന്ന മനുഷ്യരെയും കണക്കിലെടുത്ത് മുന്നോട്ട് പോയാൽ മാത്രമേ കേവല വോട്ട് ബാങ്കുകൾക്ക് ഉപരിയായി ജനാധിപത്യ വ്യവസ്ഥയിൽ അരികുവൽക്കരിക്കപ്പെട്ട മനുഷ്യർക്കും കൃത്യമായ പ്രാതിനിധ്യം ലഭിക്കുകയുള്ളൂ എന്ന് നാം ഇനിയെങ്കിലും തിരിച്ചറിയണം.








# 'ഐക്യനാട്യ'ക്കാരെ ഇതിലെ ഇതിലെ – ക്വീയർ വിരുദ്ധ ജനാധിപത്യ പ്രക്രിയയ്ക്ക് ഒരാമുഖം




**അനസ് എൻ.എസ്**
കേരളസർവകലാശാല ഗവേഷകവിദ്യാർത്ഥി. നിലവിൽ കിയറിഥം വൈസ്പ്രസിഡന്റാണ്





**പ്രിജിത്ത് പി. കെ.**
ഗവേഷകൻ, വിവിധ വകുപ്പുകളിലും കിലയുടെയും SOGIESC റിസോർസ് പേർസൺ ക്വീയറിഥം LGBTIQ കമ്മ്യൂണിറ്റി സ്ഥാപകനും പ്രസിഡന്റും.


നാനാത്വത്തിൽ ഏകത്വം എന്നാണല്ലോ ഇന്ത്യയെ കുറിച്ചുള്ള പൊതുധാരണ- എന്നാൽ വൈവിധ്യങ്ങളെ തിരസ്കരിച്ചുകൊണ്ടുള്ള ഏകമാനമായ സാമൂഹ്യക്രമം കെട്ടിപ്പടുക്കുന്ന ജനാധിപത്യവിരുദ്ധമായ ചരിത്രമാണ് ഇന്നു വരെ നമുക്ക് പറയുവാനുള്ളത്. ജനാധിപത്യപ്രക്രിയയെ കുറിച്ച് ഡോ. ബി ആർ അംബേദ്കർ അഭിപ്രായപ്പെട്ടത് 'ജനാധിപത്യം ഒരു സർക്കാരല്ല മറിച്ച് ഒരു സാമൂഹ്യ കൂട്ടായ്മയാണ്' എന്നാണ്, സമൂഹം എന്നത് ഏകമാനമായ ഒരു കൂട്ടം ജനതയുടെ സമ്മേളനമോ അഭിപ്രായമോ അല്ല ബഹുസ്വരമായ ജനതയും കാഴ്ചപ്പാടും വൈവിധ്യമാർന്ന ജീവിതങ്ങളും ചേർന്ന പ്രക്രിയയാണത്, നിരന്തരം മാറ്റങ്ങൾക്കും കൂട്ടിച്ചേർക്കലുകൾക്കും വിധേയമാകുന്ന സ്ഥാപനം. എന്നാൽ ഇന്ത്യൻ സാഹചര്യത്തിൽ സമൂഹമെന്നത് ജാതിയുടെയും-മതത്തിന്റെയും പുരുഷ മേധാവിത്വത്തിന്റെയും ആകെ തുകയായി ചുരുക്കപ്പെട്ടിട്ടുണ്ട്. അവിടെ അദൃശ്യരാണ് ക്വീയർ മനുഷ്യരും അവരുടെ രാഷ്ട്രീയവും. ഇന്ത്യയിൽ 2014 ൽ മാത്രമാണ് ട്രാൻസ്ജെൻ

ഡർ വ്യക്തികൾക്ക് പൗരാവകാശം സുപ്രീം കോടതിവഴി അനുവദിച്ചുകിട്ടുന്നത്- ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം ലിംഗത്വ വൈവിധ്യങ്ങളെ അംഗീകരിക്കാൻ 60ലധികം വർഷങ്ങളെടുത്തു എന്ന അപഹാസ്യം സ്വന്തമാക്കി- മറ്റ് ക്വീയർ മനുഷ്യരുടെ ജീവിതാവകാശങ്ങൾ ഇന്നും ചോദ്യമായി നിലനിൽക്കുകയാണ് എന്നത് മറ്റൊരു വൈരുദ്ധ്യം. പ്രാതിനിധ്യ ജനാധിപത്യം എന്നത് ജനാധിപത്യത്തിന്റെ സൗന്ദര്യവും സുതാര്യതയും വർധിപ്പിച്ചുകൊണ്ട് കൂടുതൽ ഉൾപെടുത്തലുകൾ നടത്തുന്ന പ്രക്രിയയാണ്, എന്നാൽ ഇന്ത്യൻ 'പാർട്ടി പൊളിറ്റിക്സ്' സവർണ-പുരുഷ കോലാഹലങ്ങളാണ് എന്നത് നിരാശാജനകവും യാഥാർഥ്യവുമാണ്. ചരിത്രത്തിൽ മുഗൾ ഭരണ കാലയളവിൽ പോലും രാജസഭകളിൽ കിന്നർ-ഹിജഡ പാരമ്പര്യത്തിൽ ജീവിച്ചിരുന്ന ട്രാൻസ്ജെൻഡർ മനുഷ്യർക്ക് സ്ഥാനം ഉണ്ടായിരുന്നു എന്നത് നിയമനിർമാണ സഭകളിലെ ക്വീയർ ഉൾപെടുത്തലായി വിവക്ഷിക്കാം, എന്നാൽ ജനാധിപത്യ സർക്കാരുകൾ സ്വാതന്ത്ര്യാനന്തരം അതിനവസരം നൽകിയില്ല എന്നതുതന്നെ ക്വീയർ അദൃശ്യത വെളിവാക്കുന്നുണ്ട്.

പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾ, സ്ത്രീകൾ തുടങ്ങി സമൂഹത്തിൽ കൃത്യമായ അവസരസമത്വം ലഭിച്ചിട്ടില്ലാത്ത മനുഷ്യർക്ക് നിയമ നിർമാണ സഭകളിൽ പ്രാതിനിധ്യം ലഭിച്ചത് സംവരണം ഉള്ളതുകൊണ്ട് മാത്രമാണ്, കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ 50 ശതമാനം ആണ് സ്ത്രീ സംവരണം. സംവരണം ഭരണഘടനാവകാശം ആയതോടെ പ്രാതിനിധ്യം എന്നത് രാഷ്ട്രീയ പാർട്ടികളുടെ ഉത്തരവാദിത്വം കൂടിയായി. എന്നാൽ എല്ലാത്തരം മനുഷ്യരെയും നമ്മൾ നിയമനിർമാണ സഭകളിൽ ഉൾപെടുത്തുന്നുണ്ടോ?

ക്വീയർ മനുഷ്യർ ഏകമാനമായ അസ്തിത്വമോ രൂപമോ സംസ്കാരമോ പേറുന്നവരാണ്, നമ്മുടെ ഇന്ത്യൻ സമൂഹത്തിൽ അസ്തിത്വം തുറന്നുപറഞ്ഞ എത്ര ക്വീയർ രാഷ്ട്രീയക്കാർ ജനസഭകളിൽ അംഗങ്ങൾ ആയിട്ടുണ്ട്? നിയമനിർമ്മാണസഭകളിൽ സ്വവർഗാനുരാഗികളോ-ഉഭയലൈംഗികരോ ജെണ്ടർ ക്വീയർ ആയവരോ ട്രാൻസ്ജെൻഡർ മനുഷ്യരോ ഒക്കെ ചിലപ്പോൾ സ്ത്രീ-പുരുഷ ദ്വന്ദങ്ങളിൽ ഭിന്നവർഗാനുരാഗികളായി പ്രിവിലേജുകളോടെ നടപടികളിൽ പങ്കെടുക്കുന്നുണ്ടാകും എന്നാൽ അസ്തിത്വം ആത്മാഭിമാനത്തോടെ തുറന്നു പറയാത്തിടത്തോളം അവരുടെ സാന്നിധ്യം അദൃശ്യം തന്നെ ആയിരിക്കും. അവിടെയാണ് ജനസഭകളും സമൂഹവും ഇൻക്ലൂസീവ് ആകേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയേണ്ടി വരുന്നത്. ഒരു വ്യക്തി തന്റെ ലിംഗത്വ അസ്തിത്വം ബൈനറിക്കും അപ്പുറമാണെന്നും തന്റെ ലൈംഗികതയും ലൈംഗിക ചായ്‌വ് എന്നിവ ഭിന്നവർഗാനുരാഗത്തിനപ്പുറമാണെന്നും നിലനിൽക്കുന്ന സിസ്-ഹെറ്ററോസെക്ഷ്വൽ നോർമേറ്റിവ് സങ്കൽപ്പങ്ങൾ തങ്ങളുടെ നിലനിൽപ്പിനു തന്നെ എന്നും തടസമാണെന്നും തിരിച്ചറിഞ്ഞുകൊണ്ട് ശരീരം-ലിംഗത്വം-ലൈംഗികത-ലൈംഗിക ചായ്‌വ് എന്നിവയിലൂടെ ജീവിക്കാനുള്ള അവകാശം അടയാളപ്പെടുത്താൻ ശ്രമിക്കുമ്പോൾ ഇന്ത്യൻ സമൂഹം അവരെ തിരികെ ബൈനറികളിൽ ഒതുക്കി അദൃശ്യരാക്കാനാണ് കഠിനമായി ശ്രമിക്കുന്നത്. നിർഭാഗ്യകരമെന്ന് പറയട്ടെ ഇന്ത്യൻ സാഹചര്യത്തിൽ അടുത്തെങ്ങും ജനാധിപത്യപ്രക്രിയകളിൽ പങ്കാളികളാവാൻ ഈ മുൻധാരണകൾകൊണ്ട് ക്വീയർ മനുഷ്യർക്ക് സാധിക്കില്ല എന്ന് മുൻ അനുഭവങ്ങൾ തെളിയിക്കുന്നു.

ലിംഗസമത്വത്തെക്കുറിച്ചുള്ള ചർച്ചയിൽ സ്ത്രീകളുടെ പ്രശ്നങ്ങൾ മാത്രമല്ല എന്നും അതിൽ ട്രാൻസ്ജെൻഡർ സമത്വത്തിന്റെ തലങ്ങളുമുണ്ട് എന്നുമുള്ള തിരിച്ചറിവിന്റെ പാതയിലേക്കാണ് ലോകരാജ്യങ്ങൾ നടന്നടുക്കുന്നത്. അവകാശപ്പോരാട്ടങ്ങൾക്ക് അധികാരം ഒരു വലിയ ഘടകമാണ്. നിലനിൽക്കുന്ന അധികാരഘടന ക്വിയർവിരുദ്ധമാണെന്ന് ലോകത്തിൻറെ ഏത് കോണിലിരുന്ന് കൊണ്ടും പറയാനാകും. മനുഷ്യാവകാശപ്പോരാട്ടങ്ങൾ ക്വിയർ അവകാശങ്ങളെ തിരിച്ചറിഞ്ഞ് അംഗീകരിക്കാൻ ആരംഭിച്ചതിൽ പിന്നെ ആധുധികലോകക്രമത്തോട് ചേർന്ന് നിൽക്കാൻ വേണ്ടി എങ്കിലും പല രാജ്യങ്ങളും ഇപ്പോൾ എൽ.ജി.ബി. റ്റി പങ്കാളിത്തം ഉറപ്പ് വരുത്താറുണ്ട്. കൃത്യമായ രാഷ്ട്രീയബോധ്യത്തിന്റെ പിൻബലത്തോടെ ക്വിയർ വ്യക്തികൾ അധികാരസ്ഥാനങ്ങൾ കയ്യാളാൻ തുടങ്ങിയിട്ട് അധികനാളുകൾ ആയിട്ടില്ല എന്ന് മാത്രമല്ല ആയതിന്റെ എണ്ണം വളരെ കുറവുമാണ്.

'അധികാരം കൊയ്യണമാദ്യം നാം/അതിനുമേലാകട്ടെ പൊന്നാര്യൻ' എന്ന കവിവചനം എല്ലാവിധ അരികുവൽകൃതജനതയുടെ പോരാട്ടത്തിലും സാർത്ഥകമാണ്. അധികാരത്തിലേക്കെത്തുവാൻ കഴിയുക എന്നത് ന്യൂനപക്ഷജനതയെ സംബന്ധിച്ച് അങ്ങേയറ്റം അത്യാവശ്യമായ ഒരു കാര്യമാണ്. ക്വിയർ മനുഷ്യരുടെ മുന്നേറ്റത്തിന് അധികാരപ്രവേശനം ആവശ്യമാണ് എന്നതിന് നാളിത്രവരെയുള്ള അധികാരത്തിലെത്തിയ സിസ് പ്രതിനിധാനങ്ങളെ പരിശോധിച്ചാൽ മതിയാകും.

അധികാരത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട എൽജിബിടി വ്യക്തികളുടെ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട പേരാണ് ഹാർവേ മിൽക്ക്. 1977 ൽ യു എസിലെ തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ സ്വത്വം വെളിപ്പെടുത്തിയ എൽജിബിടി വ്യക്തി എന്ന പേരിൽ ഇദ്ദേഹം അറിയപ്പെടുന്നു. ലൈംഗികചായ്-വിനെ മുൻനിർത്തിയുള്ള അടിച്ചമർത്തലിനും വിവേചനത്തിനും എതിരെ ബില്ലവതരപ്പിച്ചതിന് പരമ്പരാഗതവാദികളുടെ ശത്രുവാകുകയും അതിന്റെ പേരിൽ തന്നെ 1978 ൽ കൊല്ലപ്പെടുകയും ചെയ്തു ഇദ്ദേഹം. അവകാശപ്പോരാട്ടങ്ങളുടെ ചരിത്രം കൊലപാതകങ്ങളുടേത് കൂടിയാകുന്നത് അരികുവൽകൃതജനതയുടെ നി

ത്യയാഥാർത്ഥ്യമാകുന്നു. എൽജിബിടി കൊലകൾ പിന്നെയും തുടർന്നു. ലോകത്തിന്റെ പല കോണുകളിൽ എൽജിബിടി വ്യക്തികൾ പല അധികാരസ്ഥാനങ്ങളിലേക്കും മൽസരിക്കുകയും പലതിലും വിജയിക്കുകയും ചെയ്തു. ന്യൂസീലൻറ്, അമേരിക്ക എന്നിവിടങ്ങളിലെ സമീപകാല തിരഞ്ഞെടുപ്പുകൾ ക്വിയർ പ്രാതിനിധ്യം കൊണ്ട് തന്നെ ലോകശ്രദ്ധയാർജ്ജിച്ചിരുന്നു. ന്യൂസിലൻറിന്റെ പുതിയ ഡെപ്യൂട്ടി പ്രധാനമന്ത്രിയായി ആദ്യമായി ഒരു ഗേ വ്യക്തി തിരഞ്ഞെടുക്കപ്പെട്ടു. ഗ്രാന്റ് റോബർട്സൺ ആ സ്ഥാനത്തേക്ക് എത്തുമ്പോൾ ലോകത്തിന് മുഴുവൻ അതൊരു മാതൃകയാവുകയായിരുന്നു. അമേരിക്കൻ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ട ജോ ബൈഡൻ അസിസ്റ്റൻറ് ഹെൽത്ത് സെക്രട്ടറിയായി റേച്ചൽ ലെവീൻ എന്ന ട്രാൻസ് വനിതയെ നിയമിച്ചതും വിപ്ലവാത്മകമായ തീരുമാനമായിരുന്നു. ഡോണാൾഡ് ട്രംപിന്റെ ഭരണകാലത്ത് യു എസിൽ ഉണ്ടായിരുന്ന ക്വിയർ വിരുദ്ധ അന്തരീക്ഷത്തിനു കൂടിയായിരുന്നു ജോ ബൈഡൻ ഭരണകൂടം അന്ത്യം കുറിച്ചത്. 2020 യു എസ് തിരഞ്ഞെടുപ്പിൽ ആയിരത്തിലധികം എൽജിബിടി വ്യക്തികളാണ് മൽസരിച്ചത്.

1994 ലാണ് ഹിജഡ സംസ്കാരത്തിൽ ജീവിക്കുന്ന വ്യക്തികൾക്ക് വോട്ടിംഗ് പ്രക്രിയയിൽ പങ്കെടുക്കാനുള്ള അവകാശം ഇന്ത്യയിലുണ്ടായത്. 1998 ൽ മധ്യപ്രദേശിലെ എം എൽ എ ആയി തിരഞ്ഞെടുക്കപ്പെട്ടു കൊണ്ട് ശബ്നം 'മൗസി' ബാനോ എന്ന ട്രാൻസ്ജെൻഡർ വ്യക്തി ഇന്ത്യയിൽ ചരിത്രം കുറിച്ചു. 2015 ൽ ചത്തീസ്ഗഢിലെ റായ്ഗാഢിലെ മേയറായി മധുഭായ് കിന്നർ എന്ന ട്രാൻസ്ജെൻഡർ വ്യക്തിയും തിരഞ്ഞെടുക്കപ്പെട്ടു. ഇവർക്കപ്പുറം മൽസരരംഗത്ത് കടന്നുവന്ന അനേകം ട്രാൻസ്ജെൻഡർ വ്യക്തികൾ ഇന്ത്യയിലുണ്ട്. മുന്നണികളുടെ പിന്തുണയില്ലാത്ത സ്വതന്ത്രരായി മൽസരിച്ചവരാണ് ഇവരിൽ പലരും. ഇന്ത്യയിലെ രാഷ്ട്രീയത്തിലെ എൽജിബിടി പങ്കാളിത്തം ട്രാൻസ്ജെൻഡർ വ്യക്തികളിൽ മാത്രം ഒതുങ്ങുന്നതും അഭിസംബോധന ചെയ്യേണ്ടതാണ്.

2014 ലെ സുപ്രധാനമായ നൽസ വിധിയിലൂടെ ഇന്ത്യൻ നീതിന്യായ വ്യവസ്ഥ ഇന്ത്യൻ ജനസഭകളോട് ട്രാൻസ്ജെൻഡർ മനുഷ്യരെ ഉൾപ്പെടുത്തണം എന്ന് വിധിച്ചതിലൂടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ട്രാൻസ് അനുകൂല ചട്ടങ്ങളും നിയമങ്ങളും നയങ്ങളും രൂപീകരിക്കുവാൻ നിർബന്ധിതർ ആകുകയാണ് ഉണ്ടായത്. അല്ലാതെ പൊടുന്നനെ ട്രാൻസ് ഇൻക്ലൂഷൻ എന്ന ആശയത്തിലേക്ക് എത്തുകയായിരുന്നില്ല എന്ന് സാരം. നിൽവിൽ കമ്മ്യൂണിസ്റ്റ്-കോൺഗ്രസ്-ബിജെപി എന്നിവയിൽ എല്ലാം ട്രാൻസ്ജെൻഡർ അനുബന്ധ സംഘടനകളോ ഘടക-പോഷക സംഘടനകളോ അംഗങ്ങളോ പരസ്യമായി പ്രവർത്തിക്കുന്നുണ്ട്, എന്നാൽ കഴിഞ്ഞ തദ്ദേശ സ്വയം ഭരണ തിരഞ്ഞെടുപ്പിൽ പോലും ഒരു പഞ്ചായത്ത് മെമ്പറുടെ സീറ്റുപോലും ട്രാൻസ്ജെൻഡർ മനുഷ്യർക്ക് നൽകുവാൻ ഈ പാർട്ടികൾക്കോ മുന്നണികൾക്കോ സാധിച്ചിട്ടില്ല. കണ്ണൂർ കോർപറേഷനിൽ സ്വതന്ത്ര സ്ഥാനാർത്ഥിയായി സന്ധ്യ എന്ന ട്രാൻസ്ജെൻഡർ സ്ത്രീ മത്സരിച്ചാണ് ഈ മുന്നണികളോട് ക്വീയർ മനുഷ്യരും ഇവിടെയുണ്ടെന്ന് പ്രഖ്യാപിച്ചത്- സന്ധ്യ രണ്ട് മാസങ്ങൾക്ക് മുൻപ് ആത്മഹത്യ ചെയ്തിരുന്നു. നിരന്തര കലഹങ്ങൾ സമൂഹത്തോട് നടത്തുന്ന ക്വീയർ മനുഷ്യർക്ക് രാഷ്ട്രീയപാർട്ടികളുടെ ഇരട്ടത്താപ്പ് ആദ്യാനുഭവമല്ല. കേരള നിയമസഭയിലേക്ക് നടക്കുന്ന ഈ ഇലക്ഷനിലും അത്തരത്തിൽ ഒരു സമീപനം പലരും പ്രതീക്ഷിച്ചതുമാണ് എന്നാൽ ഡെമോക്രാറ്റിക് സോഷ്യൽ ജസ്റ്റിസ് പാർട്ടി എന്ന പുതിയൊരു രാഷ്ട്രീയ കൂട്ടായ്മ വേങ്ങരയിൽ അനന്യ കുമാരി അലക്സ് എന്ന ട്രാൻസ് വനിതയെ സ്ഥാനാർത്ഥിയായി നിർത്തിയത് രാഷ്ട്രീയകേരളം മനപൂർവം ചർച്ചയാക്കാതെ മാറ്റിവെച്ചു. ട്രാൻസ്ജെൻഡർ വിരുദ്ധമായ-ക്വീയർ വിരുദ്ധമായ അനേകം പരാമർശങ്ങളും പോളിസി നിർമാണവും മറ്റും നടക്കുന്ന സഭകളിൽ ഒരു ക്വീയർ കൺ



സൾട്ടേഷൻ നടത്തുവാനെങ്കിലും ഒരു അംഗം ഇല്ല എന്നത് വൈവിധ്യങ്ങളെ സഭകൾ എങ്ങനെ ഭയക്കുന്നു എന്നത് തുറന്നുകാണിക്കുന്നു. കേരളത്തിലെ സഭയിൽ ഒരു ആംഗ്ലോ ഇന്ത്യൻ പ്രതിനിധി ഉണ്ടെന്ന പോലെ വോട്ടവകാശത്തോടെ നിയമപരമായി ഒരു ക്വീയർ വ്യക്തി എങ്കിലും തിരഞ്ഞെടുക്കപ്പെടണം എന്നത് സാമാന്യ ജാനാധിപത്യ മര്യാദയാണ്.

സിസ്-ഹെട്രോ സ്വീകാര്യത എങ്ങനെ ക്വിയർ വിരുദ്ധ അന്തരീക്ഷം ഉണ്ടാക്കുന്നു. സാമുഹികഅധികാരക്രമങ്ങൾ എപ്പോഴും ഉൽകൃഷ്ടം എന്ന് കരുതുന്ന ചിലതുണ്ട്. ഒരു ദ്വന്ദ്വത്തെ ധ്രുവീകരണയുക്തിയിൽ ഉണ്ടാക്കുകയും അതിൽ ഒന്നിനെ ശ്രേഷ്ഠമായും മറ്റൊന്നിനെ മോശമായും കണക്കാക്കുകയും ചെയ്യുക എന്നത് കാലാകാലങ്ങളായുള്ള അധികാരക്രമരൂപീകരണപ്രക്രിയയാണ്. അത്തരത്തിൽ പുരുഷത്വം, സവർണത, വെളുത്ത തൊലി, സിസ് ജെണ്ടർ സ്വത്വം എന്നിവ ഉൽകൃഷ്ടമാക്കുകയും സ്ത്രീ, ദളിത്, അവർണത, നോൺ ബൈനറി- ട്രാൻസ്ജെൻഡർ സ്വത്വങ്ങൾ, സ്വവർഗാനുരാഗം എന്നിവ മോശം ആയും കണക്കാക്കപ്പെട്ടു. അധികാരസ്ഥാനങ്ങൾ എപ്പോഴും ഉത്കൃഷ്ടസ്ഥാനികൾ കയ്യാളുന്ന അവസ്ഥയും മറുധ്രുവത്തിലേക്ക് തള്ളപ്പെട്ടവർ ഇവരുടെ അധികാരത്തിൽ കൂടുതൽ അരികുവൽകൃതരാവുകയും ചെയ്യുന്നു. സിസ് ജെണ്ടർ- ഹെറ്ററോസെക്ഷ്വൽ-സവർണ്ണ പുരുഷന്മാർ ആണ് ഉന്നതശ്രേണിയുടെ അധികാരിയായി സ്വാഭാവികമായും പ്രതിഷ്ഠിക്കപ്പെടുന്നത്. അവിടേക്ക് കടക്കാൻ ശ്രമിക്കുന്ന ഓരോ അരികുവൽകൃതവ്യക്തിയും വിശേഷാവകാശം  ഇല്ലാത്തതിന്റെ അധികഭാരം കൂടി പേറിയാണ് പോരാടുന്നത്.

രാഷ്ട്രീയചരിത്രങ്ങൾ പരിശോധിച്ചാൽ തന്നെ ഏറ്റവും കൂടുതൽ അവിടേക്ക് കടന്നുവരുന്നത് സിസ്-ഹെറ്ററോ-സവർണ-പുരുഷന്മാർ ആണെന്ന് വ്യക്തമാകും. അവിടേക്ക് കടന്നു വരുന്ന സ്ത്രീ , ദളിത്, ദളിത്-സ്ത്രീ എന്നിവരുടെ എണ്ണം തീർത്തും ന്യൂനപക്ഷമായിരിക്കും. ട്രാൻസ്ജെൻഡർ, ലൈംഗികന്യൂനപക്ഷം എന്നിവരുടെ എണ്ണം ഇല്ല എന്ന് തന്നെ പറയേണ്ടി വരുന്ന അവസ്ഥയാണ്. ലൈംഗികന്യൂനപക്ഷം നിലനിൽക്കുന്നുണ്ട് എന്ന് പോലും മനസ്സാൽ അംഗീകരിക്കാൻ കഴിയാത്തവരാണ് ഇന്നും പലവിധ അധികാരങ്ങൾ കൈയ്യാളുന്നത് എന്നതാണ് വാസ്തവം. സ്വത്വം പുറത്ത് പറഞ്ഞ് കടന്നുവരുന്നവരുടെ എണ്ണം കുറവായതിനാൽ പിന്നെയും അവകാശങ്ങൾ ഇല്ലാത്തതിനാൽ സ്വത്വം പുറത്ത് പറയാൻ കഴിയാതിരിക്കുകയും ചെയ്യുന്ന അവസ്ഥ ചാക്രികമായി ഇവിടെ തുടരുന്നു. ലൈംഗികന്യൂനപക്ഷസ്വത്വത്തെ ഇപ്പോഴും 'മോശം' എന്ന ഗണത്തിലല്ലാതെ കാണാൻ കഴിയാത്ത രാഷ്ട്രീയബോധത്തിലാണ് കേരളത്തിലെ അന്തരീക്ഷം. കടലാസുകൾക്കപ്പുറം എൽജിബിടി പ്രശ്നങ്ങൾ നേരിടാനുള്ള സമഗ്രസംവിധാനങ്ങൾ നിലവിലില്ല. ആയതിനാൽ തന്നെ അടിസ്ഥാനതലത്തിൽ നിന്ന് കൊണ്ടുള്ള വിജ്ഞാനം പാഠ്യപദ്ധതികളിലും വിവിധസർക്കാർ പ്രവർത്തകരുടെ പരിശീലനപദ്ധതികളിലും ഉൾപ്പെടുത്തേണ്ടതുണ്ട്. ദൃശ്യത പ്രയാസമായ ഒരു സമൂഹത്തിന്റെ ഉന്നമനത്തിന് അവരെക്കുറിച്ചുള്ള അജ്ഞത ദുരീകരിക്കേണ്ടത് അത്യാവശ്യമാണ്.

കേരളം എന്തിന് മാതൃക കാണിക്കണം? ബഹുസ്വരമായ സാമൂഹ്യ ഘടനയിൽ ഒരു ജനവിഭാഗത്തിന്റെയും പ്രാതിനിധ്യമോ ശബ്ദമോ ഇല്ലാതാകുവാൻ പാടില്ല എന്നതാണ് ജനാധിപത്യത്തിന്റെ അടിസ്ഥാന ആശയം, എന്നാൽ അവകാശങ്ങൾക്ക് മാത്രമല്ല ഇൻക്ളൂസീവ് ആയൊരു സാമൂഹ്യ ഘടനയ്ക്ക് ക്വീയർ പ്രാതിനിധ്യം ഒഴിവാക്കാനാകാത്തതാണ് എന്ന് നമ്മുടെ സഭകളും രാഷ്ട്രീയവും തിരിച്ചറിയുന്ന കാലത്തുമാത്രമേ വൈവിധ്യങ്ങളുടെ അംഗീകാരവും സാമൂഹ്യ നീതിയും നടപ്പിലാകുകയുള്ളു. അതുവരെ കേവലം ഒത്തുചേർക്കലുകൾ മാത്രമാവുകയേ ഉള്ളു. ലോകത്തിലെ വിവിധ ജനാധിപത്യ മാതൃതകൾ നമ്മോടു വിളിച്ചുപറയുന്നതും ക്വീയർ മനുഷ്യരുടെ സാന്നിധ്യം അടിയന്തിരമായി ഉൾപ്പെടുത്തണം എന്നാണ്, ഇക്കഴിഞ്ഞ അമേരിക്കൻ ഇലക്ഷൻ നമ്മോടു ഉദാഹരണം സഹിതം തെളിവ് നൽകുന്നു. ഇന്ത്യൻ സാഹചര്യത്തിൽ ഇന്നും ക്വീയർ എന്നത് എതിർ സ്ഥാനാർത്ഥികളെ കളിയാക്കാനുള്ള പദമായാണ് ഉപയോഗിക്കുന്നത് എന്നത് നമ്മുടെ സമൂഹം എത്രത്തോളം ക്വീയർ ഫോബിക് ആണെന്ന് അടിവരയിട്ട് തെളിയിക്കുന്നു. രാജ്യത്ത് ആദ്യമായി ട്രാൻസ്ജെൻഡർ പോളിസി കൊണ്ടുവന്ന കേരളത്തിന് ക്വീയർ ഇൻക്ലൂഷൻ നടപ്പിലാക്കി രാജ്യത്തിന് കാണിച്ചുകൊടുക്കുവാനുള്ള ധാർമിക ബാധ്യത ഉണ്ടെന്നതാണ് വസ്തുത അല്ലെങ്കിൽ കൊട്ടിഘോഷിക്കുന്ന കേരള മോഡലിൽ ഞങ്ങൾ-ക്വീയർ- മനുഷ്യർ ഇല്ല എന്ന് തെളിയിക്കപ്പെടും. മാനുഷിക വിഭവ സൂചിക കണക്കാക്കുമ്പോൾ എല്ലാത്തരം മനുഷ്യരെയും ഉൾപെടുത്തിയോ എന്നത് ചോദ്യമായി തന്നെ നിലനിന്നുപോകുന്നതും ജനാധിപത്യത്തിന് അപഹാസ്യമാണ്. അടിസ്ഥാപരമായി രാഷ്ട്രീയ വിദ്യാഭ്യാസം മാത്രം പോരാ എന്ന തിരിച്ചറിവിൽ നിന്നും നാം പഠിച്ചതൊക്കെ കേരള സമൂഹം മറക്കുകയും ക്വീയർ എന്നത് ജനാധിപത്യവും വൈവിധ്യവും ആണെന്നും എല്ലാത്തരം മനുഷ്യർക്കും – ക്വീയർ-ദളിത് തുടങ്ങി ആണധികാര സിസ്-ഹെറ്ററോ-ബ്രാഹ്മണിക്കൽ കാഴ്ച്ചപ്പാടുകളും നിലപാടുകളും -മാറ്റിനിർത്തുന്ന ഏവർക്കും പ്രാതിനിധ്യം ലഭിക്കണമെന്ന സാർവ്വഐക്യം നൽകുന്ന നിലപാടുകൾ പഠിക്കണമെന്നും തിരിച്ചറിയണം.

വെറും ഐക്യനാട്യക്കാർ (വാക്കിന് കടപ്പാട് വിജയരാജമല്ലികയ്ക്ക്) മാത്രമായി മാറാതെ ഉൾപെടുത്തലിന്റെ രാഷ്ട്രീയം കൂടി പഠിക്കാൻ സാധിക്കണം, ജനാധിപത്യം മനോഹരമാകാൻ.



**പ്രൊഫ.ഡോ.എസ്.ഷിഫ**
ഓറിയെന്റൽ ഫാക്കൽറ്റി ഡീൻ &
മലയാളവിഭാഗം അദ്ധ്യക്ഷ
കേരളസർവകലാശാല

# അഡ്വ. കെ.ഒ. ഐഷാബായി എന്ന എന്റെ അപ്പച്ചിയും കൊട്ടയ്ക്കാട്ടു കുടുംബവും

**കൊ**ല്ലംജില്ലയിലെ ക്ലാപ്പനയിലെ പ്രശസ്തമായ ഒരു കുടുംബമാണ് കൊട്ടയ്ക്കാട്ടു കുടുംബം. ആ കുടുംബവീടിന്റെ നാലുകെട്ടിനുള്ളിലെ നടുത്തളവും വിശാലമായ പറമ്പിലെ ഇലഞ്ഞിച്ചോടും പടർന്നു പന്തലിച്ച പുളിമരത്തണലും മാഞ്ചുവടും ഒക്കെയായിരുന്നു ഞങ്ങൾ,കുട്ടികളുടെ അവധിക്കാല കളിക്കളങ്ങൾ. അവിടെ കളിച്ചു നടന്ന ബാല്യകാലത്തിന്റെ മധുരമുള്ള ഓർമ്മകളിൽ ഏറ്റവും വാത്സല്യമാർന്ന മുഖമാണ് കെ.ഒ. ഐഷാബായി എന്ന എന്റെ അപ്പച്ചിയുടേത്. ഏപ്രിൽ-മേയ് മാസത്തെ അവധിക്കാലം തുടങ്ങിക്കഴിഞ്ഞാൽ അപ്പച്ചിയുടെ വരവിനായി കാത്തിരിക്കുന്ന ഞങ്ങളെ നഗരത്തിൽനിന്നു നാട്ടിലേക്കു കൊണ്ടുപോയിരുന്നത് അപ്പച്ചിയായിരുന്നു. അന്ന് ഏറെ കൗതുകമുണ്ടായിരുന്ന ഫിയറ്റ്കാ

റിൽ നാട്ടിലേക്കുള്ള ആ യാത്രകൾ മറക്കാനാവാത്തതാണ്. തിരക്കുകൾക്കിടയിലും ആങ്ങളമാരുടെ മക്കൾക്കായി സമയം കണ്ടെത്തുക മാത്രമല്ല, ഞങ്ങളുടെയെല്ലാം ഇഷ്ടങ്ങൾക്കനുസരിച്ച് അവധിക്കാലം ഉത്സവസമാനമാക്കിയിരുന്നതും അപ്പച്ചിയുടെ ഇടപെടലുകളായിരുന്നു. കുട്ടിക്കാല കൗതുകങ്ങൾ കടന്നുപോകുന്നതിനൊപ്പം, ലാളിത്യത്തിന്റെയും ധൈര്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ആൾരൂപമായി ഞാൻ കണ്ടുവളർന്ന സ്ത്രീവ്യക്തിത്വം കൂടിയായിരുന്നു കെ.ഒ. ഐഷാബായി എന്ന എന്റെ അപ്പച്ചി. കുടുംബത്തിലെ മൂത്ത മകനായിരുന്ന എന്റെ വാപ്പ, ശ്രീ.കെ.ഒ.ഷംസുദ്ദീനും പിന്നെ കൊച്ചാപ്പാമാരും പറഞ്ഞുതന്നിട്ടുള്ള ചരിത്ര-രാഷ്ട്രീയസംഭവങ്ങളിലൂടെയാണ് ആ കുടുംബത്തെക്കുറിച്ചും അപ്പച്ചിയെക്കുറിച്ചും കൂടുതൽ ഞാൻ അറിഞ്ഞത്. പുരോഗമനാശയങ്ങൾക്കു വേണ്ടി എന്നും നിലകൊണ്ട ആ കമ്മ്യൂണിസ്റ്റു കുടുംബത്തിൽനിന്നുള്ള ഏക എം.എൽ.എ.യും ആദ്യനിയമസഭയിലെ ഡെപ്യൂട്ടിസ്പീക്കറുമായി അഡ്വ.കെ.ഒ.ഐഷാബായിയെ മാറ്റിത്തീർത്തതും ഒരു പരിധിവരെ ആ കുടുംബപശ്ചാത്തലമാണ്.

ക്ലാപ്പനയിലെ വടശ്ശേരി എന്നു പേരായ ഒരു ഇല്ലത്തെ വലിയ നമ്പൂതിരിക്ക് പുരോഗമന ചിന്താഗതിക്കാരനായതിന്റെ പേരിൽ സ്വസമുദായം ഭ്രഷ്ട് കല്പിക്കുകയും അദ്ദേഹം ഇസ്ലാംമതം സ്വീകരിച്ച് അവിടെത്തന്നെ ജീവിതം തുടരുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ കൊച്ചുമക്കളിൽ ഒരാളായ ഖാദറുകുഞ്ഞു പണി കഴിപ്പിച്ചതാണ് പരമ്പരാഗത വാസ്തുശില്പഭംഗി ഒത്തിണങ്ങിയ കൊട്ടയ്ക്കാട് എന്ന വീട്.
ഇദ്ദേഹത്തിന്റെ പത്തുമക്കളിൽ ഏറ്റവും ഇളയ മകനായ കെ.ഉസ്മാൻ സാഹിബ് എന്ന എന്റെ ഉപ്പുപ്പയായിരുന്നു തുടർന്ന് ആ കുടുംബത്തിന്റെ അവകാശിയായത്. പാരമ്പര്യവഴിക്കു പകർന്നുകിട്ടിയ ആഢ്യത്വംകൊണ്ടു നാട്ടിലെ പ്രമാണിയായിരുന്ന ഉപ്പുപ്പ യാഥാസ്ഥിതികചിന്ത പുലർത്തിയിരുന്ന ഒരാളായിരുന്നെങ്കിലും വക്കംമൗലവിയുടെ ഇസ്ലാമികനവോത്ഥാന പ്രവർത്തനത്തിൽ പങ്കാളിയാവുകയും സാമൂഹിക-സാംസ്കാരികരംഗത്തു പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്തതോടെയാണ് അദ്ദേഹത്തിന്റെ ചിന്താഗതിക്ക് വലിയ മാറ്റമുണ്ടായത്. മുഹമ്മദ് അബ്ദുൾറഹ്മാൻ സാഹിബ് ഉൾപ്പെടെയുള്ളവരുമായുണ്ടായ സൗഹൃദം കോൺഗ്രസ്സിലെ സോഷ്യലിസ്റ്റു പ്രസ്ഥാനത്തിലേക്കും ഉപ്പുപ്പായെ എത്തിച്ചിരുന്നു. അന്നാട്ടിലെ നവോത്ഥാനനായകരിൽ പലരും ആ വീട്ടിലെ സന്ദർശകരായിരുന്നു. അറബിഭാഷയ്ക്കൊപ്പം സംസ്കൃതഭാഷയും പഠിക്കാൻ ഉപ്പുപ്പായ്ക്കു പ്രേരണയായതും സാഹിത്യ-സാംസ്കാരിക രംഗത്തുണ്ടായിരുന്ന സൗഹൃദങ്ങളായിരുന്നു. ശ്രീനാരായണഗുരുവുമായും ഉപ്പുപ്പ അടുപ്പം പുലർത്തിയിരുന്നു. ക്ലാപ്പനയിൽ ഗുരു എത്തുമ്പോഴെല്ലാം ഉപ്പുപ്പായെ വിളിച്ചുവരുത്തുകയും

**ഞാൻ കണ്ടുവളർന്ന സ്ത്രീവ്യക്തിത്വം കൂടിയായിരുന്നു കെ.ഒ. ഐഷാബായി എന്ന എന്റെ അപ്പച്ചി. കുടുംബത്തിലെ മൂത്ത മകനായിരുന്ന എന്റെ വാപ്പ, ശ്രീ.കെ.ഒ.ഷംസുദ്ദീനും പിന്നെ കൊച്ചാപ്പാമാരും പറഞ്ഞുതന്നിട്ടുള്ള ചരിത്ര – രാഷ്ട്രീയസംഭവങ്ങളിലൂടെയാണ് ആ കുടുംബത്തെക്കുറിച്ചും അപ്പച്ചിയെക്കുറിച്ചും കൂടുതൽ ഞാൻ അറിഞ്ഞത്. പുരോഗമനാശയങ്ങൾക്കു വേണ്ടി എന്നും നിലകൊണ്ട ആ കമ്മ്യൂണിസ്റ്റു കുടുംബത്തിൽനിന്നുള്ള ഏക എം.എൽ.എ.യും ആദ്യനിയമസഭയിലെ ഡെപ്യൂട്ടിസ്പീക്കറുമായി അഡ്വ.കെ.ഒ.ഐഷാബായിയെ മാറ്റിത്തീർത്തതും ഒരു പരിധിവരെ ആ കുടുംബപശ്ചാത്തലമാണ്.**

തമ്മിൽ സംസാരിക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. സ്വാമി ബ്രഹ്മവ്രതൻ ഏറെക്കാലം ഉപ്പുപ്പായുടെ സംരക്ഷണയിൽ കൊട്ടയ്ക്കാട്ടു കഴിഞ്ഞിട്ടുണ്ട്. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരായിരുന്ന ഉപ്പുപ്പായ്ക്ക് കമ്മ്യൂണിസ്റ്റ് ആശയങ്ങളോട് ആഭിമുഖ്യം തോന്നിയത് സ്വാഭാവികമായിരുന്നു. ഉപ്പുപ്പായുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്കും താത്പര്യങ്ങൾക്കും തടസ്സംവരാതെ കുടുംബകാര്യങ്ങൾ നയിച്ചിരുന്നത് ഉപ്പുപ്പായുടെ ഭാര്യയും ഞങ്ങളുടെ വാപ്പുമ്മായുമായിരുന്ന ഫാത്തിമാകുഞ്ഞ് ആയിരുന്നു. കറ്റാനം ഇലിപ്പക്കുളം കൈതവന കുടുംബാംഗമായ ഫാത്തിമാകുഞ്ഞിന് അന്നത്തെ ഇടുങ്ങിയ ചിന്താഗതികൊണ്ട് ആധുനികവിദ്യാഭ്യാസം ലഭിച്ചിട്ടില്ലെങ്കിലും മതപഠനത്തിന്റെ ഭാഗമായി അറബിഭാഷയിൽ പ്രാവീണ്യംനേടാൻ കഴിഞ്ഞിട്ടുണ്ടായിരുന്നു. അറബിമലയാളത്തിലെ ധാരാളം മാപ്പിളപ്പാട്ടുകൾ വാപ്പുമ്മായ്ക്ക് കാണാപ്പാഠമായിരുന്നു. അവ കേട്ടെഴുതിസൂക്ഷിക്കാൻ കഴിയാഞ്ഞതിലുള്ള സങ്കടം വാപ്പ പറഞ്ഞിട്ടുണ്ട്.

ഉപ്പുപ്പായ്ക്കും വാപ്പുമ്മായ്ക്കും ഒമ്പതുമക്കളാണ് ജനിച്ചത്. മൂത്തമകളായിരുന്ന ഉമ്മുക്കൊലുസു പത്തൊമ്പതാംവയസ്സിലും രണ്ടാമതു ജനിച്ച ഒരു മകൻ നാലാംമാസവും മരിച്ചു പോയിരുന്നു. അങ്ങനെയാണ് മൂന്നാമത്തെ മകനായിരുന്ന എന്റെ വാപ്പ അടുത്ത തലമുറയിലെ മൂത്തയാളായത്. തന്റെ മക്കൾക്ക് വേണ്ടത്ര വിദ്യാഭ്യാസം ലഭ്യമാക്കണമെന്ന ഉപ്പുപ്പായു

ടെ നിശ്ചയദാർഢ്യത്തിന്റെ ഫലമായി ആൺമക്കളെ
മാത്രമല്ല പെൺമക്കളെയും അദ്ദേഹം സ്ക്കൂളിൽ വി
ട്ടു പഠിപ്പിച്ചു. മുസ്ലിംപെൺകുട്ടികൾക്ക് അറബിഭാഷ
യ്ക്കപ്പുറത്തു പഠനം നിഷേധിക്കപ്പെട്ടിരുന്ന കാലത്താ
ണ് എതിർപ്പുകളെ മറികടന്ന് തന്റെ പെൺമക്കളാ
യ ഉമ്മുക്കൊലുസുംബായിയെയും കെ.ഒ. ഐഷാ
ബായിയെയും കെ. ഒ. സൈനബായിയെയും സ്
ക്കൂളിലും കോളേജിലും വിട്ടു പഠിപ്പിക്കാൻ ഉപ്പുപ്പ
തയ്യാറായത്. പർദ്ദയണിഞ്ഞ് ആദ്യമായി അന്നാട്ടിൽ
സ്ക്കൂളിൽ പോയത് ഉമ്മുക്കൊലുസുഅപ്പച്ചിയായി
രുന്നു. ഏഴുവയസ്സുവരെ ആ പഠനം തുടരുകയും പി
ന്നെ അന്നത്തെ അറബി ലോവർപരീക്ഷ വിജയിച്ച്
അറബിക് മുൻഷി സർട്ടിഫിക്കേറ്റ് നേടുകയും ചെയ്
തു. ഒരു അധ്യാപികയാകാനുള്ള ആഗ്രഹം സാധി
ക്കും മുമ്പ് രോഗബാധിതയായ അപ്പച്ചി അകാലത്തിൽ
(1936) മരിച്ചുപോയി. അന്ന് ചെറിയ കുട്ടികളായിരു
ന്ന ഇളയ അപ്പച്ചിമാർക്കു മതപഠനത്തോടൊപ്പം ത
ന്നെ ഔപചാരികവിദ്യാഭ്യാസം നൽകുന്നതിലും ഉ
പ്പുപ്പ ശ്രദ്ധകൊടുത്തു. അങ്ങനെ സ്ക്കൂൾവിദ്യാഭ്യാ
സം കഴിഞ്ഞ് കോളേജിൽ ചേർന്നു പഠിക്കാനും നി
യമബിരുദധാരികളാകാനും അവർക്കു കഴിഞ്ഞു.
ബിരുദം നേടി കോടതിയിൽ ഉദ്യോഗസ്ഥയായി എ
ന്നതിനപ്പുറം പൊതുരംഗത്തേക്കു വരാൻ സൈനാ
അപ്പച്ചിയ്ക്കു താത്പര്യമുണ്ടായിരുന്നില്ല. എന്നാൽ,
ഐഷാഅപ്പച്ചി അങ്ങനെ ഒതുങ്ങിക്കൂടാൻ തയ്യാറാ
യിരുന്നില്ല. ഐഷാഅപ്പച്ചി രാഷ്ട്രീയപ്രവർത്തനങ്ങളി
ലൂടെ രണ്ടുതവണ എം.എൽ.എ.ആയി നിയമസഭയി
ലെത്തുകയും ആദ്യത്തെ വനിതാ ഡെപ്യൂട്ടിസ്പീക്കർ
എന്ന പദവിയിലൂടെ ചരിത്രത്തിന്റെ ഭാഗമായി മാറു
കയും ചെയ്തു.

തന്റെ പിതാമഹൻ നിർമ്മിച്ച നാലുകെട്ടിലെ അ
കത്തളങ്ങളിൽ ഒതുങ്ങിപ്പോകുമായിരുന്ന സ്വന്തം
പെൺമക്കളുടെ ജീവിതത്തിന് ഇത്തരത്തിൽ ഒരു ദി
ശാബോധം ഉണ്ടാക്കിക്കൊടുത്തത് ഉപ്പുപ്പായുടെ ദീർ
ഘവീക്ഷണം ഒന്നു മാത്രമാണ്. നമ്പൂതിരിസ്ത്രീക
ളെ അടുക്കളയിൽനിന്ന് അരങ്ങത്തെത്തിച്ചതുപോലെ
യുള്ള ഒരു നവോത്ഥാനപ്രവർത്തനം തന്നെയായിരു
ന്നു അത്. കാരണം, പരമ്പരാഗത മതവിദ്യാഭ്യാസവും
നൽകിക്കൊണ്ടുതന്നെയാണ് പുരോഗമനചിന്തപുലർ
ത്തുന്നവരായി മക്കളെ ഉപ്പുപ്പ വളർത്തിയത്. അതു
കൊണ്ടുതന്നെ, ഉപ്പുപ്പായുടെ നിശ്ചയദാർഢ്യത്തെ
ചോദ്യം ചെയ്യാനുള്ള ധൈര്യം സമുദായത്തിലെ മ
റ്റുള്ളവർക്ക് ഉണ്ടായിരുന്നില്ല. തന്റെ ആൺമക്കളും ഉ
യർന്നവിദ്യാഭ്യാസം നേടണമെന്ന ഉപ്പുപ്പായുടെ ആ
ഗ്രഹവും പാഴായില്ല. എന്റെ വാപ്പ, കെ.ഒ.ഷംസുദ്ദീൻ,
ആദ്യം പത്രപ്രവർത്തകനും അധ്യാപകനുമായി ജോ
ലി നോക്കിയിരുന്നെങ്കിലും കമ്മ്യൂണിസ്റ്റുപാർട്ടിപ്രവർ
ത്തനത്തിന്റെ ഭാഗമായി ജോലി നഷ്ടപ്പെടുകയും പി
ന്നീട് കേരളസർവകലാശാലയിലെ മലയാളംലെക്
സിക്കൺവിഭാഗത്തിൽ സബ്-എഡിറ്ററാവുകയും ചെ
യ്തു. അവിടെനിന്നാണ് വിരമിച്ചത്. പ്രാചീനലിപിവൈ
ദഗ്ദ്ധ്യവും സംസ്കൃതം, അറബി തുടങ്ങിയ ഭാഷക
ളിലെ പ്രാവീണ്യവും വാപ്പ നേടിയതിനു പ്രേരണയാ
യിരുന്നത് ബാല്യകാലം മുതലുള്ള ഉപ്പുപ്പായുടെ കർ
ക്കശമായ ശിക്ഷണമായിരുന്നു എന്ന് വാപ്പ പറഞ്ഞി
ട്ടുണ്ട്. വാപ്പയുടെ നേരെ ഇളയ അനുജത്തിയായിരു
ന്നു കെ.ഒ. ഐഷാബായി. അതിനിളയ കെ.ഒ.മുഹ
മ്മദ് താജുദ്ദീൻ ഡിവൈ.എസ്.പി.ആയി വിരമിച്ചു. അ
ദ്ദേഹവും സ്വന്തം ജോലിയിലെ ആത്മാർത്ഥതയും മ
നുഷ്യത്വവുംകൊണ്ട് അഭിനന്ദനങ്ങളും അംഗീകാര
വും നേടിയിട്ടുണ്ട്. അതിനിളയതായിരുന്നു സൈ
നാബായി അപ്പച്ചി. സൈനാഅപ്പച്ചി കോടതിയിൽ ഉ
ദ്യോഗസ്ഥയായിരുന്നെങ്കിലും വിവാഹശേഷം ഭർത്താ
വായ റ്റി.റ്റി.പി.ഉസ്മാന്റെ വ്യവസായസംരംഭങ്ങളിൽ
സഹായിച്ചുകൊണ്ടാണ് മുന്നോട്ടുപോയത്. . അതി
നിളയ കെ.ഒ.അബ്ദുൾ ഖാദർ ഗവ.സ്ക്കൂളിൽ അധ്യാ
പകനായിട്ടാണ് വിരമിച്ചത്. അദ്ദേഹവും അധ്യാപക
സംഘടനാപ്രവർത്തനത്തിലൂടെ സോഷ്യലിസ്റ്റാശയ
ങ്ങൾ പ്രചരിപ്പിക്കുകയും സാമൂഹികപ്രശ്നങ്ങളിൽ
സജീവമായി ഇടപെടുകയും ചെയ്തിരുന്നു. തൊട്ട
ടുത്ത അനുജനായ കെ.ഒ.അബ്ദുൾഷുക്കൂർ എഞ്ചി
നിയറിംഗ് ബിരുദധാരിയായിരുന്നെങ്കിലും മുഴുവൻസ
മയ രാഷ്ട്രീയപ്രവർത്തകനായി മാറിയ അദ്ദേഹം ആ
ലപ്പുഴ ജില്ലാകമ്മിറ്റി അംഗമായിരുന്നു. നിസ്വാർത്ഥമാ
യ രാഷ്ട്രീയപ്രവർത്തനത്തിന്റെ ഭാഗമായി കുടുംബ
ജീവിതം പോലും വേണ്ടെന്നുവെച്ച കമ്മ്യൂണിസ്റ്റുകാ
രനായിരുന്നു രാജ എന്ന വിളിപ്പേരിൽ അറിയപ്പെട്ടിരു
ന്ന ഷുക്കൂർസഖാവ്. ഏറ്റവും ഇളയ കെ.ഒ. ഹബീ
ബ് കെ.എസ്.ഇ.ബി.യിൽ എഞ്ചിനിയറായി വിരമിക്കു
കയും ഇലക്ട്രിസിറ്റി എംപ്ലോയിസ് ഫെഡറേഷൻ ഓ
ഫ് ഇന്ത്യയുടെ പ്രസിഡന്റും സി.ഐ.റ്റി.യു.വിന്റെ
ദേശീയ വൈസ് പ്രസിഡന്റുമായി രാഷ്ട്രീയപ്രവർത്ത
നത്തിൽ സജീവമായി തുടരുകയും ചെയ്യുന്നു. (ഇവ
രിൽ എന്റെ വാപ്പ ഉൾപ്പെടെ മൂത്തവർ നാലുപേരും
ഇന്നു ജീവിച്ചിരുപ്പില്ല).

ഇങ്ങനെ, ഒരു കാലഘട്ടത്തിന്റെ യാഥാസ്ഥിതിക
ചിന്തകളെ മറികടന്ന വിദ്യാസമ്പന്നമായ ഈ കുടും
ബാന്തരീക്ഷമാണ് ഐഷാഅപ്പച്ചിയ്ക്ക് പിന്തുണയും
ആത്മവിശ്വാസവും പകർന്നു നൽകിയത്. സ്ക്കൂളി
ലെ സാഹിത്യസമാജത്തിൽ പ്രസംഗിച്ച് പ്രശംസനേ
ടിയ അപ്പച്ചി അക്കാലയളവിൽതന്നെയാണ് ക്ലാപ്പന
ആലുമ്പീടികയിൽ ഒരു കോൺഗ്രസ്സ് സമ്മേളനത്തിൽ
പ്രസംഗിച്ച് ആദ്യമായി പൊതുജനശ്രദ്ധ നേടിയ
ത്. കമ്മ്യൂണിസ്റ്റുപാർട്ടി നിരോധിക്കപ്പെട്ടകാലത്ത് സ
മാധാനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിലും അപ്പ
ച്ചി സജീവമായിരുന്നു. എതിർപ്പുകളെ മറികടന്ന് അ
ങ്ങനെ അപ്പച്ചിയെ അന്ന് പൊതുവേദികളിലേക്ക് കൊ
ണ്ടുവന്നത് ഉസ്മാനുപ്പുപ്പ തന്നെയായിരുന്നു. പർദ്ദയി
ട്ട് പൊതുവേദികളിൽ വന്ന് തന്റെ ശബ്ദം വേറിട്ടുകേൾ
പ്പിച്ച ഐഷാബായി എന്ന ആ പെൺകുട്ടി പ്രയാർ

ഹൈസ്കൂളും, കറ്റാനത്തെ പോപ് പയസ് സ്ക്കൂളും കടന്ന് തിരുവനന്തപുരത്തെ വിമൻസ് കോളേജ്, യൂണിവേഴ്സിറ്റികോളേജ്, എറണാകുളം ലോകോളേജ് എന്നിവിടങ്ങളിലെത്തിയപ്പോൾ പൊതുപ്രവർത്തനത്തിലും മുഴുകാൻ സമയം കണ്ടെത്തി. അപ്പച്ചി പഠിച്ചിരുന്ന കോളേജ്ക്യാമ്പസ്സുകളിലും മറ്റ് രാഷ്ട്രീയ വേദികളിലും ശ്രദ്ധ പിടിച്ചുപറ്റിയതും തന്റെ പ്രസംഗങ്ങളിലൂടെയായിരുന്നു. അപ്പച്ചി മത്സരിച്ചു വിജയിച്ച തിരഞ്ഞെടുപ്പുകളുടെ കാലത്തുമാത്രമല്ല രാഷ്ട്രീയത്തിൽ നിലയുറപ്പിച്ച കാലം മുഴുവൻ പ്രസംഗങ്ങളിലൂടെയാണ് ജനശ്രദ്ധ നേടിയിരുന്നത്. നിയമസഭയിലെ പ്രസംഗങ്ങൾക്കും അഭിനന്ദനങ്ങൾ കിട്ടിയിട്ടുണ്ട്. വേഷത്തിലും പെരുമാറ്റത്തിലും ഒക്കെ അപ്പച്ചി പുലർത്തിയിരുന്ന സംസ്കാരവും മറ്റുള്ളവരുടെ ബഹുമാനം നേടുന്നതിനു കാരണമായിരുന്നു. പഠനകാലത്തും പിന്നീട് രാഷ്ട്രീയപ്രവർത്തനത്തിൽ മുഴുകിയപ്പോഴും പർദ്ദമാത്രമായിരുന്നു അപ്പച്ചിയുടെ വേഷം എന്നതും അന്നത്തെ ചർച്ചാവിഷയമായിരുന്നു.

മക്കളുടെ ഉയർച്ചയ്ക്ക് എല്ലാ പിന്തുണയും നൽകിയിരുന്ന ഉപ്പുപ്പ 1954-ൽ മരിച്ചശേഷം ആ ലക്ഷ്യം ഏറ്റെടുത്തു കുടുംബത്തെ നയിച്ചത് മൂത്തമകൻ എന്നനിലയിൽ വാപ്പയായിരുന്നു. ആലപ്പുഴ ആറാട്ടുപുഴയിലെ കണ്ടങ്കേരിൽ വീട്ടിലെ അഡ്വ.കെ അബ്ദുൽ റസാക്കുമായി 1958-ൽ അപ്പച്ചിയുടെ വിവാഹം നടക്കുന്നതുവരെ പ്രസംഗവേദികളിലും രാഷ്ട്രീയപ്രചാരണവേദികളിലും അപ്പച്ചിയോടൊപ്പം പോയിരുന്നതും വാപ്പയായിരുന്നു. കേരളത്തിലങ്ങോളമിങ്ങോളം അപ്പച്ചിയെ പ്രസംഗങ്ങൾക്കായി കൊണ്ടുപോയിരുന്നതിന്റെ അനുഭവങ്ങൾ വാപ്പ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. ഒരു സ്ത്രീ എന്ന നിലയിൽ തുടർച്ചയായ യാത്രയും പ്രസംഗങ്ങളും കൊണ്ട് തളർന്നുപോകാവുന്ന അവസരങ്ങളിലും ഒട്ടും പിന്മാറാതെ പുരുഷസഖാക്കൾക്കൊപ്പംതന്നെ ഊർജ്ജസ്വലയായി നിൽക്കാനാണ് അപ്പച്ചി ശ്രമിച്ചത്. അങ്ങനെ, പർദ്ദയണിഞ്ഞ് പൊതുവേദികളിൽ പ്രസംഗിച്ചുനടന്ന ഒരു കൗമാരക്കാരിയിൽനിന്ന് ആദ്യത്തെ ഡെപ്യൂട്ടിസ്പീക്കർപദവിയിലേക്കു കെ.ഒ.ഐഷാബായി

വളർന്നത് നിസ്വാർത്ഥമായ സാമൂഹിക സേവനത്തിലൂടെയും കഠിനാദ്ധ്വാനത്തിലൂടെയുമായിരുന്നു. അപ്പച്ചിയുടെ സഹപാഠിയായിരുന്ന ജസ്റ്റിസ് കെ. സുകുമാരൻസാറ് "പർദ്ദയിൽ പൊതിഞ്ഞ വിപ്ലവസ്ഫുലിംഗം" എന്ന ഓർമ്മക്കുറിപ്പിൽ, നിയമപഠനകാലത്തെ അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. "ഭരണഘടന നിലവിൽ വന്നയുടൻ നിയമ വിദ്യാഭ്യാസത്തിന് തുനിഞ്ഞവർ ആയിരുന്നു ഞങ്ങളുടെ സംഘം. വാദപ്രതിവാദപരിപാടികൾ കോളെജിൽ കൂടെക്കൂടെ ഉണ്ടാകുമായിരുന്നു. പഴയ സങ്കൽപ്പങ്ങളും പുരോഗമന ആശയങ്ങളും തമ്മിൽ തീക്ഷ്ണമായ സംഘട്ടനങ്ങളുടെ വേദി. അത്തരം ഒരു സമ്മേളനത്തിൽ ആണ് ഐഷാബായി ആദ്യമായി പ്രസംഗിച്ചത്, സരളമൃദുലമായ ഭാഷ, പക്ഷേ വിപ്ലവത്തിന്റെ ചൂട് പ്രകടമായിരുന്നു. സ്വാഭാവികമായും അതൊരു അത്ഭുതം തന്നെ ആയിരുന്നു, സഹപാഠികൾക്കും അധ്യാപകർക്കു പോലും. പർദ്ദയിൽ പൊതിഞ്ഞ വിപ്ലവസ്പുലിംഗം ആണ് കണ്ടതെന്ന് പിന്നീട് കടന്നുപോയ കാലങ്ങൾ തെളിയിച്ചു" (കേരളകൗമുദി,നവംബർ2,2005). ഈ ഉദ്ധരണി ഇതിൽ ഞാൻ ചേർത്തതിനുശേഷം തികച്ചും യാദൃച്ഛികമായി കെ.സുകുമാരൻസാറ് മറ്റൊരു കാര്യവുമായി ബന്ധപ്പെട്ട് എന്നെ ഫോണിൽ വിളിക്കുകയുണ്ടായി. ലോകോളേജിലെ അന്നത്തെ രാഷ്ട്രീയാന്തരീക്ഷത്തെക്കുറിച്ച് അപ്പോഴും അദ്ദേഹം സംസാരിച്ചു. അന്നത്തെ എതിർരാഷ്ട്രീയക്കാരിൽനിന്ന് രൂക്ഷമായ എതിർപ്പുകൾ പലതും അപ്പച്ചിക്കു നേരിടേണ്ടി വന്നിരുന്നു എന്നും അപ്പോഴൊക്കെ വളരെ സൗമ്യമായി ചിരിച്ചുകൊണ്ട് ആത്മവിശ്വാസത്തോടെ അവരോട് പ്രതികരിച്ചിരുന്ന ഐഷാബായി ഞങ്ങൾക്കൊക്കെ ഒരു അത്ഭുതമായിരുന്നു എന്നും അദ്ദേഹം പറയുകയുണ്ടായി. എതിരാളികളെ പോലും സൗമ്യമായി നേരിട്ടിരുന്ന അപ്പച്ചിയുടെ ആ സ്വഭാവസവിശേഷതകൊണ്ടുകൂടിയാണ് ജനങ്ങൾ രണ്ടുതവണ അപ്പച്ചിയെ നിയമസഭയിൽ എത്തിച്ചത്.

നിയമബിരുദം നേടിയശേഷം അധികം വൈകാതെയാണ് 1957-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ കായംകുളം നിയോജകമണ്ഡലത്തിൽനിന്ന് അവിഭക്ത കമ്മ്യൂണിസ്റ്റുപാർട്ടിയുടെ സ്ഥാനാർത്ഥിയായിനിന്ന് അപ്പച്ചി ആദ്യം മത്സരിച്ചത്. ആ തിരഞ്ഞെടുപ്പിൽ കോൺഗ്രസിലെ സരോജിനിബാനുവിനെ പരാജയപ്പെടുത്തി അപ്പച്ചി കേരളനിയമസഭയിലെത്തുകയും ആദ്യത്തെ ഡെപ്യൂട്ടിസ്പീക്കറായി മാറുകയുംചെയ്തു. (1957 മേയ് 6-നു നടന്ന ആ ചടങ്ങിന്റെ അറുപത്തിനാലാം വാർഷികം കൂടിയാണ് ഇത് എന്നതും യാദൃച്ഛികം). വിമോചനസമരത്തെത്തുടർന്ന് 1959-ൽ ആ നിയമസഭ പിരിച്ചു വിട്ടതുകൊണ്ട് ആ വർഷം ജൂലൈ 31 വരെയാണ് ഉപാധ്യക്ഷയായി തുടർന്നത്. "ഐഷാ ഗൗരീ റോസമ്മേ റേഷൻകടയിൽ അരിയുണ്ടോ" എന്നു തുടങ്ങുന്ന വിമോചനസമര മുദ്രാവാക്യം അന്ന് കേരളം മുഴുവൻ അലയടിച്ചിരുന്നു. എന്റെ ഉമ്മ, ശ്രീമതി ജമീല, എന്റെ വാപ്പായുമായുള്ള വിവാഹത്തിനുമുമ്പേതന്നെ ഇത്തരം മുദ്രാവാക്യങ്ങളിലൂടെയാണ് വിപ്ലവനായികയായ ഐഷാഅപ്പച്ചിയെക്കുറിച്ച് കേട്ടറിഞ്ഞിരുന്നതും അവർക്കൊക്കെ ആരാധനതോന്നിയിരുന്നതുമായ കഥകളും പറഞ്ഞറിയാം. അക്കാലത്തെ മുസ്ലീംസ്ത്രീകളുടെ അസ്വാതന്ത്ര്യങ്ങൾക്കെതിരെ ശബ്ദമുയർത്താൻ കരുത്തുള്ള ഒരു നായികയായിട്ടാണ് പലരും അന്ന് ഐഷാഅപ്പച്ചിയെ നോക്കിക്കണ്ടിരുന്നത്. വിമോചനസമരതീക്ഷ്ണതയിൽ പ്രതിപക്ഷത്തിന്റെ വിമർശനശരങ്ങൾക്ക് ഇരയാവുകമാത്രമല്ല, കമ്മ്യൂണിസ്റ്റുപാർട്ടിയോടുള്ള അന്ധമായ എതിർപ്പുണ്ടാക്കുന്ന പ്രയാസങ്ങളും പലതരത്തിൽ ഐഷാഅപ്പച്ചിക്കു നേരിടേണ്ടിവന്നിരുന്നു.

വിമോചനസമരത്തിന്റെ പ്രശ്നങ്ങളെ സധൈര്യം മറികടന്ന് തന്റെ ലക്ഷ്യങ്ങൾ നടപ്പാക്കാൻ ശ്രമിച്ചിരുന്നതുകൊണ്ടാണ്, 1960–ൽ കായംകുളത്തുനിന്നു മൽസരിച്ച് വീണ്ടും എം.എൽ.എ.ആയത്. അങ്ങനെ രണ്ടുതവണ കായംകുളത്തിന്റെ എം.എൽ.എ.ആയിരുന്ന അപ്പച്ചി കായംകുളത്തിന്റെ സമഗ്രവികസനത്തിനുവേണ്ടി ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അക്കാലയളവിൽ നടന്ന പ്രസിദ്ധമായ കർഷകസമരത്തിൽ പങ്കെടുത്ത് ജയിലിൽ പോകേണ്ട അവസ്ഥയും അപ്പച്ചിക്കുണ്ടായി. നഴ്സുമാർക്ക് വിവാഹം പാടില്ലെന്ന അവസ്ഥ മാറ്റിയെടുക്കാനും അവരുടെ വേഷം പരിഷ്കരിക്കാനുമുള്ള ശ്രമം വിജയത്തിലെത്തിക്കാൻ മുന്നിൽ നിന്നത് അപ്പച്ചിയായിരുന്നു. അപ്പച്ചിയുടെ ശ്രമഫലമായിട്ടാണ് ഗവ.ആശുപത്രിക്കും കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാൻഡിനും കോടതിസമുച്ചയത്തിനും, കൃഷ്ണപുരം പോളിടെക്നിക്കിനും പച്ചക്കറിമാർക്കറ്റിനും സ്ഥലം ലഭിച്ചത്. ഇക്കാലയളവിൽ മറ്റുചില പദവികളും അപ്പച്ചി വഹിച്ചിട്ടുണ്ട്. ഗവൺമെന്റ് അഷ്വറൻസ് കമ്മറ്റി ചെയർപേഴ്സൺ, സോഷ്യൽ വെൽഫെയർബോർഡ് കേന്ദ്ര-സംസ്ഥാന സമിതിയംഗം, സ്റ്റേറ്റ് വാച്ച് ഡോഗ് കമ്മിറ്റി ഓൺ പ്രിസൺസ് അംഗം, കേരള മഹിളാ സംഘം സംസ്ഥാന പ്രസിഡന്റ് എന്നിവ അവയിൽ ചിലതാണ്. കായംകുളത്ത് പ്രൈവറ്റ് മോട്ടോർതൊഴിലാളി സഹകരണസ്ഥാപനം രൂപീകരിക്കുന്നതിൽ അപ്പച്ചി നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്.

1964–ൽ കമ്മ്യൂണിസ്റ്റുപാർട്ടി പിളർന്ന് സി.പി.ഐ (എം) നിലവിൽ വന്നശേഷം സിപിഎം–ൽ ചേർന്ന് 1965ൽ കരുനാഗപ്പള്ളിയിൽനിന്നു മൽസരിച്ചെങ്കിലും വിജയിച്ചില്ല. പാർട്ടിയുടെ പിളർപ്പിലൂടെ വോട്ടുകൾ ഭിന്നിച്ചുപോയതുകൊണ്ടാണ് അങ്ങനെ ഒരു തോൽവി ഉണ്ടായതെന്നാണ് പറഞ്ഞുകേട്ടിട്ടുള്ളത്. പിന്നീട് സി.പി.ഐ.-യിൽ ചേർന്നെങ്കിലും പഴയതുപോലുള്ള പ്രവർത്തനങ്ങൾക്കു കഴിഞ്ഞിരുന്നില്ല. പാർട്ടിയുടെ പിളർപ്പും പിന്നീടുണ്ടായ പല പ്രയാസങ്ങളും അപ്പച്ചിയുടെ മനസ്സിനെ അത്രമേൽ വേദനിപ്പിച്ചിരുന്നു. ക്രമേണ പല കാരണങ്ങളാൽ സജീവരാഷ്ട്രീയത്തിൽ നിന്നു പിന്മാറുകയായിരുന്നു. പിന്നെ, സ്വന്തമായ രീതിയിലുള്ള സാമൂഹികപ്രവർത്തനങ്ങളാണ് അപ്പച്ചി തുടർന്നത്. അപ്പച്ചിയുടെ ഭർത്താവ് അഡ്വ.കെ.അബ്ദുൾറസാക്കും ഇടതുപക്ഷ പ്രവർത്തകൻ ആയിരുന്നെങ്കിലും അപ്പച്ചിയോടൊപ്പം അദ്ദേഹവും രാഷ്ട്രീയപ്രവർത്തനങ്ങളിൽനിന്നും പിന്മാറുകയാണുണ്ടായത്. അദ്ദേഹത്തിന്റെ വ്യവസായസംരംഭങ്ങളിൽ പങ്കുചേർന്നുകൊണ്ടായിരുന്നു അപ്പച്ചിയുടെ പ്രവർത്തനങ്ങൾ പിന്നീട് മുന്നോട്ടുപോയത്. സ്ത്രീകൾ പൊതുവേ മാറിനിൽക്കുന്ന വ്യവസായമേഖലയിലും വിജയിക്കാൻ അപ്പച്ചിക്കു കഴിഞ്ഞു. അപ്പോഴും അപ്പച്ചിയുടെ ഉള്ളിലെ സാമൂഹികപ്രതിബദ്ധത കെട്ടടങ്ങിയിരുന്നില്ല. അനാഥരായ ഒരുപാടു പെൺകുട്ടികളുടെ സംരക്ഷണച്ചുമതല ഏറ്റെടുക്കുകയും അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തിരുന്നു. രാഷ്ട്രീയപ്രവർത്തനങ്ങളുടെ തിരക്കുകൾക്കിയിലും തന്റെ നാലുമക്കളുടെയും വിദ്യാഭ്യാസകാര്യങ്ങളിലും മറ്റും അതീവജാഗ്രത പുലർത്താനും അപ്പച്ചി ശ്രദ്ധിച്ചിരുന്നു. പൊളിറ്റിക്കൽ സയൻസിൽ ബിരുദാനന്തരബിരുദം നേടി അധ്യാപികയായ മൂത്തമകൾ ഫാത്തിമ സർവീസിൽനിന്നു വിരമിച്ചു. രണ്ടാമത്തെ മകൻ ഡോ.മുഹമ്മദ്സജ്ജാദ് എം.ബി.എ.യും പിഎച്ച്.ഡിയും നേടി വ്യവസായമേഖലയിൽ നിലകൊള്ളുന്നു. എഞ്ചിനിയറിംഗ് ബിരുദധാരിയായ മൂന്നാമത്തെ മകൾ സാജിദ കൊല്ലം റ്റി.കെ.എം. എഞ്ചിനീയറിങ്ങ് കോളേജിൽ നിന്ന് അസ്സോസിയേറ്റ് പ്രൊഫസറായി ഇപ്പോൾ വിരമിച്ചു. എഞ്ചിനിയറിംഗ് കഴിഞ്ഞ നാലാമത്തെ മകൻ അബ്ദുൽസലാം അപ്പച്ചിയുടെ വ്യവസായ സംരംഭങ്ങളുമായി മുന്നോട്ടുപോകുന്നു. പൊതുപ്രവർത്തനങ്ങളിൽ മുഴുകിയാൽ കുടുംബജീവിതം അവതാളത്തിലാകുമെന്ന ആശങ്കകൾക്കും സ്വന്തംജീവിതംകൊണ്ടാണ് അപ്പച്ചി മറുപടി നൽകിയത്. മുമ്പ് രാഷ്ട്രീയപ്രവർത്തനങ്ങൾക്കും പിന്നെ വ്യവസായരംഗത്തും എല്ലാ പിന്തുണയുംനൽകി കൂടെനിന്ന റസാക്കുമാമായുടെ പെട്ടെന്നുള്ള മരണത്തിലും തളർന്നുപോകാതെ തുടങ്ങിവെച്ച വ്യവസായസ്ഥാപനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനും മക്കളുടെ ഭാവി സുരക്ഷിതമാക്കാനും അപ്പച്ചിക്കു കഴിഞ്ഞത് താൻ പ്രസംഗിച്ചുനടന്ന ആശയങ്ങളുടെ ഊർജ്ജംകൊണ്ടുകൂടിയാണ്.

ഉസ്മാൻഉപ്പുപ്പാ ആഗ്രഹിച്ചതുപോലെ മക്കൾ മാത്രമല്ല, ഞാൻ ഉൾപ്പെടുന്ന ചെറുമക്കളും അതിനടുത്ത തലമുറയും വിദ്യാസമ്പന്നരായി കൊട്ടയ്ക്കാട്ടുകുടുംബത്തിന്റെ പാരമ്പര്യം നിലനിർത്തിപ്പോരുമ്പോൾ വാപ്പായും അപ്പച്ചിമാരും കൊച്ചാപ്പാമാരും അടങ്ങുന്ന മുൻതലമുറയുടെ ഇച്ഛാശക്തികൂടിയാണ് വെളിപ്പെടുന്നത്. 2005 ഒക്ടോബർ 28–നു എഴുപത്തിയൊമ്പതാംവയസ്സിൽ മരിക്കുന്നതുവരെയും ആരെയും ആശ്രയിക്കാതെ നിശ്ചയദാർഢ്യത്തോടെ ജീവിച്ച അപ്പച്ചി ഞങ്ങളുടെ കുടുംബത്തിനു മാത്രമല്ല, ഒരു കാലഘട്ടത്തിലെ മുസ്ലിംസ്ത്രീകൾക്കാകെയും അഭിമാനമായിരുന്നു. കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ചരിത്രത്തിൽ ഒരു പ്രവർത്തക എന്ന നിലയിൽ മാത്രമല്ല അപ്പച്ചിയെ അടയാളപ്പെടുത്തുക. മറിച്ച്, പുരോഗമനാശയങ്ങൾ അവതരിപ്പിച്ചുകൊണ്ടുള്ള സ്വന്തം പ്രഭാഷണങ്ങളിലൂടെ കേരളീയസ്ത്രീസമൂഹത്തെ, പ്രത്യേകിച്ച് മുസ്ലിംസ്ത്രീകളെ, പുരോഗമനത്തിന്റെ പാതയിലെത്തിക്കുക എന്ന വലിയദൗത്യം ഏറ്റെടുത്ത പ്രതിഭാശാലി എന്ന നിലയിലും എക്കാലത്തും അപ്പച്ചി ഓർമ്മിക്കപ്പെടും.


വഴിത്താരകൾ



**ജാനകി**
കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക

# ഒരു ഫോട്ടോയിൽ എന്തിരിക്കുന്നു ?

ഒരു ഫോട്ടോയിൽ എന്തിരിക്കുന്നു എന്ന് നമുക്ക് തോന്നാം. പക്ഷെ വാക്കുകളേക്കാൾ ശക്തമായി ദൃശ്യങ്ങൾ സംസാരിക്കുന്ന കാലമാണിത്.ഏതു ഇമേജിനും നമ്മളുടേതായ അർഥങ്ങൾ നൽകി നമ്മൾ പൊലിപ്പിച്ചെടുക്കുന്നു. നമ്മുടേതാക്കുന്നു. ഈ നിരീക്ഷണത്തിനു വലിയ പുതുമയൊന്നും അവകാശപ്പെടാനില്ല. പക്ഷെ ഇത് നമ്മുടെ അഭിരുചികളെ,ജീവിത രീതിയെ, കാഴ്ചപ്പാടിനെ, മൂല്യങ്ങളെയെല്ലാം വലിയ രീതിയിൽ തന്നെ സ്വാധീനിക്കാൻ തുടങ്ങുമ്പോൾ ഈ പ്രവണതയെ കുറിച്ച് നമ്മൾ കരുതലോടെ ചിന്തിക്കേണ്ടി വരുന്നു.അതുകൊണ്ടാണ് കഴിഞ്ഞ കുറച്ചു ആഴ്ചകളായി സമൂഹമാധ്യമങ്ങളിലൂടെ ആൺപെൺ ഭേദമെന്യേ ആഘോഷിക്കപ്പെട്ട മഞ്ജു വാര്യർ ചിത്രത്തെ കുറിച്ച്, അതുണ്ടാക്കിയ ആരവങ്ങളെ കുറിച്ച് 'വഴിത്താരകൾ' എന്ന ഈ പംക്തിക്കും സംസാരിക്കേണ്ടി വരുന്നത്.



മഞ്ജുവിന്റെ തിരിച്ചുവരവിലും ദിനം തോറുമുള്ള ഉയർച്ചയിലും ഒരുപാടു പേരെ പോലെ ഞാനും ആഹ്ലാദിക്കുന്നു. വിവാഹം കഴിഞ്ഞു ചുരുങ്ങിപ്പോയ അനവധി സ്ത്രീകൾക്ക്, മഞ്ജു വാര്യർ എന്ന കലാവ്യക്തിത്വം അവരുടെ തന്നെ അനന്ത സാധ്യതകളുടെ പ്രതീകമായി മാറിയിരിക്കുന്നു.അതിജീവനത്തിന്റെയും,പൊരുതാനുള്ള ആർജ്ജവത്തിന്റെയും , വറ്റാത്ത പെണ് സർഗ്ഗാത്മകതയുടെയും ചിഹ്നമായി മഞ്ജു പല തലമുറകളിൽ പെട്ട സ്ത്രീകൾക്കും പ്രചോദനമാവുന്നതിൽ സന്തോഷവും, പ്രതീക്ഷയും, പ്രത്യാശയുമുണ്ട്. ചലച്ചിത്രം എന്ന കലാരൂപം വലിയ മുടക്കുമുതൽ ആവശ്യപ്പെടുന്ന വ്യവസായമായി മാറുമ്പോളാണ് അഭിനേതാക്കൾ താരങ്ങളായി മാറുന്നതും, കലാകാരിയും കലാകാരനും കേവലം നടീനടന്മാർ അല്ലാതെ ബ്രാൻഡുകളായി മാറുന്നതും. അതോടു കൂടി ആർട്ടിസ്റ്റുകൾ അവരുടെ തന്നെ ഇമേജിന്റെ തടവറയിൽ പെട്ട് പോകുന്നു. അവരുടെ വളർച്ചക്ക് തന്നെ തടസ്സമായി മാറുന്ന താരപരിവേഷത്തിന്റെ തടവറ.മഞ്ജുവും ആ തടവറയിൽ പെട്ട് പോവുകയാണോ എന്ന സന്ദേഹമാണ് ഈ കുറിപ്പിന് ആധാരം.ലേഡി സൂപ്പർ സ്റ്റാർ എന്ന പദവി മഞ്ജുവിനെ വളർത്തുമോ അതോ തളർത്തുമോ?

ഇരുപതുകളിൽ താൻ തിളങ്ങി നിന്ന അഭിനയരംഗം വിട്ടു കുടുംബജീവിതത്തിലേക്ക് സ്വയം പരിമിതപ്പെടുത്തിയ ഒരു നായിക മുപ്പത്താറു വയസ്സിൽ തിരിച്ചെത്തിയപ്പോൾ സിനിമയെ ഗൗരവത്തോടെ കാണുന്നവർക്കു വേറെയും ചില ക്രിയാത്മകമായ സാധ്യതകൾ മുന്നിൽ തെളിയുകയായിരുന്നു. കൗമാരം വിട്ടു മാറാത്ത നായികമാരെ മാത്രം കണ്ടിരുന്ന കീഴ്വഴക്കം മാറി, മുപ്പതും അൻപതും കഴിഞ്ഞ സ്ത്രീജീവിതങ്ങൾക്കും കാമ്പുള്ള സ്ക്രിപ്റ്റുകളാവാൻ സാധ്യത ഉണ്ടെന്നും അതാവിഷ്കരിക്കാൻ മഞ്ജുവിനെ പോലെ കഴിവുള്ള സീനിയർ നടിമാരുണ്ടാകുമെന്നും വളരെയേറെ ആഗ്രഹിക്കുന്ന ഒരു പ്രേക്ഷകവൃന്ദം മലയാള സിനിമക്കുണ്ട്.ഉദാഹരണം സുജാതയിലൂടെയും,? സൈറ ബാനുവിലൂടെയും എല്ലാം, മധ്യവയസ്കരായ സ്ത്രീകളുടെ ജീവിതോത്സാ

ഹവും, ചുറുചുറുക്കും,ഏറ്റുവാങ്ങിയ ഒടിവുകളും ചതവുകളും തന്റെ അഭിനയമികവിലൂടെ മഞ്ജു നമുക്ക് അനുഭവവേദ്യമാക്കിയതാണ്. പക്ഷെ അടുത്ത കാലത്തിറങ്ങിയ മിഡിയുംടോപ്പും ഇട്ടിട്ടുള്ള ചിത്രത്തോടുള്ള ആരാധകരുടെ,അഭ്യുദയകാംക്ഷികളുടെ പ്രതികരണം എന്നിൽ ചെറിയ നിരാശ ഉണ്ടാക്കുന്നുണ്ട്. പ്രത്യേകിച്ച് അടിവരയിട്ടു പറയട്ടെ---വിഷമം മഞ്ജുവിനോടോ, ആ ഫോട്ടോയിനോടോ അല്ല.നമ്മുടെ പ്രതികരണത്തോടാണ്.പത്തു വര്ഷം പ്രായം കുറഞ്ഞു എന്ന് തോന്നിപ്പിച്ചതിൽ കാണികൾക്കുള്ള അമിതാവേശം ആഗോളചലച്ചിത്രവ്യവസായത്തെ പിടികൂടിയിട്ടുള്ള മഴലശാ അഥവാ പ്രായവിവേചനം നമ്മളെയും ഗ്രസിച്ചിരിക്കുന്നു എന്ന ദുഃഖസത്യത്തെ ഊട്ടി ഉറപ്പിക്കുന്നു.ഈ വിവേചന സ്വഭാവം കലാ



കാരികൾക്കു മേലെ വലിയ ഒരു സമ്മർദ്ദമാണുണ്ടാക്കുന്നത് എന്ന് ഹോളിവുഡിലെ നടിമാർ സാക്ഷ്യപ്പെടുത്തി കഴിഞ്ഞിട്ടുള്ളതാണ്.

നടന്മാരും ഈ സമ്മർദത്തിന്റെ പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ടെങ്കിലും ഇത് കൂടുതൽ രൂക്ഷമാകുന്നത് അഭിനേത്രിയുടെ അവസ്ഥയിലാണ്. ഇന്ന് പ്രായവിവേചനം മറ്റു തൊഴിൽ മേഖലകളിലേക്കും പടർന്നു കേറുന്നു. ജരാനരകളെ എങ്ങിനെയും തടഞ്ഞു നിർത്താൻ ശ്രമിക്കുന്ന യയാതിമാർ ആണ് നാം ഓരോരുത്തരും.നാൽപ്പതു വയസ്സിനു മേലെയുള്ള സ്ത്രീകളുടെ കഥകൾ സ്ക്രിപ്ട് ആക്കാൻ ശ്രമിച്ചപ്പോൾ താൻനേരിട്ട പ്രതിബന്ധങ്ങളെ കുറിച്ച്സംവിധായികയായ എലിസബത്ത് സുബ്രിൻ കുറച്ചുവർഷങ്ങൾ മുൻപ് പറഞ്ഞത് ശ്രദ്ധേയമാണ്.

എന്റെ ഈ സന്ദേഹത്തെ ഒന്നുകൂടി ഉറപ്പിച്ചത് കഴിഞ്ഞ ദിവസങ്ങളിൽ, മലയാള സിനിമയിൽ വലിയ വാഗ്ദാനങ്ങളുമായി എത്തിയ ജ്യോതിർമയി എന്ന നടിയുടെ അടുത്ത കാലത്ത് നവമാധ്യമങ്ങൾ പങ്കുവെച്ച ഒരു ചിത്രത്തോടുള്ള പ്രതികരണങ്ങളാണ്. കുറച്ചു കാലമായി അവരെ സിനിമയിൽ കാണാറില്ല. അതിനു അവർക്കു അവരുടേതായ കാരണങ്ങൾ ഉണ്ടാവാം. പൊതുമണ്ഡലത്തിൽ പ്രത്യക്ഷപ്പെടുന്നവർക്കു സ്വകാര്യതക്കു അവകാശമില്ലാത്ത മട്ടിലാണ് സമൂഹം അവരെ കീറിമുറിക്കുന്നത്.നര കയറാൻ തുടങ്ങിയ തലമുടിയെ ആകർഷകമായ ഹെയർ സ്റ്റൈലിൽ വെട്ടിയിട്ടുള്ള ജ്യോതിർമയിയുടെ ചിത്രം പങ്കു വെച്ച് ' ഈ നടിയുടെ അവസ്ഥ ഒന്ന് നോക്കൂ" എന്ന മട്ടിലുള്ള വിലാപങ്ങളാണ് കണ്ണിൽ പെട്ടത്. ആ ചിത്രത്തിൽ അവർ വളരെ പ്രസന്നയും, ആരോഗ്യവതിയും ആയിട്ടാണ് പലർക്കും അനുഭവപ്പെട്ടത് . എത്ര നിർദ്ദയരാണ് നമ്മൾ എന്ന് തോന്നിപോകും നമ്മുടെ ക്രൂരമായ പരിഹാസവും വികലമായ ചിരികളും കണ്ടാൽ!

ഇതെഴുതുമ്പോൾ എനിക്കോർമ്മ വന്നത് പണ്ട് വായിച്ച, ഗോത്രസമൂഹങ്ങളിലെ സൗന്ദര്യസങ്കല്പത്തെ കുറിച്ചുള്ള ഒരു പഠനമാണ്. ഒരു ആദിവാസി സമൂഹത്തിൽ ഏറ്റവും സുന്ദരിയായി വാഴ്ത്തപ്പെടുന്നത് ഏറ്റവും പ്രായംചെന്ന സ്ത്രീയാണത്രെ.മുഖത്തെ ചുളിവുകൾ കൂടുംതോറും അവരുടെ സൗന്ദര്യം വർധിക്കുന്നതായി അവർ വിശ്വസിക്കുന്നു.കാരണം പ്രായക്കൂടുതൽ സൂചിപ്പിക്കുന്നത് അനുഭവസമ്പത്താണ്. അനുഭവങ്ങളാണ് അറിവ്. അറിവാണ് സൗന്ദര്യം.ചില ഗോത്രങ്ങളിൽ മരണത്തോട് അടുത്ത് നിൽക്കുന്ന ആളുകൾ മണ്മറഞ്ഞ പിതൃക്കളേയും ജീവിച്ചിരിക്കുന്ന യുവ സമൂഹത്തെയും പരസ്പരം ബന്ധിപ്പിച്ചു നിർത്തുന്ന കണ്ണികളാണ്. അങ്ങിനെ വളരെ വിഭിന്നങ്ങളായ സമീപനങ്ങളിൽ നിന്നും വിശ്വാസങ്ങളിൽ നിന്നുമൊക്കെ വഴിമാറി ആഗോളതലത്തിൽ ഒരു ഏകതാനമായ കാഴ്ചപ്പാടിലേക്കുള്ള ചുവടുമാറ്റം കൂടി യുവത്വം നിലനിർത്താനുള്ള തത്രപ്പാടിൽ നമുക്ക് കാണാൻ കഴിയും.സ്വാഭാവികമായി പ്രായമാകുക എന്ന ജൈവ പ്രക്രിയ വളരെ അധികം ഉത്കണ്ഠകളും ആശങ്കകളും ഓരോ വ്യക്തിക്കുള്ളിലും ഉളവാക്കുന്നു. അതിനെ മുതലെടുക്കുന്ന ഒരു സൗന്ദര്യ വ്യവസായവും താരവ്യവസായവും തഴച്ചു വളരുവാൻ നമ്മൾ അനുവദിക്കുന്നു.ഇത് വെറുമൊരു വ്യവസായത്തിന്റെ രീതി മാത്രമാക്കാതെ സാമൂഹ്യ ജീവിതത്തിന്റെ തന്നെ താളമായി മാറുമ്പോൾ വാർദ്ധക്യം കൂടുതൽ അപ്രസക്തവും, അശരണവും, വിലയില്ലാത്തതുമാകുന്നു.ആത്മാഭിമാനത്തോടെ, ആത്മവിശ്വാസത്തോടെ , അന്തസ്സോടെ പ്രായമാകാൻ സ്ത്രീപുരുഷഭേദമെന്യേ ഓരോ വ്യക്തിക്കും അവകാശമുണ്ട് എന്ന ബോധ്യമായിരിക്കണം നമ്മുടെ സംസ്കാര സമ്പന്നതയുടെ അളവുകോൽ. ഒരു ഫോട്ടോയും വെറുമൊരു ഫോട്ടോ അല്ലല്ലോ!



**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ

# ആരാവും ചന്ദ്രനിൽ കാലൂന്നുന്ന ആദ്യ വനിത? ആർടെമിസ് ദൗത്യത്തിലേക്ക് മിഴി നട്ട് ലോകം



ആദ്യമായി ചന്ദ്രനിൽ കാലൂന്നാൻ പോവുന്ന വനിത ആരായിരിക്കും? ആർടെമിസ് ദൗത്യത്തിലേക്ക് മിഴിനട്ടിരിക്കുകയാണ് ലോകം. 2024-ൽ ആദ്യമായൊരു വനിതയെ ചന്ദ്രനിലെത്തിക്കുക എന്നതാണ് നാസയുടെ ആർടെമിസ് ദൗത്യത്തിന്റെ ഒരു പ്രധാന ലക്ഷ്യം. ചാന്ദ്രപര്യവേക്ഷണ ചരിത്രം പരിശോധിച്ചാൽ പല ദൗത്യങ്ങൾക്ക് പിന്നിലും നിർണ്ണായക പങ്കു വഹിച്ച കഴിവുറ്റ പല സ്ത്രീകൾക്കും അവരർഹിക്കുന്ന അംഗീകാരം ലഭിക്കുകയോ അവർ പ്രശസ്തിയുടെ വെള്ളിവെളിച്ചത്തിലേക്ക് വരികയോ ചെയ്തില്ല എന്നു കാണാൻ സാധിക്കും. അതികഠിനമായ പരിശീലന കടമ്പകൾ മറികടന്നിട്ടും ഒരിക്കൽപ്പോലും ബഹിരാകാശപ്പറക്കൽ നടത്താൻ കഴിയാതെ പോയ വനിതകളും നിരവധി. പുരുഷമേധാവിത്തം കൊടികുത്തി വാണ ബഹിരാകാശ ഗവേഷണ രംഗത്ത് പല സുപ്രധാന ഗവേഷണങ്ങളിലും സ്ത്രീകളെ പരിഗണിക്കുക പോലും ചെയ്യാത്ത സംഭവങ്ങളും ധാരാളം. ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽപ്പോലും പുരുഷ ബഹിരാകാശ യാത്രികർക്ക് യോജിക്കും വിധമാണ് സ്പേസ് സ്യൂട്ടുകൾ പോലും ഡിസൈൻ ചെയ്തിരിക്കുന്നത്. എന്നാൽ ബഹിരാകാശ ദൗത്യങ്ങളിൽ നിന്ന് ഇനിയും സ്ത്രീകളെ മാറ്റി നിർത്താൻ സാധിക്കില്ലെന്ന് കാലം തെളിയിച്ചു കഴിഞ്ഞു.

ആർടെമിസ് ദൗത്യവുമായി ബന്ധപ്പെട്ട പരിശീലനത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന 18 പേരിൽ 9 പേർ സ്ത്രീകളാണ്. ഇക്കൂട്ടത്തിൽ ഈ അടുത്ത



കാലത്ത് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള യാത്രയിലൂടെയും അവിടുത്തെ താമസത്തിൽ റെക്കോഡിട്ടതിലൂടെയും സ്ത്രീകൾ മാത്രമുള്ള സ്പേസ് വോക്കിലൂടെയും വാർത്തകളിൽ നിറഞ്ഞ ക്രിസ്റ്റീന കോച്ചും ജെസ്സീക്ക മെയറും ഉണ്ട്. ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങിൽ ബിരുദാനന്തര ബിരുദമുള്ള ക്രിസ്റ്റീന കോച്ച് 2013 ലാണ് നാസയുടെ ആസ്ട്രോനോട്ട് പരിശീലന പരിപാടിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്.ബഹിരാകാശ ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും മറൈൻ ബയോളജിയിൽ ഡോക്റ്ററേറ്റും നേടിയ ജെസ്സീക്ക മെയറും കഴിഞ്ഞ എട്ടു വർഷമായി നാസയുടെ ആസ്ട്രോനോട്ട് ആണ്. രാത്രികളിൽ ആകാശത്തേക്ക് നോക്കി ശരിക്കും ചന്ദ്രനിൽ എത്തിയാലുള്ള അവസ്ഥ എന്തായിരിക്കുമെന്നോർത്ത് താൻ വിസ്മയം കൊള്ളാറുണ്ടെന്ന് മെയർ പറയുന്നു.

എയ്റോസ്പേസ് എഞ്ചിനീയറിങ്ങിൽ മാസ്റ്റർ ബിരുദമുള്ള ആനി മക്ലെയ്നും 2013 മുതൽ നാസയുടെ ആസ്ട്രോനോട്ട് പരിശീലന പദ്ധതിയിൽ അംഗമാണ്. വിവിധ തരം വിമാനങ്ങൾ പറത്തുന്നതിൽ വിദഗ്ധയായ ആനി രണ്ടു തവണ ബഹിരാകാശ നടത്തവും പൂർത്തിയാക്കിയിട്ടുണ്ട്. അനന്ത വിഹായസ്സിലേക്ക് പോയിക്കൊണ്ടേയിരിക്കുക, അതിന്നുമപ്പുറം എന്താണെന്നറിയുക , ഇതൊക്കെ തന്നെ എപ്പോഴും ആവേശഭരിതയാക്കുന്നുവെന്ന് ആനി പറയുന്നു.കാൻസർ ബയോളജിയിൽ ഡോക്റ്ററേറ്റ് നേടിയ കെയ്റ്റ് റൂബിൻസ് 2009 മുതൽ നാസയുടെ ആസ്ട്രോനോട്ട് പരിശീലനത്തിൽ സജീവമാണ്. ചന്ദ്രനിൽ മനുഷ്യ കോളനികൾ യാഥാർഥ്യമായാൽ അതിന്റെ ഗുണഫലങ്ങൾ പ്രവചനങ്ങൾക്കും അപ്പുറത്തായിരിക്കുമെന്നാണ് കെയ്റ്റ് ആവേശം കൊള്ളുന്നത്.

എയ്റോസ്പേസ് എഞ്ചിനീയറിങ്ങിൽ ബിരുദാനന്തര ബിരുദമുള്ള സ്റ്റെഫാനീ വിൽസൺ 1996 മുതൽ നാസയിലുണ്ട്. മൂന്ന് സ്പേസ് ഷട്ടിൽ ദൗത്യങ്ങളിൽ പങ്കാളിയാവുകയും ചെയ്തു.മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ മാസ്റ്റർ ബിരുദമുള്ള നിക്കോളി മാൻ 2013 ലാണ് ആസ്ട്രോനോട്ട് പ്രോഗ്രാമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. ആർടെമിസ് ദൗത്യം ലോകത്തിലെ യുവതലമുറയ്ക്ക് മുഴുവൻ ആവേശം പകരുന്ന ഒന്നാണെന്ന് നിക്കോളി ചൂണ്ടിക്കാണിക്കുന്നു. എയ്റോസ്പേസ് എഞ്ചിനീയറിങ്ങിൽ മാസ്റ്റർ ബിരുദമുള്ള ജാസ്മിൻ മോഗ്ബെലി വിവിധ തരം വിമാനങ്ങൾ പറത്തുന്നതിൽ വിദഗ്ധയാണ്. 2017-ലാണ് നാസയുടെ ആസ്ട്രോനോട്ട് പരിശീലനത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. ന്യൂക്ലിയാർ എഞ്ചിനീയറിങ്ങിൽ ബിരുദാനന്തര ബിരുദമുള്ള കേയ്ല ബാറണും ജിയോളജിയിൽ ഡോക്റ്ററേറ്റ് ഉള്ള ജെസ്സീക്ക വാറ്റ്കിൻസുമാണ് ആർടെമിസ് ദൗത്യ പരിശീലന പദ്ധതിയിലെ മറ്റ് വനിതകൾ. ഇവർ രണ്ടു പേരും 2017 ലാണ് പരിശീലന പരിപാടിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. ഇനിയും ചുരുൾ നിവരാത്ത ചാന്ദ്ര രഹസ്യങ്ങൾ ചുരുൾ നിവർത്തുക, ചന്ദ്രനിലെ മനുഷ്യവാസത്തിനും ഭാവി ചാന്ദ്ര ദൗത്യങ്ങൾക്കും ഏറെ സഹായകമാവുന്ന വിവരങ്ങൾ ലഭ്യമാക്കുക തുടങ്ങി ഒട്ടേറെ സുപ്രധാന ലക്ഷ്യങ്ങളുമായി കുതിച്ചുയരാൻ പോവുന്ന ആർടെമിസ് ദൗത്യത്തിലൂടെ ചാന്ദ്ര മണ്ണിൽ ആദ്യം കാലൂന്നുന്ന വനിത ആരായിരിക്കും എന്നറിയാൻ ആകാംക്ഷയോടെ കാത്തിരിക്കാം. ബഹിരാകാശ ഗവേഷണ ദൗത്യങ്ങളിലേക്ക് കടന്നുവന്ന് ആകാശത്തിന്റെ അറ്റമില്ലാത്ത വിസ്മയങ്ങളിലേക്ക് പറന്നുയരാൻ ആഗ്രഹിക്കുന്ന പെൺകുട്ടികൾക്ക് ഈ ദൗത്യവും അതിലെ സ്ത്രീ പങ്കാളിത്തവും ഏറെ പ്രചോദനം നൽകുമെന്നുറപ്പ്.

ഫോട്ടോഫീച്ചർ

# വോട്ടവകാശ സമരകാലത്തെ പോസ്റ്ററുകൾ


















കടപ്പാട് : ഇന്റർനെറ്റ്